❑Kozhikode ❑Volume No: 4 ❑Issue No: 4 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

1 ഒക്ടോബർ 2025

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക




## ടേണിംഗ് പോയന്റ്

### കരിയർ – ജീവിതം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


ആദ്യമേ ആയുർവേദം
ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM
Since 1941
പാരമ്പര്യത്തിന്റെ മികവ്
സാങ്കേതികതയുടെ തികവ്
300
250
200
150
100
300ml
നൂറ്റാണ്ടുകളുടെ അഷ്ടവൈദ്യ പാരമ്പര്യവും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഗവേഷണവും സമന്വയിക്കുന്ന വൈദ്യരത്നം ഔഷധങ്ങൾ. മികച്ച ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുനൽകുന്ന 550ലധികം ആയുർവേദ ഔഷധങ്ങളുമായി വൈദ്യരത്നം ഔഷധശാല... എന്നും നിങ്ങളുടെ ആരോഗ്യത്തിനായി സമർപ്പിതം.
Manufacturing | Healthcare | Ayurveda College | Ayurveda Museum | Ayurveda Research Institute | Publications
Vaidyaratnam Oushadhasala Pvt. Ltd., Vaidyaratnam Road, Thaikkattussery P.O, Ollur, Thrissur - 680 306, Kerala, India, Ph: +91 487 2432732, Email: support@vaidyaratnam.com | Web: www.vaidyaratnam.com
/vaidyaratnamofficial
/ 70344 30000
To consult online: vaidyaratnammooss.com/consultonline | To buy online: www.vaidyaratnamstore.com
കൂടുതൽ അറിയാൻ സ്കാൻ ചെയ്യൂ

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക





യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5127 ആശ്വിനം കൊല്ലവർഷം 1201 തുലാം ശരദ്ഋതു

വാർഷിക വരിസംഖ്യ 300 രൂപ അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

2025 October 1 ❑Kozhikode ❑Volume No: 4 ❑Issue No:4❑email: swasthitrimonthly@gmail.com ❑website: swasthi.org❑Mob:9495369337

**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651
**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823
**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ 9895621493
**സബ് എഡിറ്റർമാർ**
ഉദയൻ നമ്പൂതിരി കിഴക്കേടം 8281926325
സ്വപ്ന ഉമാശങ്കർ 9847200185
**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു നമ്പൂതിരി 496925471
**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
**പരസ്യം & സർക്കുലേഷൻ**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
**ജനറൽ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി
മൊബൈൽ: 9447337337
**മാനേജിംഗ് കമ്മിറ്റി**
ജില്ലാ പ്രസിഡന്റ്: പി.എം.ഗംഗാധരൻ നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951
**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600
**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ: 9847907630, 7356641674
**കസ്റ്റമർ കെയർ**
മൊബൈൽ: 9495369337


# വിദ്യാരംഭം എ. ഐ കാലത്ത്

ബുദ്ധി ഉണ്ടാക്കാൻ സാധ്യമാണോ? ഉത്തരം എന്തു തന്നെയായാലും ആർട്ടിഫിഷ്യൽ എന്നതിന്റെ നല്ല മലയാളം 'കൃത്രിമ'മല്ല.

AI ക്ക് കൂടുതൽ ചേർച്ച നിർമ്മിതബുദ്ധിയോടാവും. അതിന്റെ പിന്നിലെ ടൂൾ ജൈവ മനുഷ്യനാകുന്നത് സ്വാഭാവികം. വിദ്യ കൊണ്ടറിയേണ്ടത് അറിഞ്ഞാലേ വിദ്വാനാവൂ എന്ന് ജ്ഞാനപ്പാന. നൈപുണ്യത്തിന്റെ ലോകത്ത് മേധാവിത്വം ബുദ്ധിക്കും കഴിവിനും തന്നെയാണ്.

ജ്ഞാനസ്പർശം കല്ലിന് ജീവൻ നൽകുന്നു. മുളന്തണ്ടിനെ ഓടക്കുഴലാക്കുന്നു. വിദ്യാധനം സർവ്വധനാൽ പ്രധാനം. പാരമ്പര്യമായി നേടിയ ബൗദ്ധിക സ്വത്ത് – ഇന്റലക്ച്വൽ പ്രോപ്പർട്ടി- നമ്പൂതിരിക്കുണ്ട്. അത് വേണ്ടുംവണ്ണം 'തോന്നിച്ചാൽ' വിജയം സുനിശ്ചിതം.

വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ഒമ്പതു പേരുടെ കരിയർ ടേണിംഗ് പോയന്റ് ഈ ലക്കത്തിലെ ഫോക്കസ് ഫീച്ചറാണ്. ആചാര്യസ്വാമികൾ കനകധാരാ സ്ത്രോത്രം ചൊല്ലി അനുഗ്രഹിച്ച കഥ ഇല്ലപ്പെരുമയിൽ വായിക്കാം. കഥ, കവിത, ഇൻവെസ്റ്റിഗേറ്റീവ് സ്റ്റോറി, യാത്രാവിവരണങ്ങൾ, കൂടുതൽ പേജുകളോടെ കുട്ടിക്കൂട്ടം. യൂത്ത് വൈബിൽ ആവേശമുണർന്ന യോഗക്ഷേമസഭ സംസ്ഥാന സമ്മേളനറിപ്പോർട്ടും ഈ ലക്കത്തിലുണ്ട്. ബ്യൂട്ടി ക്വീൻ ഹർഷ ശ്രീകാന്തിന്റെ മുഖചിത്രത്തോടെ സ്വസ്തി ഒരുങ്ങിയിറങ്ങുന്നു.

സ്വസ്തി നിങ്ങളിലെത്തുമ്പോഴേക്കും നവരാത്രി കഴിഞ്ഞിരിക്കും.

അറിവിന്റെ വിജയദിനങ്ങൾ എന്നുമുണ്ടാവട്ടെ.

വിദ്യാരംഭം കരിഷ്യാമി സിദ്ധിർ ഭവതു മേ സദാ.


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Offset Prints, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
Vol No:4 Issue No: 4 Registration Number : KERMAL/2022/83817



**05**
കവർ സ്റ്റോറി
ഫീച്ചർ: ടേണിംഗ് പോയന്റ് 1
നമ്പൂതിരിമാരിൽ ഇതുവരെ ആരും കൈ വെക്കാത്ത മോഡലിംഗിലും സൗന്ദര്യമത്സരത്തിലും വിജയം വരിച്ച ഹർഷ ശ്രീകാന്ത്
പരമേശ്വരശർമ്മ



**09**
ഫീച്ചർ: ടേണിംഗ് പോയന്റ് 2
പദ്മശ്രീ നിരസിച്ച മോസ്കോ മടങ്ങർലി
വിനോദ് മങ്ങത്തായ



**60**
ഇല്ലപ്പെരുമ പംക്തിയിൽ ശ്രീശങ്കരൻ സ്വർണനെല്ലിക്ക വർഷിപ്പിച്ച സ്വർണത്ത് മന
ഡോ. വിനോദ് മങ്ങത്തായ, ദിവാകരൻ താമരക്കുളം

കവിതകൾ, യാത്രാവിവരണങ്ങൾ, പ്രതികരണങ്ങൾ, സഭാ വാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, പാണിഗ്രഹണം, തുടങ്ങിയ സ്ഥിരം പംക്തികളും

# ആരൊക്കെ/എന്തൊക്കെ


| | |
|---|---|
| 12 | **65–ാം വയസ്സിൽ കോളേജ് കുമാരൻ**<br>കിഴക്കേടം ഉദയൻ നമ്പൂതിരി |
| 16 | **എസ് എസ് എൽസി തോറ്റ് പിജിയും സ്കോളർഷിപ്പും നേടി**<br>താമരക്കുളം ദിവാകരൻ |
| 20 | **എ.ഐ ക്യാമറകൾക്ക് ബുദ്ധി നൽകിയ ആൾ**<br>മുടുവമ്പ്രം ശ്രീകുമാർ |
| 23 | **സിനിമയിൽ സഹസ്രാവർത്തിയും കടന്ന്**<br>മൂത്തേടം ആനന്ദ് |
| 25 | **അയ്യപ്പനെ ഉപാസിച്ച് അമേരിക്കയിൽ**<br>നരിക്കാട്ടിരി രാമപ്രസാദ് |
| 29 | **ബ്രിട്ടീഷ് സർക്കാരിൽ ജോലി; വിവാഹം സ്വതന്ത്ര ഇന്ത്യയിൽ**<br>ഒ. എൻ. രാജേഷ് |
| 33 | **കിണറ്റുപാളയിലെ സ്വർണമോതിരം**<br>പി. ബി. ഹൃഷികേശൻ |
| 38 | **നാഗപ്പൻ നായർ മുതൽ നരേന്ദ്രമോദി വരെ**<br>എസ് നാരായണൻ നമ്പൂതിരി |
| 45 | **സൂര്യൻ ഉറങ്ങാത്ത നാട്**<br>ചിറ്റൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് |
| 50 | **കരിമിഴിക്കുരുവിയെ കണ്ടില...**<br>സജിത തെക്കേടത്ത് |
| 57 | **ബക്കാർഡി റം, കപ്പ, പഴംപൊരി, ഇത് പ്യൂർട്ടോ റിക്ക**<br>ഉമാദേവി വി ജെ. |
| 70 | **പൂവട്ടക തട്ടിച്ചിന്തി**<br>ജയൻ പുതുമന |
| 74 | **ഇ–ലോകത്തു നിന്നും ഉണ്ണിയെ തേടി**<br>വിഷ്ണു മാന്തിട്ട |
| 79 | **ഉച്ചഭക്ഷണമില്ലാത്ത സ്കൂൾ മൂഡ്**<br>പി. എം. സാവിത്രി അന്തർജനം |
| 82 | **കരിന്തണ്ടനെ പ്രതിഷ്ഠിച്ച തന്ത്രി**<br>കൃഷ്ണൻ പാതിരിശ്ശേരി |
| 86 | **അറുപതാം വയസ്സിലെ ഓട്ടം**<br>പി. എം. നാരായണൻ |
| 89 | **കൽപ്പകപ്പൂഞ്ചോലക്കരയിൽ വാഴും**<br>കെ എം എസ് ഭട്ടതിരിപ്പാട് |
| 97 | **കുട്ടിക്കൂട്ടത്തിൽ ഇവർ**<br>ആരഭി പ്രജീഷ്, അദ്വൈത് കെ. ഇ, പാർവ്വതി ശർമ്മ, അനസൂയ എം. എസ്, സമ്യക് കോരമ്പറ്റ, പാർവ്വണ ശ്രീദാസ്, ദ്യുതി കൃഷ്ണ, ഗായത്രി എം., ശ്രേയ, ഹരിനന്ദ്, ആര്യ എൻ., ആർദ്ര മാളിക തുടങ്ങിയവർ |

ടേണിംഗ് പോയന്റ്

# പാർവ്വണേന്ദുമുഖീ പാർവ്വതീ.....

1

**നമ്പൂതിരിമാരിൽ ഇതുവരെ ആരും കൈ വെക്കാത്ത മോഡലിംഗ് രംഗത്ത് ചുവടുറപ്പിച്ച് വിജയം നേടിയ ഒരു സുന്ദരിക്കുട്ടിയാണ് ഹർഷ ശ്രീകാന്ത്**

**പരമേശ്വര ശർമ്മ**



നമ്പൂതിരിമാരിൽ ഇതു വരെ ആരും കൈ വെക്കാത്ത മോഡലിംഗ് രംഗത്ത് ചുവടുറപ്പിച്ച് വിജയം നേടിയ ഒരു സുന്ദരിക്കുട്ടിയാണ് ഹർഷ ശ്രീകാന്ത്.

ചുരുങ്ങിയ സമയം കൊണ്ട് മോഡലിംഗ് രംഗത്ത്, ലുലു ബ്യൂട്ടി ക്യൂൻ 2022, മിസ് ക്യൂൻ കേരള റണ്ണർ അപ് 2023, ശീമാട്ടി യങ് ഫേസ് 2023, മിസ് സൌത്ത് ഇന്ത്യ 2023, മിസ് ക്യൂൻ ഓഫ് ഇന്ത്യ 2024 എന്നിങ്ങിനെ അവിശ്വസനീയമായ നേട്ടങ്ങളാണ് ഹർഷ നേടിയത്. നല്ല ആത്മവിശ്വാസമുള്ള, ഇന്റലിജന്റ് ആയ ഇരുപത്തിമൂന്നുകാരി ഹർഷ തേവര സേക്രട് ഹെർട് കോളേജിൽ നിന്നും ബി എ സോഷ്യോളജിക്കുശേഷം എസ് ആർ എം കോളേജ് ചെന്നൈയിൽ നിന്നും ജേണലിസം ആന്റ് മാസ് കമ്യൂണിക്കേഷനിൽ പി.ജിയും നേടി.

*എങ്ങിനെയാണ് ഈ രംഗത്തെത്തിയത്?*

തേവര എസ് എച് കോളേജിൽ ഡിഗ്രിക്ക് പഠിക്കുമ്പോൾ ഏതെങ്കിലുംഒരു ടാലൻറ് ക്ലബ്ബിൽ ജോയിൻ ചെയ്യുക എന്നത് നിർബന്ധമായിരുന്നു. അവിടത്തെ ഫാഷൻ ക്ലബ്ബ് ഒരു നല്ല ഓപ്ഷൻ ആയി എനിക്ക് തോന്നി. രണ്ട് ഓഡിഷൻ കഴിഞ്ഞ് സെലക്ഷൻ ആയി. എല്ലാ ദിവസവും പ്രാക്ടീസ്. ഒരു വർഷം അവരുടെ കൂടെ ഫാഷൻ ഷോയിൽ ഒക്കെ പങ്കെടുത്തു. ക്ലാസ് എടുത്തിരുന്നത് കോളേജിലെ സീനിയേഴ്സ് തന്നെ. ഡിസൈനേഴ്സ് കൊറിയോഗ്രാഫേഴ്സ് എല്ലാവരും വിദ്യാർത്ഥികൾ .കോമ്പറ്റീഷൻസ് എല്ലാം മറ്റു കോളേജുകളിലെ പുറത്തോ ആയിരുന്നു. കോഴിക്കോട്ടെ എൻ ഐ റ്റി യിൽ അടക്കം ഏകദേശം 30 ഓളം പരിപാടികളിൽ പങ്കെടുത്തു. ആ കാലത്താണ് ഫാഷൻ ഷോയുടെ എല്ലാ ആസ്പെക്റ്റും പഠിച്ചത്. എങ്ങിനെ സ്വന്തമായി മേക്കപ്പ് ചെയ്യാം, എങ്ങിനെ വാക്ക് ചെയ്യാം, എവിടെ ചിരിക്കാം, എവിടെ ചിരിക്കരുത്,എങ്ങനെ ചിരിക്കാം, വേഷങ്ങളെ പറ്റി എല്ലാം പഠിച്ചത് അവിടെ വെച്ചാണ്. മ്യൂസിക്കാലിറ്റി ആണ് എല്ലാത്തിന്റെയും ബേസ്. വോക്കിന്റെ റിതം, ബീറ്റിൽ തിരിച്ച് വരുന്നത്, അപ്പിയറൻസ്, ഒക്കെ പ്രധാനമാണ്. അതുപോലെത്തന്നെയാണ് ഫാഷൻ ഷോയിലെ തീമും അതിനനുസരിച്ചുള്ള ഔട്ട്ഫിറ്റ്സും . ഞങ്ങൾ ചെയ്ത ഒരു തീം വാക് ടുവേർഡ്സ് ഫ്രീഡം എന്നതായിരുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ തേവര കോളേജിലെ ഫാഷൻ ക്ലബ്ബാണ് എന്നെമോഡലിംഗ് ഫീൽഡിലേക്ക് കൊണ്ടുവന്നത്.



കുറേശ്ശെ മോഡലിംഗ് രംഗത്ത് ചുവട് ഉറപ്പിച്ച് വരുമ്പോഴാണ്ചെന്നൈയിൽ എസ് ആർ എം കോളേജിൽ ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ കോഴ്സിന് ഹർഷ ചേരുന്നത്. അതുകൊണ്ടു തന്നെ ഡിസ്റ്റൻസ് എജുക്കേഷൻ ആയിട്ടാണ് കോഴ്സ് ചെയ്തത്

ഫോട്ടോഷൂട്ട്, ക്യാമറ, ലൈറ്റ് അപ്, സ്റ്റേജ് പ്രസൻസ്, സ്പോട്ട് ലൈറ്റ്, വാം ലൈറ്റ്, ലൈ റ്റിങ്ങ് ഏത് ഭാഗത്തു നിന്നു വരുമ്പോൾ എവിടെ നിൽക്കണം അങ്ങനെ കുറേ കാര്യങ്ങൾ സിലബസിന്റെ ഭാഗമായിരുന്നു. മോഡലിംഗ് രംഗത്തുള്ള എൻറെ പരിചയം കോഴ്സ് നല്ല നിലയിൽ പഠിക്കാനും ഉപകാരപ്പെട്ടു.

ആദ്യത്തെ സൌന്ദര്യ മത്സരം?

എൻറെ ആദ്യത്തെ ബ്യൂട്ടി കോൺടെസ്റ്റ് എറണാകുളം ലുലുവിൽ വെച്ചായിരുന്നു. 2022 ഡിസംബറിൽ. ഒരുപാട് ഓഡിഷൻ കഴിഞ്ഞി ട്ടാണ് സെലക്ട് ആയത്. എന്റെ കസിൻ ഇന്ദുവാണ് എനിക്ക് ബ്രോഷർ അയച്ചു തന്നത്. പങ്കെടുക്കാൻ നിർബന്ധിച്ചത് അച്ഛനും.അന്ന് അമ്മയ്ക്ക് അത്ര താല്പര്യം ഉണ്ടായിരുന്നില്ല കേട്ടോ.

ഫസ്റ്റ് ഓഡിഷന് ലുലുവിൽ പോയി,ഫോം എല്ലാം ഫിൽ ചെയ്തു കൊടുത്തു. വാക്ക് ചെയ്യാൻ പറഞ്ഞു. കുറെ ചോദ്യങ്ങൾ ചോദിച്ചു , മെഷർമെന്റുകൾ എല്ലാം കൊടുത്തു. 600 പേരിൽ നിന്നും അവർ 60 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്തു.

രണ്ട് ദിവസം കഴിഞ്ഞ് സെക്കൻഡ് ഓഡിഷൻ. അത് പബ്ലിക് സ്റ്റേജ് ആയിരുന്നു ധാരാളം കാഴ്ചക്കാരും. ട്രാൻസ്ഫർമേഷൻ ആയിരുന്നു തീം. ആദ്യം മേക്കപ്പ് ഒന്നുമില്ലാതെ പോയി സ്വയം ഇൻട്രൊഡ്യൂസ് ചെയ്യുക. ലുലു ട്രാൻസ്ഫർമേഷൻ പ്രൊവൈഡ് ചെയ്യും. ഒരു മണിക്കൂർ കഴിഞ്ഞ് മേക്കപ്പ് എല്ലാം ചെയ്തു വന്ന് ട്രാൻസ്ഫർമേഷനിലെ നമ്മുടെ എക്സ്പീരിയൻസ് വിവരിക്കണം.

പാൻറും ജീൻസും ആയിരുന്നു എനിക്ക് തന്ന വേഷം.ആ വേഷത്തിൽ എങ്ങനെ പെർഫോം ചെയ്യാം എന്നതിൽ എനിക്കും സംശയമുണ്ടായിരുന്നു. പക്ഷേ ഓപ്ഷൻ ഒന്നും ഉണ്ടായിരുന്നില്ല. എന്തായാലും വിവരണത്തിൽ ഞാൻ ആ കാര്യം തുറന്നു പറയുകയും ചെയ്തു. എന്റെ രീതി അവർക്ക് ഇഷ്ടപ്പെട്ടെന്ന് തോന്നുന്നു. ഫിനാലേയിലേക്ക് ഞാൻ സെലക്ട് ആയി.60 പേരിൽ നിന്നും 20 പേരിലേക്ക്. 10 പെൺകുട്ടികളും 10 ആൺകുട്ടികളും

ഫിനാലേയിൽ ഒരു ചുവന്ന ഡ്രസ്സ് കൊണ്ടുവരാൻ പറഞ്ഞിരുന്നു. ബാക്കിയെല്ലാം അവർ പ്രൊവൈഡ് ചെയ്യും.എത്തിനിക് വേർ, വെസ്റ്റേൺ വെയർ എന്നിവ ഉപയോഗിക്കണം. അര ദിവസത്തെ ഗ്രൂമിങ് വളരെ ഗുണം ചെയ്തു. എങ്ങിനെ നിൽക്കണം എങ്ങിനെ നടക്കണം എന്നെല്ലാം അവർ പഠിപ്പിച്ചു തന്നു. ഉച്ചയ്ക്ക് ശേഷം നടത്തിയ ഫിനാലെയിൽ ഞാൻ അടക്കം അഞ്ചു പേരെ സെലക്ട് ചെയ്തു.

ഈ അഞ്ചു പേർ വെച്ച് വീണ്ടും ഒരു ക്വസ്റ്റ്യൻ ആൻസർ റൗണ്ട്.അത് കഴിഞ്ഞിട്ടാണ് ഒന്ന് രണ്ട് മൂന്ന് സ്ഥാനക്കാരെ തെരഞ്ഞെടുത്തത്. അതിൽ ഞാൻ ഫസ്റ്റ് ടൈറ്റിൽ വിന്നർ ആയി. സബ്ടൈറ്റിലുകളും ഉണ്ടായിരുന്നു ബ്യൂട്ടിഫുൾ സ്മൈൽ, ബ്യൂട്ടിഫുൾ പേഴ്സണാലിറ്റി, മിസ്സ് പേഴ്സണാലിറ്റി, മിസ്സ് ഫോട്ടോജനിക് എന്നിവയായിരുന്നു സബ്ടൈറ്റിലുകൾ. അതിൽ മിസ്സ് പേഴ്സണാലിറ്റി, മിസ്സ് ഫോട്ടോജനിക് സബ്ടൈറ്റിലുകളും എനിക്കായിരുന്നു.

മിസ് ക്യൂൻ കേരള?

ഒരുപാട് വർഷങ്ങളായി ഫാഷൻ ഇൻഡസ്ട്രിയിൽ ഉള്ള ഒരു കമ്പനിയാണ് അജിത് രവി സാറിന്റെ പെഗാസിസ്. അവരുടെ കോമ്പറ്റീഷൻ ആയിരുന്നു മിസ് ക്യൂൻ കേരള 2023. വളരെ സീരിയസായ ഒരു കോമ്പറ്റീഷൻ. മൂന്ന് ദിവസത്തെ ഗ്രൂമിങ്. മൂന്ന് റൌണ്ട്. അതിൽ സെക്കന്റ് റണ്ണർ അപ് ആയി.

മിസ് സൌത്ത് ഇന്ത്യ ?

മിസ്സ് സൗത്ത് ഇന്ത്യ കോമ്പറ്റീഷനിൽ അതു കൊണ്ട് ഓട്ടോമാറ്റിക്കായി സെലക്ടടായി. സൗത്ത് ഇന്ത്യയിലെ 5 സ്റ്റേറ്റുകളിൽ നിന്നും ഉള്ള കണ്ടെ





*ഹർഷ അച്ഛൻ ശ്രീകാന്ത്, അമ്മ സീമ എന്നിവരോടൊപ്പം*

സ്റ്റന്റുകൾ ഉണ്ടായിരുന്നു.മിസ്സ് കന്നട, മിസ്സ് തമിഴ്നാട് മുതലായവർ അടക്കം 19 കണ്ടെസ്റ്റൻസ്. നല്ല ടൈറ്റ് മത്സരം ആയിരുന്നു. നന്നായി പ്രിപ്പയർ ചെയ്തു. മീഡിയയിൽ കൂടെ നല്ല എക്സ്പോഷറും കിട്ടി. അതിലും ടൈറ്റിൽ വിന്നർ ആയിരുന്നു. അതിനുശേഷം ഒരുപാട് ഓപ്പർച്യൂനിറ്റീസ് കിട്ടി. ഇൻറർവ്യൂ, പരസ്യങ്ങൾ ഉദ്ഘാടനങ്ങൾ. പല ചാനലുകളിലും ഇൻറർവ്യൂവും ലൈവ് പ്രോഗ്രാമുകളും വന്നു.

മിസ് ക്യൂൻ ഓഫ് ഇന്ത്യ?

പിന്നീട് ഞാൻ പങ്കെടുത്തത് മിസ് ക്യൂൻ ഓഫ് ഇന്ത്യ മത്സരത്തിലാണ്.ഇതും പെഗാസ സിന്റെ പ്രോഗ്രാമായിരുന്നു. ഇന്ത്യയിലെ പല സ്റ്റേറ്റിൽ നിന്നും ഉള്ള കണ്ടെസ്റ്റൻസ് ഉണ്ടായിരുന്നു. ഈ കോമ്പറ്റീഷനിലും മൂന്ന് റൗണ്ടുകൾ ആയിരുന്നു. ആദ്യത്തെ റൗണ്ട് എത് നിക് വെയർ – ഇത് കൺവെൻഷനൽ ഡ്രസ്സ് ആണ് കേരള സ്റ്റൈൽ ആകാം. രണ്ടാമത്തെ റൗണ്ട് കോക്ടയിൽ . മുട്ടിനു മുകളിൽ എത്തുന്ന ടൈറ്റായ ഡ്രസ്സ് ആണ് ഉപയോഗിക്കേണ്ടത്. മൂന്നാമത്തെ റൗണ്ട് ഗൗണും. അതിനുശേഷം ഒരു ചോദ്യത്തിന് ഒരു മിനിറ്റ് കൊണ്ട് ഉത്തരം എഴുതണം.നോട്ട്പാഡ് തരും. ചെക്ക് ചെയ്യാൻ ആളുണ്ടാവും വായിക്കുമ്പോൾ വാക്കുകൾ കൂട്ടാനോ കുറയ്ക്കാനോ പാടില്ല.ഈ കോമ്പറ്റീഷനിലും ഞാൻ ടൈറ്റിൽ വിന്നർ ആയിരുന്നു .

സൌന്ദര്യ മത്സരത്തിനുള്ള പെർസനൽ പ്രിപ്പറേഷൻസ് എന്തൊക്കെയായിരുന്നു ?

1 ഡയറ്റ് – വെയിറ്റ് കൂട്ടാനോ വെയിറ്റ് കുറയ്ക്കാനോ ഉള്ള ഭക്ഷണക്രമം. എനിക്ക് തൂക്കം കൂട്ടുകയായിരുന്നു വേണ്ടത്.

2 ഉയരം – നല്ല ഉയരം ഉണ്ടായിരിക്കണം. ഓരോ മത്സരങ്ങൾക്ക് അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ചിലർ അഞ്ചടി മൂന്നിഞ്ച് മിനിമം ആവശ്യപ്പെടുമ്പോൾ ചിലർ അഞ്ചടി ആറിഞ്ച് നിർബന്ധമാക്കും.

3 ബോഡി ഷേപ്പ് – സൌന്ദര്യ മത്സരത്തിൽ ബോഡി മെഷർമെൻറ്സിന് വളരെ പ്രാധാന്യ മുണ്ട്.

4 സ്കിൻ – ഗ്ളോയിംഗ് സ്കിന്നാണ് സാധാരണ പ്രിഫർ ചെയ്യപ്പെടുന്നത് – ഇതിന് ധാരാളം വെള്ളം കുടിക്കുന്നത് നല്ലതാണ്. സ്കിൻ കെയറിന് ചില റുട്ടീൻസ് ഉണ്ട്. ക്ലെൻസിങ്, ടോണിംഗ്, ട്രീറ്റ്മെൻറ്, മോയ്സ്റ്റർ, സൺ സ്ക്രീൻ എന്നിങ്ങനെ ഒരു ഫൈവ് സ്റ്റപ്പ് റുട്ടീനാണ് ഉപയോഗപ്പെടുത്തുന്നത്. ലൈറ്റ് ഒക്കെ അടിക്കുമ്പോൾ ഗ്ലോയിംഗ് സ്കിന്നാണ് നല്ല ലുക്ക് കൊടുക്കുന്നത്.

5 ജങ്ക് ഫുഡ്– ജെങ്ക് ഫുഡും സോഫ്റ്റ്ഡ്രിങ്ക്സും ഒഴിവാക്കണം.

6 വ്യായാമം – സ്ഥിരമായി ജിമ്മിൽ പോകുന്നത് സഹായകരമാണ്

ചെയ്ത പരസ്യങ്ങളെപ്പറ്റി ?

ശീമാട്ടി, ലുലു, ജോസ് ആലുക്കാസ്, കിച്ചൻ ട്രഷർ, കല്യാൺ, ഷരാട്ടൻ ഹോട്ടൽ, മൈജി തുടങ്ങിയ പ്രമുഖ ബ്രാൻഡുകളുടെ മോഡലാ യി പരസ്യം ചെയ്തിട്ടുണ്ട്. ഇതു കൂടാതെ കൊച്ചിൻ ബേസ്ഡ് ആയിട്ടുള്ള ബോട്ടിക്കു കളും ജ്വല്ലറികളും കൂടി ഉണ്ട്.

സാധാരണ ഒരു പരസ്യ ചിത്രീകരണത്തിന് ഒരു ദിവസമോ പരമാവധി രണ്ട് ദിവസമോ ആണ് എടുക്കുക. ടെലിവിഷൻ കമേഴ്സിലും ഒരു ദിവസം മതിയാകും.

ഇതുവരെ പറഞ്ഞതൊക്കെ കേരളം ബെയ്സ് ചെയ്തിട്ടുള്ള പരസ്യങ്ങളെ പറ്റി യാണ്.നാഷണൽ ലെവൽ പരസ്യങ്ങൾ വ്യത്യസ്തമാണ്. ക്യാപ് സെൻറിന്റെ ഒരു ഹിന്ദി പരസ്യമാണ് ഞാൻ നാഷണൽ ലെവലിൽ ചെയ്തത്. നല്ല ഒരു പ്രൊഫഷണൽ പ്രൊഡക്ഷൻ ടീം. അവർ നാല് പരസ്യങ്ങൾ എടുക്കാൻ ആണ് വന്നത് അതിലൊന്ന് ചെയ്തത് ഞാനാണ് .സെൻറ് ആൽബർട്ട് സ്കൂളിൽ വെച്ച്. ഈ ഫീൽഡിൽ ഉള്ള കുറേ മോഡൽസിനെ പരിചയപ്പെടാൻ അവസരം കിട്ടി.

ഏറ്റവും സംതൃപ്തി കിട്ടിയ പരസ്യം?

പ്രധാന കാരക്ടറായി മൈജിയുടെ രണ്ട് മിനിറ്റ് 23 സെക്കൻഡ് ദൈർഘ്യമുള്ള ഒരു കമേഴ്സ്യൽ ചെയ്യാൻ




പറ്റിയത് വളരെ നല്ല ഒരു അനുഭവമായിരുന്നു. ഷൂട്ടിങ്ങിന്റെ പല ആസ്പെക്റ്റുകളും പഠിക്കാൻ ആയത് അപ്പോഴാണ്. മൂന്ന് ദിവസം എടുത്തു അത് പൂർത്തീകരിക്കാൻ. .കോതമംഗലം മൈജി യുടെ ഇനാഗുറേഷൻ അഡ്വെർടൈസ്മെന്റ് ആയിരുന്നു അത്. നല്ല ഫീൽ ഗുഡ് പരസ്യം. പരസ്യത്തിനായി കമ്പോസറും സിംഗറും ഒക്കെ ഉണ്ടായിരുന്നു. എൻറെ ഒരു സജഷൻ അവർ സ്വീകരിക്കുകയും ചെയ്തിരുന്നു. നല്ല കവറേജ് കിട്ടി. എനിക്കും ഏറ്റവും സംതൃപ്തി ലഭിച്ച പരസ്യമായിരുന്നു അത്

റക്കഗ്നിഷൻ - സ്വീകരണം?

മിസ് ക്യൂൻ ഓഫ് ഇന്ത്യ ആയി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഞങ്ങളുടെ നാടായ കിടങ്ങൂരിൽ ലഭിച്ച ഒരു സ്വീകരണം എന്നും മനസ്സിൽ തങ്ങി നിൽക്കുന്നതാണ്. റോഡിൽനിന്ന് വീട് വരെ ചെണ്ടമേളം, ബാനറു കൾ, മീഡിയ, മാല, ബൊക്കെ ഒക്കെയായുള്ള ഒരു സ്വീകരണം. അതും മുൻകൂട്ടി പറയാതെ സർപ്രൈസ് ആയി.

പല പരിപാടികൾക്കും ക്ലബ്ബുകളിലും വിഐപി കളുടെ കൂടെ ഗസ്റ്റ് ആയി വിളിക്കു ന്നു. ആൾക്കാർ തിരിച്ചറിയാൻ തുടങ്ങുന്നു എന്നതെല്ലാം സന്തോഷം തരുന്നതാണ്. കുടും ബത്തിലുംസമുദായത്തിലും നാട്ടിലും ഒക്കെ നമ്മളെ ആൾക്കാർ തിരിച്ചറിയുന്നത് സന്തോ ഷകരമാണ്

കേരളത്തിൽ മോഡലുകളെക്കാൾ പരസ്യങ്ങൾ ചെയ്യുന്നത് സെലിബ്രിറ്റീസ്ആണ്. പരിചയമുള്ള മുഖം എന്നത് തന്നെ പ്രധാനം. ഞങ്ങൾക്കൊക്കെ ഇപ്പോൾ കിട്ടിക്കൊണ്ടിരി ക്കുന്നത് മാസത്തിൽ അഞ്ചോ ആറോ പരിപാടികളാണ്.

മോഡലിംഗ് ഒരു ആർട്ട് ഫോം ആണ്. മോഡലിംഗ് രംഗത്ത് നല്ല ആത്മവിശ്വാസമുള്ള വർക്കേ നിലനിൽക്കാൻ പറ്റൂ. ഫോട്ടോഷൂട്ടിൽ അഭിനയത്തിന് വലിയ പ്രസക്തിയില്ല, പക്ഷേ അഭിനയം ഒരു അഡീഷണൽ ക്വാളിഫിക്കേഷൻ തന്നെ ആണ്. ചില സിനിമകളിലെ ചില ക്യാരക്ടേഴ്സ് ഞാൻ ചെയ്താൽ എങ്ങനെയി രിക്കും എന്നൊക്കെ ആലോചിക്കാറുണ്ട്. മോഡലിംഗ് മാത്രമായാലും സക്സസ്ഫുൾ ആകും എന്ന് എനിക്ക് വിശ്വാസമുണ്ട്.

ഒരു നമ്പൂതിരിക്കുട്ടി ആയതുകൊണ്ട്?

ഒരു നമ്പൂതിരി കുട്ടി ആയതിന്റെ പേരിൽ മോഡലിങ്ങിൽ എനിക്ക് ബുദ്ധിമുട്ടുകൾ ഒന്നും വന്നിട്ടില്ല, ഉണ്ടെങ്കിൽ ഗുണം മാത്രം.വെജിറ്റേറി യൻ ആയതുകൊണ്ടാണ് പലരും ഞാൻ നമ്പൂതിരി കുട്ടിയാണെന്ന് അറിയുന്നത്. അത് അവരുടെ ഇഷ്ടം കൂട്ടിയിട്ടേ ഉള്ളൂ. എനിക്ക് മോഡലിംഗ് ഫീൽഡിൽ നിന്ന് മോശം അനുഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. തുടക്കത്തിൽ കുറേ ഓഡിഷൻ ഒക്കെ കഴിഞ്ഞ് റിജക്റ്റ് ചെയ്യപ്പെ ട്ടാൽ ചെറിയ വിഷമമൊക്കെ ഉണ്ടായിരുന്നു.

പുതിയ കുട്ടികളോട് പറയാനുള്ളത്

നിങ്ങൾക്ക് സ്വന്തമായി എന്തെങ്കിലും ഐഡിയകൾ ഉണ്ടെങ്കിൽ അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുക. ആരെങ്കിലും ചെയ്തു കാണിച്ചത് അല്ല ചെയ്യേണ്ടത് പുതുതായി എന്തെങ്കിലും ആണ്. നല്ല ആത്മവിശ്വാസം ഉണ്ടായിരിക്കണം. ഏത് കാര്യത്തിലും നന്നായി അധ്വാനിക്കണം. പലരും പല അഭിപ്രായങ്ങളും പറയും. എല്ലാം കേൾക്കണം തലയാട്ടണം, തർക്കിക്കാൻ നിൽക്കരുത് .നമ്മൾക്ക് എല്ലാവ രെയും എല്ലാ കാര്യങ്ങളും ബോധ്യപ്പെടുത്താൻ പറ്റില്ല. ആരെയും പിണക്കുകയും വേണ്ട . വേണ്ടപ്പെട്ടവരെ മാത്രം കാര്യങ്ങൾ ബോധ്യപ്പെടുത്തിയാൽ മതി.

അഛൻ, അമ്മ, കുടുംബം?

എന്റെ അച്ഛൻ കിടങ്ങൂർ മലമേൽ ഇല്ലത്ത് ശ്രീകാന്ത് നമ്പൂതിരി. പത്തൊമ്പതാമത്തെ വയസ്സിൽ സൗത്ത് മലബാർ ഗ്രാമീണ് ബാങ്കിൽ ജോലിയിൽ പ്രവേശിച്ച്, ലോഡ് കൃഷ്ണ ബാങ്ക് സെഞ്ചുറിയൻ ബാങ്ക്,എച്ച്ഡിഎഫ്സി ബാങ്ക് എന്നിവയിലൂടെ ആക്സിസ് ബാങ്കിന്റെ അസി സ്റ്റന്റ് വൈസ് പ്രസിഡണ്ട് വരെ എത്തി. 34 വർഷത്തെ സേവനത്തിന് ശേഷം 53 ആം വയസ്സിൽ ആരോഗ്യപരമായ കാരണങ്ങളാൽ റിസൈൻ ചെയ്യേണ്ടി വന്നു. അച്ഛൻറെ വലിയച്ഛൻ മലമേൽ നീലകണ്ഠൻ നമ്പൂതിരി പാചക വിദഗ്ധൻ പഴയിടം മോഹനൻ നമ്പൂതിരിയുടെ ഗുരുവാണ്.

ഹൈസ്കൂൾ കാലം മുതൽ അച്ഛൻ കഥകളും കവിതകളും എഴുതുമായിരുന്നു.ആ കാലം മുതൽ നല്ല ഒരു മെജിഷ്യൻ കൂടിയായി രുന്നു അച്ഛൻ. സ്വന്തമായി പഠിച്ച സെൽഫ് മേഡ് മജീഷ്യൻ . പിന്നീട് മജിഷ്യൻ ആർ കെ മലയത്തിന്റെ ശിഷ്യൻ ആയി. ദേശത്തും വിദേശത്തമായി അനവധി സ്റ്റേജുകളിൽ മാജിക് ഷോ. ഇൻറർനാഷണൽ ബ്രദർഹുഡ് ഓഫ് മജീഷ്യൻസ് (ഐ ബി എം ) ന്റെ ഓർഡർ ഓഫ് ദ മെറിലിൻ പുരസ്കാരം യുഎസിൽ നിന്നും ലഭിച്ചു. ഇന്ത്യൻ എക്സ്പ്രസ്സിൽ അച്ഛനെപറ്റി 'ബാങ്കിംഗ് വിത്ത് മാജിക്' എന്ന പേരിൽ ഒരു ഫീച്ചറും വരികയുണ്ടായി. ട്രെയി നർ ഓഫ് ട്രെയിനേഴ്സ് കോഴ്സ് ചെയ്ത അച്ഛൻ ധാരാളം മോട്ടിവേഷൻ ക്ലാസുകൾ എടുത്തിട്ടുണ്ട് നല്ലൊരു പ്രാസംഗികനുമാണ്.


അമ്മ സീമ ശ്രീകാന്ത് 23 കൊല്ലമായി ആംവേ ബിസിനസ് ഓണർ ആണ്. ഹെൽത്ത്, ബ്യൂട്ടി, ന്യൂട്രീഷൻ അഡ്വൈസർ ആണ്. നല്ല ഒരു ഓഫ് സ്റ്റേജ് മോട്ടിവേറ്റർ കൂടിയാണ് അമ്മ. ആയിരത്തോളം ഫാമിലി ക്ലയന്റ്സ് ഉണ്ട് അമ്മക്ക്. അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാടിന്റെ അമ്മാവന്റെ മകളാണ് എന്റെ അമ്മ.

അച്ഛനും അമ്മയും കാരണം വളരെ ചെറുപ്പത്തിലെ തന്നെ നല്ല നല്ല ആൾക്കാരുമായി അസോസിയേറ്റ് ചെയ്യാൻ പറ്റിയിട്ടുണ്ട്. എന്റെ ക്യാരക്റ്റർ ഫോർമേഷനേയും സെൽഫ് കോൺഫിഡൻസിനെയും ഇത് വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ●

പരമേശ്വര ശർമ്മ
9447558306
സീമ ശ്രീകാന്ത്
9447037002

# പത്മശ്രീ നിരസിച്ച മലയാളി ശാസ്ത്രജ്ഞൻ അഥവാ ഡോ: എം പി പരമേശ്വരൻ

അവാർഡ് കിട്ടാനായി ഏതറ്റം വരെയും പോകുന്ന പ്രാഞ്ചിയേട്ടന്മാരാണ് നമുക്കു ചുറ്റും. ആരും കൊതിക്കുന്ന അംഗീകാരം തന്റെ മുമ്പിൽ എത്തിയപ്പോൾ അത് വേണ്ടെന്നു വെയ്ക്കണമെങ്കിൽ വല്ലാത്തൊരു നിർമ്മമത ഉണ്ടാവണം. മോസ്കോ പരമേശ്വരൻ സ്വസ്തിയോട്



**ഡോ: വിനോദ് മങ്ങത്തായ**



മടങ്ങർലി തറവാട് ഷൊർണൂരിനടുത്തുള്ള കവളപ്പാറയിലാണ്. അച്ഛനും അഫനും പരിവേദനം നടത്തിയതിനാൽ തറവാട്ടിൽ പ്രവേശനമില്ല.

അച്ഛന്റെ ഗുരു എളയിടത്ത് തൈക്കാട്ട് അനിയൻ മൂസ്.ഇ ടി എം വൈദ്യശാലയിലെ വൈദ്യരും മാനേജരുമായിരുന്നു അച്ഛൻ. അവിടെ നൽകിയ കെട്ടിടത്തിൽ താമസവുമാക്കി. എന്റെ അമ്മാത്ത് മാടമ്പ്. അച്ഛന്റെ പുരോഗമനമൊന്നും അമ്മാത്തോർക്കില്ല. മാടമ്പ് കുഞ്ഞുകുട്ടന്റെ അച്ഛൻ പെങ്ങളാണ് എന്റെ അമ്മ. അന്നത്തെ സമ്പ്രദായത്തിൽ സ്ത്രീകൾ മേൽവസ്ത്രം ധരിച്ചു കൂടാ. (അക്കാര്യത്തിലെങ്കിലും കീഴ്ജാതിക്കാരുമായി സമത്വമുണ്ട്.) അച്ഛൻ അമ്മയെ ബ്ളൗസ് ഇടുവിച്ചു. ഭാരമുള്ള ചിറ്റിനു പകരം കാതിൽ കമ്മൽ നൽകി.

ഉപനയനമൊക്കെ എനിക്കുമുണ്ടായി. മുറയോതിച്ചു. പൂണുനൂൽ ഇട്ടു. ഗായത്രി തോന്നിപ്പിച്ചു. ഓനിച്ചുണ്ണിയുടെ നിയമങ്ങൾ – വേഷം, ഭക്ഷണം,നിത്യകർമ്മങ്ങൾ – ഏതാണ്ടൊക്കെ അനുഷ്ഠിച്ചു. അച്ഛൻ ഒന്നും ചെയ്യണമെന്ന് വാശി പിടിച്ചിട്ടില്ല. പിന്നെ എതിർക്കേണ്ട കാര്യമില്ലല്ലോ. സമാവർത്തനം കഴിഞ്ഞാലെ സ്കൂളിൽ പോകാൻ കഴിയു. എന്നെ നമ്പൂതിരി വിദ്യാലയത്തിൽ ചേർത്തു.

നമ്പൂതിരിമാരെ ആധുനികവൽക്കരിയ്ക്കാനാണ് വിദ്യാലയം. ഓത്തന്മാർക്ക് വേദമന്ത്രങ്ങളുടെ അർത്ഥമറിയണമെന്നില്ലല്ലോ.

സംസ്കൃതം, ആയുർവ്വേദം, ജ്യോതിഷം, വാസ്തു ശാസ്ത്രം, തന്ത്രം ഇതായിരുന്നു അന്നത്തെ പ്രഫഷണൽ വിദ്യാഭ്യാസം. ഇതോടൊപ്പം ആധുനിക വിദ്യാഭ്യാസം കൂടി നമ്പൂതിരിമാർക്ക് വേണമെന്ന ചിന്തയുടെ ഫലമായാണ് തൃശൂർ നമ്പൂതിരി വിദ്യാലയം തുടങ്ങുന്നത്.

അക്കാലം നമ്പൂതിരിമാർക്ക് സംവരണമുണ്ടായിരുന്നു. ആധുനിക വിദ്യാഭ്യാസത്തിൽ നമ്പൂതിരി പിന്നോക്കക്കാർ. അവർക്കെല്ലാ ഫീസുകളും ഒഴിവാക്കി കൊച്ചിരാജാവ്. 1948 വരെ ഇതായിരുന്നു നിയമം. ഒമ്പതാം ക്ലാസ് വരെ ഞാൻ ഫീസ് കൊടുത്തിട്ടില്ല.. വിദ്യാർത്ഥി

സദനം, ബ്രഹ്മസ്വം മഠത്തിലെ താമസം , ഭക്ഷണം. അര ക്കൊല്ല പരീക്ഷയ്ക്ക് നല്ല മാർക്ക് കിട്ടിയാൽ അപ്പോൾ തന്നെ അടുത്ത ക്ലാസിലേയ്ക്ക് പ്രമോട്ട് ചെയ്യും. 11 വയസ്സ് കഴിഞ്ഞപ്പോൾ 7-ാം ക്ലാസ് പാസായി.

സമുദായത്തിൽ പരിഷ്ക്കരണവാദികളുടെ ആശ യങ്ങൾക്ക് മേൽക്കൈ ലഭിച്ചു. പ്രധാനമായും മൂന്നിന പരിപാടിയായിരുന്നു അവർക്ക്.

1 ആൺ പെൺ വ്യത്യാസമില്ലാതെ സമുദായത്തിലെ എല്ലാവരും ആധുനിക വിദ്യാഭ്യാസം നേടുക, ഇംഗ്ലീഷ് പഠിയ്ക്കുക.

2 എല്ലാവരും സ്വജാതിയിൽ നിന്ന് വിവാഹം കഴിയ്ക്കുക. 3 വിധവാവിവാഹം പ്രോത്സാഹിപ്പിക്കുക

അഫൻ നമ്പൂതിരിമാരടക്കം എല്ലാവരും സ്വസമുദായ ത്തിൽ നിന്ന് വേളി കഴിയ്ക്കുമ്പോൾ കൂട്ടുകുടുംബങ്ങൾ നിരവധി ചെറുകുടുംബങ്ങളായി മാറും.സ്വാഭാവികമായും രണ്ടു മുദ്രാവാക്യങ്ങൾ കൂടി ഉയർന്നു വന്നു. സ്ത്രീധനം ഒഴിവാക്കുക, തറവാട് ഭാഗം വെക്കുക. കടച്ചക്ക, ഇല്ല ങ്ങളെ ഭാരിദ്ര്യത്തിൽ നിന്ന് രക്ഷിച്ചിരുന്ന അന്നത്തെ കാലത്ത് ബ്രഹ്മസ്വം മഠത്തിലെ ഭക്ഷണം ഒരാശ്വാസ മായിരുന്നു.

(മറ്റെല്ലാവരെയും പോലെ മിക്കവാറും നമ്പൂതിരി കുടു ബങ്ങളും ഏറെ കഷ്ടപ്പാടിൽ ആയിരുന്നു. പട്ടിണി അപൂർ വ്വമല്ല. ഭക്ഷണത്തിനും നിത്യ ജീവിതത്തിനും ധാരാളം ചിട്ടകൾ പാലിക്കേണ്ട അവസ്ഥ വേറെ. സമൂഹത്തിന്റെ കുറ്റപ്പെടുത്തലുകൾ , കളിയാക്കലുകൾ ഇതിനു പുറ മെ. ആധുനിക വിദ്യാഭ്യാസം നേടിയ നമ്പൂതിരിമാരിൽ മിക്കവരും കമ്യൂണിസ്റ്റ് അനുഭാവികളായി. അതിന്റെ കാ രണം ഒരു സരസൻ കണ്ടെത്തി. ഊൺ കമ്മി ആയവർ കമ്യൂണിസ്റ്റുകളാവുന്നു.)

നമ്പൂതിരി വിദ്യാലയത്തിൽ പഠിക്കുമ്പോൾ മാടമ്പ് നാരായണമ്മാവന്റെ കൂടെ ഇടയ്ക്ക് തൃശൂർ ടൗണിൽ ചുറ്റും.അമ്മാവൻ കോൺഗ്രസുകാരൻ. നമ്മൾ നൂറ്റ നൂൽ/ നമ്മൾ നെയ്ത വസ്ത്രം എന്ന സ്വാതന്ത്ര്യ സമര മുദ്രാ വാക്യം ആളുകൾ വിളിക്കുക മാത്രമല്ല, നടപ്പാക്കുക തന്നെ ചെയ്തു.

എല്ലാടവും ചർക്കയിൽ നൂൽ നൂൽക്കൽ: എനിക്കും ഒരു ചർക്ക വേണമെന്ന് മോഹം. എന്റെ ഡിമാന്റിൽ കൌ തുകം തോന്നിയ തൃശൂർ റൗണ്ടിലെ ഖാദി ഷോപ്പുകാരൻ ചർക്കയും സ്ലൈവറും തന്നു. അമ്മാമൻ തന്ന ചർക്ക + പരുത്തി . 8 വയസ്സുകാരൻ നൂൽ നൂൽക്കാൻ തുടങ്ങി. 40-ാം നമ്പറിനും 60-ാം നമ്പറിനും ഇടയ്ക്കുള്ള കന ത്തിൽ ഞാനും നൂൽ ഉണ്ടാക്കി. അതുകൊണ്ട് നെയ്ത ബനിയൻ പോലത്തെ ഷർട്ടിട്ടപ്പോൾ കാര്യമായെന്തോ ചെയ്തപോലെ തോന്നി. സ്വാശ്രയത്വത്തിന്റെയും സ്വയംപ ര്യാപ്തതയുടെയും പാഠങ്ങൾ എനിക്ക് നൽകിയത് നൂൽ നിർമ്മാണവും വിദേശ വസ്ത്ര .ബഹിഷ്കരണവുമാണ്.

ശക്തമായ ഒരു സാമ്പത്തിക സമരായുധമായിരുന്നു അത്. ഇന്റർമീഡിയറ്റ് വരെ സി.എം.എസ്. ൽ രണ്ടാം ഭാ ഷ സംസ്കൃതം. ഡിഗ്രിയ്ക്ക് കെമിസ്ട്രി ഓണേഴ്സി ന് ചേർന്നു. മിടുക്കന്മാർക്ക് 3 വർഷം കൊണ്ട് എം.എസ്.സി. എടുക്കാം. തോറ്റാൽ പ്രീഡിഗ്രി മാത്രം. ക്ലാസ് തുടങ്ങി മാസങ്ങൾക്കുള്ളിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ്



മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനൊപ്പം

**സ്കൂൾ വിദ്യാഭ്യാസം കുറവായതിനാൽ നമ്പൂതിരിമാർക്ക് അക്കാലം സംവരണമുണ്ടായിരുന്നു. മറ്റെല്ലാവരെയും പോലെ മിക്കവാറും നമ്പൂതിരി കുടുബങ്ങളും ഏറെ കഷ്ടപ്പാടിൽ ആയിരുന്നു. പട്ടിണി അപൂർവ്വമല്ല. ഭക്ഷണത്തിനും നിത്യ ജീവിതത്തിനും ധാരാളം ചിട്ടകൾ പാലിക്കേണ്ട അവസ്ഥ വേറെ.**

കോളേജിൽ നിന്നും മെക്കാനിക്കൽ ബി.ടെക്കിന് കാർ ഡ് വന്നു. ഒരു വർഷം 100 രൂപയാണ് ട്യൂഷൻ ഫീസ്. (ഇന്നത്തെ ഒരു ലക്ഷത്തിനു തുല്യം? അറിയില്ല.) പലരിൽ നിന്നും വായ്പ വാങ്ങി അച്ഛൻ പണം സംഘടിപ്പിച്ചു.

തിരുവനന്തപുരത്ത് താമസം വേണമല്ലോ. കോളേ ജിന് ഹോസ്റ്റൽ ഒന്നും ആയിട്ടില്ല. കോട്ടയ്ക്കകത്ത് നടുവിൽ മഠം വക കെട്ടിടമുണ്ടത്രെ. പുഷ്പാഞ്ജലി സ്വാമിയാർക്ക് താമസിക്കാനുള്ളതാണ്. ദേശമംഗലം നമ്പൂതിരിപ്പാട് അന്നത്തെ സ്വാമിയാരായ കണ്ണന്നൂർ തെക്കേടത്തില്ലത്തെ നമ്പൂതിരിയോട് പറഞ്ഞ് എനി ക്ക് താമസം തരപ്പെടുത്തി. സ്വാമിയാർ പൂജയ്ക്കായി ഉണ്ടാക്കുന്ന നിവേദ്യമായിരുന്നു എല്ലാർക്കും പ്രാത ലിന്. ഭക്ഷ്യയോഗ്യമാകണമെങ്കിൽ ഞാൻ തന്നെ 4 മണിക്ക് എഴുന്നേറ്റ് അരി വൃത്തിയാക്കി വെയ്ക്കണം. സ്വാമിയാരുടെ പൂജക്ക് വേണ്ടത് ഒരുക്കണം. ഗണപതി ഹോമത്തിന്റെ നാളികേരപ്പൂളും മുളക് കരിച്ച് ഉപ്പും പുളിയും വെളിച്ചെണ്ണയും കൂട്ടിച്ചാലിച്ചാൽ നിവേദ്യ ച്ചോറിനുള്ള ഉപദംശമായി . അന്ന് മഠത്തിൽ കൂട്ടിനു ണ്ടായിരുന്ന 5 പേർ - സ്വാമിയാരുടെ ബന്ധു തെക്കേടം നാരായണൻ, പരികർമ്മി ഇരിങ്ങാടംപള്ളി കൃഷ്ണൻ, കരുവാട്ട് നാരായണൻ, അമേറ്റൂർ പരമേശ്വരൻ, രാമൻ കുട്ടി വാര്യർ. ആരും ഇന്ന് ജീവിച്ചിരിപ്പില്ല.

യൂണിവേഴ്സിറ്റി കോളേജിൽ ചരിത്രാധ്യാപകനായിരുന്ന ദാമോദരൻ നമ്പീശനാണ് പ്രപഞ്ചത്തിലെ അത്ഭുതലോകത്തിലേക്ക് എന്നെ ഉപനയിച്ചത്. അദ്ദേഹം തന്ന Fred Hoyal ന്റെ Frontiers of Astronomy എന്നിൽ വരുത്തിയ മാറ്റം ചെറുതല്ല.

ചരിത്രം പ്രഫസർ, ആ ജോലിയിൽ നിന്നും വോളണ്ടറി റിട്ടയർമെന്റ് എടുത്ത് ജ്യോതിശാസ്ത്രാന്വേഷിയായത് മറ്റൊരത്ഭുതം

ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ എനിക്ക് താൽപര്യമുണ്ടാക്കിയത് മുത്തിരിങ്ങോട് എം.എൻ. നമ്പൂതിരിപ്പാട്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ അപേക്ഷിച്ചു. മെരിറ്റിൽ ആദ്യക്കാരനായി കിട്ടി.

ചേരാൻ കാശു വേണം. വീട് പണയപ്പെടുത്തി കിട്ടിയത് 2000 . പണത്തിന് ഞെരുക്കം. കടത്തോട് കടം. 4 വർഷവും സിനിമ കണ്ടിട്ടില്ല. പഠനത്തിനു പ്രയാസമാവാതിരിക്കാൻ താമസം മഠത്തിൽ നിന്നും പടുതോൾ നമ്പൂതിരിയുടെ സ്ഥലത്തേക്കു മാറ്റി. സെക്രട്ടേറിയറ്റ് ജീവനക്കാരായ മൂന്നു നമ്പൂതിരിമാരും ഒരു മാരാരുമാണ് അവിടെ താമസിച്ചിരുന്നത്.

ബി.ടെക്കിന് ഒന്നാം റാങ്ക് കിട്ടി. ആയിടെ തെക്കേടം നാരായണനുമായി എന്റെ അനുജത്തിയുടെ വിവാഹം നടത്തിയിരുന്നു. വന്നു ചേർന്ന കടം വീട്ടണം. പരിഹാരം വേളി തന്നെ. എഞ്ചിനീയർ, സർക്കാരുദ്യോഗസ്ഥൻ, മാർക്കറ്റിൽ മോശമില്ലാത്ത വിലയുണ്ടെനിക്ക്.

വധുവായി മഞ്ചേരി കരിക്കാട് പുല്ലൂർ ഭവാനിയെ അമ്മ കണ്ടുറപ്പിച്ചു. എനിക്കർഹതയുള്ളതിനെക്കാൾ സുന്ദരി. "കുട്ടിക്ക് ഉണ്ണിയേക്കാൾ ഉയരം കൂടും". അമ്മ പറഞ്ഞു. അതിനെന്താ? സ്ത്രീക്കിത്തിരി കൂടിക്കോട്ടെ. ഞാനും വേളി കഴിച്ചു.

നാട്ടിൽ ജോലി കിട്ടിയെങ്കിലും നല്ലതു നോക്കാൻ ബോംബെയിൽ എത്തി.സിഡി കോളനിയിൽ താമസം. ടാറ്റയിലും പിന്നീട് ആറ്റമിക് എനർജിയിലും സയന്റിഫിക് ഓഫീസറായി. ഹോമി ജെ ഭാഭയും രാജാ രാമണ്ണയും അവിടെയുള്ള കാലം.

അമേരിക്കക്കൊപ്പം വളർന്ന സോവിയറ്റ് യൂണിയൻ എന്നെ മോഹിപ്പിച്ചു. സർവ്വ വായനകളും എന്നെ റഷ്യയുടെ, കമ്മ്യൂണിസത്തിന്റെ ആരാധകനാക്കി. റഷ്യൻ ഭാഷ പഠിച്ചു.

/സോവിയറ്റെന്നൊരു നാടുണ്ടത്രെ/ പോകാൻ കഴിഞ്ഞെങ്കിലെന്തു ഭാഗ്യം./

മോസ്കോ പവർ ഇൻസ്റ്റിറ്റ്യൂട്ടിൽ പി.എച്ച്.ഡിക്കു ചേരാൻ (1962) ഇന്ത്യാ ഗവൺമെൻറ് പറഞ്ഞയച്ചപ്പോൾ ഞാൻ മോസ്കോ പരമേശ്വരനായി.

മുതലാളിത്തത്തിന്റെ ടൂളുകൾ ഉപയോഗിച്ച് വളർന്നാൽ സോഷ്യലിസം നടപ്പിൽ വരില്ലെന്നു പറഞ്ഞപ്പോൾ ഞാൻ റിവിഷനിസ്റ്റായി. സാമൂഹ്യസുരക്ഷാ സംവിധാനം ശക്തം. എല്ലാവർക്കും തൊഴിൽ മിനിമം വേതനം. സൗജന്യ വിദ്യാഭ്യാസം, സൗജന്യ ചികിത്സാ സംവിധാനം. പാർപ്പിടം. വൈദ്യുതി, ഇന്ധനം. ചെലവുകുറഞ്ഞ പൊതുയാത്രാ സംവിധാനം

സുരക്ഷയ്ക്കു വേണ്ടി പണം സമ്പാദിക്കേണ്ട ആവശ്യമില്ല ഇവിടെ എല്ലാം സ്റ്റേറ്റ് നോക്കുന്നു. ഇത്തരം ലോകത്ത് ജീവിക്കുക എന്നത് ആനന്ദം.സോവിയറ്റ് യൂനിയനിൽ കണ്ട വിസ്മയ ദൃശ്യം ഇതൊന്നുമല്ല. സദാ പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ.

സർവ്വരംഗത്തും സമൃദ്ധി. യൂനിവേഴ്സിറ്റി ലൈബ്രറിക്കു മുമ്പിൽ വലിയ ടെലിവിഷൻ ഉണ്ടായിരുന്നു അന്ന്. 1962 കാലത്ത് ഇന്ത്യയിൽ റേഡിയോ പോലും എത്താത്ത ഗ്രാമങ്ങൾ ധാരാളം.

എന്റെ മനസ്സിൽ ചില കാഴ്ചപ്പാടുകൾ രൂപം കൊണ്ടു. എന്റെ രാജ്യത്തെ കുട്ടികൾ സോവിയറ്റു പോലെ സന്തുഷ്ടരാവണം. സമൂഹത്തിന്റെ മുഴുവൻ ശ്രദ്ധ അവരിൽ പതിയണം. പാർട്ടിയും ജനങ്ങളും തമ്മിലുള്ള അകലം കൂടിക്കൂടി വരുന്നതും ഞാനവിടെ കണ്ടു.

തെറ്റായ വ്യവസ്ഥകളെ ചോദ്യം ചെയ്യുന്നവർ ഉന്മൂലനം ചെയ്യപ്പെടുമ്പോൾ സംഭവിക്കുന്നത് മാനവികതയുടെ, അതിന്റെ ആപ്ളിക്കേഷൻ ആയ സോഷ്യലിസത്തിന്റെ തകർച്ച തന്നെയാണ്.

യു എസ് എസ് ആർ, പഴയ സോവിയറ്റ് യൂനിയൻ മാഗസിൻ മാസിക പോലെ. മനോഹരം. അതിന്റെ പേജുകൾ സ്റ്റാപ്പിൾ വിട്ട് സ്വതന്ത്രമാവുന്ന കാലം ഉണ്ടാവുമെന്ന് എനിക്ക് അന്നേ തോന്നിയിരുന്നു.

മോസ്കോവിൽ നിന്നും ബോംബെയിൽ. ആറ്റമിക് എനർജി സെന്ററിൽ നിന്നും കേരള ശാസ്ത്ര സാങ്കേതിക വകുപ്പിലേക്ക് ഡപ്യൂട്ടേഷൻ. തിരുവനന്തപുരം പാർട്ടി ഫ്രാക്ഷനിൽ മെമ്പർ.

മാർക്സിസം ശാസ്ത്രമാണ്. മാറ്റവും മാറ്റമില്ലാത്തതല്ല എന്ന് തിരിച്ചറിയുമ്പോൾ സോഷ്യലിസം നടപ്പാവുന്നു. വിപ്ളവമാദ്യം നടക്കേണ്ടത് അധ്യാപകരിലാണ്. കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത്, ജനകീയാസൂത്രണം, സാക്ഷരതാ പ്രസ്ഥാനം, പാഠ്യപദ്ധതി പരിഷ്ക്കരണം. ശാസ്ത്രം അധ്വാനം, അധ്വാനം സമ്പത്ത്. സമ്പത്ത് ജനനന്മയ്ക്ക് - ശാസ്ത്രം ജനനന്മയ്ക്ക്. ഭാരതീയ ജനവിജ്ഞാൻ സമിതിയിലൂടെ രാജ്യമെങ്ങും സാക്ഷരതാ പ്രസ്ഥാനം വ്യാപിപ്പിച്ചു.

ചൂഷണങ്ങളില്ലാത്ത നാലാം ലോകം സ്വപ്നം കണ്ട എം പിയെ 'പാർട്ടി വിരുദ്ധ പ്രവർത്തനങ്ങൾ' നടത്തിയതിന് 2002 ൽ സി.പി.എം. പുറത്താക്കി.

പത്മ പുരസ്ക്കാരം വ്യക്തിയ്ക്കു മാത്രമേ നൽകൂ, പ്രസ്ഥാനങ്ങൾക്കല്ല എന്നതിനാലാണ് വിനയപൂർവ്വം - ധിക്കാരത്തോടെ അല്ലെന്നർത്ഥം - നിരസിച്ചത്.

(നേരിട്ടുള്ള സംഭാഷണവും 'കാലഹരണമില്ലാത്ത സ്വപ്നങ്ങൾ' എന്ന എം.പി.പരമേശ്വരന്റെ ആത്മകഥയുമാണ് ഈ ഫീച്ചറിന്റെ അടിസ്ഥാനം.)

ഫലശ്രുതി:

/ഞാനെന്നും കമ്യൂണിസ്റ്റുകാരൻ /

78 പുസ്തകങ്ങൾ. 300 ലേഖനങ്ങൾ.എം പി അഥവാ മാസ്റ്റർ ഓഫ് പ്രൊജക്ട്സ് ആണ് ഈ ശുദ്ധ നമ്പൂതിരി..

●

ഡോ: വിപിൻ മടങ്ങർലി, 9663399805
(ഡോ. എം.പി. പരമേശ്വരന്റെ മകൻ)

ഡോ: വിനോദ് മങ്ങത്തായ, 9895621493

# (അറുപത്തി)
# അഞ്ചാം വയസ്സിൽ കോളേജ് കുമാരൻ

**ഉദയൻ നമ്പൂതിരി**



പൊതുവേ പലരും പറഞ്ഞു കേൾക്കുന്ന കാര്യമാണ്. പ്രായം വെറും നമ്പർ മാത്രമാണ് ,റിട്ടയർമെൻറിനു ശേഷമാണ് ഒരാൾ ശരിക്കും ജീവിക്കാൻ തുടങ്ങുന്നത്, അല്ലെങ്കിൽ ജീവിക്കാൻ തുടങ്ങേണ്ടത് എന്നെല്ലാം .പക്ഷേ എത്ര പേർ ജോലിയിൽ നിന്നു പിരിഞ്ഞതിനു ശേഷം തന്റെ ഇന്നേവരെയുള്ള ജീവിതത്തിൽ നടക്കാതെ പോയ സ്വപ്നങ്ങൾക്കു പിന്നാലെ പോകാറുണ്ട്. റിട്ടയർമെൻറു തന്നെ ശിഷ്ഠകാലം ഒന്നും ചെയ്യാതെ വീട്ടിലിരുന്ന് വിശ്രമിക്കാനുള്ളതാണെന്നാണു പലരുടേയും ധാരണ.അറുപതിനു മുകളിലെത്തുമ്പോഴേക്കും തന്റെ കാലം കഴിഞ്ഞു, തനിക്കു ഒന്നിനും വയ്യാതെയായി ഇനി പേരകുട്ടികളെ കളിപ്പിച്ച് സ്വസ്ത ജീവിതം നയിക്കണം എന്നാവും വിചാരം. മറിച്ചു അറുപതിനു ശേഷം തിരക്കേറിയ സാമൂഹികജീവിതം നയിക്കുന്നവരുമുണ്ട്.എന്നാൽ കുട്ടിക്കാലം മുതൽക്ക് എത്ര മോഹിച്ചിട്ടും പഠനകാലത്തോ, ഔദ്യോഗിക കാലത്തോ നടക്കാതെ പോയ മോഹ സാഫല്യത്തിനായി അറുപത്തഞ്ചാം വയസ്സിൽ ഇറങ്ങിതിരിച്ച ഒരാളുണ്ട്.ഇഷ്ട വിഷയം പഠിക്കാനായി വീണ്ടും കോളേജ് വിദ്യാർത്ഥിയായി ചേരുക, തന്റെ പേരകുട്ടികളുടെ മാത്രം പ്രായമായ കുട്ടികളുടെയൊപ്പം ഒരേ ബഞ്ചിലിരുന്ന് തിങ്കൾ മുതൽ വെള്ളി വരെ ഒരു ക്ലാസും മുടക്കാതെ പഠിക്കുക. ശരീരത്തിനു വളരെയധികം ആയാസം നല്കുന്ന പരിശീലനത്തിൽ ഏർപ്പെടുക.അത്ഭുതം തോന്നുന്നില്ലേ. എന്നാൽ അങ്ങനെയൊരാളുണ്ട്. എളേടത്തു മന രാജീവൻ നമ്പുതിരിയാണ് 65ാം വയസ്സിൽ കഥകളി സംഗീതവും വേഷവും പഠിക്കാൻ കോളേജിൽ ചേർന്നത്. മുപ്പത്തഞ്ചു വർഷത്തോളം റബ്ബർ ബോർഡിൽ ഉദ്യോഗത്തിലിരുന്ന്, റബ്ബർ വെക്കാനായി എങ്ങനെ കുഴി എടുക്കണം, നല്ല റബ്ബർ തൈകൾ എങ്ങനെ തിരഞ്ഞെടുക്കണം, കൂടുതൽ പാലു കിട്ടാനായി എന്തെല്ലാം ചെയ്യണം, കർഷകർക്കുള്ള സബ്സിഡി തുടങ്ങിയ അനുകൂല്യങ്ങൾ എങ്ങനെ ലഭിക്കും എന്നെല്ലാം നാടുമുഴുവൻ നടന്ന് കർഷകർക്ക് പറഞ്ഞു കൊടുത്തിരുന്ന അദ്ദേഹത്തിന് വയസ്സുകാലത്താണ് പാട്ടും ആട്ടവും പഠിക്കാനായി നേരം കിട്ടിയത്.



*രാജീവൻ എളയിടം*

> കുട്ടിക്കാലം മുതൽക്ക് എത്ര മോഹിച്ചിട്ടും പഠനകാലത്തോ, ഓദ്യോഗിക കാലത്തോ നടക്കാതെ പോയ മോഹ സാഫല്യത്തിനായി അറുപത്തഞ്ചാം വയസ്സിൽ ഇറങ്ങിത്തിരിച്ച ഒരാളുണ്ട്.

കുട്ടിയായിരുന്നപ്പോൾ അച്ഛന്റെ കൈ പിടിച്ച് ഇല്ലത്തിനടുത്തുള്ള അമ്പലത്തിലെ ഉത്സവങ്ങൾക്കു പോകുമായിരുന്നു. അച്ഛനു ചിത്രം വരയിലായിരുന്നു കമ്പം . ഉത്സവത്തിനു എഴുന്നള്ളിക്കുന്ന ആനകളെയും, മേളക്കാരേയും നോക്കി കണ്ട് ക്യാൻവാസ്സിലാക്കാനായിരുന്നു അച്ഛൻ പോയിരുന്നത് . എന്നാൽ മകനാകട്ടെ അവിടെ അരങ്ങേറിയിരുന്ന കഥകളി കാണാനായിരുന്നു താല്പര്യം. അന്നേ കഥകളി വേഷങ്ങളേക്കാൾ രാജീവിനെ ആകർഷിച്ചത് പാട്ടായിരുന്നു. അങ്ങനെ പാട്ടുകൾ കേട്ടുകേട്ട് ഉള്ളിൽ കഥകളി പാട്ടു പഠിക്കണെമെന്നൊരു മോഹമുണ്ടായി.മുതിർന്നതിനു ശേഷം പാട്ടിൽ കമ്പം കയറി നാട്ടിലെ കഥകളി അരങ്ങുകളിൽ മുഴുവൻ അലഞ്ഞു നടക്കുകയായിരുന്നു പ്രധാന ജോലി. കേൾക്കുക മാത്രമല്ല സ്വയം ഉരുവിട്ടു പഠിക്കുകയും പഠിച്ച കഥകളി പദങ്ങൾ സദാസമയവും പാടി നടക്കുകയും ചെയ്യുമായിരുന്നു . അന്നെല്ലാം ഇല്ലത്തടുത്തുള്ള അമ്പലമുറ്റത്ത് ഇല്ലാത്ത കാണികൾക്കു മുമ്പിൽ പാടുന്നതായിരുന്നു പ്രധാന ഹോബി.താനും ഒരു ദിവസം കൈയ്യിൽ പിടിച്ച ചേങ്ങിലയിൽ ഉറക്കെ അടിച്ചു കൊണ്ട് പൊന്നാനി പാട്ടുകാരനായി അരങ്ങു നിയന്ത്രിക്കുന്നതും സ്വപ്നം കണ്ടിരുന്നു. രാജീവന്റെ മോഹം ഇല്ലത്തുള്ളവർക്കു മനസ്സിലായെങ്കിലും അവർ ഒട്ടും പ്രോത്സാഹിപ്പിച്ചില്ല. കാരണം കഥകളി പാട്ടുകൊണ്ട് ജീവിക്കാൻ പറ്റുമോ എന്നായിരുന്നു അവരുടെ പേടി .എത്ര മോഹിച്ചിട്ടും പഠന കാലത്തോ പിന്നെ ഗസറ്റഡ് ഓഫീസർ വരെ എത്തിയ ഔദോഗിക കാലത്തോ ഒന്നും നടന്നില്ല. ഒടുവിൽ തന്റെ പ്രാരാബ്ധങ്ങളെല്ലാം തീർന്ന ശേഷം മോഹ സാക്ഷാൽക്കാരത്തിനായി തൃപ്പൂണിത്തറ ആർ എൽവി കോളേജിൽ കഥകളി സംഗീതം ഐച്ഛിക വിഷയമായി എടുത്ത് ഡിഗ്രി പഠനത്തിനു ചേർന്നു. ഒപ്പം

മൈനർ വിഷയങ്ങളായി കഥകളി വേഷവും, കർണ്ണാടക സംഗീതവും , ഭാഷാ വിഷയങ്ങളായി സംസ്കൃതവും ഇംഗ്ലീഷും. ഇരുപതുകാരനായ സാധാരണ വിദ്യാർത്ഥിയെ പോലെ ഇല്ലത്തു നിന്ന് രാവിലെ പൊതിച്ചോറുമായി പുറപ്പെട്ടു ലൈൻ ബസ്സിൽ തിരക്കി കയറി ബല്ലടിക്കുന്നതിനു മുമ്പു കോളേജിൽ എത്തും.പത്തു മുതൽ നാലു മണി വരെ ക്ലാസിൽ ശ്രദ്ധിച്ചിരിക്കും, നോട്ടുകൾ പകർത്തി എടുക്കും. ഹോംവർക്കുകൾ കൃത്യമായി ചെയ്യും,അസൈൻമെന്റുകളിൽ പങ്കെടുക്കും .ഇടക്ക് സ്പെഷൽ ക്ലാസും, പ്രാക്ടിക്കലുമെല്ലാമുണ്ടാവും. സെമസ്റ്റർ പരീക്ഷകൾ എഴുതും. പക്ഷേ പണ്ടത്തെ പോലെ ക്ലാസും കട്ടു ചെയ്ത് സിനിമക്കു പോകാറില്ല . അതുപോലെ ബസ്സിലെ യാത്രക്ക് വിദ്യാർത്ഥികൾക്കുള്ള കൺസഷൻ ബസ്സുകാർ കൊടുക്കാറില്ല, രാവിലെയും വൈകുന്നേരവും മുഴുവൻ ചാർജും കൊടുത്തു യാത്ര ചെയ്യണം . കൂടാതെ മുതിർന്ന പൗരനായിട്ടും ഫീസിനു ഇളവുകളോ സ്ക്കോളർഷിപ്പുകളോ ഇല്ല.

കഥകളി പാട്ടു പഠിക്കണം എന്നതു രാജീവന്റെ കുട്ടിക്കാലത്തെ മോഹമായിരുന്നെങ്കിലും അതൊരു തീവ്രമായ ആഗ്രഹമായി മാറിയത് മഹാരാജാസ് കോളേജിൽ 1981– 83 കാലയളവിൽ എം എസ് സി ക്കു പഠിക്കുമ്പോഴായിരുന്നു. എന്നും രാവിലെ ഹോസ്റ്റലിൽ നിന്ന് 3 മണിക്ക് എഴുന്നേറ്റ് എറണാകുളത്തപ്പനെ തൊഴുവാൻ പോകാറുണ്ടായിരുന്നു. ഉത്സവ കാലത്ത് ഒരു ദിവസം പുലർച്ചെ തൊഴുവാൻ ചെന്നപ്പോൾ കഥകളി നടന്നു കൊണ്ടിരിക്കുകയായിരുന്നു.കിരാതം കഥയായിരുന്നു ആടിയിരുന്നത്. കാട്ടാളനും, കാട്ടാളത്തിയും അർജുനനുമെല്ലാം അരങ്ങു ഇളക്കിമറിച്ച് കളിക്കുകയായിരുന്നു. ബ്രാഹ്മ മുഹൂർത്തത്തിലെ അഭൗമമായ അന്തരീക്ഷത്തിൽ ചെണ്ടയുടേയും, മദ്ദളത്തിന്റെയും താളത്തിൽ 'പരമേശ പാഹിമാം, ഗൗരീശം മമ കാണാകേണം എന്നീ പദങ്ങൾ കേട്ടപ്പോൾ വല്ലാത്തൊരു അനുഭൂതിയാണ് തോന്നിയത്. കുളിർമഴയായി ആ പദങ്ങൾ ഇന്നും കാതിൽ മുഴങ്ങുന്നുണ്ടെന്നു രാജീവൻ പറയുന്നു.

> കഥകളി പാട്ടു പഠിക്കണം എന്നതു രാജീവന്റെ കുട്ടിക്കാലത്തെ മോഹമായിരുന്നെങ്കിലും അതൊരു തീവ്രമായ ആഗ്രഹമായി മാറിയത് മഹാരാജാസ് കോളേജിൽ 1981-83 കാലയളവിൽ എം എസ് സിക്കു പഠിക്കുമ്പോഴായിരുന്നു.

അന്നു തീർച്ചയാക്കി എങ്ങനെയും കഥകളി പാട്ടു പഠിക്കണമെന്ന്. അന്ന് എറണാംകുളത്ത് കഥകളി സംഗീത സദസ്സ് എന്നൊരു കൂട്ടായ്മ ഉണ്ടായിരുന്നു. അതിൽ മെമ്പർഷിപ്പ് എടുത്തു. അവർ ഒരോ മാസവും പ്രസിദ്ധരായ പാട്ടുകാരേയും, വേഷക്കാരേയും, കൊട്ടുകാരേയും കൊണ്ടുവന്ന് കഥകളി നടത്തുമായിരുന്നു. അവിടെ നിന്ന് നേരിട്ടും, കാസറ്റുകൾ കേട്ടും ആട്ടകഥാ പുസ്തകങ്ങൾ വാങ്ങിയും പദങ്ങൾ സ്വയം പഠിച്ച് പാടാൻ തുടങ്ങി. പക്ഷേ അപ്പോഴും അവ ശാസ്ത്രീയമായി ഗുരുമുഖത്തു നിന്നു പഠിച്ചെടുക്കാനുള്ള സാഹചര്യങ്ങളൊത്തു വന്നില്ല. എം. എസ്സി പഠനശേഷം നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫിയിൽ മറൈൻ മൈക്രോബയോളജിയിൽ റിസർച്ചിനു ചേർന്നെങ്കിലും പൂർത്തിയാക്കുന്നതിനു മുമ്പ് ജോലി കിട്ടി, അന്നത്തെ കാലത്ത് ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള ഒരു ജോലിയായിരുന്നു പ്രധാനം. അതിനാൽ പഠനവും റിസർച്ചുമെല്ലാം നിർത്തി 1986 ൽ കേന്ദ്ര ഗവർമെൻറ് സ്ഥാപനമായ റബ്ബർ ബോർഡിൽ ജോലിക്കു ചേർന്നു. പിന്നെ എല്ലാ കൊല്ലവും ട്രാൻസഫറുകളായിരുന്നു. കോട്ടയം കാഞ്ഞങ്ങാട്, കോലഞ്ചേരി, പുത്തൻകുരിശ്, കോതമംഗലം, തൃശൂർ ഇവിടങ്ങളിലെല്ലാം ജോലി ചെയ്തു. അന്നു നാടുമുഴുവൻ റബ്ബർ വെക്കുന്ന കാലമായിരുന്നു. അതിനാൽ എന്നും പിടിപ്പതു പണി. കൂടാതെ ജോലി സ്ഥലങ്ങളിലുണ്ടായിരുന്ന പ്രശ്നങ്ങളും, തിരക്കുകളും, സമയക്കുറവും കാരണം സംഗീത പഠനത്തെ തന്നെ മറക്കേണ്ടി വന്നു .2001 ൽ പ്രമോഷനായി ത്രിപുരയിൽ പോയി. അവിടെ നിന്നു വീണ്ടും കോട്ടയം, പിന്നെ തൊടുപുഴ. അവിടെ ജോലി ചെയ്യുമ്പോഴാണ് കുറച്ചുകാലം കഥകളി സംഗീതം പഠിക്കാനുള്ള അവസരം കിട്ടിയത്. എറണാകുളത്ത് ചങ്ങമ്പുഴ പാർക്കിൽ കലാമണ്ഡലം ഗോപാലകൃഷ്ണനാശാൻ ആഴ്ചയിൽ ഒരു ദിവസം ക്ലാസ് എടുത്തിരുന്നു. അന്നു ഏറ്റുമാനൂരിലായിരുന്നു താമസിച്ചിരുന്നത്. അവിടെ നിന്നു എല്ലാ ഞായറാഴ്ചയും 11.30 മുതൽ 1.30 വരെയുള്ള ആശാന്റെ ക്ലാസിൽ പോയി ഗുരുമുഖത്തു നിന്നുതന്നെ പാട്ടു പഠിക്കാൻ അവസരം ഒത്തുവന്നു. അതും അധികകാലം നീണ്ടുനിന്നില്ല വീണ്ടും ഗോവക്കൊരു ട്രാൻസഫർ വന്നു പഠിത്തവും നിന്നു. പിന്നെ കുറെ കാലം മഹാരാഷ്ട്രയിലെ ഒരു സ്ഥലത്ത്, വീണ്ടും കേരളത്തിൽ കാസർഗോഡ് മൂന്നു കൊല്ലം. . 2020 ൽ കോട്ടയത്തുള്ള നാഷനൽ റബ്ബർ ട്രെയിനിങ്ങ് സ്ഥാപനത്തിൽ നിന്ന് ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായി റിട്ടയർ ചെയ്തു.

അപ്പോഴേക്കും കൊറോണ കാലമായി , കഥകളി സംഗീതജ്ഞരെല്ലാം മറ്റു കലാകാരന്മാരെ പോലെ പരിപാടികളില്ലാതെ വീട്ടിലിരിപ്പായി. പലരും ഓൺലൈനായി പാട്ടു പഠിപ്പിക്കാൻ തുടങ്ങിയതായി കേട്ടു. കഥകളി ആസ്വാദകരുടെ ഒരു ഗ്രൂപ്പിൽ, താല്പര്യമുള്ളവർക്ക് ഓൺലൈനായി സംഗീതം പഠിക്കാൻ അവസരമുണ്ടെന്ന അറിയിപ്പു കണ്ട് അത്തരമൊരു ഗ്രൂപ്പിൽ ചേർന്നു. കോട്ടക്കൽ വിനീഷ് എന്ന ആശാനായിരുന്നു പഠിപ്പിച്ചിരുന്നത്. അദ്ദേഹത്തോട് താൻ ഷഷ്ഠിപൂർത്തി കഴിഞ്ഞ ആളാണെന്നും ശാസ്ത്രീയ സംഗീതം ഒട്ടും പഠിച്ചിട്ടില്ലെന്നും നേരത്തെ പറഞ്ഞിരുന്നു. അതൊന്നും സാരമില്ല ,താല്പര്യമാണ് പ്രധാനം എന്ന പറഞ്ഞ് ആശാൻ ധൈര്യം കൊടുത്തു. പഠിത്തം ആറു മാസം കഴിഞ്ഞപ്പോൾ നാട്ടിലെ അമ്പലത്തിൽ ഒരു കഥകളിപദകച്ചേരി നടത്താൻ പറഞ്ഞു. അപ്പോഴേക്കും കോവിഡിന്റെ തീവ്രത കുറഞ്ഞിരുന്നു. തനിക്ക് അതിനൊക്കെയുള്ള പ്രാപ്തിയായോ എന്നു സംശയിച്ച രാജീവിനോട് 'ഒന്നും പേടിക്കണ്ട ഞാനല്ലേ പറയുന്നത്, താങ്കൾക്ക് കച്ചേരി നടത്താൻ പറ്റും'

എന്നു വിനീഷ് ധൈര്യം കൊടുത്തു. ഗുരുവിന് തന്റെ ശിഷ്യന്റെ കഴിവുകൾ പെട്ടെന്നു തന്നെ മനസ്സിലായി എന്നു തോന്നുന്നു. അദ്ദേഹം രണ്ടുമൂന്നു തവണ വീട്ടിൽ വന്ന് ഒപ്പം പാടി പരിശീലിപ്പിക്കുകയും ചെയ്തു. നാട്ടിൽ നടന്ന ആ കച്ചേരി ഗംഭീരമായി, അതോടെ ആത്മവിശ്വാസവുമായി. പിന്നെ അടുത്തുള്ള സ്ഥലങ്ങളിലെ കഥകളി അരങ്ങുകളിൽ ശിങ്കിടി പാട്ടുകാരനായി ,പേരു കേട്ട പല ഗായകരുടേയുമൊപ്പം ചെറിയ പദങ്ങൾ പാടാൻ അവസരങ്ങൾ കിട്ടി തുടങ്ങി. ഏറ്റുമാനൂരിൽ നടന്ന കലാനിലയം മോഹൻ കുമാറാശാന്റെ അനുസ്മരണ ദിനാഘോഷത്തിന്റെ ഭാഗമായി അവതരിപ്പിച്ച കുചേലവൃത്തം കഥകളിക്ക് ഏറ്റിക്കട രാമൻ നമ്പൂതിരിയോടൊപ്പം മുഴുവൻ കഥയും പാടുകയും ചെയ്തു. അതിനു ശേഷമാണ് ഇല്ലത്തിനടുത്തുള്ള കഥകളി കലാക്ഷേത്ര എന്ന സ്ഥാപനത്തിലെ ആശാനായ ആർ എൽ വി ഗോപിയെ പരിചയമാവുന്നത്. സംഗീതം ശാസ്ത്രീയമായി പഠിക്കണമെന്ന തന്റെ ആഗ്രഹത്തെ പറ്റി പറഞ്ഞപ്പോൾ സഹായിക്കാമെന്നേറ്റു. തൃപ്പൂണിത്തറ ആർ എൽ വി സംഗീത കോളേജിലുള്ള കഥകളി സംഗീതം കോഴ്സിനെ പറ്റിയും പ്രായം നോക്കാതെ അവിടെ പ്രവേശനം കൊടുക്കുന്ന വിവരവും അദ്ദേഹമാണു പറഞ്ഞത് . അപേക്ഷ കൊടുക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ചെയ്തു കൊടുത്തു. പക്ഷേ ഒരു പ്രശ്നം, എസ് എസ് എൽ സി, പ്രീഡിഗ്രി ഇവയുടെ സർട്ടിഫിക്കറ്റുകൾ വേണം. അതെല്ലാം എവിടെ കിടക്കുന്നു എന്ന് പോലും അറിയുമായിരുന്നില്ല. തറവാട്ടിലും, ഇല്ലത്തുമെല്ലാം

തിരഞ്ഞ് അതെല്ലാം തപ്പിയെടുത്തു. അപ്പോഴാണ് യൂണിവേഴസിറ്റി മാറുന്നതിലുള്ള പ്രശ്നം. എം. എസ് സി വരെ പഠിച്ചത് കേരള യൂണിവേഴസിറ്റിയിൽ. ഇപ്പോൾ പഠിക്കാൻ പോകുന്നത് എം ജി യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജിൽ .ഏതായാലും മൈഗ്രേഷൻ സർട്ടിഫിക്കറ്റും ശരിയാക്കി അപേക്ഷ കൊടുത്തു. ഇൻർവ്യൂവിന് ഒരു കഥകളിപദം പാടാൻ

> അടുത്തുള്ള സ്ഥലങ്ങളിലെ കഥകളി അരങ്ങുകളിൽ ശിങ്കിടി പാട്ടുകാരനായി ,പേരു കേട്ട പല ഗായകരുടേയുമൊപ്പം ചെറിയ പദങ്ങൾ പാടാൻ അവസരങ്ങൾ കിട്ടിത്തുടങ്ങി.

പറഞ്ഞു. അറിയുന്ന ഒരു പദം പാടി. പിറ്റെ ദിവസം തന്നെ അഡ്മിഷൻ ഒകെയായി ഫീസടച്ചു. ക്ലാസ് ആരംഭിച്ചപ്പോഴാണ് അറിഞ്ഞത്, താൻ ചേർന്നത് നാലു കൊല്ലത്തെ ഇൻഡഗ്രേറ്റഡ് ഡിഗ്രിക്കാണെന്ന് . താൻ പണ്ടു ഡിഗ്രിക്കു പഠിച്ച പോലെ ഒരു മെയിൻ വിഷയം രണ്ടു സബ്സിഡിയറികൾ , രണ്ടു ഭാഷകൾ ഇത്രയും പഠിക്കണം. മൈനർ വിഷയങ്ങളായി കർണ്ണാടക സംഗീതവും ,കഥകളി വേഷവും, ഭാഷകളായി ഇംഗ്ലീഷും .സംസ്കൃതവും എടുത്തു. വേഷമാണ് പ്രശ്നമുണ്ടാക്കിയത്. മെയിനിനുള്ള അതേ സിലബസ്സാണ് മെനർ വിഷയത്തിനും, വേഷത്തിന്റെ പ്രാക്ടിക്കലിന് ആട്ടവും, കലാശങ്ങളും, കണ്ണു സാധകവും, ഭാവാഭിനയങ്ങളും, മുദ്രകളും എല്ലാം പഠിക്കണം. എല്ലാം ചെയ്യാൻ മനസ്സുണ്ടെങ്കിലും ശരീരം കലാശങ്ങളെടുക്കാൻ വിസ്സമ്മതിക്കാൻ തുടങ്ങി. കാലങ്ങളായി നടുവേദനയും, കണ്ണിനു പ്രശ്നവുമുണ്ട്. വിവരം ആശാൻമാരോടു പറഞ്ഞപ്പോൾ പറ്റാവുന്നതു പോലെയൊക്കെ ചെയ്താൽ മതി എന്നവരും പറഞ്ഞു. മുതിർന്ന പൗരൻ എന്ന നിലക്കുള്ള എല്ലാ ഇളവുകളും കൊടുത്തു. പഠിക്കുന്നത് ഓർമ്മിച്ചു വെക്കാനെല്ലാം നല്ല ബുദ്ധിമുട്ടായിരുന്നു . ഒന്നാം സെമസ്റ്ററിനിടക്ക് ന്യുമോണിയവന്നു. ഡോക്ടറെ കണ്ടപ്പോൾ ശരീരത്തിന് ഒരു ആയാസവും എടുക്കരുതെന്നും പരിപൂർണ്ണ വിശ്രമം എടുക്കണം എന്നും പറഞ്ഞു. അതുകാരണം ആദ്യ സെമസ്റ്ററിന്റെ അവസാന ദിവസങ്ങളിൽ കുറെ ക്ലാസുകൾ നഷ്ടപെട്ടു. ഏതായാലും തിയറി പരീക്ഷകളെല്ലാം എഴുതി. കുറച്ചൊക്കെ ആരോഗ്യം വീണ്ടെടുത്തപ്പോൾ ഡോക്ടറുടെ സമ്മതത്തോടെ പ്രാകറ്റിക്കലിലും പങ്കെടുത്തു. പാടുമ്പോൾ നല്ല കിതപ്പുണ്ടായിരുന്നെങ്കിലും പറ്റുന്ന വിധത്തിൽ പാടി. വേഷത്തിന്റെ പ്രാക്ടിക്കലിന് ഇരുന്നു കൊണ്ടു മുദ്രകൾ മാത്രം കാണിച്ചു. ഇതിനിടെ വിഷയത്തിന്റെ കാഠിന്യം കൊണ്ട് ഒപ്പമുണ്ടായിരുന്ന മൂന്നു കുട്ടികൾ കോഴ്സ് മതിയാക്കി പോയി.താനും ഇതുനിർത്തി ഏതെങ്കിലും ആശാന്റെ അടുത്തു പോയി പഠിച്ചാൽ പോരെ എന്ന ചിന്തയായി. അങ്ങനെയാണെങ്കിൽ, സിലബസ്സില്ല

, അറ്റൻഡൻസ് ഇല്ല, ടെസ്റ്റ് പേപ്പറില്ല, പ്രാക്ടിക്കലില്ല ,ഭാഷകൾ പഠിക്കണ്ട. അതാവും നല്ലത് എന്നു പോലും തോന്നി.

അപ്പോഴാണ് ഫസ്റ്റ് സെമസ്റ്റർ റിസൾട്ടു വന്നത്. 82 ശതമാനം മാർക്ക്. അപ്പോൾ കൂടുതൽ ആവേശമായി. എന്തു തന്നെ വന്നാലും പഠനം നിർത്തി പോവില്ലെന്ന തീരുമാനമെടുത്തു. ഈ കൊല്ലം ജനവരി മുതൽ രണ്ടാം സെമസ്റ്റർ ക്ലാസിൽ പോകാനും തുടങ്ങി. ശാരീരിക വിഷമങ്ങൾ കാരണം രണ്ടാം വിഷയമായ കഥകളി വേഷം മാറ്റാൻ യൂണിവേഴ്സിറ്റി അനുവദിച്ചു. ഇപ്പോൾ മൂന്നാം സെമസ്റ്റർ ക്ലാസും തുടങ്ങി.

കഴിഞ്ഞ കൊല്ലം ഒക്ടോബർ 29 ലെ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിൽ ആർ എൽ വി കോളേജ് ഓഫ് മ്യൂസിക്ക് ആൻഡ് ഫൈൻ ആർടസിനെ പറ്റി വന്ന ലേഖനത്തിൽ രാജീവൻ സംഗീതം പഠിക്കുന്ന ഫോട്ടോയും വിവരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാജീവൻ പഠിക്കുന്ന കേളേജിനെ പറ്റി പറയാതെ ഈ ലേഖനം അവസാനിപ്പിക്കാൻ വയ്യ. കൊച്ചി രാജാവായിരുന്ന കേരളവർമ്മ എന്ന മിടുക്കൻ തമ്പുരാൻ 1937ൽ തന്റെ മകളുടെ പേരായ രാധയുടേയും ഭാര്യയുടെ പേരായ ലഷ്മിയുടേയും പേരു ചേർത്ത് രാധാ ലക്ഷ്മി വിലാസം അക്കാദമി എന്ന പേരിൽ ഒരു സ്ഥാപനം സ്ത്രീകളുടെ കലാപഠനത്തിനായി തുടങ്ങി. അതാണ് പിന്നീട് ആർ എൽ വി കോളേജ് ഓഫ് മ്യൂസിക്ക് ആൻഡ് ഫൈൻ ആർട്ടസ് ആയി മാറിയത്. ആദ്യ കാലത്ത് നൃത്തം കൈകൊട്ടികളി, തുന്നൽ പണി എന്നിവയായിരുന്നു



*രാജീവൻ മുൻ ബഞ്ചിൽ സഹപാഠികളോടൊപ്പം*

പഠിപ്പിച്ചിരുന്നത്. ഇപ്പോൾ കഥകളി, കർണ്ണാടക സംഗീതം, ജലതരംഗം, നാദസ്വരം, മൃദംഗം, തബല, വിവിധ നൃത്തങ്ങൾ തുടങ്ങിഎല്ലാ സംഗീത വാദ്യകലകളും,പെയിന്റിങ്ങും,ചിത്ര കലയുമടക്കം പതിമൂന്നു വിഷയങ്ങ ളിൽ ഡിഗ്രി ,പിജി കോഴ്സുകളുണ്ട്. 1956 ലെ ബാച്ചുകളിലെ വിദ്യാർ ത്ഥികളായിരുന്നു ഗാനഗന്ധർവൻ പത്മശ്രീ യേശുദാസും സംഗീത വിദുഷി പാറശ്ശാല പൊന്നമ്മാളും ,നാദസ്വര വിദഗ്ദൻ തിരുവിഴ ജയശ ങ്കറും. ഇപ്പോൾ അറിയപ്പെടുന്ന പല കലാകാരന്മാരും ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. പത്മശ്രീ കാ ലാമണ്ഡലം കൃഷ്ണൻ നായരും, മവേലിക്കര പ്രഭാകരവർമ്മയുമെല്ലം ഇവിടത്തെ പ്രിൻസിപ്പാളുമാരായിരു ന്നു. ദക്ഷിണേന്ത്യയിലെ ' ശാന്തി നികേതന'മായിട്ടാണ് ഈ കലാ

**കോഴ്സു തീരുമ്പോഴേക്കും അറുപത്തി ഒമ്പതു വയസ്സാ വും. ആ പ്രായത്തിൽ ഒരു പ്രൊഫഷനൽ കഥകളി പാട്ടു കാരനായി അരങ്ങുകളിൽ നിന്ന് അരങ്ങുകളിലേക്ക് ഓടി നടക്കാനൊന്നും മോഹമില്ല.**

ലയം വിശേഷിക്കപ്പെടുന്നത്. കഥ കളി വിഭാഗത്തിൽ കലാമണ്ഡലം രാധാകൃഷ്ണനാണ് എച്ച് ഒ ഡി, കലാമണ്ഡലം ശ്രീജിത്, യശ്വന്ത് എന്നിവരാണ് രാജീവനെ പാട്ട് പ ഠിപ്പിക്കുന്നത്.

കോഴ്സു തീരുമ്പോഴേക്കും അറുപത്തി ഒമ്പതു വയസ്സാവും. ആ പ്രായത്തിൽ ഒരു പ്രൊഫഷനൽ കഥകളി പാട്ടുകാരനായി അരങ്ങുക ളിൽ നിന്ന് അരങ്ങുകളിലേക്ക് ഓടി നടക്കാനൊന്നും മോഹമില്ല. ആരോ ഗ്യം സമ്മതിക്കുന്നതിനനുസരിച്ച് ഇല്ലത്തിനടുത്തുള്ള ചെറിയ അര ങ്ങുകളിൽ പോയി പാടാൻ അവസര ങ്ങൾ കിട്ടണം എന്നു മാത്രമേ ആഗ്ര ഹമുള്ളു എന്നു അദ്ദേഹം പറയുന്നു .അതിനു ഈശ്വരൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടേ എന്നു നമുക്ക് പ്രാർത്ഥിക്കാം.



*കാന്റീനിൽ പയ്യനായി*

ഇ.വി. രാജീവൻ, 1960 ൽ ആമ്പല്ലൂ രിലെ എളേടത്തു മന വാസുദേവൻ നമ്പൂതിരിയുടേയും ശ്രീദേവി അന്തർ ജനത്തിന്റേയും മകനായി ജനിച്ചു. ഭാര്യ ഡോക്ടർ കെ.എസ് ദേവകി, പേരാമംഗലം കാരക്കാട്ടു മനയിലെ അംഗം. കഥകളി സംഗീതജ്ഞയായ ശ്രീമതി മീരാ രാംമോഹനനും കാര ക്കാട്ടുമനയിലെ അംഗമാണ്.എംജി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസിൽ നിന്നു കെ മിസ്ട്രി പ്രഫസറും ഡയറക്ടറുമായി റിട്ടയർ ചെയ്തു .മുന്നു മക്കൾ മൂ ത്ത മകൾ അനഘ കോഴിക്കോട് എൻ ഐ ടി യിൽ നിന്നു എംടെക്ക് എടുത്ത് ബോംബെയിൽ ഐ.ഐ.ടി യിൽ റിസർച്ച് ചെയ്യുന്നു., മകൻ വാ സുദേവൻ എംഎസ് സി ബോട്ടണി കഴിഞ്ഞ് അധ്യാപകനായി ജോലി ചെയ്യുന്നു. ഇളയമകൾ അമൃതവർഷി ണി എം എസ് സിക്കു പഠിക്കുന്നു.

●

രാജീവൻ ഇ.വി.
എളേടത്തില്ലം, പോസ്റ്റ്. ആമ്പല്ലൂർ
തൃശൂർ 682315, 9447662264
ഉദയൻ നമ്പൂതിരിപ്പാട്,
മറവഞ്ചേരി കിഴക്കേടത്തു മന,

ടേണിംഗ് പോയന്റ്

4

# എസ്സ് എസ്സ് എൽസിയ്ക്ക് തോറ്റ് പിജിയും സ്കോളർഷിപ്പും നേടി

**താമരക്കുളം ദിവാകരൻ**



കേശവൻ നമ്പൂതിരി ജനിച്ച് പത്ത് മാസമാകുമ്പോഴാണ് അമ്മ ഉമാദേവി അന്തർജനം മരിക്കുന്നത്. മൂന്ന് ദിവസമാണ് അമ്മയുടെ മുലപ്പാൽ കുടിച്ചത്. പ്രസവത്തോടനുബന്ധിച്ച് സന്നി, പിന്നെ വസൂരി. അയൽവാസിയായ ചൂരക്കാട്ടിൽ മീനാക്ഷി അമ്മയുടെ മുലപ്പാൽ കുടിച്ചാണ് വളർന്നത്.

ഏടത്തി ഉഷാദേവി അമ്മാത്തും കേശവൻ കോൽപ്പുറത്തുമായി വളർന്നു. മൂന്ന് വയസ്സായപ്പോഴാണ് അമ്മയുടെ അനിയത്തിയെ അച്ഛൻ വേൾക്കുന്നത്. അതിൽ വാസന്തിയും ശ്രീകുമാരനും ഗായത്രിയും സഹോദരങ്ങളായി. ഏടത്തിയെ വേളികഴിച്ചത് കൊപ്പം പുലാശ്ശേരി കാലടി രാമചന്ദ്രൻ നമ്പൂതിരിയാണ്.

പയിമ്പ്ര ഹൈസ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന കാലം. അഛൻ കേശവൻ നമ്പൂതിരി അവിടെ ഹിന്ദി ടീച്ചർ. ആനിവേഴ്സറിക്ക് ഒരു പരിപാടി അവതരിപ്പിക്കണം. ഓട്ടൻതുള്ളലാവട്ടെ എന്ന് അഛൻ. വിഷയം നളചരിതം ഒന്നാം ദിവസം. വരികൾ എഴുതിത്തന്നു. കാണാപാഠം പഠിക്കാൻ പറഞ്ഞു. ഗുരു അഛൻ തന്നെ. സ്കൂളിലെ ഡ്രോയിംഗ് മാഷ് പദ്മനാഭൻ മാസ്റ്റർ ചിത്രം വരക്കുന്ന വാട്ടർ കളർ കൊണ്ട് മുഖത്ത് ചുട്ടി കുത്തി. കാർഡ്ബോർഡ് കൊണ്ട് കിരീടവും മറ്റ് അലങ്കാരങ്ങളും. പല കളറിലുള്ള മല്ലു മുണ്ടു കൊണ്ട് തൊങ്ങലുമായി ഉടുത്തു കെട്ട്, പാവാട. തകർത്താടി അരങ്ങേറ്റം. ഒന്നര മണിക്കൂർ.



കലാമണ്ഡലം
കേശവൻ നമ്പൂതിരി

അഛനായിരുന്നു ഗുരു എന്നു പറഞ്ഞിരുന്നല്ലോ. അച്ഛൻ ഇതൊക്കെ എങ്ങിനെ പഠിച്ചു, അറിയില്ല ഇപ്പോഴും. പതിനഞ്ചാം വയസ്സിൽ ഇല്ലത്തെ അതിദാരിദ്ര്യം കാരണം നാടുവിട്ട് ലാഹോറിലെത്തിയ അഛൻ, സ്കോളർഷിപ്പോടെ ഹിന്ദി പഠിച്ചു. ഹോട്ടലിൽ ജോലിയും. ഇതിനിടയിലെന്തു കല?

ഒൻപതാം ക്ലാസിലും ഓട്ടൻതുള്ളൽതന്നെ അവതരിപ്പി



കോൽപ്പുറത്ത് അത്ര വലിയ കലാപാരമ്പര്യമൊന്നും ഉണ്ടായിരുന്നില്ല. പെരിന്തൽമണ്ണ അരക്കുപറമ്പിലെ കറുത്തേടത്താണ് അമ്മാത്ത്. ഓട്ടൻ തുള്ളലിലൊരു ഉപരി പഠനം എന്ന മോഹവുമായി നടക്കുന്ന കാലം. ഒഴിവുകിട്ടിയാൽ അമ്മാത്തേക്ക് വെച്ചു പിടിക്കും.

☜
*ഭാര്യ ദേവസേന അന്തർജനം, മക്കൾ ഗാന, ഗഗന, മരുമക്കൾ ശ്രുതിനാഥ്, രാമകൃഷ്ണൻ, പേരക്കുട്ടികൾ*

കഥകളിയിൽ പ്രധാനമായി 5 തരം വേഷങ്ങളാണുള്ളത്.

1 പച്ച – നായക വേഷം – സാത്വികസ്വഭാവമുള്ള കഥാപാത്രങ്ങൾക്കാണ് പച്ചവേഷം. ഇതിഹാസങ്ങളിലെ വീരനായകന്മാരെയെല്ലാം പച്ചവേഷത്തിലവതരിപ്പിക്കുന്നു. നന്മയുടെ ഭാവങ്ങളാണു പച്ചവേഷങ്ങൾ. വീരരായ രാജാക്കന്മാർ, രാമൻ, ലക്ഷ്മണൻ, നളൻ, ധർമ്മപുത്രർ, രുഗ്മാംഗദൻ. തുടങ്ങിയവർക്കു പച്ചവേഷങ്ങളാണ്.



2 കത്തി – പ്രതിനായക വേഷം – രാക്ഷസ സ്വഭാവമുള്ള കഥാപാത്രങ്ങൾക്കാണു സാധാരണയായി കത്തിവേഷം നൽകുക. രാവണൻ, ദുര്യോധനൻ, കീചകൻ, ശിശുപാലൻ, നരകാസുരൻ തുടങ്ങിയവർക്കു കത്തിവേഷമാണ്.

3 താടി – പ്രധാനമായും മൂന്നു തരത്തിലുള്ള താടിവേഷങ്ങളാണുള്ളത്.

വെള്ളത്താടി : ഹനുമാൻ, ജാംബവാൻ , നന്ദികേശ്വരൻ പോലെയുള്ള അതിമാനുഷരും സത്വഗുണമുള്ളവരുമായ കഥാപാത്രങ്ങൾക്ക്, വെള്ളത്താടി വേഷമാണു നൽകുക.

ചുവന്നതാടി: തമോഗുണരും രജോഗുണരുമായ കഥാപാത്രങ്ങൾക്കാണു ചുവന്നതാടി നൽകുക.ഉദാഹരണത്തിന് ബകൻ, ബാലി, സുഗ്രീവൻ, ദുശ്ശാസനൻ, ത്രിഗർത്തൻ

കറുത്തതാടി: ദുഷ്ടകഥാപാത്രങ്ങൾക്കാണ് കറുത്തതാടിവേഷം. കലി, കാട്ടാളൻ തുടങ്ങിയവർ.

4 കരി – താമസസ്വഭാവികളായ വനചാരികൾക്കാണു കരിവേഷം നൽകുക. ഇവരിൽ ആൺകരിക്ക് കറുത്തതാടി കെട്ടിയിരിക്കും. ഉദാ: കാട്ടാളൻ . പെൺകരിക്ക് നീണ്ടസ്തനങ്ങളും കാതിൽ തോടയുമുണ്ടായിരിക്കും. ഉദാ: ശൂർപ്പണഖ, ലങ്കാലക്ഷ്മി., നക്രതുണ്ഡി, താടക, സിംഹിക തുടങ്ങിയവർ

5 മിനുക്ക് വേഷം – മുഖാഭിനയത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്ന വേഷമാണ് മിനുക്ക്. പ്രധാനം സ്ത്രീവേഷങ്ങളാണ്. കഥകളിയിലെ മിനുക്കുവേഷങ്ങൾ വേഗത്തിൽ ചെയ്യാവുന്നതാണ്. മനയോല വെള്ളംചേർത്തരച്ച്, മുഖത്തു തേയ്ക്കുന്നതിന് 'മിനുക്ക്'എന്നുപറയുന്നു. ഇതിൽ അല്പം ചായില്യം കൂടെച്ചേർത്താൽ ഇളം ചുവപ്പുനിറം കിട്ടും. മുഴുവൻ മുനിമാരും, നാരദൻ, ബ്രാഹമണൻ, കുചേലൻ എല്ലാം മിനുക്കുവേഷങ്ങൾ. മിനുക്കുവേഷങ്ങളുടെ രാജകുമാരനാണ് കലാമണ്ഡലം കേശവൻ നമ്പൂതിരി

ച്ചു. കഥ സ്യമന്തകം. ഈ പ്രാവശ്യം അവതരണത്തിനെടുത്തത് രണ്ടര മണിക്കൂർ. അക്കൊല്ലം അടുത്തു തന്നെയുള്ള ജ്വാലാപുരം ക്ഷേത്രത്തിലും അവതരിപ്പിച്ചു.

കോൽപ്പുറത്ത് അത്ര വലിയ കലാപാരമ്പര്യമൊന്നും ഉണ്ടായിരുന്നില്ല. പെരിന്തൽമണ്ണ അരക്കുപറമ്പിലെ കറുത്തേടത്താണ് അമ്മാത്ത് . ഓട്ടൻതുള്ളലിലൊരു ഉപരിപഠനം എന്ന മോഹവുമായി നടക്കുന്ന കാലം. ഒഴിവുകിട്ടിയാൽ അമ്മാത്തേക്ക് വെച്ചുപിടിക്കും. ഒമ്പതാം ക്ലാസിലെ ക്രിസ്മസ് വെക്കേഷന് അമ്മാത്തെത്തി.

അക്കാലത്ത് വളരെ ജനകീയമായിരുന്നു കഥകളി. വലിയവരും കുട്ടികളുമൊക്കെ പോകും കഥകളിക്ക്. അടുത്തു തന്നെയുള്ള വാഴേങ്കട മൂന്ന് ദിവസത്തെ കളി. അഞ്ച് നാഴിക



*സന്താനഗോപാലത്തിലെ ബ്രാഹ്മണനായി*



## പ്രധാന അവാർഡുകൾ

1 പദ്മഭൂഷൺ ഡോ കലാമണ്ഡലം രാമൻ കുട്ടിനായരുടെ സ്മരണാർത്ഥം വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് ഏർപ്പെടുത്തിയ നിവാപം കഥകളി പുരസ്കാരം 2022

2 വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റ് കാറൽമണ്ണ ഏർപ്പെടുത്തിയ കോട്ടക്കൽ ശിവരാമൻ ഓർമ്മ പുരസ്കാരം 2018

3 മിനിസ്ട്രി ഓഫ് കൾച്ചർ ഇന്ത്യാ ഗവൺമെന്റ് സ്പോൺസർ ചെയ്ത ചെറുതുരുത്തി കഥകളി സ്കൂളിന്റെ ആദരം.

4 നോർത്ത് പറവൂർ കളിയരങ്ങിന്റെ കീശ്ശേരി ഇല്ലം നാരായണൻ ഇളയത് സ്മാരക പുരസ്കാരം

5 ഇന്റർനാഷനൽ കൂടിയാട്ടം ആന്റ് കഥകളി ഫെസ്റ്റിവൽ (IKKF) ദുബായ് 2017 നൽകിയ ആദരം.

6 സപര്യയുടെ അഭിനയ സവ്യസാചി അവാർഡ് 2013

7 ജ്യോതിഷ കലാലയം ചെത്തല്ലൂർ നൽകിയ ചെത്തല്ലൂർ കൃഷ്ണൻകുട്ടി ഗുപ്തൻ സ്മാരക അവാർഡ്

8.കലാമണ്ഡലം വാസു പിഷാരടി സ്മാരക അവാർഡ്

9. 2025 വർഷത്തെ സദനം കഥകളി അക്കാദമിയും പട്ടിക്കാംതൊടി ട്രസ്റ്റും സംയുക്തമായി നൽകി വരുന്ന പട്ടിക്കാം തൊടി പുരസ്കാരം.

അങ്ങോട്ടും ഇങ്ങോട്ടും നടന്ന് മുഴുവൻ ദിവസവും സമയവും കഥകളി ആസ്വദിച്ചു കണ്ടു. വാഴേങ്കട കഥകളിയാണ് കേശവനിലെ കലാകാരനെ ഉണർത്തിവിട്ടത്. പിന്നെ കഥകളി പഠനമായി സ്വപ്നം, ആവേശം.

പത്താം ക്ലാസ് അമ്മാത്ത് പോയി പഠിക്കാം എന്ന് ശാഠ്യം തുടങ്ങി.. ഉദ്ദേശം കഥകളി തന്നെ. അഛൻ സമ്മതിച്ചില്ല. സമരമുറകളായി. ഭക്ഷണം കഴിക്കില്ല, കുളിക്കില്ല. ' എന്താച്ചാ കാണിച്ചോ.... കഥകളി കൊണ്ട് ജീവിക്കാൻ പറ്റോ? ഭവിഷ്യത്തൊക്കെ നല്ലോണം ആലോചിച്ചിട്ട് മതി'യെന്നായി അഛൻ. വാശി ജയിച്ചു. അങ്ങിനെ കരിങ്കല്ലത്താണി ഫാത്തിമ മെമ്മോറിയൽ ഹൈസ്കൂളിലെ ആദ്യ എസ് എസ് എൽ സി ബാച്ചുകാരനായി ഞാനും.

കഥകളിക്ക് ചേരാൻ അന്ന് എസ് എസ് എൽ സി വേണ്ട. എസ് എസ് എൽ സി ജയിച്ചാൽ പ്രീഡിഗ്രിക്കു ചേർക്കും. ഉറപ്പ്. അപ്പോൾ കഥകളി നാസ്തി. അതിനാൽ എസ് എസ് എൽസിക്കു തോൽക്കണം. കൃത്യമായി ക്ലാസിൽ പോകും. പഠിക്കില്ല അത്ര തന്നെ. തോറ്റു. സപ്തമ്പറിൽ സപ്ലിമെന്ററി എഴുതി. അതിലും തോറ്റു. ഹിന്ദി മാഷായ അഛന്റെ പേര് കളയാതിരിക്കാൻ ഹിന്ദിയിൽ ജയിക്കും. രാത്രി കഥകളിക്കു പോയി ഉറക്കപ്പിച്ചോടെ യായിരുന്നു പലപ്പോഴും ക്ലാസില്.

കോട്ടക്കലും കലാമണ്ഡലത്തിലും 1971 ൽ കഥകളി പഠനത്തിന് അപേക്ഷിച്ചു. ഇന്റർവ്യൂവിന് പോയി, പക്ഷെ അഡ്മിഷൻ കിട്ടിയില്ല. കുഞ്ചുനായരാശാനായിരുന്നു ഇന്റർവ്യൂ ചെയ്തത്. 72 ൽ കലാമണ്ഡലത്തിൽ അഡ്മിഷൻ കിട്ടി. ക്ലാസ് തുടങ്ങി. ഒന്നാം വർഷം പഠിപ്പിച്ച വാഴേങ്കട കുഞ്ചുനായരാശാന്റെ മകൻ വിജയൻ ആശാൻ ആയിരുന്നു പ്രഥമ ഗുരു. 73 ൽ ആശാന്റെ കൂടെ പരിപാടിക്ക് പോയപ്പോൾ ഗുരുക്കന്മാരുടെ പേരിൽ ആദ്യം കിട്ടിയ പ്രതിഫലം മൂന്ന് രൂപ. അമ്പാരംഭം ഗുരുവായൂർ നടയിൽ, ഉത്തരാസ്വയംവരത്തിലെ ഭീഷ്മർ. അരങ്ങേറ്റത്തിനു ശേഷം ആദ്യം കെട്ടിയ വേഷത്തെ അമ്പാരംഭം എന്നാണ് പറയാറ്.

വാഴേങ്കട വിജയൻ ആശാൻ, കലാമണ്ഡലം രാമൻകുട്ടി നായർ,കലാമണ്ഡലം പദ്മനാഭൻ നായർ, പദ്മശ്രീ ഡോ കലാമണ്ഡലം ഗോപി, കലാമണ്ഡലം വാസു പിഷാരടി,കലാമണ്ഡലം എം.പി.എസ് നമ്പൂതിരി, മങ്കൊമ്പ് ശിവശങ്കരപ്പിള്ള, കലാമണ്ഡലം രാജശേഖരൻ, തുടങ്ങിയ പ്രഗദ്ഭർക്ക് ശിഷ്യപ്പെടാനുള്ള ഭാഗ്യമാണ് എല്ലാ ഉന്നതിക്കും ആധാരം.

കലാമണ്ഡലത്തിൽ 35 രൂപ സ്റ്റൈപ്പന്റ്. തോറ്റാൽ സ്റ്റൈപ്പന്റ് കിട്ടില്ല. അങ്ങനേയും ഉണ്ടായി ഒരു വർഷം .75 ൽ. പരീക്ഷ എഴുതി എടുക്കണം. അഛൻ തോറ്റ വിവരം അറിയാനും പാടില്ല. ഒരു കൊല്ലത്തെ അജ്ഞാതവാസം ഗുരുവായൂരിൽ. കലാമണ്ഡലം വാസു പിഷാരടിയുടെ കഥകളി കളരിയിൽ മമ്മിയൂർ റോഡിൽ ശ്രീകൃഷ്ണ കോളേജിന് സമീപം കഥകളി അഭ്യാസം. ചെല്ലും ചെലവും തന്നു ഗുരുനാഥൻ. വാസുപിഷാരടി ആശാന്റെ കൂടെ ധാരാളം സ്റ്റേജുകൾ. അങ്ങിനെയാണ് ആൾക്കാർ എന്നെ അറിഞ്ഞ് തുടങ്ങുന്നത്. മാർച്ചിൽ പരീക്ഷ എഴുതി വിജയിച്ചു. വാസു പിഷാരടിയാശാന്റെ ശിഷ്യത്വം കലാമണ്ഡലത്തിലും ഗുണം ചെയ്തു.

ഒരു വർഷം പി.ജി. പിന്നീട് 2 വർഷം കേന്ദ്ര ഗവൺമെന്റിന്റെ കഥകളിയുടെ തെക്കൻ സമ്പ്രദായത്തെക്കുറിച്ച് പഠിക്കാനായി കൾച്ചറൽ സ്കോളർഷിപ്പ് ഗുരുനാഥന്മാർ മങ്കൊമ്പ് ശിവശങ്കരപ്പിള്ളയും കലാമണ്ഡലം രാജശേഖരനും. കലാമണ്ഡലത്തിൽ പഠിക്കുമ്പോൾ കളികൾക്ക് ആവശ്യാനുസരണം വിദ്യാർത്ഥികളേയും കൊണ്ടുപോകും. അതിന് ഒരു ചെറിയ അലവൻസും കിട്ടും. ഇങ്ങനെ ഞാൻ സ്വരൂ




**കലാമണ്ഡലത്തിൽ നാലാം വർഷം പഠിക്കുമ്പോഴാണ് ദേവസേന അവിടെ ഭരതനാട്യം, മോഹിനിയാട്ടം കോഴ്സിനു ചേരുന്നത്.**

പിച്ച് കൂട്ടിവെച്ച 16000 രൂപയാണ് സ്വന്തം വേളിക്ക് മൂലധനമായി ഉപയോഗിച്ചത്.

കഥകളിയിലെ ഏതാണ്ടെല്ലാ ആദ്യാവസാന വേഷങ്ങളും കലാമണ്ഡലത്തിലെ എല്ലാ ആശാന്മാരുടെയും മറ്റു പ്രഗദ്ഭരുടേയും കൂടെ ചെയ്തിട്ടുണ്ട്. അധികവും സ്ത്രീവേഷങ്ങളാണ് കിട്ടിയിരുന്നത്. കലാമണ്ഡലത്തിൽ 4 തവണ ടെമ്പററി അധ്യാപകനായും ജോലി ചെയ്തിട്ടുണ്ട്.

കേശവൻ നമ്പൂതിരി ചിട്ടപ്പെടുത്തിയ ആട്ടക്കഥകൾ

1 നല്ലൂർപ്പള്ളി വാമനൻ നമ്പൂതിരി എഴുതിയ ശ്രീകൃഷ്ണാവതാരം ആട്ടക്കഥ 1993 ആഗസ്ത് 19 ന് ഗുരുവായൂർ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ അരങ്ങേറി.

2. കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച കിരാത സൂനു ചരിതം ആട്ടക്കഥ കോൽപ്പുറം ഇല്ലത്തെ വേട്ടക്കരന്റെ നടക്കൽ 2006 ൽ അരങ്ങേറ്റം കുറിച്ചു.

3 നല്ലൂർപ്പള്ളി വാമനൻ നമ്പൂതിരി എഴുതിയ മിശിഹാവതാരം ആട്ടക്കഥ ആറന്മുള വിജ്ഞാന കലാവേദിയിൽ വെച്ച് അരങ്ങേറ്റം നടത്തി. വിവിധ പള്ളികളിൽ ഇത് പിന്നീട് അവതരിപ്പിക്കപ്പെട്ടു.

4 ചെത്തല്ലൂർ വിജയകുമാർ ഗുപ്തന്റെ ആവശ്യപ്രകാരം നല്ലൂർപ്പള്ളി വാമനൻ നമ്പൂതിരി എഴുതിയ വരാഹമിഹിരൻ ആട്ടക്കഥ ചെത്തല്ലൂരിൽ അദ്ദേഹത്തിന്റെ അഛന്റെ സ്മരണാർത്ഥം അരങ്ങേറി. പിന്നീട് ഗുരുവായൂരിലും .

5. തിരുവല്ല അരയക്കീഴ് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ വൃത്രാസുരവധം മൂലകഥ ചിത്രകേതു ചരിതം ആട്ടക്കഥയാക്കി രചിച്ച് തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ അരങ്ങേറി.

പഠനമെല്ലാം കഴിഞ്ഞ് പുല്ലൂർ ആനന്ദൻ നമ്പൂതിരിയുടെ മകൾ ആശയെ കഥകളി പഠിപ്പിക്കാനാണ് മഞ്ചേരി എത്തുന്നത്. പിന്നീട് പുല്ലൂർ ജാതവേദൻ നമ്പൂതിരിയുടെ മക്കൾ സുനോജിനേയും ഷനോജിനേയും പഠിപ്പിക്കാൻ തുടങ്ങി. അങ്ങിനെ 4 വർഷത്തോളം മഞ്ചേരി ‘അപർണ’യിൽ താമസിച്ചു. ധാരാളം പരിപാടികളും. ആ കാലത്താണ് വിവാഹം. വിവാഹത്തിന്റെ എല്ലാ കാര്യങ്ങളും പുല്ലൂർ മനക്കാരുടെ ഉത്സാഹത്തോടുകൂടിയാണ് ഉണ്ടായത്.

കലാമണ്ഡലത്തിൽ നാലാം വർഷം പഠിക്കുമ്പോഴാണ് ദേവസേന അവിടെ ഭരതനാട്യം, മോഹിനിയാട്ടം കോഴ്സിനു ചേരുന്നത്. കക്ഷി ഗുരുനാഥൻ എം.പി.എസ് നമ്പൂതിരിയുടെ മരുമകൾ. സ്വയംവരം സിനിമാ സ്റ്റൈലിൽ നിശ്ശബ്ദ പ്രണയം. മരം ചുറ്റലോ ഊരു ചുറ്റലോ ഇല്ലാതെ. ഒരു ദിവസം എം.പി.എസ്സും കുറച്ചു കുടുംബാംഗങ്ങളും കൂടി വന്നു. എന്തിനാ വച്ച് നീട്ടുന്നതെന്നായി. എല്ലാവർക്കും സമ്മതം.

1987 ജൂണിൽ കോഴിക്കോട് ഗായത്രി കല്യാണമണ്ഡപത്തിൽ വെച്ച് വേളി. വേളി കഴിഞ്ഞ് ഒരു വർഷം മഞ്ചേരി വായ്പ്പാറപ്പടി താമസിച്ചു. പിന്നീട് അരുകിഴായ, അതു കഴിഞ്ഞ് വാണിയമ്പലത്ത്. എല്ലാം മഞ്ചേരിക്കു ചുറ്റുമായി. പിന്നീട് കഥകളിയുടെ ഈറ്റില്ലമായ പാലക്കാട്ടേക്ക്. വടക്കഞ്ചേരി കരിമനശ്ശേരി ഗ്രാമത്തിൽ പന്ത്രണ്ട് വർഷം. രണ്ടു പേരും കൂടിയായി കലാസാധകങ്ങളും സ്റ്റേജ് പരിപാടികളും. ദേവസേനക്ക് ധാരാളം ശിഷ്യകൾ. എനിക്കും ഇഷ്ടം പോലെ പരിപാടികൾ. ക്ലാസുകളും കഥകളിയുമായി ആസ്വദിച്ച് ജീവിച്ച കാലം.

ആറന്മുള ലൂപ്പ ഷീൽഡ് എന്ന ഫ്രഞ്ചു വനിത വിദേശികളെ കഥകളി പഠിപ്പിക്കാൻ വിജ്ഞാന കലാവേദി എന്ന ഒരു സ്ഥാപനം നടത്തിയിരുന്നു. അവിടെ വിദേശികളെ കഥകളി പഠിപ്പിച്ച് വീണ്ടും ഒരു പന്ത്രണ്ട് വർഷം. ഫ്രാൻസ്, ഇറ്റലി, ജർമ്മനി, ഇൻഡോനേഷ്യ, സൌത്ത് കൊറിയ, സൌത്ത് ആഫ്രിക്ക, ദുബായി എന്നിവിടങ്ങളിലെല്ലാം പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ മിക്കവാറും എല്ലാ സ്റ്റേറ്റിലും വലിയ സിറ്റികളിലും കഥകളി അവതരിപ്പിച്ചിട്ടുണ്ട്.

രണ്ട് കുട്ടികൾ. ഗാനയും , ഗഗനയും. അവരും കലാരംഗത്തു തന്നെ. ഗാന സംഗീതാധ്യാപിക. കൂടെ പഠിച്ച ശ്രുതിനാഥ് ( ശാസ്ത്രീയ സംഗീതം) ശേഷം ജീവിതത്തിലും ഒരുമിച്ചു ചേർന്നു. ഗാനക്ക് രണ്ട് കുട്ടികൾ .

കഥകളി, മോഹിനിയാട്ടം, ഭരതനാട്യം കലാകാരിയായ ഗഗനയെ ബാപ്പറ്റ ഇല്ലത്ത് രാമകൃഷ്ണൻ നമ്പൂതിരിയാണ് വേളികഴിച്ചത്. നാല് വയസ്സുള്ള ഒരു മകളുണ്ട്. 2013 ൽ ഗാനയുടെ വിവാഹത്തോടെ ആറന്മുളയിൽ നിന്നും കോൽപുറം തറവാട്ടിലേക്കു പോന്നു . വിഷ്ണുപ്രിയ നാട്യകലാക്ഷേത്രം എന്ന ബാനറിൽ ഇവിടേയും കഥകളി, ഭരതനാട്യം, മോഹിനിയാട്ടം ക്ലാസുകൾ നടത്തുന്നു. പരിപാടികൾ സെലക്റ്റീവ് ആയി. ദൂരേക്കൊന്നും പോകാൻ വയ്യ.

കലാമണ്ഡലം കേശവൻ നമ്പൂതിരിയുടെ സ്ത്രീവേഷങ്ങളും മറ്റു മിനുക്കുവേഷങ്ങളും വളരെ പ്രശസ്തമാണ്. മറ്റു വേഷങ്ങൾ ധാരാളം ചെയ്തെങ്കിലും മിനുക്കുവേഷങ്ങൾ കേശവൻ നമ്പൂതിരിയുടെ ഐഡന്റിറ്റിയായി . തിരഞ്ഞെടുത്ത വഴി ജീവിതോപാധിയായി. പ്രശസ്തിയിലെത്തിച്ചു. തിരിഞ്ഞു നോക്കുമ്പോൾ പൂർണ തൃപ്തി. ●

കലാമണ്ഡലം കേശവൻ നമ്പൂതിരി, 9847049886
താമരക്കുളം ദിവാകരൻ, 9447337337

ടേണിംഗ് പോയന്റ്

5

# 1 കോടി നിയമലംഘനങ്ങൾ, 700 കോടി രൂപ ഫൈൻ; A I ക്യാമറകൾക്ക് ബുദ്ധി നൽകിയപ്പോൾ

**മുടുവമ്പ്രം ശ്രീകുമാർ**



നമ്മൾ എല്ലാവരും ദിവസവും യാത്ര ചെയ്യുന്നവരാണ്. റോഡിലൂടെ രണ്ടു ചക്രത്തിലും നാലു ചക്രത്തിലും യാത്ര ചെയ്യുന്നവർ ഹെൽമെറ്റ് വെയ്ക്കാനും സീറ്റ് ബെൽറ്റ് ഇടാനും ശ്രദ്ധിയ്ക്കുന്നുണ്ടെങ്കിൽ അതിനു കാരണം റോഡിൽ സ്ഥാപിച്ചിരിയ്ക്കുന്ന എ ഐ ക്യാമറകളാണ്.

നിരത്തുകളിൽ ക്യാമറ വരുന്നതുവരെ എഐ എന്നത് മലയാളിക്ക് 'ആൾ ഇന്ത്യ' എന്നതിന്റെ ചുരുക്ക രൂപമായിരുന്നു. എന്നാൽ ക്യാമറകൾ സ്ഥാപിക്കപ്പെടുകയും അത് കേരളത്തിലങ്ങോളം ഇങ്ങോളം വിവാദങ്ങൾ ഉയർത്തുകയും ചെയ്തതോടെ ആണ് എ ഐ എന്നത് 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' എന്നതിന്റെ ചുരുക്കമായി നമ്മൾ അംഗീകരിച്ചു തുടങ്ങിയത്.

പണ്ടും ചില നിരത്തുകളിൽ ഒക്കെ ക്യാമറകൾ ഉണ്ടായിരുന്നു എന്നാൽ അതൊക്കെ ഇന്നു കാണുന്ന തരത്തിലുള്ളത് അല്ലായിരുന്നു. സാദാ ക്യാമറകൾ ആയിരുന്നു അവ. നിയമലംഘനം നടത്തുന്നവരുടെ അഥവാ വാഹനത്തിൻറെ ചിത്രങ്ങൾ എടുത്ത് ഒരു കേന്ദ്രത്തിലേക്ക് അയക്കുകയും അവിടെ നിന്നും ഓരോ ചിത്രവും അഥവാ വീഡിയോയും പരിശോധിച്ചു നിയമലംഘനം നടന്നിട്ടുണ്ടോ എന്ന് കണ്ടെത്തുകയും അവർക്ക് ചലാനുകൾ അയക്കുകയും ആയിരുന്നു ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ ഉള്ള എ ഐ ക്യാമറകൾ വന്നതിനുശേഷം ഇതിൽ വളരെ മാറ്റങ്ങൾ ഉണ്ടായി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇപ്പോഴത്തെ ക്യാമറകൾ നിയമലംഘനം നടന്നത് സ്വയം കണ്ടുപിടിക്കുകയും അവ മാത്രം നിയന്ത്രിക്കുന്ന കേന്ദ്രത്തിലേക്ക് അയക്കുകയും ചെയ്യുന്നു

കാലത്തിന് മുമ്പേ സഞ്ചരിക്കുന്ന ബുദ്ധി എന്നും നമ്മുടെ പ്രത്യേകതയാണ്. വരുംകാലത്തിന്റെ ആവശ്യങ്ങൾ ഇന്നേ അറിയാനുള്ള കുശലത നമ്മൾക്ക് ഇന്നും കൈമോശം വന്നിട്ടില്ല.

കേരളത്തിൽ ഇപ്പോൾ സാധാരണമായ ഈ എ ഐ ക്യാമറ സ്ഥാപിച്ചതിന് പിന്നിൽ ഒരു നമ്പൂതിരിയുടെ കരങ്ങളുണ്ടെന്ന് എത്രപേർക്കറിയാം? അതെ, നമ്മുടെ കോഴിക്കോട്ടുകാരനായ ഒരു നമ്പൂതിരി. രാമനാട്ടുകരയിലെ തയ്യിൽ എടക്കാട് ഇല്ലത്തെ നന്ദകുമാർ.

രാമനാട്ടുകര സേവാമന്ദിരം ഹൈസ്കൂളിലും ചേലേമ്പ്ര എൻ എം എച്ച് എസിലും തുടർന്ന് ഗുരുവായൂരപ്പൻ കോളേജിൽ ഗണിത ബിരുദവും ഫറോക്ക് കോളേജിൽ നിന്ന് സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തര ബിരുദവും നേടി.



കേരളത്തിൽ ഇപ്പോൾ സാധാരണമായ ഈ എ ഐ ക്യാമറ സ്ഥാപിച്ചതിന് പിന്നിൽ ഒരു നമ്പൂതിരിയുടെ കരങ്ങളുണ്ടെന്ന് എത്രപേർക്കറിയാം? അതെ, നമ്മുടെ കോഴിക്കോട്ടുകാരനായ ഒരു നമ്പൂതിരി.

എംഎസ്‌സിക്ക് പഠിക്കുമ്പോൾ തന്നെ ഡാറ്റ അനലിസിസ് മേഖലയിൽ ചെറിയ ചെറിയ വർക്കുകൾ ഏറ്റെടുത്തിരുന്നു. അന്ന് ഈ മേഖല പതുക്കെ വികസിച്ചു വരുന്നേ ഉണ്ടായിരുന്നുള്ളൂ. പഠനത്തിനുശേഷം കാക്കഞ്ചേരിയിൽ ഇൻഫോപാർക്കിൽ ഒരു സ്റ്റാർട്ടപ്പ് കമ്പനിയിൽ പ്രവർത്തിച്ചു. ഒന്ന് ഒന്നര കൊല്ലത്തോളം എറണാകുളത്തേക്ക് ഒരു സ്റ്റാർട്ടപ്പ് കമ്പനി തുടങ്ങുന്നതിനു വേണ്ടി പ്രവർത്തിച്ചു. അതിനുശേഷം അഞ്ചു കൊല്ലത്തോളം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ ഐ ടി കമ്പനിയിൽ ജോലി ചെയ്തു. സർക്കാർ സ്ഥാപനങ്ങളേയും മറ്റ് സ്വകാര്യ സ്ഥാപനങ്ങളേയും എങ്ങിനെ സമീപിയ്ക്കണമെന്ന് നല്ലപോലെ പരിചയമായി.

ദിവസവും സ്ഥിരം ചാലിലൂടെയുള്ള ജോലിയിൽ നിന്നുള്ള മടുപ്പും സ്വന്തമായി എന്തെങ്കിലും ചെയ്യണ

**നന്ദകുമാർ**

ഇല്ലം : തയ്യിൽ എടക്കാട് ഇല്ലം, രാമനാട്ടുകര, കോഴിക്കോട്.

അച്ഛൻ : നീലകണ്ഠൻ നമ്പൂതിരി (വിദ്യാഭ്യാസവകുപ്പിൽ നിന്നും പിരിഞ്ഞു)

അമ്മ : സരസ്വതി അന്തർജ്ജനം (കുളപ്പുറത്ത് വാരണംകോട്ട് ഇല്ലം, പയ്യന്നൂർ)

ഭാര്യ : ദീപ (കുറ്റിക്കാട്ട് ഇല്ലം, പാനൂർ) (അദ്ധ്യാപിക)

കുട്ടികൾ: നിരാമയ (6 വയസ്സ്), നിരഞ്ജന (4) വയസ്സ്

സേഫ് കേരള ഇനീഷ്യേറ്റിവ് എന്ന പദ്ധതി ആരംഭിച്ചത് കേരളത്തിലെ ഉയർന്ന റോഡപകട/മരണനിരക്ക് പരിഹരിയ്ക്കുന്നതിനാണ്. ഈ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ഭാരതത്തിൽ ഇതിന്റെ പട്ടികയിൽ ഉയർന്ന നിരക്കുള്ള സംസ്ഥാനങ്ങളിൽ അഞ്ചാം സ്ഥാനത്താണ് കേരളം.

മെന്ന ഉത്സാഹവും കൂടി വന്നു. 2018 ആയപ്പോഴേയ്ക്കും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിന്നും രാജി വെച്ചു. ഒരേ പോലെ ചിന്തിയ്ക്കുന്ന രണ്ട് കൂട്ടുകാരേയും ഒപ്പം കൂട്ടി തിരുവനന്തപുരം കേന്ദ്രമാക്കി TROIS ഇൻഫോടെക് എന്ന സ്റ്റാർട്ടപ്പ് കമ്പനി ആരംഭിച്ചു. അധികം മൂലധനമില്ലാത്തതിനാൽ വിവര സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളുന്ന സർവ്വീസ് മേഖലയാണ് പ്രവർത്തിയ്ക്കാൻ തിരഞ്ഞെടുത്തത്.

ഒരു സ്റ്റാർട്ടപ്പ് തുടക്കക്കാരന് എന്ത് പ്ലാൻ ചെയ്യണം എങ്ങിനെ നടപ്പാക്കണം എങ്ങിനെ മൂലധനം വിനിയോഗിയ്ക്കണം ഏത് രംഗത്ത് പ്രവർത്തിയ്ക്കണം എന്നതിൽ ശക്തമായ ആശയക്കുഴപ്പം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വിവിധ രംഗങ്ങളിൽ പരിചയമുള്ളതിനാൽ തുടക്കക്കാരുടെ പരിഭ്രമവും ബുദ്ധിമുട്ടുകളും ഇല്ലാതെ തന്നെ കമ്പനിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിയ്ക്കുവാൻ കഴിഞ്ഞു. ഭാരത് ഇലക്ട്രോണിക്സ്, എസ്സ് ആർ ഐ ടി മുതലായ കമ്പനികൾക്കും ചില സർക്കാർ വകുപ്പുകൾക്കും ഒപ്പം ചേർന്ന് കേരള സർക്കാർ കെ ഫോൺ ആരംഭിയ്ക്കുന്നത്. അനുഭവസമ്പത്ത് ഉള്ളതിനാൽ കെ ഫോണിന്റെ നെറ്റ്വർക്ക് ഡിസൈൻ ചെയ്യുന്ന പ്രോജക്ട് ലഭിച്ചു.

കെ ഫോണിന്റെ നെറ്റ്വർക്ക് ഡിസൈൻ വിജയകരമായി ചെയ്തത് ആത്മവിശ്വാസത്തിനോടൊപ്പം ഐ ടി മേഖലയിൽ പ്രശസ്തി ലഭിയ്ക്കുന്നതിനും കാരണമായി. ഈ സമയത്താണ് നിരത്തുകളിൽ ക്യാമറ സ്ഥാപിയ്ക്കുന്ന സേഫ് കേരള ഇനീഷ്യേറ്റിവ് എന്ന പദ്ധതി കേരള സർക്കാർ ആരംഭിയ്ക്കുന്നത്. ഇതിനായി തിരഞ്ഞെടുക്കപ്പെട്ടവർ ശ്രീ നന്ദകുമാറിന്റെ കമ്പനിയെ സമീപിച്ചു. ഒരു ജില്ലയിൽ ഏകദേശം അമ്പത് എന്ന കണക്കിൽ ആകെ 725 ഓളം ക്യാമറകൾ സ്ഥാപിക്കേണ്ടതുണ്ട്. മോട്ടോർ വാഹനവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് കെൽട്രോൺ പറയുന്ന സ്ഥലങ്ങളിൽ ക്യാമറ വെയ്ക്കണം. നടക്കുന്ന നിയമലംഘനങ്ങളുടെ കൃത്യമായ ചിത്രം ലഭ്യമാക്കണം. എന്നാൽ അതിനുള്ള ചിലവ് വളരെ ഉണ്ടാകാനും പാടില്ല.

## സേഫ് കേരള ഇനീഷ്യേറ്റിവ്

സേഫ് കേരള ഇനീഷ്യേറ്റിവ് എന്ന പദ്ധതി ആരംഭിച്ചത് കേരളത്തിലെ ഉയർന്ന റോഡപകട/മരണനിരക്ക് പരിഹരിയ്ക്കുന്നതിനാണ്. ഈ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ഭാരതത്തിൽ ഇതിന്റെ പട്ടികയിൽ ഉയർന്ന നിരക്കുള്ള സംസ്ഥാനങ്ങളിൽ അഞ്ചാം സ്ഥാനത്താണ് കേരളം. അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിന് ഫലപ്രദമായ നടപടികൾ നടപ്പിലാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.കാരണം നിലവിലുള്ള മാനുവൽ എൻഫോഴ്സ്മെന്റ് ശ്രമങ്ങൾ അപര്യാപ്തമായി കണക്കാക്കപ്പെട്ടു.

കെ ഫോണിന്റെ നെറ്റ്വർക്ക് ഡിസൈൻ ചെയ്തതിൽ നിന്നും ലഭിച്ച വരുമാനം മുഴുവൻ നിർമ്മിതബുദ്ധിയുമായി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ബന്ധപ്പെട്ട മേഖലകളിൽ പരീക്ഷണത്തിനായി ചെലവാക്കിയത് വെറുതെയായില്ല. 2020 –2022 കാലത്ത് ക്യാമറ സ്ഥാപിയ്ക്കുമ്പോൾ അതുവരെ പിന്തുടർന്ന കേന്ദ്രീകൃത നിയന്ത്രണ സംവിധാനം പിന്തുടരാതെ ( സെൻട്രലൈസ്ഡ് കൺട്രോൾ സിസ്റ്റം ) ഓരോ ക്യാമറയിൽ പെടുന്ന നിയമലംഘനം മാത്രം ക്യാമറ തന്നെ തിരഞ്ഞെടുത്ത് അടുത്തുള്ള കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന രീതി കൊണ്ടുവന്നു. ചിത്രങ്ങൾ പരിശോധിച്ച് നിയമലംഘ





*നന്ദകുമാറിന്റെ കുടുംബം*

നം കണ്ടെത്തി നോട്ടീസ് അയയ്ക്കുന്നതിന് വേണ്ട ആൾക്കാരുടെ എണ്ണം വളരെ കുറഞ്ഞു. ഓരോ ക്യാമറയും നിയന്ത്രണ കേന്ദ്രവുമായി ബന്ധിപ്പിക്കുന്നതിനുവേണ്ട യന്ത്ര സാമഗ്രികളുടെയും കൂലിയുടെയും ഇനത്തിലും നല്ല കുറവ് വന്നു. അതുവഴി ആകെ ചിലവും ഗണ്യമായി കുറഞ്ഞു.

ഇതൊന്നും അല്ലാതെ മറ്റൊരു ഗുണം കൂടി ഈ ക്യാമറകൾക്ക് ഉണ്ടായിരുന്നു. അന്നു വരെ ഭാരതത്തിൽ ലഭ്യമായ ക്യാമറകളുടെ കൃത്യത 50–60 ശതമാനമായിരുന്നെങ്കിൽ ഈ ക്യാമറകൾക്ക് 90 ശതമാനം വരെ കൃത്യത ഉണ്ട്.

2023 ജൂൺ 5 ന് ഔദ്യോഗികമായി പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ പദ്ധതിയ്ക്കെതിരെ അഴിമതിയും സ്വജനപക്ഷപാതവും പിൻവാതിൽ സഹായവും നടപടികളിലെ നിയമലംഘനങ്ങളും പ്രതിപക്ഷം ആരോപിച്ചു. കോടതിയുടെ മേൽനോട്ടത്തിൽ നിഷ്പക്ഷ അന്വേഷണത്തിനായി ഹൈക്കോടതിയിൽ പൊതുതാൽപ്പര്യഹരജി ഫയൽ ചെയ്യപ്പെട്ടു. എന്നാൽ ക്രമക്കേടുകൾ നടന്നിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി വിശദമായ പരിശോധനയ്ക്കും വാദം കേൾക്കലുകൾക്കും ശേഷം ഹൈക്കോടതി കേസ് തള്ളി.

പത്രങ്ങളിലും ചാനലുകളിലും സോഷ്യൽ മീഡിയയിലും സ്ഥിരം ചർച്ചയായ കേസുകൊണ്ട് നമ്പൂതിരിയ്ക്ക് പക്ഷെ ഗുണമുണ്ടായി. കമ്പനിയെപ്പറ്റി പ്രശസ്തി ഉയർന്നു. ഒരു മേൽവിലാസമുണ്ടായി. ആൾക്കാർ അറിഞ്ഞുതുടങ്ങി. ആവശ്യക്കാർ അന്വേഷിച്ചു വന്നു തുടങ്ങി.

ക്യാമറ സ്ഥാപിച്ചതുകൊണ്ട് കേരളത്തിനും മെച്ചമുണ്ടായി. നിരത്തുകളിൽ ഉള്ള അപകടത്തിന്റെ നിരക്ക് കുത്തനെ താണു. അപകടങ്ങളിൽ ജീവൻ പൊലിയുന്നത് 15 ശതമാനത്തോളം കുറഞ്ഞു. 5 കൊല്ലം കൊണ്ട് 450 കോടി നിയമലംഘനങ്ങളുടെ പിഴയായി സമാഹരിയ്ക്കാം എന്നായിരുന്നു തുടക്കത്തിലെ കണക്കുകൂട്ടൽ. എന്നാൽ രണ്ടുകൊല്ലം കൊണ്ടുതന്നെ ഏകദേശം ഒരുകോടി നിയമലംഘനങ്ങൾ കണ്ടെത്തി 700 കോടിയോളം പിഴത്തുകയ്ക്കുള്ള ചലാനുകൾ അയയ്ക്കാനും അതിൽ 200 കോടിയോളം രൂപ ഖജനാവിലേക്ക് മുതൽക്കൂട്ടാനും കഴിഞ്ഞു.

എ ഐ ക്യാമറ ശ്രീ നന്ദകുമാറിന്റെ കമ്പനിയുടെ ഒരു പ്രോജക്ട് മാത്രമാണ്. മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലെ വിവിധ രാജ്യങ്ങളിലും ഭാരതത്തിൽ തെലങ്കാന, കർണാടക, ആന്ധ്ര, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലും ഒറിജിനൽ എക്വിപ്മെന്റ് മാനുഫാക്ചറർ എന്ന നിലയിൽ സോഫ്റ്റ്വെയർ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകി വരുന്നു. 100 – 150 ഉദ്യോഗസ്ഥർ ജോലിചെയ്യുന്ന കമ്പനിയ്ക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകുന്നത് അരക്കിലോമീറ്റർ അകലെ നിന്നും ആൾക്കാരുടെ മുഖം വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന (ഫേസ് റെക്കഗ്നിഷൻ) ഡ്രോൺ ക്യാമറ വികസിപ്പിച്ചെടുക്കുന്ന പദ്ധതിയ്ക്കാണ്.

ഇന്ന് നമ്പൂതിരിയും കമ്പനിയും ഉയരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. സ്വന്തമായൊരു രംഗം തിരഞ്ഞെടുത്തത് വിജയിയായ ഏതൊരു ആൾക്കും കുടുംബത്തിന്റെ അതിശക്തമായ പിന്തുണ അത്യാവശ്യമാണ്. എങ്കിലേ അവരുടെ സ്വപ്നത്തെ സ്വതന്ത്രമായി പിന്തുടർന്ന് വിജയത്തിലെത്തുവാൻ സാധിയ്ക്കുകയുള്ളൂ. ഏറെക്കാലമായി മനസ്സിൽ കൊണ്ടുനടന്ന സ്വപ്നമായ വീടിന് തറക്കല്ലിടുന്ന ദിവസം തന്നെ ജോലിയുപേക്ഷിച്ച് കമ്പനി രജിസ്റ്റർ ചെയ്യാൻ ചങ്കൂറ്റമുണ്ടായത് മാതാപിതാക്കളുടെയും അധ്യാപികയായ ഭാര്യയുടെയും പിന്തുണയുടെ ആഴം കാണിക്കുന്നു.

ബഹ്റിൻ പോലുള്ള രാജ്യത്ത് പദ്ധതികൾ ഏറ്റെടുക്കാനും അതിനായി ചൈനീസ് ഭീമന്മാരായ വാവൈ (HUAWEI) തുടങ്ങിയ മുൻനിര കമ്പനികളുമായി മത്സരിക്കാനും കരുത്തനായ മലയാളിയുണ്ടെന്നതും അതും നമ്പൂതിരിയാണെന്നതും നമുക്ക് എന്തുകൊണ്ടും അഭിമാനം തന്നെ. ●


നന്ദകുമാർ, തയ്യിൽ എടക്കാട്, 9562880399

മുടുവമ്പ്രം ശ്രീകുമാർ, 9895671558



# സിനിമയിൽ സഹസ്രാവർത്തിയും കടന്ന്...

**ആനന്ദ് മൂത്തേടം**




വർഷം 1962ലെ ഒരു തണുത്ത രാത്രി. സമയം ഏകദേശം രാത്രി 12 മണി. ചാവക്കാട് ദർശന ടൂറിങ് തിയേറ്ററിൽ നിന്നും സെക്കൻഡ് ഷോ കഴിഞ്ഞ് ഒരു 13 വയസ്സുകാരൻ പുറത്തിറങ്ങി വരുന്നു. പാന്റും മുറിക്കയ്യൻ ഷർട്ടും ആണ് വേഷം. കണ്ടിറങ്ങിയതാകട്ടെ, അക്കാലത്ത് ഇന്ത്യൻ സിനിമ രംഗത്ത് തകർത്താടിയ ഹിന്ദി സൈക്കോളജിക്കൽ ത്രില്ലർ ചിത്രം 'ബീസ് സാൽ ബാദ്'.

ഒന്നു സംശയിച്ച് പയ്യൻ കിഴക്കോട്ട് ഗുരുവായൂരിലേക്ക് പോകുന്ന റോഡിലേക്ക് ഇറങ്ങി നടക്കുന്നു. മുതുവട്ടൂർ കഴിഞ്ഞ് ചെറിയ വഴി. കത്തികൊണ്ട് മുറിച്ചാൽ പോലും മുറിയാത്ത തരത്തിൽ ഇരുട്ട് കട്ടപിടിച്ചിരിക്കുന്നു. വിജനമായ പ്രദേശമാണ്. ആളുകൾ യക്ഷിപറമ്പ് എന്നും പ്രേതപറമ്പ് എന്നും ഒക്കെ വിളിക്കുന്ന സ്ഥലത്തു കൂടെയാണ് പയ്യൻ ഇപ്പോൾ നടക്കുന്നത്. നാട്ടുവെളിച്ചങ്ങൾ ഒക്കെ അണഞ്ഞിരിക്കുന്നു. സിനിമയിലെ കഥ ഓർത്ത് മനസ്സിൽ കുറേശ്ശെ ഭയം വളരുന്നു. നടത്തത്തിന് വേഗത കൂട്ടി. സ്കൂളിനടുത്ത് എത്തിയാൽ രക്ഷപ്പെട്ടു,

പെട്ടെന്ന് ത്സിൽ.... ത്സിൽ.... എന്നൊരു കാൽ ചിലമ്പ് ശബ്ദം തന്നെ പിന്തുടരുന്നുണ്ടോ എന്നൊരു സംശയം. തിരിഞ്ഞുനോക്കാൻ ധൈര്യം വരുന്നില്ല. നടത്തം ഓട്ടത്തിലേക്ക് കടന്നു. ത്സിൽ... ത്സിൽ... ശബ്ദം വിടാതെ പിന്തുടരുന്നുണ്ട്. ഭയം വർദ്ധിച്ചുവന്നു. ഒന്ന് ഉറക്കെ നിലവിളിച്ചാൽ പോലും കേൾക്കാൻ അടുത്തെങ്ങും വീടുകൾ ഇല്ല. പിന്നെയൊരു ഓട്ടമായിരുന്നു.... അവസാനം സ്കൂളിനടുത്ത് എത്തിയപ്പോൾ കാൽ ഒരു കല്ലിൽ തട്ടി മറിഞ്ഞു വീണു; പാന്റിന്റെ പോക്കറ്റിൽ നിന്നും ചില്ലറ പൈസകൾ നാലുപാടും ചിതറിത്തെറിച്ചു. ഹോ.. അപ്പോഴാണ് ശ്വാസം നേരെ വീണത്. ഈ ചില്ലറ പൈസകൾ പോക്കറ്റിൽ കിടന്ന് കിലുങ്ങിയ ശബ്ദമാണ് തന്നെ പേടിപ്പിച്ചത്...

1968 കളിലെ ഒരു ഉച്ചസമയം. തൃശൂർ ബസ് സ്റ്റാൻഡ്. ഗുരുവായൂരിൽ നിന്ന് ഒരു 17കാരനും മധ്യവയസ്സ് പിന്നിട്ട അമ്മയും ബസ്സിറങ്ങി നേരെ രാംദാസ് തിയേറ്ററിലേക്ക്. പക്ഷേ മകൻ ഇംഗ്ലീഷ് സിനിമയിൽ ആവേശം മൂത്ത് നടക്കുന്ന കാലം. അന്ന് ഗിരിജ തിയേറ്ററിൽ മാത്രമേ ഇംഗ്ലീഷ് സിനിമകൾ ഓടാറുള്ളൂ.

ടിക്കറ്റ് എടുത്ത്, അമ്മയെ രാംദാസ് തീയേറ്ററിൽ ഇരുത്തിയ ശേഷം മകൻ നേരെ ഗിരിജയിലേക്ക്. തിരികെ രാംദാസിൽ വന്ന് അമ്മയെ കൂട്ടി പോകാനാണ് പ്ലാൻ. അപ്രതീക്ഷിതമായി ഗിരിജയിൽ കറണ്ട് പോകുന്നു. കറണ്ട് വരാനും സിനിമ കഴിയാനും പതിവിലും അധികം സമയമെടുത്തു. സിനിമയുടെ ലഹരിയിൽ മറ്റെല്ലാം മറന്നു. സിനിമ കഴിഞ്ഞപ്പോഴാണ് രാംദാസിൽ അമ്മയെ ഇരുത്തിയ കാര്യം ഓർമ്മ വരുന്നത്. ഓടിപ്പിടിച്ച് രാംദാസിൽ എത്തിയപ്പോഴേക്കും അവിടെ പടം കഴിഞ്ഞ് ആളുകളെല്ലാം പിരിഞ്ഞു പോയിരിക്കുന്നു. ആകെ പരിഭ്രമിച്ച് വശായി നേരെ തൃശൂർ ബസ്റ്റാന്റിലേക്ക്. അവിടെയുള്ള ആളുകളോട് അമ്മയുടെ രൂപവും വേഷവും മറ്റും വിവരിച്ച് അന്വേഷിച്ചപ്പോൾ, അങ്ങിനെയൊരു സ്ത്രീ ഗുരുവായൂർ ബസ്സിൽ കയറി പോയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഹാവൂ.. സമാധാനമായി.



*വേങ്ങേരി കൃഷ്ണൻ നമ്പൂതിരി*

സ്ഥലം തൃശ്ശൂർ കേരളവർമ്മയിലെ ഫിസിക്സ് ലബോറട്ടറി. ബിരുദ വിദ്യാർത്ഥികൾ പ്രാക്ടിക്കൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പരീക്ഷണങ്ങൾ കഴിഞ്ഞ് ഒബ്ജക്ടീവും മെത്തേഡും പ്രൊസീജിയറും കഴിഞ്ഞ് ഫൈനൽ വാല്യൂ കൂടി കൃത്യമായി കണ്ടുപിടിച്ച് റെക്കോർഡ് സബ്മിറ്റ് ചെയ്താലെ ലാബ് വിട്ടുപോകാൻ പറ്റുകയുള്ളൂ. അന്നാണെങ്കിൽ ഗിരിജ തിയേറ്ററിൽ പീറ്റർ ഫോണ്ടയും ഡെന്നീസ് ഹോപ്പറും അഭിനയിക്കുന്ന റോഡ് ഡ്രാമ 'Easy Rider' റിലീസ് ആണ്. പയ്യന് എന്തായാലും അന്നുതന്നെ സിനിമ കണ്ടേ പറ്റൂ. ലാബിൽ ആണെങ്കിൽ അടുത്തെങ്ങും ഫൈനൽ വാല്യൂവിലേക്ക് എത്തുന്ന ലക്ഷണമില്ല. ഒരു ഉപായം എടുത്തു. 'സർ വല്ലാത്ത വയറുവേദന... ഞാൻ പൊക്കോട്ടെ' കൃഷ്ണൻ നമ്പൂതിരി പ്രൊഫസറോട്



ചോദിച്ചു.പ്രൊഫസർ സമ്മതിച്ചു. പയ്യൻ നേരെ മാറ്റിനിക്ക്.സിനിമ കഴിഞ്ഞ് പുറത്തിറങ്ങാൻ നേരം ബാൽക്കണിയിൽ നിന്നും ഒരു വിളി 'നമ്പൂരീ....' നോക്കുമ്പോൾ പുറകിൽ ഇംഗ്ലീഷ് പ്രൊഫസർ. 'ഇന്ന് ക്ലാസ് ഇല്ലേ?' പ്രൊഫസർ. സാറിനോട് ഉണ്ടായ കാര്യം സത്യസന്ധമായി പറഞ്ഞ് കാലുപിടിച്ചു.

ആൾക്ക് ഇപ്പോൾ വയസ്സ് 76.. മുട്ടിന് താഴെ മാത്രം എത്തുന്ന ഒരു ഒറ്റ തോർത്ത് ഉടുത്തിരിക്കുന്നു. മാറിൽ പൂണൂൽ ഞാന്ന് കിടപ്പുണ്ട്. കുറ്റിത്താടി നിറഞ്ഞ ക്ഷീണിച്ച മുഖം. മുമ്പിലത്തെ കമ്പ്യൂട്ടറിൽ ആമസോൺ പ്രൈംൽ 'The Wheel of Time' എന്ന വെബ് സീരീസിൽ മുഴുകിയിരിപ്പാണ്.

മുകളിൽ വിവരിച്ചവയെല്ലാം വേങ്ങേരി (വലിയ) കൃഷ്ണൻ നമ്പൂതിരിയുടെ 'സിനിമ' കഥകളാണ്. 1949 ജനുവരി 10ന് ഗുരുവായൂർ വേങ്ങേരി ഇല്ലത്താണ് ജനനം.ജേഷ്ഠൻ പ്രസിദ്ധ ഭാഗവത പ്രഭാഷകൻ, ശ്രീകൃഷ്ണകഥാശുകൻ വേങ്ങേരി ശ്രീധരൻ നമ്പൂതിരി കടുത്ത സിനിമ ഭ്രാന്തനാണ്. അവിടെ നിന്നായിരിക്കണം അനുജൻ വേങ്ങേരി കൃഷ്ണൻ നമ്പൂതിരിക്കും 'സിനിമ കമ്പം' പിടിപെട്ടത്.

1949–50 കളിലാണ് ഗുരുവായൂരിൽ കൃഷ്ണ തീയേറ്റർ സ്ഥാപിതമാകുന്നത്. തന്റെ 8-ാം വയസ്സിൽ അവിടെ നിന്നും എം.ജി.ആർ.-പി. ഭാനുമതി ജോഡി അഭിനയിച്ച 'ആലിബാബയും 40 തിരുടർകളും' എന്ന പടം കണ്ടുകൊണ്ടാണ് തുടക്കം. നസീറും മിസ് കുമാരിയും അഭിനയിച്ച 'ജയിൽ പുള്ളി' ആണ് ആദ്യം കണ്ട മലയാള സിനിമ. ആദ്യമായി കാണുന്ന ഇംഗ്ലീഷ് സിനിമ ഗുരുവായൂർ കൃഷ്ണയിൽ നിന്നും തന്നെ -Ten Commandments. പിന്നെ കാണുന്നത് Samson and Delilah. അതിന്റെ കഥയൊക്കെ ഇപ്പോഴും വ്യക്തമായി ഓർമ്മയുണ്ട്. തൃശ്ശൂർ കേരളവർമ്മയിലാണ് ബി എസ് സി പഠിച്ചത്. ധാരാളം ഇംഗ്ലീഷ് സിനിമകൾ കാണാൻ പറ്റി.

1977 നെടുങ്ങാടി ബാങ്കിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. 2008ൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും ഓഫീസർ ആയി റിട്ടയർ ചെയ്യുകയും ചെയ്തു.

ബാങ്കിൽ ജോലിചെയ്യുന്ന സമയത്താണ് എം.ജി.ആർ ന്റെ 100-ാമത്തെ ചിത്രമായ 'ഒളിവിളക്ക്' റിലീസ് ചെയ്യുന്നത്.റിലീസ് ദിവസം തന്നെ സിനിമ കാണുവാൻ വേണ്ടി ഒരു സുഹൃത്തിന്റെ കൂടെ കോയമ്പത്തൂർ പോയി സിനിമ കണ്ടുവന്നു.

ഒറ്റ ദിവസം 5 സിനിമകൾ ( മോണിംഗ് ഷോ, നൂൺ ഷോ, മാറ്റിനി, ഫസ്റ്റ് ഷോ, സെക്കൻഡ് ഷോ) വരെ കണ്ടിട്ടുള്ളതായി അദ്ദേഹം ഓർക്കുന്നു. ആസാദും ചിത്രയും അഭിനയിച്ച 'സിംബോ' ആണ് ആദ്യം കണ്ട ഹിന്ദി ചിത്രം.

മലയാള സിനിമയിൽ സത്യൻ, സുകുമാരൻ,മോഹൻലാൽ, ഷീല തുടങ്ങിയവരെയും തമിഴിൽ ജെമിനി ഗണേശനേയും ബോളിവുഡിൽ അശോക് കുമാർ, ദിലീപ് കുമാർ,രാജകുമാർ തുടങ്ങിയവരെയുമാണ് കൃഷ്ണൻ നമ്പൂതിരിക്ക് ഏറെ ഇഷ്ടം. മലയാള സംഗീത സംവിധായകരിൽ ബാബുരാജിനെയും തമിഴിൽ കെ വി മഹാദേവൻ, ഇളയരാജ തുടങ്ങിയവരെയും ഹിന്ദിയിൽ നൗഷാദ്, ലക്ഷ്മികാന്ത് പ്യാരേലാൽ, മദൻ മോഹൻ തുടങ്ങിയവരെയും ഏറെ ഇഷ്ടപ്പെടുന്നു. ഏകദേശം അടുത്തകാലം വരെയുള്ള മലയാളം തമിഴ് ഹിന്ദി സിനിമകളിൽ ഓരോന്നിന്റെയും സംവിധായകൻ, അഭിനേതാക്കൾ, സംഗീത സംവിധായകർ, ഗായകർ തുടങ്ങിയവരെ കൃഷ്ണൻ നമ്പൂതിരിക്ക് വ്യക്തമായി വേർതിരിച്ച് അറിയാം. സഞ്ചരിക്കുന്ന ഒരു സിനിമ എൻസൈക്ലോപീഡിയ എന്നത് അദ്ദേഹത്തിന് ചേരുന്ന ഒരു വിശേഷണം തന്നെ.

സിനിമ കാണുന്നതിനു പുറമേ വായനയും കൃഷ്ണൻ നമ്പൂതിരിയുടെ ഇഷ്ടവിനോദം ആണ്.പണ്ടുകാലത്തെ സിനിമകളിലുള്ള കഥയൊന്നും ഇപ്പോഴത്തെ സിനിമകളിൽ ഇല്ലെന്നും സംഗീതം വെറും ബഹളമയമായി തീരുന്നുവെന്നും അദ്ദേഹം പരിതപിക്കുന്നു.

കൃത്യമായി കണക്ക് അറിയില്ലെങ്കിലും ആയിരക്കണക്കിന് സിനിമകൾ കണ്ടുതീർത്തിട്ടുണ്ടാകും കൃഷ്ണൻ നമ്പൂതിരി. ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ അധികവും കമ്പ്യൂട്ടറിലാണ് കാണുന്നത്. പ്രൈം, സീ 5, ഹോട്ട്സ്റ്റാർ തുടങ്ങിയ ഓ ടി ടി പ്ലാറ്റ്ഫോമുകൾ ഒക്കെ സുപരിചിതം. രാത്രി ഏകദേശം 2:00 മണി വരെ സിനിമ കണ്ടുകൊണ്ടിരിക്കും. മലയാളം തമിഴ് ഹിന്ദി സിനിമകൾക്ക് പുറമെ ഇറ്റാലിയൻ,സ്പാനിഷ്, ജാപ്പനീസ്, കൊറിയൻ, ബ്രിട്ടീഷ് സിനിമകളും കാണാറുണ്ട്.

1979ൽ പിള്ളനേഴി ശ്രീദേവി അന്തർജ്ജനത്തെ വേളി കഴിച്ചു. അവർ 2015 ൽ അന്തരിച്ചു. സിനിമയും വായനയുമായി കഴിയുന്ന കൃഷ്ണൻ നമ്പൂതിരിക്ക്, ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തിയും മ്യൂറൽ ചിത്രകാരനും എം.ബി.എ. ബിരുദധാരിയുമായ അനിലേഷ് കൃഷ്ണൻ എന്ന ഒരു മകൻ മാത്രമേയുള്ളൂ. മകനോടും കുടുംബത്തോടും ഒപ്പം ഇപ്പോൾ ഗുരുവായൂരിൽ സ്വസ്ഥ താമസം. ●

വേങ്ങേരി കൃഷ്ണൻ നമ്പൂതിരി,
8086488676,8590501532.
ആനന്ദ് മൂത്തേടം, 9846418181

ടേണിംഗ് പോയന്റ്

6

# അയ്യപ്പനെ ഉപാസിച്ച് അമേരിക്കയിൽ



*പി എൻ നാരായണൻ നമ്പൂതിരി–
അമേരിക്കയിൽ ദ ഹിന്ദു ടെമ്പിൾ ഓഫ്
സെന്റ്‌ ലൂയിസിൽ ഈശ്വരോപാസകൻ*

**നരിക്കാട്ടിരി രാമപ്രസാദ്**




കുട്ടിക്കാലജീവിതം അത്ര സുഖകരമായ ഓർമയല്ല. നാലാംക്ലാസിൽ പഠിക്കുമ്പോഴായിരുന്നു അച്ഛന്റെ മരണം. അമ്മ രണ്ടാമത്തെ അനുജനെ പ്രസവിച്ച് വെറും ഇരുപത്തിയെട്ട് ദിവസങ്ങൾ മാത്രം. അച്ഛൻ പൂജ കഴിച്ചിരുന്ന അമ്പലത്തിനടുത്തുള്ള ചെറിയ വീട്ടിൽ നിന്ന് കൂട്ടിക്കൊണ്ടുവരാൻ വല്യമ്മാവൻ എത്തുമ്പോൾ ഒരു ജീപ്പിലൊതുങ്ങുന്ന സാധനങ്ങളും പറക്കമുറ്റാത്ത മൂന്ന് കുഞ്ഞുങ്ങളുമായിരുന്നു അമ്മ സാവിത്രിദേവിയുടെ കൈമുതൽ. അനാഥമായിപ്പോകേണ്ട കുടുംബത്തിന് പിന്നീട് വല്യമ്മാവൻ (നൂലേലിമന ഈശ്വരൻ നമ്പൂതിരി) നാഥനായി. അദ്ദേഹത്തിന്റെ പിന്നാലെ നടന്നാണ് ആചാരങ്ങളും പൂജയുടെ ആദ്യപാഠങ്ങളും പഠിച്ചത്. ജീവിതപ്രാരാബ്ധത്തിൽ മുങ്ങിത്താഴുമ്പോൾ അന്ന് അത് മാത്രമായിരുന്നു പിടിവള്ളി. അതുകൊണ്ട് തന്നെ പഠനത്തിന് രണ്ടാംസ്ഥാനം നൽകി ജീവിക്കേണ്ടി വന്നു. പലപ്പോഴും സ്കൂളുകൾ മാറി പഠിച്ചു. അന്നൊക്കെ സ്കൂളുകളിൽ ഉച്ചയ്ക്ക് ഉപ്പുമാവ് നൽകുമായിരുന്നു. അത് വാങ്ങിക്കഴിക്കാൻ ഇല്ലത്ത് നിന്ന് അനുമതിയില്ലാത്തതിനാൽ മറ്റ് കുട്ടികൾ ക്യൂനിന്ന് ഉപ്പുമാവ് വാങ്ങിക്കഴിക്കുന്നത് വിശന്ന വയറോടെ നോക്കിനിൽക്കേണ്ടി വന്നിട്ടുണ്ട്. അങ്ങനെ ഇല്ലായ്മയും വല്ലായ്മയും നിറഞ്ഞ ജീവിതത്തിൽ നിന്നാണ് പാഠങ്ങളോരോന്നും പഠിച്ചെടുത്തത്.

ആചാരാനുഷ്ഠാനങ്ങളിൽ അത്യധികം കർക്കശക്കാരനും ക്ഷിപ്രകോപിയുമായിരുന്നു വല്യമ്മാവൻ. അതൊരുതരത്തിൽ ജീവിതത്തിൽ വലിയ ഗുണം ചെയ്തു. വീഴ്ച്ചയില്ലാതെ കാര്യങ്ങൾ ചെയ്യാനുള്ള കാര്യപ്രാപ്തിയുണ്ടായി . പത്താംക്ലാസ് കഴിഞ്ഞപ്പോൾ ഇനിയെന്ത് എന്ന് അമ്മയുടെ വേവലാതി വല്യമ്മാവന്റെ ഉറക്കം കെടുത്തി. കുട്ടിക്ക് പഠിക്കുന്നതിനേക്കാൾ താത്പര്യം പൂജയാണെന്ന് അദ്ദേഹത്തിന് തോന്നി. അത്യാവശ്യം സാധനങ്ങളുമെടുത്ത് ഒരു ദിവസം ഇല്ലം വിട്ട് വല്യമ്മാവന്റെ കൂടെയിറങ്ങുമ്പോൾ മനസ് നിറയെ സങ്കടമുണ്ടായിരുന്നു. അമ്മയേയും സഹോദരങ്ങളെയും വളർന്ന നാടും വിട്ട് മറ്റേതോ ദിക്കിലേക്കുള്ള യാത്ര.

വേഴപറമ്പ് മനയിൽ ബ്രഹ്മശ്രീ പരമേശ്വരൻ നമ്പൂതിരിപ്പാടിനെ അറിയാത്തവർ അന്നുണ്ടായിരുന്നില്ല. വടക്കൻ പറവൂരിലെ പേര് കേട്ട മനയിലേക്ക് വല്യമ്മാവന് പിന്നാലെ കടക്കുമ്പോൾ അപരിചിതത്വത്തിന്റെയും അന്തർമുഖത്വത്തിന്റെയും ഇടയിൽക്കിടന്ന് മനസ് ശ്വാസം മുട്ടിപ്പിടഞ്ഞുകൊണ്ടേയിരുന്നു. പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ ശിഷ്യത്വം സ്വീകരിച്ചെത്തിയ മറ്റ് കുട്ടികളും അന്നവിടെയുണ്ടായിരുന്നു. ഗുരുകുലവിദ്യാഭ്യാസ രീതി തന്നെയെന്ന് പറയാം. വല്യമ്മാവൻ പടിയിറങ്ങിയപ്പോൾ ആരും കാണാതെ നിലവിളിച്ചു. ജീവിതത്തിൽ വല്ലാതെ അനാഥനായിപ്പോയെന്ന തോന്നലിൽ ഉറങ്ങാൻ പോലുമാകാത്ത

ഒരേ സമയം ശിഷ്യനും കാര്യസ്ഥനും മന
യ്ക്കലെ ക്ഷേത്രത്തിലെ പൂജാരിയുമായി
ജീവിതപാഠങ്ങൾ ഓരോന്നും പഠിച്ചുകൊണ്ടേ
യിരുന്നു. അദ്ദേഹത്തിൻറെ മക്കൾക്കൊപ്പം
തന്നെയായിരുന്നു ഊണും ഉറക്കവും. അഞ്ച്
വർഷത്തോളം ആ ജീവിതം തുടർന്നു. വേഴപ്പ
റമ്പ് മന വിട്ടതിന് ശേഷമാണ് കഴിഞ്ഞുപോയ
അഞ്ച് വർഷങ്ങളുടെ മൂല്യം മനസിലായത്.



രാത്രികളായിരുന്നു പിന്നീട്. പക്ഷേ ദിവസങ്ങൾ പിന്നിട്ടപ്പോൾ എല്ലാത്തിനോടും പൊരുത്തപ്പെടാൻ പഠിച്ചു. കാലങ്ങൾ കഴിഞ്ഞപ്പോൾ മനസിലായി വേഴപ്പറമ്പുമന വലിയൊരു സർവ്വകലാശാലയാണെന്നും അന്ന് വല്യമ്മാവന്റെ വേഷത്തിൽ കൈപിടിച്ച് തന്നെ അവിടെയേൽപ്പിച്ചത് സാക്ഷാത് തൃക്കാരപ്പൻ തന്നെയായിരുന്നെന്നും. പരമേശ്വരൻ നമ്പൂതിരിപ്പാടിനെപ്പോലൊരു പുണ്യാത്മാവിന്റെ കാലത്ത് ജീവിക്കുക തന്നെ ഭാഗ്യം. അദ്ദേഹത്തിന്റെ ശിഷ്യനാകുക എന്നത് മഹാഭാഗ്യവും. ആ മനയിലെ ചെറിയ കുട്ടികൾ പോലും ഗുരുവായിരുന്ന കാലമായിരുന്നു അത്.

ഒരേ സമയം ശിഷ്യനും കാര്യസ്ഥനും മനയ്ക്കലെ ക്ഷേത്രത്തിലെ പൂജാരിയുമായി ജീവിതപാഠങ്ങൾ ഓരോന്നും പഠിച്ചുകൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ മക്കൾക്കൊപ്പം തന്നെയായിരുന്നു ഊണും ഉറക്കവും. അഞ്ച് വർഷത്തോളം ആ ജീവിതം തുടർന്നു. വേഴപ്പറമ്പ് മന വിട്ടതിന് ശേഷമാണ് കഴിഞ്ഞുപോയ അഞ്ച് വർഷങ്ങളുടെ മൂല്യം മനസിലായത്. ഏത് ക്ഷേത്രത്തിലേക്ക് ഇന്റർവ്യൂവിന് പോയാലും വേഴപ്പറമ്പിലെ ശിഷ്യൻ എന്ന പരിഗണനയുണ്ടായിരുന്നു. കോയമ്പത്തൂരിലെ സിദ്ധാപുത്തൂർ അയ്യപ്പക്ഷേത്രത്തിൽ ശാന്തിക്കാരനായി ഈശ്വരോപാസന ജീവിതത്തിന്റെ ഭാഗമാക്കി. പിന്നീട് ഗുരുവായൂർ- ശബരിമല മേൽശാന്തിയായ ഏഴിക്കോട് ശശി നമ്പൂതിരി മേൽശാന്തിയായി. പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ മറ്റൊരുശിഷ്യനായ പാലിശ്ശേരി നാരായണൻ നമ്പൂതിരിപ്പാടും എനിക്കൊപ്പം കീഴ്ശാന്തിയായി ചുമതലയേറ്റു. ജീവിതഗതിയിൽ നിർണായകസ്വാധീനം വരുത്തുന്നതിൽ വല്യമ്മാവനും പരമേശ്വരൻ നമ്പൂതിരിപ്പാടിനുമൊപ്പം ശശിയേട്ടനും പങ്കുണ്ടെന്നത് എടുത്തു പറയട്ടെ.

സിദ്ധാപുത്തൂരിൽ നിന്ന് നേരെ ആറ്റുകാൽ ക്ഷേത്രത്തിലെ കീഴ്ശാന്തിയായി. രണ്ട് വർഷത്തോളം ആറ്റുകാലമ്മയുടെ സന്നിധിയിൽ കഴിഞ്ഞു.

അവിടെനിന്നുമാണ് തിരുവിതാംകൂർദേവസ്വം ബോർഡിൽ ഒഴിവുണ്ടെന്നറിഞ്ഞതും അപേക്ഷിച്ചതും. അങ്ങനെ രണ്ട് പതിറ്റാണ്ടിലധികം നീണ്ടു ദേവസ്വം ബോർഡ് ശാന്തിക്കാരനായുള്ള ജീവിതം.


ആരുടെയും ജീവിതം ഒരു ദിവസം സ്വയമങ്ങ് മാറിമറിയുന്നതല്ല. എന്തെങ്കിലും സംഭവമോ ഏതെങ്കിലും വ്യക്തികളോ പ്രത്യക്ഷമായോ പരോക്ഷമായോ നിമിത്തമായേക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒരു ശരാശരി ശാന്തിക്കാരൻ എന്ന വിലാസം

*പത്നി: രതിനാരായണൻ, കുട്ടികൾ: ശ്രീദത്തൻ പി എൻ, പാർവ്വതി പി എൻ*



*അമ്മ സാവിത്രീദേവി, അനുജൻമാർ രാമൻ നമ്പൂതിരി, ശ്രീനിവാസൻ*





ശബരിമല മേൽശാന്തിയിലേക്ക് മാറിയതിന് പിന്നിൽ പ്രധാനപങ്ക് വഹിച്ചത് കോതമംഗലം മാതിരിപ്പിള്ളി സ്വദേശിയും പ്രിയസുഹൃത്തുമായിരുന്ന ദിനേശനാണ്. ശബരിമലയിലേക്ക് അപക്ഷേിക്കണമെന്ന് ആദ്യമായി പറഞ്ഞതും നിരന്തരം നിർബന്ധിച്ചുകൊണ്ടേയിരുന്നതും ദിനേശനാണ്. ആദ്യമൊക്കെ അത് കാര്യമാക്കിയതേയില്ല. പക്ഷേ ഇടയ്ക്കെപ്പോഴോ അപേക്ഷിച്ചാലോ എന്നൊരു തോന്നൽ ഉള്ളിൽ കയറിക്കൂടി. എന്നാൽ തൃക്കാരിയൂർ ..ഓഫീസിൽ ചെന്ന് അതിനുള്ള അപേക്ഷ വാങ്ങിക്കാനുള്ള ധൈര്യം പോലും അന്നുണ്ടായിരുന്നില്ല. വല്യമ്മാവന്റെ സഹായം തേടിയെങ്കിലും അവിടെ അപേക്ഷ ലഭ്യമായിരുന്നില്ല. അന്ന് സഹായിച്ചത് മാതിരപ്പിള്ളി ശ്രീമഹാഗണപതി ക്ഷേത്രത്തിലെ സഹപ്രവർത്തകയായിരുന്ന ഗുണവതിയാണ്. അവർ പറവൂരിൽ നിന്ന് അപേക്ഷാഫോം വാങ്ങിനൽകി. അപേക്ഷ നൽകിയതിന് പിന്നാലെ കടമ്പകൾ അനവധിയായിരുന്നു. എല്ലാം കഴിഞ്ഞ് ഇൻറർവ്യൂ പാസായി പ്രതീക്ഷയോടെ കാത്തിരിപ്പായി നറുക്കെടുക്കുന്നതിന്റെ തലേന്ന് ദിനേശന്റെ കാറിൽ ശബരിമലയ്ക്ക് പുറപ്പെട്ടു. ദിനേശൻ കാറിൻറെ ഡിക്കിയിൽ രഹസ്യമായി ലഡ്ഡുവരെ കരുതിയിരുന്നു. ശബരിമലയിലെത്തിയപ്പോൾ നറുക്കെടുക്കുന്ന സ്ഥലത്തേക്ക് അടുക്കാൻ പോലുമാകാത്ത തിരക്കായിരുന്നു. ആ തിരക്കിന്റെ ഭാഗമായി ആരുമറിയാതെ കാത്തുനിന്നു. നറുക്കെടുപ്പ് കഴിഞ്ഞപ്പോൾ നിരാശയായിരുന്നു ഫലം. ഒരുപാട് സങ്കടപ്പെട്ടാണ് തിരിച്ചു മലയിറങ്ങിയത്. അടുത്ത തവണ വീണ്ടും അപേക്ഷിക്കാമല്ലോ എന്ന് ദിനേശൻ സമാധാനിപ്പിച്ചു.

ഇതിനിടയ്ക്ക് മേൽശാന്തി നിയമനത്തിനുള്ള യോഗ്യതകളിൽ മാറ്റം വന്നുകൊണ്ടിരുന്നു. പത്താം ക്ലാസ് പാസായിരിക്കണമെന്നായിരുന്നു അതിലൊന്ന്. ജീവിതപ്പാച്ചിലിൽ പത്താംക്ലാസ് പരീക്ഷ കടക്കാനായിട്ടില്ല. അതുപോലെ തന്നെ ശീവേലിയുള്ള അമ്പലത്തിലെ ശാന്തിക്കാരനായിരിക്കണമെന്ന നിർബന്ധം കൂടിയായപ്പോൾ ശബരിമല മേൽശാന്തിയാകുക എന്നത് ബാലികേറാമലയായി. പക്ഷേ അതിനുള്ളിൽ എപ്പോഴോ മനസിൽ ശബരിമല മേൽശാന്തി എന്ന ആഗ്രഹം അതിതീക്ഷ്ണമായി വളരുന്നുണ്ടായിരുന്നു. എന്നാൽ യോഗ്യതയില്ലെന്ന തിരിച്ചറിവ് തീയായി ഉള്ളിൽത്തിളച്ചു. ശബരിമലയിൽ മാത്രമല്ല ചെട്ടിക്കുളങ്ങര ദേവീക്ഷേത്രം, തിരുവല്ലം ശ്രീപരശുരാമക്ഷേത്രം, കൊട്ടാരക്കര ഗണപതിക്ഷേത്രം, തിരുവനന്തപുരത്തെ ഹനുമാൻക്ഷേത്രം തുടങ്ങിയ പ്രശസ്തമായ പല ക്ഷേത്രങ്ങളിലും ഇന്റർവ്യൂവിൽ ഒന്നാമതെത്തിയിരുന്നു. എന്നാൽ നറുക്കെടുപ്പിൽ തള്ളപ്പെടുകയും ചെയ്തു. ഈ സങ്കടമെല്ലാം ഉറക്കം കെടുത്തിയ നാളുകളിലൊന്നിലാണ് അന്നത്തെ തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ ശ്രീ വേണുഗോപാൽ ഐഎഎസ് തൃക്കാരിയൂർ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിലെത്തിയത്. അദ്ദേഹത്തെ കാണാൻ ഉയർന്ന ഉദ്യോഗസ്ഥരെല്ലാം കാത്തുനിൽക്കുമ്പോൾ അദ്ദേഹം. എന്തുകൊണ്ടോ അന്വേഷിച്ചത് പനങ്ങാറ്റംപിള്ളി മന നാരായണൻ നമ്പൂതിരിയെയാണ്. ഓടിപ്പാഞ്ഞെത്തിയപ്പോൾ ഇല്ലത്തേക്ക് വരുന്നു എന്നറിയിച്ചു. കൃഷ്ണനെ കൂട്ടിക്കൊണ്ടുവരുന്ന കുചേലന്റെ മനസോടെയായിരുന്നു അന്ന് അദ്ദേഹവുമായി ഇല്ലത്തെത്തിയത്.

വേണുഗോപാൽ സാറാണ് ഉള്ളിലെ എല്ലാ ആശങ്കകൾക്കും ഉത്തരം നൽകി ആത്മവിശ്വാസം കോരി നിറച്ചത്. ഇൻറർവ്യൂകളിൽ ഒന്നാമതെത്തുന്നത് ശ്രദ്ധിക്കുന്നുണ്ടെന്നും വേഴപ്പറമ്പിലെ ശിഷ്യന് ശബരിമല മേൽശാന്തിയാകാനുള്ള യോഗ്യതയുണ്ടെന്നും അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. ആ വലിയ മനുഷ്യൻ വാരിവിതറിയ ഊർജ്ജം എല്ലാ പ്രതിബന്ധങ്ങളെയും തകർത്തെറിഞ്ഞു. സമാന്തരവിദ്യാഭ്യാസ പദ്ധതിയിലൂടെ എറണാകുളം ജില്ലയിൽ പത്താംക്ലാസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥിയായി പരീക്ഷ പാസായി. ശീവേലിയുള്ള ക്ഷേത്രത്തിലേക്ക് സ്ഥലംമാറ്റം ശരിയാക്കി. അങ്ങനെ വീണ്ടും ശബരിമലയിലേക്ക് അപേക്ഷ കൊടുക്കുന്നു. ഇൻറർവ്യൂ കഴിയുന്നു.. പക്ഷേ രണ്ടാംതവണയും നറുക്കെടുപ്പ് കഴിഞ്ഞപ്പോൾ നിരാശയായി ഫലം. പിൻമാറിയില്ല. വീണ്ടും അപേക്ഷിച്ചു. നറുക്കെടുപ്പിൽ പേരുണ്ടെന്ന് വളരെ സന്തോഷത്തോടെ മറ്റുള്ളവരെ അറിയിച്ചപ്പോൾ പലരും നിസാരമാക്കി. ഇത് സ്ഥിരമാണല്ലോ എന്ന മനോഭാവമായിരുന്നു അവർക്ക്. പെരുമ്പാവൂർ ശ്രീധർമശാസ്താ ക്ഷേത്രത്തിൽ മേൽശാന്തിയായിരിക്കെയായിരുന്നു മൂന്നാമത് അപേക്ഷിച്ചത്. നറുക്കെടുപ്പ് ദിവസമെത്തി. സമയത്തെക്കുറിച്ച് ഏകദേശം ധാരണയുണ്ടായിരുന്നു. വലിയ പ്രതീക്ഷയൊന്നുമില്ലായിരുന്നു എന്നതാണ് സത്യം. അങ്ങനെയിരുന്നപ്പോൾ ആദ്യവിളിയെത്തി. 'അങ്ങാണ് ശബരിമല മേൽശാന്തി'. വിശ്വസിക്കാനാകാത്ത നിമിഷം. ഓടിപ്പോയി ഓഫീസിലെ ടീവി നോക്കി. ശരിയാണ് പനങ്ങാറ്റംപ്പിള്ളി മന പി. എൻ. നാരായണൻ നമ്പൂതിരി ശബരിമല നിയുക്തമേൽശാന്തി. 'അയ്യപ്പാ' എന്ന് വിളിച്ച് നടതുറന്ന് ശ്രീകോവിലേക്ക് പാഞ്ഞുകയറി സാഷ്ടാംഗം നമസ്കരിച്ച് കരയുകയാണ് ആദ്യം ചെയ്തത്.

അങ്ങനെ ഒരു വർഷം അയ്യപ്പനെ പൂജിച്ച് ശബരിമലയിൽ ബ്രഹ്മചര്യജീവിതം. ആ കാലയളവിലെ അനുഭവങ്ങൾ പ്രത്യേകം തന്നെ എഴുതേണ്ടിയിരിക്കുന്നു. തിരിച്ചെത്തി സാധാരണജീവിതത്തിലേക്ക് കടക്കാൻ തന്നെ ദിവസങ്ങൾ വേണ്ടിവന്നു. ഇതിനിടയിൽ വ്യക്തിപരമായി അതിതീവ്രമായ മാനസികവ്യഥകളിലൂടെ കടന്നുപോകേണ്ടി വന്നു. എല്ലാ കലങ്ങിമറിയലിനും ശേഷം ഒരു പുതുപ്പിറവിയായിരുന്നു. ഈശ്വരോപാസനയാണ് ജീവിതമെന്ന തിരിച്ചറിവിൽ കടുത്ത സാധനകളിലേക്ക് കടന്നു. സഹസ്രാവർത്തി(ഗായത്രി) പലവരുകഴിഞ്ഞു, അക്ഷരലക്ഷം പഞ്ചാക്ഷരിയും പൂർത്തിയാക്കി. പിന്നാലെ സ്വാധ്യായത്തിനുള്ള അതിയായ ആഗ്രഹം ഉള്ളിൽ നിറഞ്ഞു തൂകിക്കൊണ്ടിരുന്നു. അങ്ങനെ ശ്രീമദ്ഭാഗവതം, ഭഗവദ്ഗീത, നാരായണീയം, തുടങ്ങിയ ഗ്രന്ഥങ്ങൾ ആർത്തിയോടെ പഠിക്കാൻ തുടങ്ങി. ഭാഗവതാചാര്യൻ ശ്രീ സജീവ് മംഗലത്തിനോടാണ് ഇക്കാര്യത്തിൽ കടപ്പെട്ടിരിക്കുന്നത്.

ഒരു സാധാരണ ശാന്തിക്കാരൻറെ ജീവിതത്തിൽ ഇത്തരം സ്വാധ്യായത്തിന് വലിയ സ്ഥാനമില്ല എന്ന സത്യം എടുത്തു പറയുകയും അങ്ങനെയല്ല വേണ്ടതെന്ന് ഇതിനോടൊപ്പം ഓർമപ്പെടുത്തുകയും ചെയ്യുന്നു. ശബരിമലയ്ക്ക് മുമ്പും പിമ്പുമെന്ന് ജീവിതം രണ്ടായി മാറി. ആധ്യാത്മികമായ വളർച്ചയെന്നേ ശേഷമുള്ള ജീവിതത്തെ പറയാനാകൂ.

ദേവസ്വം ബോർഡിലെ ശാന്തിക്കാരന്റെ പതിവ് ജീവിതത്തിലേക്ക് തിരിച്ചെത്തിയപ്പോഴും സ്വാധ്യായം തുടർന്നുകൊണ്ടേയിരുന്നു. പൂജയ്ക്കൊപ്പം ക്ലാസുകൾ എടുക്കാനും പ്രഭാഷണങ്ങൾ നടത്താനും തുടങ്ങി. ആ അധ്യാത്മികാനുഭവത്തിൻറെ പിൻതുടർച്ച പോലെയായിരുന്നു വീണ്ടും ശശിയേട്ടന്റെ ഇടപെടൽ. അമേരിക്കയിലെ ഒരു ക്ഷേത്രത്തിൽ ശബരിമല മുൻ മേൽശാന്തിയെ വേണം. ശശിയേട്ടന്റെ മുന്നിലെത്തിയ അവസരം അദ്ദേഹം നിരസിച്ച് മുൻമേൽശാന്തിമാരെ അറിയിക്കുകയായിരുന്നു. അപേക്ഷിക്കാൻ പറഞ്ഞതനുസരിച്ച് റെസ്യൂം അയച്ചു. തിരിച്ചൊരു മെസേജ് പോലും വരാതായപ്പോൾ ആ ആലോചന തന്നെ മറന്നുപോയി. പക്ഷേ നിയോഗം മറ്റൊന്നായിരുന്നു. മാസങ്ങളുടെ ഇടവേളയിൽ അമേരിക്കയിൽ നിന്ന് വിളിയെത്തി. പാലക്കാട് സ്വദേശിയും ചെന്നൈവാസിയുമായ ശ്രീ സുധീർ കോഴിക്കലായിരുന്നു മറുതലയ്ക്കൽ. അന്ന് മുതൽ കൃത്യമായി നിർദേശങ്ങൾ നൽകി സുധീർ ഒപ്പം നിന്നു. ഔപചാരികമായി തുടങ്ങിയ ആ ബന്ധം ഇപ്പോൾ സഹോദരതുല്യമായി എന്ന് കൂടി പറയട്ടെ.

ഓൺലൈനിൽ ദീർഘമായ കൂടിക്കാഴ്ച്ച, ഓഫർ ലെറ്റർ, വിസ ഇന്റർവ്യൂ..അങ്ങനെ കടമ്പകൾ ഓരോന്നായി കടന്ന് വിമാനം കയറി. അമേരിക്കയിലെ ദ ഹിന്ദു ടെമ്പിൾ ഓഫ് സെൻറ് ലൂയിസ്– വെങ്കിടാചലപതി പ്രധാനപ്രതിഷ്ഠയായ വലിയ ക്ഷേത്ര സമുച്ചയം. അവിടെ ഒരു കോണിൽ തത്വമസി എന്ന വലിയ ബോർഡിന് താഴെയായി അയ്യപ്പൻ കാത്തിരിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ ഇവിടെയാണ്. ശബരിമലയിൽ അയ്യപ്പന് മുന്നിൽ തിരി തെളിയിക്കുന്ന അതേ മനസോടെ ഇവിടെയും വിളക്ക് തെളിക്കുന്നു, അഭിഷേകം നടത്തുന്നു. ഓരോ ദിവസം കഴിയുന്തോറും ശ്രീകോവിലിലെ അയ്യപ്പന് ചൈതന്യമേറുന്നത് പോലെ മനസും തിളങ്ങുന്നു. ഉപാസനയും സാധനയും ജീവിതത്തിന്റെ ഭാഗമായാൽ സാധ്യമാകുന്ന അതിശയങ്ങളെ അറിയുകയാണിപ്പോൾ. തീർത്തും സാധാരണമായ ഒരു സാഹചര്യത്തിൽ നിന്ന് ഈശ്വരാനുഗ്രത്തിന്റെ സർവ്വവഴികളിലേ്ക്കും കൈപിടിച്ച് നടത്തുന്നതാരാണ്. വിട്ടുവീഴ്ച്ചയില്ലാതെ അനുവർത്തിക്കുന്ന സന്ധ്യാവന്ദനത്തിനൊപ്പം മൂന്ന് കുഞ്ഞുങ്ങളുമായുള്ള അമ്മയുടെ ത്യാഗജീവിതവും വെളിച്ചമായിട്ടുണ്ടാകാം. സാഷ്ടാംഗം നമസ്ക്കരിക്കട്ടെ, അറിഞ്ഞും അറിയാതെയും വഴി തെളിയിച്ച എല്ലാ സുമനസുകളെയും.. ●

പനങ്ങാറ്റംപ്പിള്ളി മന.
തൃക്കാരിയൂർ. പി.ഒ. കോതമംഗലം,
എറണാകുളം (ജില്ല), +919495220198.
+I (314) 220 1980

അറിയേണ്ട നമ്പൂതിരി

# ബ്രിട്ടീഷ് സർക്കാറിന്റെ കീഴിൽ ജോലി; വിവാഹം സ്വതന്ത്ര ഇന്ത്യയിൽ, വി.ജെ.പി. @103

ഒ.എൻ..രാജേഷ്



ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് മോചനം നേടണം, സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് എന്നൊക്കെ ഭാരതമൊട്ടാകെ ആഹ്വാനങ്ങളും സമരങ്ങളും സത്യാഗ്രഹങ്ങളും നടക്കുമ്പോഴും നമ്പൂതിരിമാരൊഴികെയുള്ള ഭാരതീയ ബ്രാഹ്മണരെല്ലാം ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ സ്വീകരിക്കുകയും സ്വായത്തമാക്കുകയും ചെയ്തു. നമ്പൂതിരിമാർ അപ്പോഴും മ്ലേച്ഛഭാഷ എന്നുപറഞ്ഞ് പുറംതിരിഞ്ഞുനിന്നു. 1901-ലെ സെൻസസ് പ്രകാരം കൊച്ചിരാജ്യത്ത് ആകെയുള്ള നമ്പൂതിരിമാരിൽ നാല്പത്തിയൊന്നുപേർക്കേ ഇംഗ്ലീഷ് അറിയുമായിരുന്നുള്ളൂ. ഇതിനുമാറ്റംവരണമെന്നും നമ്പൂതിരിമാർ പാരമ്പര്യസംസ്കൃതവിദ്യാഭ്യാസത്തോടൊപ്പം ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസം നേടണമെന്നും കുറൂർ ദാമോദരൻ ഉണ്ണി നമ്പൂതിരിപ്പാട് ആഹ്വാനം ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1919-ൽ എടക്കുന്നിയിലെ വടിക്കിണിയേടത്തു മനയിൽ തുടക്കംകുറിച്ച നമ്പൂതിരി വിദ്യാലയത്തിൽ അന്ന് ആകെ മുപ്പത്തിയഞ്ചുപേരാണത്രെ ചേർന്നത്.

1944-ൽ യോഗക്ഷേമസഭയുടെ 34-ാം വാർഷികത്തിന് പട്ടാമ്പിക്കടുത്ത് ഓങ്ങല്ലൂരിലെ കാഞ്ഞിരങ്ങാട്ടുമന വേദിയായി. ആ സമ്മേളനത്തിൽവെച്ച് ഇ.എം.എസ്.നമ്പൂതിരിപ്പാട്, നമ്പൂതിരിമാർ പാരമ്പര്യതൊഴിലുകൾ വിട്ട് കൃഷി,വ്യവസായം,സർക്കാർ-സ്വകാര്യ തൊഴിലുകളിൽ ഏർപ്പെട്ട് വരുമാനം കണ്ടെത്തി മനുഷ്യരായി ജീവിക്കണമെന്ന് ആഹ്വാനം ചെയ്തു. ആ ആഹ്വാനം കേട്ട് സമ്പന്നരായ നമ്പൂതിരിമാരിൽ ചിലർ വ്യവസായത്തിലും കച്ചവടത്തിലും റബ്ബർ മുതലായ തോട്ടം കൃഷിയിലും ഒക്കെ ഏർപ്പെട്ടു. ഭൂവിസ്തൃതിയും സാമ്പത്തികശേഷിയും കുറഞ്ഞവരിൽ കുറേ പേർ കഷ്ടപ്പെട്ട് പഠിച്ച് പല പല ഉദ്യോഗങ്ങളും തേടിപ്പിടിച്ച് കണ്ടെത്തി.

ഇത്തരത്തിൽ സമുദായപരിഷ്കർത്താക്കളുടെ നിരന്തരമായ പ്രവർത്തനഫലമായി ഭാരതം സ്വതന്ത്രമാവുന്നതിന്നു മുമ്പെതന്നെ മറ്റിതര ബ്രാഹ്മണരെപ്പോലെ നമ്പൂതിരിമാരും പാരമ്പര്യവിദ്യാഭ്യാസത്തോടൊപ്പം ആധുനികവിദ്യാഭ്യാസംനേടാനും അതിലൂടെ ജീവിതമാർഗ്ഗം കണ്ടെത്താനും തുടങ്ങി. അന്നത്തെ ബ്രിട്ടീഷ് സർക്കാറിന്റെ കീഴിൽ ജോലികണ്ടെത്തിയവരും അക്കൂട്ടത്തിൽ ധാരാളമുണ്ട്. അങ്ങിനെയുള്ള ഒരാൾ ഇന്നും നമ്മുടെ ഇടയിൽ ജീവിച്ചിരിപ്പുണ്ട്. പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരത്തിനടുത്ത് തോട്ടര വടക്കേടത്ത് വി.ജെ.പരമേശ്വരൻ നമ്പൂതിരിയാണ് അദ്ദേഹം.



*വി.ജെ.പരമേശ്വരൻ നമ്പൂതിരി 1945-ൽ*

സമുദായപരിഷ്കർത്താക്കളുടെ നിരന്തരമായ പ്രവർത്തനഫലമായി ഭാരതം സ്വതന്ത്രമാവുന്നതിന്നു മുമ്പെതന്നെ മറ്റിതര ബ്രാഹ്മണരെപ്പോലെ നമ്പൂതിരിമാരും പാരമ്പര്യവിദ്യാഭ്യാസത്തോടൊപ്പം ആധുനികവിദ്യാഭ്യാസംനേടാനും അതിലൂടെ ജീവിതമാർഗ്ഗം കണ്ടെത്താനും തുടങ്ങി.

തോട്ടര വടക്കേടത്ത് മനയ്ക്കൽ ജാതവേദൻ നമ്പൂതിരിയുടേയും തച്ചിനിയേടത്ത് മനയ്ക്കൽ ഉമാദേവി അന്തർജ്ജനത്തിന്റെയും മകനായി 1922-ൽ ജനനം. പച്ചായിൽ വാരിയത്ത് വലിയ കൃഷ്ണവാരിയരിൽനിന്ന് മണലിൽ എഴുതിക്കൊണ്ട് അക്ഷരാഭ്യാസത്തിന് തുടക്കംകുറിച്ചു. പിന്നീട് അനുജന്മാരോടൊപ്പം കടമ്പഴിപ്പുറം സ്കൂളിലെ അദ്ധ്യാപകനായ നീലമംഗലത്തു ശങ്കുണ്ണിവാരിയരിൽ നിന്നും വിദ്യ അഭ്യസിച്ചു. ഉപനയന,സമാവർത്തനത്തിനുശേഷം കടമ്പഴിപ്പുറം സർക്കാർ വിദ്യാലയത്തിൽ 6-ാം ക്ലാസിൽ ചേർന്നു. 6,7,8 ക്ലാസുകൾ അവിടെ പഠനം നടത്തി. തുടർന്നുള്ള പഠനത്തിന് അടുത്തൊന്നും ഹൈസ്കൂൾ ഇല്ലാത്തതിനാൽ ഗുരുവായൂരിനടുത്ത് കോട്ടപ്പടിയിലുള്ള ചെറുവല്ലൂർമനയിൽ(അച്ഛൻപെങ്ങളുടെ ഗൃഹത്തിൽ)താമസിച്ച് ചാവക്കാട് ഗവൺമേന്റ് ഹൈസ്കൂ



*വി.ജെ.പരമേശ്വരൻ നമ്പൂതിരി സഹപ്രവർത്തകരോടൊപ്പം*

ളിൽ പഠിക്കാം എന്ന് തീരുമാനിച്ച് അവിടുത്തെ പരീക്ഷ പാസായി 8-ാം ക്ലാസിൽ അവിടെ ചേർന്നു. 10-ാം ക്ലാസിൽ പഠിക്കുമ്പോഴാണ് അമ്മ മരിച്ചത്. 1942-ൽ അവിടെനിന്ന് എസ്.എസ്.എൽ.സി പാസായി. തുടർന്നുള്ള പഠനത്തിന് ഇല്ലത്തെ സാമ്പത്തികസ്ഥിതി അനുകൂലമായിരുന്നില്ല. അച്ഛനെ സഹായിക്കുകയും സഹോദരീസഹോദരന്മാരുടെ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തികം കണ്ടെത്തുകയുമാണ് ഉചിതം എന്ന് അദ്ദേഹത്തിനു തോന്നി. അങ്ങനെ അദ്ദേഹം അച്ഛന്റെ അനുഗ്രഹാശീർവ്വാദത്തോടെ ഷൊർണ്ണൂരിൽ താമസിച്ച് ഷോർട്ട്ഹാന്റും ടൈപ്രേറ്റിങ്ങും പഠിക്കാൻ തീരുമാനിച്ചു. ആ പഠിപ്പ് ഒരുകൊല്ലത്തോളമെത്തിയപ്പോൾ തുടർന്നു പഠിക്കാനുള്ള സാഹചര്യമില്ലാതെ പഠിപ്പ് അവസാനിപ്പിക്കേണ്ടിവന്നു.

ആ മനസ്സ് ഒട്ടും നിരാശപൂണ്ടില്ല. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിനും അദ്ദേഹത്തിന്റെ അച്ഛന്റെ അനുഗ്രഹത്തിലും അഭിപ്രായത്തിലും ഒരു മാർഗ്ഗം തെളിഞ്ഞു. കോഴിക്കോട്ടുപോയി ശ്രീ.ദേശമംഗലം ഗുപ്തൻ നമ്പൂതിരിപ്പാടിനെക്കണ്ട് നമ്മുടെ വിഷയങ്ങളൊക്കെ അവതരിപ്പിച്ചാൽ അദ്ദേഹം അനുഭാവപൂർവ്വം പരിഗണിക്കും എന്ന് അച്ഛൻ അഭിപ്രായപ്പെട്ടു. അങ്ങനെ അച്ഛന്റെ നിർദ്ദേശപ്രകാരം കോഴിക്കോട്ടുപോയി ശ്രീ.ദേശമംഗലം ഗുപ്തൻ നമ്പൂതിരിപ്പാടിനെ കണ്ട് കാര്യം ധരിപ്പിച്ചു. നമ്പൂതിരിപ്പാട് തന്റെ അസിസ്റ്റന്റായ ശ്രീ.ഡി.വി.നമ്പൂതിരിപ്പാടിനെ വിളിച്ച് പരിചയപ്പെടുത്തി. ശ്രീ.ഡി.വി.നമ്പൂതിരിപ്പാട് അടുത്ത മുറിയിൽ കൊണ്ടുപോയി അരപ്പായ കടലാസിൽ ഉള്ള ഒരു മാറ്റർ ടൈപ്പ് ചെയ്തുതരുവാൻ പറഞ്ഞു. ടൈപ്പ് ചെയ്തതിൽ തെറ്റൊന്നുമില്ലെന്നു ശ്രീ.ഡി.വി.നമ്പൂതിരിപ്പാട് പറഞ്ഞ് അത് ശ്രീ.ഗുപ്തൻ നമ്പൂതിരിപ്പാടിന് കൊടുത്തു. ശ്രീ.ഗുപ്തൻ നമ്പൂതിരിപ്പാട് അദ്ദേഹത്തെ വിളിച്ച് ഇങ്ങനെ പറഞ്ഞു : വടക്കേടം ഞാൻ ജോലി തരാം. എന്നാൽ എന്റെ കീഴിൽ പണിയെടുക്കുന്ന ക്ലാർക്കുമാർക്ക് 40.ക.യാണ് ഞാൻ ശമ്പളം കൊടുക്കുന്നത്. ഈ തുകകൊണ്ട് ഇവിടുത്തെ ചെലവുകഴിഞ്ഞ് വടക്കേടത്തിന് ഇല്ലത്തേയ്ക്ക് അയയ്ക്കാൻ ഒന്നും ഉണ്ടാവുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഈ വിവരമെല്ലാം അച്ഛനോടു പറഞ്ഞ് സമ്മതമാണെങ്കിൽ വന്നാൽ ജോലി തരാം. ശ്രീ.ഗുപ്തൻ നമ്പൂതിരിപ്പാടിന്റെ പെരുമാറ്റവും മഹാമനസ്കതയും കണ്ട് ആശ്ചര്യപ്പെട്ടു എന്നുമാത്രമല്ല ജോലികിട്ടിയാലത്തെ സന്തോഷവും അനുഭവപ്പെട്ടു എന്ന് ശ്രീ.വി.ജെ പരമേശ്വരൻ നമ്പൂതിരി തന്റെ അനുഭവങ്ങളെ സാക്ഷ്യപ്പെടുത്തുന്നു.

ദേശമംഗലം ഗുപ്തൻ നമ്പൂതിരിപ്പാടുമായുള്ള ഈ കൂടിക്കാഴ്ചയ്ക്കുശേഷം പുറത്തുകടന്നപ്പോൾ നമ്പൂതിരിപ്പാടിന്റെ ഓഫീസിൽ ജോലിചെയ്യുന്ന ശ്രീ.കൊരമ്പ് വാസുദേവൻ നമ്പൂതിരിയെക്കണ്ടു. അദ്ദേഹവുമായി സംസാരിച്ചപ്പോൾ കോഴിക്കോട് സെൻട്രൽ എക്സൈസ് ഡിവിഷനൽ ഓഫീസിൽ എൽ.ഡി.സി.യുടെ ഒഴിവുണ്ടെന്നും ആ ഓഫീസിൽ ഒന്നുപോയി അന്വേഷിക്കുന്നത് നല്ലതായിരിക്കുമെന്നും പറഞ്ഞു. അതുപ്രകാരം അപ്പോൾത്തന്നെ ആ ഓഫീസിൽപോയി ഹെഡ്ക്ലാർക്കിനെ കണ്ട് ജോലിക്കാര്യം അന്വേഷിച്ചു. ഉണ്ടായ ഒഴിവു നികത്തിയെന്നും അടുത്ത ഒഴിവു വരുമ്പോൾ പരിഗണിക്കാം അതിലേയ്ക്ക് ഒരപേക്ഷയും,സർട്ടിഫിക്കറ്റുകളും തരൂ എന്നും ഹെഡ്ക്ലാർക്ക് ശ്രീ.അയ്യർ പറഞ്ഞു. അപ്രകാരം നൽകി ഇല്ലത്തേയ്ക്കു മടങ്ങി. പത്തുദിവസം കഴിഞ്ഞപ്പോൾ ഓഫീസിൽനിന്ന് ഒരു കത്തും കൂടെ സർട്ടിഫിക്കറ്റുകളും. നിങ്ങളുടെ കാര്യം അടുത്ത ഒഴിവുവരുമ്പോൾ പരിഗണിക്കാം എന്നൊരനുഗ്രഹവും. പ്രതീക്ഷയും പ്രാർത്ഥനയുമായി കഴിഞ്ഞുകൂടി. ഒരുമാസം കഴിഞ്ഞപ്പോൾ എന്നെ എൽ.ഡി.സി.ആയി തലശ്ശേരി സർക്കിൾ ഒഫീസിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവു കിട്ടി-ശ്രീ വി.ജെ.പരമേശ്വരൻ നമ്പൂതിരി അത് പറഞ്ഞു നിർത്തുമ്പോൾ ആ മനസ്സിലെ സന്തോഷം മുഖത്ത് ഇപ്പോഴും പ്രതിഫലിക്കുന്നു.

ശ്രീ.വി.ജെ.പരമേശ്വരൻ നമ്പൂതിരിക്ക് ജോലികിട്ടി അവിടെ ചേരാൻ പോകുന്ന യാത്രയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ വാചാലനാകുന്നു: ദൂരെ പോയിട്ടുള്ള ശീലമില്ല.പുറമേപോയി ശീലമുള്ളവർ ഇല്ലത്തുമില്ല. ദുർഗ്ഗാ ഭഗവതിയുടേയും അച്ഛന്റെ അനുഗ്രഹാശിസ്സുകളോടെയും ഒരു ധൈര്യത്തിൽ തലശ്ശേരിക്ക് യാത്ര പുറപ്പെട്ടു. പട്ടാമ്പിപോയി തലശ്ശേരിക്കുള്ള ടിക്കെറ്റെടുത്ത് വണ്ടിയിൽ കയറി. ഇതിനുമുമ്പ് തീവണ്ടിയാത്ര ചെയ്തിട്ടോ,പുറമേപോയി താമസിച്ചിട്ടോ പരിചയമില്ലായിരുന്നു. വണ്ടി കുറേദൂരംചെന്നപ്പോൾ അടുത്തിരിക്കുന്ന വയോധികൻ ചോദിച്ചു. നിങ്ങൾക്ക് എവിടെയാണ് കീയേണ്ടത്? ഞാൻ ഉത്തരം പറയാതെ പരുങ്ങുന്നതു കണ്ടപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു. നിങ്ങൾക്ക് എവിടെയാണ് ഇറങ്ങേണ്ടത്? ഞാൻ തലശ്ശേരിക്കെന്ന് ഉത്തരം പറഞ്ഞു. കീയുക എന്ന വാക്കിന്റെ അർത്ഥം ഇറങ്ങുക എന്നാണ് എന്ന് അദ്ദേഹത്തിൽനിന്ന് മനസ്സിലായി. അദ്ദേഹം തലശ്ശേരി തിരുവങ്ങാട്ടുകാരനായ ഒരു മാരാരാണ്. പേര് ഓർമ്മയില്ല. അങ്ങനെ അദ്ദേഹവുമായി പരിചയപ്പെട്ടപ്പോൾ എനിക്ക് തലശ്ശേരി താമസിക്കാൻ ഒരു മുറി സൗകര്യപ്പെടുത്തിത്തരുന്നകാര്യവും അപേക്ഷിച്ചു. ഞങ്ങൾ തലശ്ശേരി വണ്ടിയിറങ്ങി. വൈകുന്നേരമാണ്. അദ്ദേഹത്തിന്റെ കൂടെ ഞാനും തിരുവങ്ങാട്ടേയ്ക്കു നടന്നു. ശ്രീരാമസ്വാമിക്ഷേത്രത്തിനടുത്തുള്ള സമൂഹമഠത്തിലേയ്ക്കുപോയി. അവിടെ താമസിക്കാൻ ഒരു മുറി സൗകര്യപ്പെടുത്തിത്തന്നു. അദ്ദേഹത്തോട് ഞാൻ അത്രയും കടപ്പെട്ടവനാണ്. ഇല്ലത്തെ ഭഗവതിയുടെയും അച്ഛന്റെയും അനുഗ്രഹാശിസ്സുകൊണ്ടു മാത്രമാണ്. തലശ്ശേരിയിൽ ഈ സൗകര്യം എനിക്കു ലഭ്യമായത്. പിറ്റേ ദിവസം രാവിലെ തിരുവങ്ങാട് അമ്പല



*വി.ജെ.പരമേശ്വരൻ നമ്പൂതിരി ഭാര്യയോടൊപ്പം*

ത്തിലെ ചിറയിൽ കുളിച്ച് ശ്രീരാമസ്വാമിക്ഷേത്രത്തിലും അടുത്തുള്ള ശിവക്ഷേത്രത്തിലും ദർശനംനടത്തി.അടുത്ത ഹോട്ടലിൽനിന്ന് ഭക്ഷണം കഴിച്ച് തലശ്ശേരി സെൻട്രൽ എക്സൈസ് സർക്കിൾ ഓഫീസിൽ 15-08-1945-ന് ലോവർ ഡിവിഷൻ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. 40 രൂപ ബേസിക്കും 4 രൂപ ഡി.എ.യും ആയിരുന്നു ശമ്പളം.

അദ്ദേഹം ജോലിയിൽ ചേർന്നപ്പോൾ അദ്ദേഹത്തിന്റെ 14 സഹോദരങ്ങളിൽ(രണ്ട് അമ്മമാരിലായി) രണ്ട് അനുജന്മാരും രണ്ട് അനുജത്തിമാരും ഹൈസ്കൂൾ ക്ലാസിൽ പഠിക്കുകയായിരുന്നു. അവർക്ക് മാസം 10.ക.ഫീസ് വേണം. തനിക്കു കിട്ടിയ ശമ്പളത്തിൽനിന്ന് അവർക്കുവേണ്ട 10.ക.മുടങ്ങാതെ തന്റെ അച്ഛന് അദ്ദേഹം അയച്ചുകൊടുത്തിരുന്നു. അന്നത്തെ വീട്ടുവാടക 50 പൈസയും ഭക്ഷണത്തിന് 4 അണയും ആയിരുന്നു.ഈ വിവരങ്ങളൊക്കെ അദ്ദേഹം കുറിച്ചുവെക്കും. ഒരിക്കൽ ഒരു സംഭവമുണ്ടായി. തലശ്ശേരിയിൽ അന്ന് കുചേലന്റെ ചായപ്പീടിക എന്നൊരു കടയിൽനിന്നാണ് ചായ കൊണ്ടുവരിക. ശമ്പളം കിട്ടിയാൽ പൈസകൊടുക്കും. ഒരിക്കൽ പൈസ കൊടുത്തിട്ടും ചായക്കടക്കാരൻ പറഞ്ഞു: തിരുമേനി, കഴിഞ്ഞ മാസത്തെ ചായക്കാശ് തന്നില്ലല്ലോ എന്ന്. തന്നിട്ടുണ്ടെന്ന് ഇദ്ദേഹവും. അങ്ങനെ രണ്ടുപേരും അന്നന്നത്തെ കണക്കുകൊണ്ടുവന്ന് പരിശോധിക്കാം എന്ന് ധാരണയായി. അവസാനം അദ്ദേഹം ഡയറിയിൽ കുറിച്ചുവെച്ച കണക്ക് പരിശോധിച്ചപ്പോഴാണ് ചായക്കടക്കാരന് കാര്യം ബോദ്ധ്യമായതത്രെ.

ശ്രീ.വി.ജെ.പരമേശ്വരൻ നമ്പൂതിരി ഇങ്ങനെ തുടരുന്നു : ഞാൻ തലശ്ശേരിയിൽ സുമാർ അഞ്ചുകൊല്ലത്തോളം ജോലിചെയ്തു.അവിടെനിന്നും മാറ്റമായത് അഴീക്കൽ പോർട്ടിലേയ്ക്കാണ്. അവിടെ നാലഞ്ചുമാസം പണിയെടുത്ത് പിന്നീട് കോഴിക്കോട് ഡിവിഷണൽ ഓഫീസിലേയ്ക്ക് മാറി. കോഴിക്കോട്ട് പണിയെടുക്കുമ്പോൾ അപ്പർ ഡിവിഷൻ ക്ലാർക്കായി പ്രമോഷൻ കിട്ടി.അടുത്ത പ്രമോഷൻ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഇൻസ്പെക്ടറായും, മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഹെഡ് ക്ലാർക്കായുമാണ്. എനിക്ക് ഇൻസ്പെക്ടർ ആവാനാണു മോഹം. എന്നാൽ ഇൻസ്പെക്ടർ ആവാൻ ഉയരം 5'5 വേണം. ഞാൻ 5'4 ഉയരമേയുള്ളൂ. അതിനാൽ ആ മോഹം സാധിക്കുമെന്ന് വിചാരിക്കാൻ വയ്യ. ആ സമയത്ത് ഇൻസ്പെക്ടർ ആവാൻ ഒരു ടെസ്റ്റ് ഉണ്ടായിരുന്നു. ഞാൻ ആ ടെസ്റ്റ് പാസായിട്ടു കാര്യമില്ലെന്നു കരുതി അപേക്ഷിച്ചില്ല. എന്നാൽ എന്റെ അടുത്ത സുഹൃത്തായ രാജഗോപാൽ നിർബ്ബന്ധിച്ചതുകാരണം ഞാൻ പരീക്ഷയെഴുതി. ജയിക്കുകയും ചെയ്തു. കുറച്ചു ദിവസത്തിനുശേഷം ഒരുനാൾ അപ്രതീക്ഷിതമായി ഒരു ഓർഡർ വന്നു. എന്തെന്നാൽ ഇൻസ്പെക്ടറാവാൻ ഉയരം 5'4 ആയാലും മതി എന്ന്. അങ്ങനെ ഇൻസ്പെക്ടർ പ്രമോഷൻ ലിസ്റ്റിൽ എന്റെ പേരും വന്നു എന്നത് എനിക്ക് വിശ്വസിക്കാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമായി. അങ്ങനെ എന്നെ ഇൻസ്പെക്ടറായി പ്രമോട്ടു ചെയ്തത് തമിഴ്നാട്ടിലെ ശിവകാശി റേഞ്ചിലേയ്ക്കായിരുന്നു. ഞാൻ അവിടെ പോയി കഷ്ടി രണ്ടുവർഷം ജോലിചെയ്തശേഷം കേരളത്തിലേയ്ക്കുതന്നെ മാറ്റം കിട്ടുകയും ചെയ്തു. ഇങ്ങനെ എൽ.ഡി.സി,ഇൻസ്പെക്ടർ,സൂപ്രണ്ട് എന്നീ തസ്തികകളിൽ കേരളത്തിലും തമിഴ്നാട്ടിലും അന്നത്തെ മൈസൂർ സ്റ്റേറ്റിന്റെ കീഴിലുള്ള ബാംഗ്ലൂരിലും ഒക്കെയായി ഏകദേശം 38 കൊല്ലത്തോളം ജോലിചെയ്തശേഷം പാലക്കാട് റേഞ്ചിൽനിന്ന് 1983-ൽ ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ചു.

അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതത്തിന്റെ തുടക്കത്തിൽ മേലുദ്യോഗസ്ഥന്മാരൊക്കെ ബ്രിട്ടീഷുകാരായിരുന്നു. അവരുടെ കണിശത,കൃത്യനിഷ്ഠ,മര്യാദ,ഭരണനൈപുണ്യം ഇവയൊക്കെ ആദരിക്കേണ്ടതും അനുകരിക്കേണ്ടതുമായിരുന്നു എന്ന് അദ്ദേഹം ദൃക്സാക്ഷ്യപ്പെടുത്തുന്നു. അന്ന് സെന്റ്രൽ എക്സൈസിന് വിശാഖപട്ടണം മുതൽ കുന്താപ്പൂർ വരെ ഒരു ഓഫീസറുടെ കീഴിൽ റീജ്യനായിട്ടായിരുന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥരൊക്കെ പാന്റും കോട്ടും ധരിക്കും. ഇന്ത്യക്കാരായ സീനിയർ ഉദ്യോഗസ്ഥരും യൂണിഫോമിന്റെ ഭാഗമായി കോട്ട് ഇടണമായിരുന്നു. എന്നാൽ മിനിസ്റ്റീരിയൽ ആയവർക്ക് യൂണീഫോം വേണ്ട. ഇതൊക്കെയായിരുന്നു അന്നത്തെ രീതി എന്നും അദ്ദേഹം ഓർക്കുന്നു.

ബാഗ്ലൂരിൽ ജോലിചെയ്യുന്ന കാലത്ത് ഒരു രസകരമായ സംഭവം ഉണ്ടായത് അദ്ദേഹം ഓർക്കുന്നു. ബാഗ്ലൂരിലേയ്ക്ക് മാറ്റം കിട്ടിയപ്പോൾ താമസിക്കാൻ ഒരു ഇടം വേണമല്ലൊ. അന്വേഷിച്ച് അവസാനം അദ്ദേഹത്തിന്റെ പരിചയത്തിലുള്ള ആരുടേയോ പരിചയക്കാരനായ ഒരു ബാഗ്ലൂർ സ്വദേശിയുടെ വീട് വാടകയ്ക്ക് തരാം എന്നേറ്റു. അക്കാലത്താണ് കേരളത്തിൽ അവനവന്റെ കൈവശമുള്ള ഭൂമിയൊന്നും ആർക്കും വിട്ടുകൊടുക്കേണ്ടതില്ല എന്ന ഭൂപരിഷ്കരണ നിയമം നടപ്പാവുന്നത്. ഇതറിഞ്ഞ കർണ്ണാടകക്കാരനായ വീട്ടുടമസ്ഥൻ ഭയപ്പെട്ട് പറഞ്ഞുവത്രെ : മലയാളിക്ക് വീട് വാടകയ്ക്ക് കൊടുത്താൽ ആ വീട് പിന്നീട് അയാളുടെ സ്വന്തമാകും. അങ്ങനെ കേരളക്കാർ ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. അതിനാൽ വീട് വാടകയ്ക്ക് കൊടുക്കാൻ പറ്റില്ല എന്ന്. ഭൂപരിഷ്കരണ നിയമം പലർക്കും ഗുണമായെങ്കിലും എനിക്ക് ദോഷമാണ് വരുത്തിയത് എന്ന് വി.ജെ.പരമേശ്വരൻ നമ്പൂതിരിയുടെ ഫലിതം.

1952-മെയ്-13-ന് ആണ് ശ്രീ.വി.ജെ.പരമേശ്വരൻ നമ്പൂതിരി വിവാഹിതനാവുന്നത്. ഈശ്വരമംഗലത്ത് വടക്കേ നെടുമ്പിള്ളി കൃഷ്ണൻ നമ്പൂതിരിയുടേയും സാവിത്രി അന്തർജ്ജനത്തിന്റെയും മകൾ സാവിത്രി

അന്തർജ്ജനത്തെയാണ് അദ്ദേഹം വിവാഹംചെയ്തത്. ഇരുവരും ചേർന്നുള്ള ദാമ്പത്യജീവിതത്തിൽ 73 വർഷം പിന്നിട്ടു എന്ന പ്രത്യേകതകൂടി ആ ദമ്പതികൾക്ക് അവകാശപ്പെടാനുണ്ട്. വാർദ്ധക്യസഹജമായ ആതുരതകൾ സാവിത്രി അന്തർജ്ജനത്തെയും അലട്ടുന്നുണ്ട്.

ശ്രീ.വി.ജെ.പരമേശ്വരൻ നമ്പൂതിരി തന്റെ ഔദ്യോഗികജീവിതത്തിനോടൊപ്പം തന്റെ കടമയായി ഏറ്റെടുത്തു ചെയ്യേണ്ട പല കുടുംബ വിഷയങ്ങളെക്കുറിച്ചും വാചാലനായി. അതിലൊന്ന് തന്റെ അച്ഛന് സഹായത്തിനായി 1975–ൽ കോഴിക്കോട്ടുനിന്ന് ഇല്ലത്തേയ്ക്ക് താമസം മാറ്റേണ്ടിവന്നതിനെക്കുറിച്ചാണ്. അതദ്ദേഹം ഇങ്ങനെ വിവരിക്കുന്നു : അന്ന് കുട്ടികൾ കോളേജിലും സ്കൂളിലുമായി പഠിക്കുകയായിരുന്നു. അവരുടെ പഠിപ്പ് പാലക്കാട്ടേയ്ക്ക് മാറ്റേണ്ടിവന്നു. അന്ന് ഇല്ലത്ത് കറന്റ് വന്നിട്ടില്ല. അതിനാൽ കുട്ടികൾക്ക് രാത്രി പഠിക്കാൻ ഒരു കനിവിളക്കും,ഒരു മാടമ്പി വിളക്കും, ഒരു കോൽ വിളക്കും മാത്രമായിരുന്നു ആശ്രയം. ഇല്ലത്ത് ഇലക്ട്രിസിറ്റി വരുന്നത് 1980–ലാണ്. അതുവരെ കുട്ടികൾ വല്ലാതെ ബുദ്ധിമുട്ടി. ഇലക്ട്രിസിറ്റി കേരളത്തിൽ വ്യാപകമാവുന്നതുവരെ ഓരോ വീട്ടിലെയും കുട്ടികൾ എത്ര കഷ്ടപ്പെട്ടാണ് പഠിച്ചിരുന്നത് എന്നതിന്റെ ഒരു നേർച്ചിത്രമാണ് ഇന്നത്തെ കുട്ടികൾക്ക് അദ്ദേഹം വരച്ചുകാട്ടുന്നത്. അദ്ദേഹത്തിന്റെ അച്ഛൻ വാർദ്ധക്യസഹജമായ അസുഖം കാരണം 87–ാം വയസ്സിൽ(1983ൽ)ഇഹലോകവാസം വെടിഞ്ഞു.

മറ്റൊന്ന് തറവാട് പല ഘട്ടങ്ങളിലായി പരിഷ്കരിച്ചതിനെ പറയുന്നിടത്ത് തന്റെ കുടുംബാംഗങ്ങളുടെ പ്രയത്നത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിങ്ങനെയാണ് : നാലുകെട്ടു മുഴുവൻ മാറോടായിരുന്നു. അതുമുഴുവൻ മാറ്റി അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന കമ്പനി ഓടുമേഞ്ഞു. അന്നത്തെ ചെറുപ്പക്കാരായ ദാമോദരപ്ഫന്റെയും നാരായണൻ,കൃഷ്ണൻ എന്നീ അനിയന്മാരുടെയും സഹോദരിമാരായ സാവിത്രി, ദേവകി എന്നിവരുടെ മാതൃകാപരമായ സഹകരണത്തോടെ ഈ മേച്ചിൽ പൂർത്തിയാക്കിയത്. അപ്ഫനും അനിയന്മാരും മുകളിൽ കയറി മാറോട് താഴേക്കിറക്കി അതിനുശേഷം കമ്പനി ഓട് വെച്ച് മേച്ചിൽ പൂർത്തിയാക്കുന്നതുവരെ അതിനുവേണ്ട സഹായങ്ങൾ താഴേനിന്ന് അനുജത്തിമാർ ചെയ്തുകൊടുത്തു–അക്കാലത്ത് നമ്പൂതിരിമാർ, പ്രത്യേകിച്ച് നമ്പൂതിരി സ്ത്രീകൾ ഇത്തരം ജോലികളിൽ ഏർപ്പെടുക എന്നത് അധികം കേട്ടുകേൾവിയില്ലാത്തതായിരിക്കും.

ശ്രീ.വി.ജെ.പരമേശ്വരൻ നമ്പൂതിരി തന്റെ തറവാടിന്റെ വിവരണത്തിൽ പടിപ്പുരയുമായി ബന്ധപ്പെട്ട ഒരു കഥ വിവരിക്കുന്നുണ്ട്. അത് ഇന്ന് ബ്രാഹ്മണിക്കൽ ഹെജിമനി കൊണ്ടാടുന്നവർ മനസ്സിലാക്കേണ്ട ചരിത്ര വസ്തുതകൂടിയാണ്. അത് ഇങ്ങനെയാണ് : എന്റെ മുത്തച്ഛൻ ഞങ്ങളുടെ ഊരായ്മാക്ഷേത്രമായ പച്ചായിത്തേവരുടെ വലിയ ഭക്തനായിരുന്നു. അദ്ദേഹം രാവിലെ 11 മണിയാകും പച്ചായി തേവാരം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ ഇല്ലത്തുവന്ന് വൈശ്യം എന്ന ക്രിയ കഴിഞ്ഞ്, പശുക്കൾക്കു പുല്ലുകൊടുത്തശേഷമേ ഭക്ഷണം കഴിക്കാൻ ഇരിക്കൂ. പച്ചായിയിൽനിന്ന് വരുമ്പോൾ അന്നത്തെ ആചാരപ്രകാരം ഹാ ഹാ എന്ന് ഒച്ചയാട്ടിക്കൊണ്ടാണ് വരിക. ഒരു ദിവസം അങ്ങനെ അദ്ദേഹം ഇല്ലത്തെ പടിപ്പുരയിലെത്തിയപ്പോൾ ഒരു കുട്ടി അവിടെ നിൽക്കുന്നുണ്ടായിരുന്നു. നീ ആരാ എന്നു ചോദിച്ചപ്പോൾ ഞാൻ അമ്മ പറഞ്ഞിട്ട് ഇവിടെ പശുവിന് പുല്ലുകൊണ്ടുവന്നുവെക്കാൻ വന്നതാണ് എന്നു പറഞ്ഞു. ഇല്ലത്തെ പണിക്കാരിയായ ഹരിജൻ സ്ത്രീയാണ് പുല്ലുകൊണ്ടുവന്നു വെയ്ക്കുക പതിവ്. പടിപ്പുരയിൽ വെച്ച് മാറി നിൽക്കുകയാണ് പതിവ്. അന്ന് അവൾക്ക് എന്തോ വയ്യാത്തതുകൊണ്ട് മകനെ വിട്ടതാണ്. ശബ്ദം കേട്ട് എന്തേ മാറി നിൽക്കാഞ്ഞത് എന്ന് ചോദിച്ചപ്പോൾ അറിയാത്തതുകൊണ്ടാണ് എന്ന് അവൻ പറഞ്ഞത് കേട്ടപ്പോൾ മുത്തച്ഛന് കലശലായ ദേഷ്യം വന്നു. അവന് നല്ലൊരു അടികൊടുത്തു. അവിടുന്ന് നേരെ കുളത്തിൽപോയി കുളിച്ച് വൈശ്യം,പശുവിന് പുല്ലുകൊടുക്കൽ,ഭക്ഷണം ഒക്കെ കഴിഞ്ഞ് ഇരിക്കുമ്പോൾ അദ്ദേഹത്തിന് വളരെ മനസ്താപമായി. കാര്യസ്ഥനെക്കൊണ്ട് ഹരിജൻസ്ത്രീയുടെ വീട്ടിൽനിന്ന് അവനെ വിളിപ്പിച്ചു. അവനെ അടിച്ചതിന്റെ പ്രായശ്ചിത്തമായി ഒരു ഓണപ്പുടവയും കൊടുത്തിട്ടാണ് അവനെ തിരിച്ചുവിട്ടത് എന്നു കേട്ടിട്ടുണ്ട്–ചാതുർവർണ്ണ്യവ്യവസ്ഥ കൊടികുത്തിവാഴുന്ന അക്കാലത്ത് സമൂഹത്തിലെ ഏറ്റവും താഴ്ന്ന ജാതിശ്രേണിയിൽപ്പെട്ടവരോടുപോലും തെറ്റുപറ്റിയാൽ ക്ഷമിക്കാനും സഹായിക്കാനും ഒരു മടിയും ഇല്ലാത്തവരായിരുന്നു ബഹുഭൂരിപക്ഷം നമ്പൂതിരിമാരും എന്നതിനുദാഹരണംകൂടിയാണിത്. ഈ കുറിപ്പിൽ പറഞ്ഞ പല വിവരണങ്ങളും അദ്ദേഹത്തിന്റെ മങ്ങുന്ന ഓർമ്മകൾ എന്ന ഓർമ്മക്കുറിപ്പിൽ കുറിച്ചിട്ടിട്ടുമുണ്ട്.

ഔദ്യോഗികജീവിതത്തിന്റെ 51–ാം വാർഷികത്തിന്റെ കവാടത്തിലും ദാമ്പത്യജീവിതത്തിൽ 73–ാം വർഷവും പിന്നിട്ടുനിൽക്കുന്ന ബ്രിട്ടീഷ് സർക്കാർ ഉദ്യോഗസ്ഥനായി ഔദ്യോഗികജീവിതം ആരംഭിച്ച് സ്വതന്ത്യഭാരത സർക്കാരിന്റെ കീഴിൽനിന്ന് വിരമിച്ച ശ്രീ.വി.ജെ.പരമേശ്വരൻ നമ്പൂതിരി പ്രായത്തിന്റെ ആകുലതയെ മാനിച്ച്, ഒറ്റയ്ക്ക് തറവാട്ടിൽ താമസിക്കാൻ മെനക്കെടാതെ, തറവാടിനു തൊട്ടുമുമ്പിലുള്ള മകന്റെ വസതിയിലാണ് ഇപ്പോൾ താമസം. അല്പസ്വല്പം വിഷമതകളൊക്കെ ഉണ്ടെങ്കിലും ഈ 104–ാം വയസ്സിലും ഉന്മേഷവാനും ഉത്സാഹിയുമായി ഗതകാലസ്മരണകളിൽ വാചാലനായികൊണ്ട് ജീവിതയാത്ര തുടരുന്നു. ●

മക്കൾ – 1. ഉമാദേവി–നാരായണൻ,താറങ്ങാട് മന, 2.സാവിത്രി–ജാതവേദൻ,അഷ്ടത്ത് മന, 3.ശ്രീദേവി–കാറൽണ്ണ മേലേടം മന, 4.കൃഷ്ണദാസ് –ലത,തിയ്യന്നൂർ മന

വി.ജെ.പരമേശ്വരൻ നമ്പൂതിരിയുടെ ഫോൺ നമ്പർ – 94005 19410

മകൻ കൃഷ്ണദാസിന്റെ നമ്പർ – 94474 24167

ഒ.എൻ..രാജേഷ്, ഒരുപുലാശ്ശേരി മന,
കല്ലിപ്പാടം പി.ഒ., ഷൊർണ്ണൂർ– 679122,
പാലക്കാട് ജില്ല. ഫോൺ – 94955 02605

# കിണറ്റുപാളയിലെ സ്വർണ്ണ മോതിരം



**പി.ബി.ഹൃഷികേശൻ**

പടുതോൾ സാവിത്രി അന്തർജ്ജനം എന്റെ ചെറിയമ്മ(അഫന്റെ -അച്ഛന്റെ അനുജന്റെ- പത്നി) യാണ്. ഏകദേശം, പ്രീഡിഗ്രിക്കു ഞാൻ പഠിക്കുന്ന കാലംവരെ, ഞങ്ങൾ എല്ലാവരും ഒന്നിച്ചാണ്, കൂട്ടുകുടുംബമായിട്ടാണ് ഇല്ലത്തു താമസിച്ചിരുന്നത്. അക്കാലത്തു കഥകൾ വായിക്കാനൊക്കെ താല്പര്യമുള്ള അപൂർവ്വം ആളുകളിൽ ഒരാളായിരുന്നു ചെറിയമ്മ എന്നു തോന്നിയിട്ടുണ്ട്. അഫൻ വളരെ മനോഹരമായി അക്ഷരശ്ലോകം ചൊല്ലുമായിരുന്നു.

ഞങ്ങൾ സ്കൂളിൽ പോവാൻ തുടങ്ങുന്ന കാലത്ത് ചെറിയമ്മയാണ് സ്കൂളിൽ പഠിയ്ക്കാൻ പോയ അനുഭവമുണ്ടായിരുന്ന ഒരേയൊരാൾ. എന്റെ അച്ഛനും അമ്മയും അഫനും മുൻതലമുറിയിലെ ആരും ,സ്കൂളിൽ പോയിട്ടില്ല.

അതുകൊണ്ടാവും നന്നായി പഠിയ്ക്കാൻ ചെറിയമ്മ പ്രോൽസാഹിപ്പിച്ചിരുന്നു - നാലാം ക്ലാസിൽ നല്ല മാർക്കു കിട്ടിയതിന് ഒരു സമ്മാനം തരികയുമുണ്ടായി അതൊരു കളർച്ചിത്രമുള്ള കുട്ടികളുടെ കഥാപുസ്തകമായിരുന്നു.

ഇപ്പോൾ ആദ്യമായി, എൺപത്തിമൂന്നാമത്തെ വയസ്സിൽ, ചെറിയമ്മ തന്റെ കുട്ടിക്കാലത്തെ കുറിച്ച് എഴുതുന്നു. തുടർച്ചയായി എഴുതി ഉൽസാഹത്തോടെ പലതവണ വായിയ്ക്കുന്നു. അപ്പോൾ ആത്മഭാഷണങ്ങൾ ചെറിയമ്മയുടെ കഥകൾ മാത്രമല്ലാതാവുന്നു, ഒരു കാലത്തിന്റെ ഒരു ഇല്ലത്തിന്റെ ഒരു ദേശത്തിന്റെ ചാർച്ചകളുടെ, നമ്പൂതിരി ആചാരാനുഷ്ഠാനങ്ങളുടെയൊക്കെ അനുസ്യൂത കഥയായി പരിണമിയ്ക്കുന്നു.

കിണറ്റുപാളയിലെ സ്വർണ്ണു മോതിരം എന്ന ചെറിയമ്മയുടെ ആത്മഭാഷണത്തിന്റെ ചെറിയൊരു ഭാഗം താഴെ കൊടുക്കുന്നു.

“1942 ലായിരുന്നു എന്റെ ജനനം. 5 വയസ്സു കഴിഞ്ഞപ്പോൾ ബ്രഹ്മകുളത്തു ഒരു കോൺവെന്റിലാണ് എന്നെ ഒന്നാംക്ലാസിൽ ചേർത്തത്. ബ്രഹ്മകുളത്തുള്ള പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെയും പാതാക്കര പാർവ്വതി അന്തർജനത്തിന്റേയും അഞ്ചാമത്തെ കുട്ടി, 5-ാം ക്ലാസിലായപ്പോൾ പാവർട്ടി സ്കൂളിലേക്കു മാറ്റി. ഏടത്തിമാരാരും വലുതായതിനുശേഷം സ്കൂളിൽ പോയിട്ടില്ല. വല്ല്യേടത്തി ആകെ ഒരു കൊല്ലം മാത്രമേ സ്കൂളിൽ പോയിട്ടുള്ളു. അതു പാവറട്ടി സ്കൂളിലാണു, സെക്കൻഫോമിൽ.

ഇല്ലത്തു ചെറിയൊരു നാലുപുരയായിരുന്നു. ഇപ്പോൾ അതൊക്കെ പൊളിച്ചു. വടക്കെ ഇടനാഴി, തെക്കേ ഇടനാഴി എന്നിങ്ങനെ രണ്ടിടനാഴികളുണ്ടായിരുന്നു. തെക്കെ ഇടനാഴിയിൽനിന്നു തെക്കോട്ടുകടന്നാൽ ഒരു ഇറയമുണ്ട്. ഇഷ്ടികയിട്ട നിലം. നല്ല നീളവും വീതിയും ഉണ്ടായിരുന്നു. അതിന്റെ പടിഞ്ഞാറെ അറ്റത്തു വലിയൊരു തിണ്ണയുണ്ടായിരുന്നു. മുത്തച്ഛൻ ഉച്ചതിരിഞ്ഞു ഒരു നാലുമണിയോടെ ഒരു ചായയുമായി അവിടെയിരിയ്ക്കും. പിന്നെ ആ ഇറയത്തുകൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കും. ഒരു നാമം ജപിക്കുന്നുമുണ്ട്. ദുർഗ്ഗാദേവി ശരണമഹം പ്രപദ്യേ എന്നാണോ എന്നറിയില്ല.

തിണ്ണയുടെ അവിടെന്നു തെക്കോട്ടു കടന്നാൽ നാടകശാലയെന്നൊരു സ്ഥലമുണ്ടായിരുന്നു. അതിന്റെ ഒരറ്റത്തു വലിയ പത്തായമുണ്ടായിരുന്നു. പടിഞ്ഞാറുഭാഗത്താണ് പത്തായപ്പുര. അവിടെ ഒരു മുറിയുണ്ട് (പത്തായപ്പുരയുടെയകം എന്നാണു പറയുക.) ആ പത്തായപ്പുരയോടു ചേർന്നിട്ടാണു ഇപ്പോഴത്തെ പെര. ഒരു മുറിയും അടുക്കളയും ഹോളും വേറെയുണ്ടാക്കി. ഓടിട്ട വീടുതന്നെയാണ്. എന്താച്ചാൽ വല്യേട്ടനു വാർക്കണതിഷ്ടമല്ല.

നാടകശാലയുടെ തെക്കോട്ടു ഒരിറയമുണ്ടായിരുന്നു. തെക്കോട്ടു നീങ്ങീട്ടു അവിടെ ഒരു മുറിയുണ്ടായിരുന്നു. എഴുതണമുറി എന്നാണു പറയുക. ഏട്ടന്മാരൊക്കെ അവിടെ ഇരുന്നാണു പഠിയ്ക്കുക. വയസ്സായ ഒരു മേനോനാണ് പഠിപ്പിയ്ക്കുവാൻ വന്നിരുന്നത്. എന്നെ എഴുത്തിനു വെച്ചിട്ടു ആദ്യം എഴുതാനും വായിയ്ക്കാനും നല്ല ഉച്ചാരണശുദ്ധിയോടുകൂടിയാണ് പഠിപ്പിച്ചത്. ആ ദിവസം ഇല്ലത്തു മാന്ത്രികക്കാരന്റെ (സാക്ഷാൽ വാഴകുന്നം തന്നെയാണെന്ന് തോന്നുന്നു) ജാലവിദ്യ ഉണ്ടായിട്ടുണ്ട്. തെക്കിനിയിൽ ആണ് ഉണ്ടായത്. ഒരു നമ്പൂതിരിയുടെ മോതിരം മേടിച്ചു കാണിച്ചു തുപ്പേട്ടന്റെ കൈയ്യിൽ കൊടുത്തു. കിണറ്റിൽ കൊണ്ടുപോയിടാൻ പറഞ്ഞു. അതുപോലെ ചെയ്തു. എന്നിട്ട് ഏട്ടനോടുതന്നെ ഒരുപാള വെള്ളം കോരിക്കൊടുക്കുവാൻ പറഞ്ഞു. വെള്ളം കോരിക്കൊണ്ടുവന്നു. ഒരു കേടും കൂടാതെ മോതിരം അതിൽ കിടക്കുന്നു.” ●

പി.ബി.ഹൃഷികേശൻ
(കവി, മുംബൈ ആണവോർജ്ജ വകുപ്പിൽ ചീഫ് എൻജിനീയറായി വിരമിച്ചു, ചാലക്കുടി പടുതോൾ ഇല്ലം), ഫോൺ: 7045706127

# ഉണ്ണിയുണ്ടായി വേൾപ്പിച്ചതിലൊരു....

# ഡാഡ് & മോം ടു ബി

**നെഡ്ഢം ഭവത്രാതൻ നമ്പൂതിരി**



ജ്ഞാനപ്പാന പരാമർശിച്ചത് ആഗ്രഹങ്ങളുടെ ചങ്ങലയാണ്. ഉണ്ണിയുണ്ടാവണം, ഉണ്ണിക്കൊരുണ്ണിയുണ്ടാവണം. മോഹങ്ങൾ തുടരട്ടെ.

അതെന്തായാലും ഭാര്യാഭർത്താക്കന്മാർക്ക് അബദ്ധത്തിൽ സംഭവിക്കുന്നതാവരുത് സന്താനലബ്ധി. സൃഷ്ടികർമ്മത്തിനു മുമ്പ് ദമ്പതിമാർ ശാരീരികമായും മാനസികമായും മുന്നൊരുക്കങ്ങൾ നടത്തണം. ഔഷധസേവ കൊണ്ട് വർധിത വീര്യരാവണം രണ്ടു പേരും. ബീജാധാനം കേവലം ശാരീരികപ്രക്രിയ അല്ല. അതിനുള്ള മുന്നുപാധി യാണ് ശുദ്ധവും നിർമ്മലവുമായ മനസ്സ്.

കാലം, പശ്ചാത്തലം, പരിസ്ഥിതി, അന്തരീക്ഷം, ദേഹ സ്ഥിതി എന്നിവ അനുകൂലമാവണമെന്ന് ശാസ്ത്രം. ഗർഭാധാനം കഴിഞ്ഞാൽ ബീജത്തിന്റെ വളർച്ചയും സുരക്ഷയും പ്രധാനമാണ്. ഭൗതികവും ആധ്യാത്മികവുമായ ചിട്ടകൾ ഇതിനുണ്ട്. ഗർഭിണിക്ക് മാനസികവും ശാരീരികവുമായ ഉല്ലാസം വേണം. ഔഷധസേവയോടൊപ്പം പുംസവനം, സീമന്തം, തുടങ്ങിയ കർമ്മങ്ങളും പ്രധാനം.

ഭാര്യയും ഭർത്താവും ഗർഭദീക്ഷയിലാണ്.

അമ്മയ്ക്കും ഗർഭസ്ഥ ശിശുവിനും ആവശ്യമായ പരിചരണങ്ങൾ നൽകാൻ തികഞ്ഞ ശ്രദ്ധയും ജാഗ്രതയും ആവശ്യം.

പുരാണത്തിലെ സൽക്കഥകളറിഞ്ഞ് മനസികോല്ലാസത്തിനായി കീർത്തനങ്ങളും വീണക്കച്ചേരിയും കേട്ട് തികഞ്ഞ സന്തോഷത്തിലാവണം അമ്മ മനസ്സ്. ക്ഷേത്ര ദർശനവും കുട്ടികൾക്ക് ഇഷ്ടഭക്ഷണാദികൾ ഉണ്ടാക്കി നൽകി സന്തോഷിപ്പിക്കുന്നതും നിഷ്കർഷിച്ചിരിക്കുന്നു. ഔഷധസേവയും കർമ്മാനുഷ്ഠാനങ്ങളും ഒരുപോലെ പ്രധാനം.

ഗർഭിണീപരിചരണത്തിന്റെ, പ്രസവത്തിന്റെയും ചിട്ടകൾ ആയുർവേദവും ആധുനികശാസ്ത്രവും വ്യക്തമാക്കുന്നുണ്ട്.

ഷോഡശസംസ്കാര രീതികൾ വ്യക്തിയുടെ പൂർണ്ണതയ്ക്കു വേണ്ടിയാണ്. ഭാവി തലമുറ എന്നൊക്കെറ്റ നമുക്ക് അഭിമാനിക്കണമെങ്കിൽ സൃഷ്ടിയും സ്ഥിതിയും പവിത്രമായി പരിപാലിക്കണമെന്നർത്ഥം. ●

നെഡ്ഢം ഭവത്രാതൻ, 9497808567


വെൺപങ്കജത്തിലമരുന്ന സരസ്വതീ നീ
യൻപോടുവന്നു വിളയാടുകയെന്റെ നാവിൽ!
നിൻപാദപത്മമടിയന്റെ മനക്കുരുന്നിൽ
കമ്പംവെടിഞ്ഞു തെളിയേണമയേ ഭവാനീ!
(ചെമ്പാഴി)



വിജയദശമി മംഗളങ്ങളോടെ,

ചെമ്പാഴി ഉണ്ണിക്കൃഷ്ണൻ
നമ്പൂതിരിപ്പാട്,
ഇടപ്പള്ളി, എറണാകുളം
9447926612

*Best complements from*

Ganamadhurima

*online and offline classes for Nursery Rhymes, Light music and Carnatic music*

Contact: **8075266153**

whats app: **9447338779**

Search on Youtube Ganamadhurima

**N Unnikrishnan**


തരണി ഇല്ലം
NAMBOOTHIRI'S PRODUCTS
പ്രഭാതത്തിൻ
രുചിക്കൂട്ട്
NO ADDED PRESERVATIVES
ശുദ്ധമായ ഇഡലി/ദോശ മാവ്
IDLY/DOSA BATTER
OFFICE
0496 2999240
DELIVERY
70122 55612
CUSTOMER CARE
95392 96699


ഇപ്പോൾ
ലഭ്യമാണ്
ദശദാനവിധികൾ
സർപ്പപൂജാവിധികൾ
സർപ്പസംസ്കാരം
അഥവാ
സർപ്പശാന്തി
പൂജാസമന്വയം 3 വോള്യം
സമ്പാദകൻ : എം. വി. സുബ്രഹ്മണ്യൻ നമ്പൂതിരി
കോപ്പികൾക്ക് ബന്ധപ്പെടുക 9562638209

# ശ്രീരാഗ് & അഞ്ജന



മലപ്പുറം ജില്ലയിലെ വിളയിൽ പാനാട്ട് ഇല്ലത്ത് പദ്മനാഭൻ നമ്പൂതിരിയുടെയും തളിപ്പറമ്പ് കൊയ്യത്ത് ചെപ്പന്നൂർ ഇല്ലത്ത് ലളിതയുടെയും മകൻ ശ്രീരാഗും പാണ്ടംപറമ്പത്ത് മനയ്ക്കൽ ശങ്കരന്റെയും (തൃശൂർ പാട്ടുരായ്ക്കൽ ടെമ്പിൾ റോക്ക് അപ്പാർട്ട്മെന്റ്സ്) തിരുവല്ല താളിവല്ലി ഇല്ലത്ത് കവിതയുടെയും മകൾ അഞ്ജനയും കോഴിക്കോട് ആശിർവാദ് ലോൺസിൽ വച്ച് 2025 ആഗസ്റ്റ് 31ന് വിവാഹിതരായി.



# സഫലമീ ജീവിതം

## ലത തായട കിഴിനിപ്പുറം

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ ശാസ്ത്രീയ സംഗീത പഠനം ആരംഭിച്ചു. മുത്തശ്ശിമാരുടെ ശിക്ഷണത്തിൽ തിരുവാതിരക്കളിയും. പിന്നീട് ശ്യാമള ടീച്ചറുടെ കീഴിൽ ഭരതനാട്യവും നാടോടി നൃത്തവും അഭ്യസിച്ചു. കൂടെ മോഹിനിയാട്ടവും മാർഗംകളിയും. ഫോക് ലോർ, ദേവസ്വം ബോർഡ് പുരസ്കാരങ്ങൾ.10544 ആളുകളുള്ള ഭരതനാട്യത്തിൽ പങ്കെടുത്തതിന് ഗിന്നസ് വേൾഡ് റെക്കോർഡ് . ആകാശവാണിയിലും ദൂരദർശനിലും പരിപാടികൾ അവതരിപ്പിക്കാറുണ്ട്.

ഇവയിലെല്ലാം അറുപത്തിമൂന്നാം വയസ്സിലും തുടർപഠനവും അവതരണങ്ങളും. 2025 ആഗസ്റ്റ് 20 ന് കഥകളിയിൽ അരങ്ങേറ്റം. തിരുവാതിരക്കളിയും സംഗീതവും പഠിപ്പിക്കുന്നു. മെഗാ തിരുവാതിരയും മെഗാ കോലാട്ടവും അവതരിപ്പിക്കുന്നു. വിവാഹം മറ്റ് ആഘോഷ വേളകളിൽ തിരുവാതിരക്കളി, കോലാട്ടം, മറ്റിനങ്ങൾ ആവശ്യക്കാർക്ക് അവതരിപ്പിച്ചു കൊടുക്കുന്നു.

യോഗക്ഷേമ സഭയുടെ സജീവ പ്രവർത്തക. ഇപ്പോൾ യോഗക്ഷേമ സഭയുടെ വനിതാ സ്റ്റേറ്റ് കൌൺസിലറും കലാക്ഷേത്രയുടെ കൌൺസിലറുമാണ്. ചാരിറ്റി പ്രവർത്തനങ്ങളിലും മുൻപിലുണ്ട്. അതോടൊപ്പം അച്ചാറുകൾ, കൊണ്ടാട്ടങ്ങൾ തുടങ്ങിയവയുടെ ബിസിനസ്സും. ഫോൺ :964545 5648.












വിധികർത്താവ്



ടേണിംഗ് പോയന്റ് 7

# നാഗപ്പൻ നായർ മുതൽ നരേന്ദ്ര മോദി വരെ..

**എസ് നാരായണൻ നമ്പൂതിരി**



തുടങ്ങുന്നത് ഫ്ളാഷ്ബാക്ക്.

തലസ്ഥാന നഗരം. വർഷം 1971. ഒരു ക്ലാസ് മുറി.

അഞ്ചാം ക്ലാസിലെ ആദ്യ ദിനം.

പല കാരണങ്ങൾ കൊണ്ടും കുപ്രസിദ്ധമായ ഒരു വിദ്യാലയം ...ആദുഷ്പേര്, ഒന്നു രണ്ട് വർഷം കൊണ്ട് അടിമുടി മാറ്റിമറിച്ച ഫാദർ കുഞ്ചെറിയ. അദ്ദേഹം മുഖ്യാദ്ധ്യാപകനായതോടെ, തലസ്ഥാനത്തെ ഏറ്റവും മികച്ച വിദ്യാലയങ്ങളുടെ നിരയിലെത്തിയ സെയ്ന്റ് ജോസഫ്സ്.

സ്ക്കൂളിന്റെ കിഴക്ക് വശം ഗ്രൗണ്ടാണ്. അതിന്റെ പടിഞ്ഞാറതിരിൽ റോഡിന് സമീപം, തെക്കോട്ട് നീളുന്ന ക്ലാസ് മുറികളുടെ നിര. അതിൽ വടക്കേ അറ്റത്ത് അഞ്ച് ബി. ആദ്യ പീരീഡ്.

ക്ളാസ് ടീച്ചർ ആൻറണി ഗോമസ് സാറിന്റെ ഹാജറെടുപ്പ്, പരിചയപ്പെടൽ ഒക്കെ കഴിഞ്ഞു. അടുത്തതായി അവതരിക്കുന്നത് ആര് എന്ന കാത്തിരിപ്പിനൊടുവിൽ എത്തിയത് നാഗപ്പൻ നായർ സാർ. വിഷയം മലയാളം..

ഓർമ്മയിലെ രൂപത്തിന് പന്ന്യൻ രവീന്ദ്രന്റെ ഛായ. തലമുടി നീട്ടി വളർത്തിയിട്ടില്ല എന്ന വ്യത്യാസം മാത്രം.. വെളുത്ത ഷർട്ടും മുണ്ടും.. എണ്ണമയമുള്ള മുടി, വകുപ്പിട്ട് ചീകി ഒതുക്കിയിട്ടുണ്ട്. ക്ളാസ് മൊത്തം ഒന്ന് നോക്കി. തിരുവന്തോരം ഭാഷയിൽ 'ഇത്തിപ്പൂരമുള്ള പിള്ളാര്.' മിക്കതും തൊട്ടപ്പുറമുള്ള ഹോളി എയ്ഞ്ചൽസിൽ നിന്നുള്ള ഇറക്കുമതി.



*മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുമായി അഭിമുഖം*

ഭാഷ അറിയുമോ എന്ന് നോക്കണമ ല്ലോ. അതിനായി കണ്ടുപിടിച്ച വഴി യാണ് ശ്രദ്ധേയം. ഓരോ കുട്ടിയും, സ്വന്തം പേര് ബോർഡിലെഴുതുക. യജ്ഞം തുടങ്ങി. സാർ മേശപ്പുറത്ത് അർദ്ധാസനത്തിൽ, പാതി ബോർഡി ലേയ്ക്കും പാതി ക്ളാസിലേയ്ക്കും തിരിഞ്ഞ് ഇരിക്കുകയാണ്.

അപ്പികള് കൊഴപ്പമില്ലാതെ സൊന്തം പേരുകളെഴുതി.

അങ്ങനെ ജോസ്മോന്റെ ഊഴമെത്തി. ജോസ്മോൻ എഴുതി. സാർ നോക്കി. എന്നിട്ട് പാറപ്പുറത്ത് ചിരട്ട ഉരച്ചു.

'ഡേയ്. നിന്റെ സ്വഭാവമല്ല..പേരാണ് എഴുതാൻ പറഞ്ഞത്.'

ഞങ്ങൾ ബോർഡിലേയ്ക്ക് നോക്കി. കാര്യം മനസിലായവർ പതുക്കെ ചിരിച്ചു. സാറിന് ചിരി വന്നതായി തോന്നിയില്ല. പ്രതിയോട് പറഞ്ഞു..

'എഴുതിയത് വായിക്ക്.'

ജോയി ഇല്ലാത്ത മുഖത്തോടെ അവൻ വായിച്ചു.

'ജോയ് മോൻ അലക്സ്.

സാറിന്റെ കൈയ്യിലെ ചൂരൽ മേശപ്പുറത്ത് ശബ്ദമുണ്ടാക്കി.

ചിരട്ട വീണ്ടും ശബ്ദിച്ചു.

'എഴുതിയത് വായിക്കെടാ.'

അപ്പോഴാണ്, താൻ എഴുതിയത്, ജോസ്മോൻ ശ്രദ്ധിച്ചത്.

പ്രകടമായ ചമ്മലോടെ അവൻ വായിച്ചു.

'ജോയ് മോൻ അലസ്.

പരിഭ്രമത്തിൽ അലക്സ് 'ക്' ഉപേക്ഷിച്ച് അലസനായി തീർന്നിരുന്നു.

അതാണ്, നിന്റെ സ്വഭാവമല്ല, പേരാണ് ചോദിച്ചത് എന്ന് സാർ പറഞ്ഞത്. ക്ളാസ് ഒന്നടങ്കം ചിരിച്ചു. ജോസ്മോനും അലസത വെടിഞ്ഞ് ചിരിച്ചു. പാറപ്പുറത്ത് ചിരട്ട ഉരയ്ക്കുന്ന ശബ്ദത്തിലുള്ള ചിരി, മറ്റ് ചിരികളെ നിഷ്പ്രഭമാക്കി.

ഒന്നാം ദിവസം തന്നെ ഒരു ഒന്നാന്തരം പാഠം.

അഞ്ചരപതിറ്റാണ്ട് മുമ്പുള്ള ഈ അഞ്ചാം ക്ളാസ് മുറിയിൽ നിന്ന് ഒരു പ്രക്ഷേപകനിലേയ്ക്ക് ദൂരമേറെയുണ്ട്. അതേ സമയം ഇതു പോലെയുള്ള കൊച്ചുകൊച്ചു കാര്യങ്ങൾ ഒരു പ്രക്ഷേപകനെന്ന നിലയിൽ, ഭാഷാപരമായി പലപ്പോഴും സ്വാധീനിക്കുകയോ വഴികാട്ടുകയോ



*മികച്ച ഡോക്യുമെന്ററിക്കുള്ള 2010 ലെ ആകാശവാണി ദേശീയ പുരസ്ക്കാരം സംഗീതസംവിധായകൻ ആനന്ദ്ജിയിൽ (കല്ല്യാൺജി..ആനന്ദ്ജി) നിന്ന് സ്വീകരിക്കുന്നു.*

ചെയ്തിട്ടുമുണ്ട്. അതിൽ ചിലത് ഓർത്തെടുക്കുവാനുള്ള ഒരു ശ്രമം...

ആലപ്പുഴ ജില്ലയിൽ, കായംകുളത്തിനും ഹരിപ്പാടിനുമിടയിലുള്ള ഏവൂർ. എന്റെ ജന്മഗ്രാമം. ഓണാട്ടുകരയുടെ ചെത്തവും ചൂരും, ശുദ്ധം എന്ന് പലരും വിശേഷിപ്പിക്കുന്ന ഓണാട്ടുകരഭാഷയെന്ന പ്രാദേശികഭേദവും നിറയുന്ന ഒരിടം. ജനിച്ചതവിടെ എങ്കിലും വളർന്നത് തലസ്ഥാന നഗരത്തിൽ. മലയാളത്തിലെ ഏറ്റവും കളിയാക്കപ്പെടുന്ന ഭാഷാഭേദത്തിന്റെ 'സൊന്തം തിരോന്തരം.' പല ഘട്ടങ്ങളിലായി എന്റെ തലസ്ഥാനവാസം അരനൂറ്റാണ്ട് പിന്നിടുമ്പോഴും, ഭാഷാപരമായി ഞാനിന്നും ഓണാട്ടുകരക്കാരൻ തന്നെയാണ്.

ഏതായാലും 14 വർഷത്തെ തലസ്ഥാനവാസം കഴിഞ്ഞ് പറിച്ചുനടപ്പെട്ടത് തലശ്ശേരിയിലേയ്ക്ക്. അവിടെ എത്തിയശേഷമുള്ള ആദ്യ നാളുകൾ എന്റെ സംസാരശൈലിയുടേയും, ഭാഷയുടേയും പരീക്ഷണഘട്ടമായി എന്ന് ചരിത്രം. അതിന്റെ ആദ്യസൂചന നൽകിയത് ഒരു അയൽക്കാരൻ. ഞങ്ങൾ വാടകയ്ക്ക് താമസിച്ച വീടന്വേഷിച്ചു വന്ന ബന്ധുവിനോട്, അയൽവാസി ചോദിച്ചത് ഗൃഹനാഥന്റെ ലക്ഷണം.'ഒരു ചരട് കഴുത്തിൽ കെട്ടിത്തൂക്കിയിട്ട് നടക്കുന്ന ആളല്ലേ..' അത് പൂണൂൽ എന്ത് എന്ന് അറിയാത്തതിനാൽ എന്ന് സമാധാനിച്ചു. എനിക്കായിരുന്നു ആശങ്ക ഏറെ.. കോളേജ് അദ്ധ്യാപകനായ അച്ഛന്റെ സഹപ്രവർത്തകർ ഭൂരിഭാഗവും തെക്കൻ ചിട്ടക്കാർ. പിന്നെ അദ്ധ്യാപകൻ പറയുന്നത് കേൾക്കുന്ന വിദ്യാർത്ഥി



*കേന്ദ്രമന്ത്രി വി.മുരളീധരൻ*

എന്നായിരുന്നല്ലോ അന്നത്തെ രീതി. അപ്പോൾ വലിയ പരിക്ക് ഇല്ലാതെ രക്ഷപെടാം. വീട്ടമ്മയായ അമ്മയ്ക്ക്, പുറത്തുള്ളവരുമായി സമ്പർക്കം കുറവായതിനാൽ വലിയ പേടി വേണ്ട. സ്ക്കൂൾ വിദ്യാർത്ഥിയായ എന്റെ കാര്യം അങ്ങനയല്ലല്ലോ. ക്ളാസിൽ മൗനവ്രതമനുഷ്ഠിക്കാനാകുമോ?

സ്ക്കൂളിലെ ആദ്യ ദിവസം തന്നെ ഭയന്നത് സംഭവിച്ചു.

പരിചയപ്പെടലുകൾക്കിടെ, തെക്കൻ മട്ടിലുള്ള എന്റെ സംഭാഷണം, പലരിലും പലപ്പോഴും അടക്കിപ്പിടിച്ച ചിരിയുണർത്തുന്നുണ്ടായിരുന്നു. അപ്പോഴാണ് സംഭാഷണത്തിൽ എവിടെ നിന്നോ ഒരു ശുനകൻ കടന്നു വന്നത്. ഓണാട്ടുകരശൈലിയിൽ, ശ്വാനരിലെ ലിംഗഭേദം സൂചിപ്പിക്കാൻ, സന്ദർഭാനുസരണം പട്ടിക്കൊപ്പം ആൺ/പെൺ വിശേഷണം ചേർക്കും. ഞാനുമതേ ചെയ്തുള്ളൂ. പിന്നെ പറയാനുണ്ടോ. കൂവലും ചിരിയും കളിയാക്കലും എന്നു വേണ്ട. എനിക്കാകട്ടെ കാര്യം മനസിലായതുമില്ല. നായയേയും പട്ടിയേയും തിരിച്ചറിയാത്ത തെക്കൻ എന്നാവും അവർ കരുതിയത്. ഏതായാലും പെട്ടു. കുളിച്ചു കയറാതെ മറ്റ് മാർഗ്ഗമൊന്നുമില്ലതാനും.

അങ്ങനിരുന്നപ്പോൾ തൊട്ടപ്പുറത്തിരുന്നിരുന്ന കുഞ്ഞുവർക്കി പറഞ്ഞു.'തെറ്റ്. തെറ്റ്. ഒന്നു മിണ്ടാതെ, ബഞ്ചിന്റെ അറ്റത്ത് ഇരിക്കുകയായിരുന്ന ഞാൻ എന്ത്

തെറ്റാണ് ചെയ്തത് എന്ന് ഒട്ടും പിടികിട്ടിയില്ല.. കുഞ്ഞുവർക്കി എഴുന്നേറ്റു. ഞാൻ ഭയന്നു.. ഇഷ്ടനെ കണ്ടാൽ പരമ പാവം. എങ്കിലും, ഞാൻ എന്തോ തെറ്റ് ചെയ്തതിന് ഉടനടി (ഉടൻ അടി) നടപടി കൈക്കൊള്ളുവാനുള്ള പുറപ്പാടാണോ എന്ന് ശങ്കിച്ചു. പക്ഷേ കുഞ്ഞുവർക്കിക്കുണ്ടോ കൂസൽ.. എഴുന്നേറ്റ് എനിക്കും ഡെസ്ക്കിനും ഇടയിലൂടെ ഞെങ്ങി ഞെരുങ്ങി പുറത്തേയ്ക്കിറങ്ങാൻ തുടങ്ങിയപ്പോൾ സംശയം തോന്നി ചോദിച്ചു. 'മാറാനാണോ പറഞ്ഞത്..' കുഞ്ഞു വർക്കി എന്നെ തുറിച്ചു നോക്കി ആവർത്തിച്ചു.'തെറ്റ്. ഞാൻ സുരക്ഷിതമാർഗം സ്വീകരിച്ച് സോറി എന്ന് പറഞ്ഞ് തെറ്റിക്കൊടുത്തു.. ക്ഷമിക്കണം എന്നത്, ഒട്ടും പരിചയമില്ലാത്ത വടക്കൻ ശൈലിയിൽ വല്ല തെറിയുമാണെങ്കിലോ.. തേന്മാവിൻ കൊമ്പത്ത് റിലീസ് ചെയ്യുന്നത് പിന്നെയും 19 വർഷം കഴിഞ്ഞാണ്. അല്ലെങ്കിൽ 'ലേലു അല്ലു..ലേലു അല്ലു..' എന്ന് നൂറ്റൊന്ന് ആവർത്തിച്ചേനേ.

മറ്റൊരർത്ഥത്തിൽ, ഞങ്ങൾ തമ്മിൽ ഒരിക്കൽ പോലും തെറ്റിയിട്ടുമില്ല. അര നൂറ്റാണ്ടിനിപ്പുറം, തലശ്ശേരി സൗഹൃദങ്ങൾ ഇന്നും സുദൃഢമാണ്. കഴിഞ്ഞ വർഷം, ഞാനുൾപ്പടെ അന്നത്തെ ചില സഹപാഠികൾ കുഞ്ഞുവർക്കിയുടെ ക്ഷണം സ്വീകരിച്ച് കുടകിൽ ഒത്തുകൂടുകയും ചെയ്തു. (കുഞ്ഞു വർക്കി ഇന്ന് ജോർജ് രാമപുരം ആണ്. ഈ പഴയ പേര് ഓർമ്മപ്പെടുത്തുന്നവരോട് അച്ചായൻ തെറ്റുമോ എന്നറിയില്ല.)



*മൃണാളിനി സാരാഭായ്, ആകാശവാണി അഭിമുഖവേളയിൽ.. (ആനക്കര വടക്കത്ത് തറവാട്ടിൽ)*

## കൗതുകകരമായ വസ്തുത

മാർക്ക് കിട്ടുവാനുള്ള ഉപാധിയോ, വഴിപാടോ ഒന്നുമല്ല, മറിച്ച് ഭാഷയുടെ സൗന്ദര്യം അറിഞ്ഞ് പഠിക്കുന്നതാണ് ഭാഷാപഠനം എന്ന് ബോദ്ധ്യപ്പെട്ടതും തലശ്ശേരിയിലെ പഠനകാലത്ത് തന്നെ.

അതും തലശ്ശേരി സെയ്ൻറ് ജോസഫ്സ് സ്ക്കൂളിലെ ചില അദ്ധ്യാപകർ നിമിത്തം.. വേർഡ്സ്വർത്തിന്റെ Solitary Reaper എന്ന ഒരൊറ്റ കവിതയിലൂടെ, ക്ലാസ് മുറി ഇംഗ്ലണ്ടിലെ ലെയ്ക്ക് പ്രവിശ്യയായി പരിണമിപ്പിച്ച ബാലൻമാഷ്.

മലയാളത്തിന്റെ സമസ്തസൗന്ദര്യവും, കൃത്യമായ ഉച്ചാരണത്തിലൂടെയും വാചകഘടനയിലൂടെയും ആസ്വദിപ്പിച്ച പണ്ഡിതൻ എന്ന വിശേഷണമുള്ള കുഞ്ഞിക്കണ്ണൻ മാഷ്.

ചെറുവാക്യങ്ങളുപയോഗിച്ച്, മൃദുഭാഷണത്തിലൂടെ ഇംഗ്ളീഷ് ഭാഷയുടേയും സാഹിത്യത്തിന്റെയും ലാവണ്യം മനസിൽ പതിപ്പിച്ച രത്നാകരൻ മാഷ്. ഒരു പ്രതീക്ഷയോ, തയ്യാറെടുപ്പോ ഇല്ലാതെ പ്രക്ഷേപണരംഗത്ത് എത്തിയ എനിക്ക്, ഇവർ പകർന്ന പാഠങ്ങൾ വിലപ്പെട്ടതായി.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽ നിന്ന് ഇംഗ്ളീഷിൽ ബിരുദാനന്തരബിരുദം നേടിയശേഷം, മൂന്ന് വർഷം നീണ്ട റെയിൽവേ യാത്രക്കൊടുവിൽ 1988 ലാണ് ഭക്തിവിലാസത്തിന്റെ പടി കയറിയത്.. തിരുവിതാംകൂർ ദിവാൻ സി.പി.രാ



*കലാമണ്ഡലം ഹൈദരലി, കോട്ടയ്ക്കൽ മധു, കലാമണ്ഡലം കേശവൻ, കലാമണ്ഡലം അപ്പുക്കുട്ടി പൊതുവാൾ... തൃശൂർ നിലയത്തിലെ പ്രതിഭാസംഗമം*

## എസ് നാരായണൻ നമ്പൂതിരി

ഏവൂർ അരിയന്നൂർ യശ്ശഃശരീരനായ പ്രഫ.എൻ.ശങ്കരൻ നമ്പൂതിരിയുടേയും സുഭദ്രാ അന്തർജ്ജനത്തിന്റേയും പുത്രൻ.. തിരുവനന്തപുരം, തലശ്ശേരി എന്നിവിടങ്ങളിലായി വിദ്യാഭ്യാസം.. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽ നിന്ന് ഇംഗ്ളിഷിൽ ബിരുദാനന്തരബിരുദം..

3 വർഷം റെയിൽവേയിൽ ജോലി നോക്കി..1988 ൽ ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ് ആയി ആകാശവാണിയിൽ.. 2021 ഡിസംബറിൽ, പ്രോഗ്രാം വിഭാഗം അസിസ്റ്റന്റ് ഡയറക്റ്ററായി വിരമിച്ചു.. തിരുവനന്തപുരം, തൃശൂർ നിലയങ്ങളിലായി വിവിധ പരിപാടികളുടെ ചുമതലയും അവതരണവും, റേഡിയോ കാർട്ടൂണുകളുടെ രചന, ദൃക്സാക്ഷിവിവരണം, ബാലലോകം അമ്മാവൻ, പ്രശ്നോത്തരി അവതാരകൻ, കഥാവായന, എന്നിങ്ങനെ റേഡിയോ പ്രക്ഷേപണത്തിന്റെ പല മേഖലയിലും പ്രവൃത്തിച്ചിട്ടുണ്ട്..

1994 ൽ, പലായനത്തിന്റെ മന്വന്തരങ്ങൾ എന്ന ഡോക്യുമെന്ററിക്ക് ദേശീയ തലത്തിൽ മെറിറ്റ് സർട്ടിഫിക്കറ്റും, 2010 ൽ അനുപമാ വാസിന്റെ ഹർഡിലുകൾ എന്ന ഡോക്യുമെന്ററിക്ക് ദേശീയ പുരസ്ക്കാരവും കിട്ടി..

19 മാസം, മൻ കീ ബാത്ത് പരമ്പരയുടെ മലയാളപരിഭാഷയുടെ ചുമതലയും, അവതരണവും നിർവ്വഹിച്ചു..

ആകാശവാണി അനുഭവങ്ങളടങ്ങിയ പുസ്തകം, 'അരങ്ങ് കാണാത്ത അണിയറച്ചിത്രങ്ങൾ'..

പത്നി.. സുമാദേവി (ചെങ്ങന്നൂർ വെള്ളിയോട്).. രണ്ട് പുത്രന്മാർ..

ഇരുവരും അക്കാഡമിക് മേഖലയിൽ....

ഇപ്പോൾ, തിരുവനന്തപുരത്തിനടുത്ത് അരുവിക്കരയിൽ താമസിക്കുന്നു..

മസ്വാമി അയ്യരുടെ ഔദ്യോഗിക വസതി ആയിരുന്ന ഭക്തിവിലാസം കൊട്ടാരത്തിലാണ് ആകാശവാണി തിരുവനന്തപുരം നിലയം പ്രവൃത്തിക്കുന്നത്).

റേഡിയോ കേട്ടു വളർന്ന പശ്ചാത്തലമുണ്ടായിരുന്നതിനാൽ, ആ ലോകം അപരിചിതമായിരുന്നില്ല എന്നതായിരുന്നു ആകപ്പാടെയുള്ള ധൈര്യം.

അവിടെ എത്തിയപ്പോഴോ? പ്രക്ഷേപണത്തിലൂടെ ഭാഷയുടെ കൃത്യതയും, വ്യക്തതയും, സൗന്ദര്യവും ആരിൽ നിന്ന് കേട്ടറിഞ്ഞുവോ, അവരുടെ സാധാരണ സംസാരശൈലി പകർന്ന ആശ്വാസം ചെറുതായിരുന്നുമില്ല.

ഒരു പ്രക്ഷേപകൻ നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്ന് കൃത്യമായ ഉച്ചാരണം ആണ്. പൊതുവെ ഒരു വാക്കിന് പിന്തുടരുന്ന ഉച്ചാരണം ഒന്ന് ..കൃത്യമായ ഉച്ചാരണം മറ്റൊന്ന് ഇങ്ങനെ വരുമ്പോൾ ഏത് സ്വീകരിക്കും.. സാധാരണ ശ്രോതാവിന് പരിചിതമായ ഉച്ചാരണം പിന്തുടരുക എന്നത് അംഗീകരിക്കാം. പക്ഷേ അത് ശരിയല്ല എങ്കിലോ.. ആകാശവാണി പോലെയുള്ള മാദ്ധ്യമത്തിന് ശരിയായത് പകർന്ന് നൽകുക എന്ന കടമ കൂടിയുണ്ട്. പറഞ്ഞു പറഞ്ഞ്, 'സന്നിഗ്ദ്ധമായ', 'സന്ദിഗ്ദ്ധ' അവസ്ഥയാണ് ഇത്.

എം.എ. വാചാ പരീക്ഷയുടെ ദിവസം. ചില സഹപാഠികൾക്കൊപ്പം, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഇടനാഴിയിൽ പരീക്ഷയെപ്പറ്റി സംസാരിച്ചിരുന്ന സമയം. വിഷയം ഒരു ഷെയ്ക്ക്സ്പിയർ നാടകം. ഞങ്ങൾ പറയുന്നത് കേട്ടുകൊണ്ടാണ് ഇംഗ്ലിഷ് വിഭാഗം മേധാവി ജോൺ സാർ വന്നത്. സ്വതവേയുള്ള പുഞ്ചിരി കൈവിടാതെ അദ്ദേഹം അടുത്ത് വന്നു ..എന്നിട്ട് പതുക്കെ പറഞ്ഞു 'Boys, it is മക്ബത്ത് not മാക്ബെത്ത് ..

അദ്ദേഹം വന്നത് പോലെ പോയി .. പ്രസ്തുത നാടകം പഠിപ്പിച്ച അദ്ധ്യാപകൻ കൃത്യമായി ഉച്ചരിച്ചിരുന്നു എങ്കിലും ഞങ്ങൾക്ക് അത്രയും ശ്രദ്ധ പോയില്ല എന്നതായിരുന്നു വസ്തുത..

ആകാശവാണിയിൽ എത്തിയപ്പോഴും ജോൺ സാർ, എന്നെ വിടാതെ പിൻതുടർന്നു. മറ്റ് പലരുടേയും 'മാക്ബെത്തി'നെ ഞാൻ 'മക്ബത്ത്' ആയി നിലനിർത്തി. എന്നാൽ, നിത്യവ്യവഹാരത്തിൽ കടന്നുവരാത്ത മക്ബത്ത് പോലെയല്ലല്ലോ മറ്റ് ചില വാക്കുകൾ.

ഗാരിജ് (garage) സർക്കിറ്റ് (circuit)..ഷാസി(chassis).. ഇത് പോലെയുള്ള വാക്കുകൾ പലപ്പോഴും മുൻസൂചിപ്പിച്ച ആശയക്കുഴപ്പത്തിൽ എത്തിച്ചിരുന്നു. യൂണിവേഴ്സിറ്റി കോളെജിലെ അതിപ്രഗൽഭനായ ഇംഗ്ളിഷ് അദ്ധ്യാപകൻ പ്രഫ.കൊച്ചനിയൻ മൂത്തതിന്റെ ക്ളാസുകളായിരുന്നു ഇതിലേയ്ക്ക് നയിച്ചത്.. എഴുത്തുപെട്ടി അവതരണത്തിന്റെ



*ഒരുമിച്ച്..അവസാനമായി.. കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരിയും, വെണ്മണി ഹരിദാസും..ഏറക്കാലത്തിന് ശേഷം ഒരുമിച്ച് പാടിയത് തൃശൂർ നിലയത്തിൽ നടന്ന ഈ ശബ്ദലേഖനത്തിൽ.. അവസാനമായി ഒരുമിച്ച് പാടിയതും ഈ അവസരത്തിലാണ്..*

അവസാനം പറഞ്ഞ 'നന്ദി' യായിരുന്നു മറ്റൊരു പ്രശ്നം. നന്ദിയെ നന്നിയും, ചന്ദനത്തെ 'ചന്നന'വും, മന്ദിരത്തെ 'മന്നിര'വും ആക്കിയവർ ഈ ബുദ്ധിമുട്ട് വല്ലതും അറിയുന്നുണ്ടോ. എന്റെ 'നന്ദി' കേട്ട ഒരു മുൻ ചീഫ് സെക്രട്ടറി, വ്യക്തിപരമായ അധിക്ഷേപത്തിന് വരെ മുതിർന്നു. തുടക്കത്തിൽ സൂചിപ്പിച്ച നാഗപ്പൻ നായർ സാർ പറഞ്ഞ 'എഴുതിയത് വായിക്കെടാ' എന്നത് കൂടെക്കൂടെ ഓർക്കുവാനായത് ഭാഗ്യം.

ഈ വിധത്തിലുള്ള പല അനുഭവങ്ങളാണ് 'മൊഴിയഴക്' എന്ന പരിപാടി തുടങ്ങുവാൻ പ്രേരണ നൽകിയത്.. മലയാളം,ഇംഗ്ളിഷ് ഭാഷകളുടെ സവിശേഷതകളും, പ്രയോഗങ്ങളും, ഉച്ചാരണവും ഒക്കെ പ്രതിപാദിക്കുന്ന, ഭാഷാ നിപുണരായവർ നടത്തിയ ലഘു പ്രഭാഷണങ്ങൾ ആയിരുന്നു മൊഴിയഴക്. മുൻപ് സൂചിപ്പിച്ച പല അനുഭവങ്ങളും ഓരോ പരിപാടിയുടേയും ആമുഖമായി നൽകുകയും ചെയ്തു. റെയിൽവേയിലായിരുന്ന സമയത്തുണ്ടായതായിരുന്നു അതിലൊന്ന്.

ആശയ വിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ. എവിടേയും കേൾക്കുന്ന പ്രയോഗമാണിത്. അതു മാത്രമല്ല, അതിലപ്പുറമുള്ള ചില ഘടകങ്ങൾ കൂടി വേണ്ടേ.

റെയിൽവേ ഉദ്യോഗസ്ഥനായി കരൂരിൽ എത്തി നാളുകൾ കടന്നിട്ടും, തമിഴ് പറയാൻ അത്ര വഴക്കം വന്നിരുന്നില്ല ... പറയുന്നതിലെ ആശയം കഷ്ടിച്ച് മനസ്സിലാകും എന്നുമാത്രം. തിരിച്ച് തമിഴ് പറയാൻ തുടങ്ങുമ്പോൾ, അവർ പറയും 'മലയാളം പോതും'.

അതെ. എന്റെ തമിഴിനേക്കാൾ മനസ്സിലാക്കാൻ എളുപ്പം മലയാളം ആണ് എന്ന് കരൂർക്കാർ തിരിച്ചറിഞ്ഞിരുന്നു..

കരൂരിൽ നിന്ന് ഒരുപാട് യുവാക്കൾ, ജോലിക്കായി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോയിരുന്ന കാലം.. വൈകിട്ടുള്ള പാസഞ്ചറിൽ ഈറോഡ് എത്തുക. അവിടെ നിന്ന് ദീർഘദൂര തീവണ്ടികളിൽ യാത്ര തുടരുക. ടിക്കറ്റ് ഇവിടെ നിന്നും എടുക്കാം.

ഒരു സായാഹ്നത്തിൽ ഒരു ചെറുപ്പക്കാരൻ കൗണ്ടറിൽ വന്നു. വളരെ വിനയത്തോടെ പറഞ്ഞു.

'ആസാമോട് തലൈനഗര്ത്തുക്ക് ശീട്ട് തലൈനഗരമോ? അതേത് സ്ഥലം?

കൗണ്ടറിൽ തിരക്കേറിയ സമയം ഞാൻ അയാളോട് കാത്ത് നിൽക്കാൻ പറഞ്ഞ ശേഷം മറ്റുള്ളവരെ ഒഴിവാക്കി. പിന്നെ ചാർട്ടെടുത്തു..ത..ലൈ.. നഗരം. പലവട്ടം നോക്കി. രക്ഷയില്ല അങ്ങനെ ഒരു സ്ഥലം ആസാമിൽ എന്നല്ല ഭാരതത്തിൽ എവിടെയുമില്ല. ഞാൻ പറഞ്ഞു.

'അങ്ങനൊരു സ്ഥലമില്ല.

അയാൾ വിനയം വിടാതെ ചിരിച്ചു. തമിഴും, ഞാനും ബഹുദൂരത്തിലാണ് എന്ന് മനസ്സിലായി ..പിന്നെ പറഞ്ഞത്, ഞാൻ ഒരിക്കലും മറക്കില്ല.

'സാർ.. തമിഴ് നാടുക്ക് മദ്രാസ്, തലൈ നഗരം .. കേരളാവ്ക്ക് ട്രിവാൻഡ്രം അന്തമാതിരി ആസാമോട് തലൈ നഗരം ..എനക്ക് പേര് തെരിയാതേ

ഞാൻ അക്ഷരാർത്ഥത്തിൽ ചെറുതായ അവസ്ഥ. തലൈ നഗരം. തലസ്ഥാനം അങ്ങനെ ചിന്ത പോയില്ല. അത് മനസ്സിലാക്കിത്തരാൻ ഒരു ഗ്രാമീണ ബുദ്ധി നോക്കണേ ...ഞാൻ ഉടൻ ചോദിച്ചു പോകേണ്ട സ്ഥലം ഗൗഹാട്ടിയാണോ... അയാൾക്ക് ആഹ്ളാദം അടക്കാനായില്ല ...

'അത് താൻ സാർ.. റൊമ്പ നൻട്രി..

(അന്ന് ഗൗഹാട്ടി എന്നായിരുന്നു ഉച്ചാരണം ..പിന്നീട് ഗുവാഹത്തി

ആയി..ഇപ്പോഴാകട്ടെ ഗുവാഹത്തി യുടെ പ്രാന്തപ്രദേശമായ ദിസ്പൂർ ആണ് തലസ്ഥാനമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ആസാം എന്ന് പറഞ്ഞിരുന്നത്, അസമും ആയി.

മുൻകാല അനുഭവങ്ങൾക്കൊപ്പം, ആറ് മലയാളിക്ക് നൂറ് മലയാളം എന്ന് പറയുന്നത് വെറുതെയല്ല എന്ന് ബോദ്ധ്യപ്പെടുത്തിയ പലതും, ചുറ്റുപാടുകളിൽ നിന്നും വീണ് കിട്ടുകയും ചെയ്തു..

ഒരു സുഹൃത്തിന്റെ അടുത്ത ബന്ധുവായ അഞ്ചു വയസുകാരൻ ആണ് നായകൻ. തിരുവന്തപുരം കാണാനെത്തിയതാണ്..

കുസൃതി ഉൽഭവിച്ചത് അവനിൽ നിന്നാണ് എന്ന് പറഞ്ഞാലും അതിശയോക്തിയില്ല.. അങ്ങനെ വികൃതി കാട്ടി നടക്കുന്നതിനിടയിലാണ് അതുണ്ടായത്. തിരോന്തരം ഭാഷയിൽ മലക്കറിക്കാരി തള്ള (പച്ചക്കറിയുമായി വീടുകളിൽ എത്തുന്ന ഒരമ്മൂമ്മ) വന്നു.. വീട്ടുകാരി പച്ചക്കറി വാങ്ങുന്നതിനിടയിൽ, നമ്മുടെ കുട്ടിവേഷം, ചോദ്യങ്ങളുമായി അടുത്തുകൂടി. കുറച്ചായപ്പോൾ പച്ചക്കറിക്കാരി കൗതുകത്തോടെ അവനോട് ചോദിച്ചു 'അപ്പി ഭയങ്കര കുണ്ടണിയാണ് അല്ലേ..' അവൻ ഒന്ന് പകച്ചു..ഒന്നാമത് 'അപ്പി' എന്നത്.. രണ്ടാമത് 'കുണ്ടണി.. 'കുഞ്ഞ് വലിയ കുസൃതിയാണ്' എന്ന വാത്സല്യരൂപത്തിന്റെ തിരുവനന്തപുരം ഭേദമാണ് 'അപ്പി ഭയങ്കര കുണ്ടണിയാണ്' എന്ന് ആ കോട്ടയം ജില്ലക്കാരന് മനസിലായില്ല.. സമാനമായ മറ്റൊരു വാക്കായാണ് അവൻ ധരിച്ചത്. ബാലാവകാശക്കമ്മീഷൻ, body shaming എന്നിങ്ങനെയുള്ള പലതും വരുന്നതിന് മുമ്പുള്ള കാലമായതിനാൽ ആ പച്ചക്കറിക്കാരി രക്ഷപെട്ടു.

ഏതായാലും തിരുവനന്തപുരത്തുകാരോട് കളിക്കുന്നത് സൂക്ഷിച്ച് വേണം എന്ന് മനസ്സിലാക്കിയ അപ്പി, മടങ്ങുന്നതുവരെ വരെ കുണ്ടണി പുറത്തെടുത്തില്ലത്രേ.. തികച്ചും സഹൃദയനായ അയൽക്കാരൻ സുഹൃത്ത് തന്നെയാണ് ഇത് പറഞ്ഞത്. ഇങ്ങനെ എത്രയോ കഥകൾ, അനുഭവങ്ങൾ.

പിന്നീട് എന്റെ അറിവിൽ, അന്നത്തെ അവതാരകരിൽ നാല് പേർ, അവരുടെ പ്രഭാഷണങ്ങൾ സംഗ്രഹിച്ച് 'മൊഴിയഴക്' എന്ന പേരിൽ തന്നെ ഓരോ പുസ്തകം പ്രസിദ്ധീകരിച്ചു. ഭാഷാപരമായി നടത്താവുന്ന പഠന/ഗവേഷണങ്ങളുടെ സൂചനയാണിത്. മൊഴിയഴകിൽ മാത്രമല്ല, ചെയ്തു പോന്ന പ്രഭാതഭേരി അടക്കമുള്ള പല പരിപാടികളുടേയും ആമുഖമായി ഇതുപോലെയുള്ള പലതും ചേർക്കുവാൻ സാധിച്ചു. വിഷയമനുസരിച്ച് ഓർത്തെടുക്കുവാനുള്ള വിഷമം മാത്രം. ഇതു പോലെയുള്ള സംഭവങ്ങൾ,ഒരു സംവിധാനത്തെ വിമർശിക്കേണ്ടി വരുമ്പോഴും ഉപയോഗിക്കാം. മുൻകൂട്ടി തയ്യാറാക്കുന്ന പരിപാടികളിലും, കൃത്യമായ ആസൂത്രണത്തോടെ നടക്കുന്ന തൽ

സമയ പരിപാടികളിലും, ഓർത്തെടുത്ത് ചെയ്യാം.

ദൃക്സാക്ഷി വിവരണത്തിലോ..?

2001 ൽ എന്നാണോർമ്മ. വേദി, ആറന്മുള ഉതൃട്ടാതി വള്ളംകളി.. കൃത്യസമയത്ത് വിവരണം തുടങ്ങി.. വള്ളംകളിയുടെ ലഘുചരിത്രം പറയുമ്പോഴേയ്ക്കും ഉൽഘാടനച്ചടങ്ങ് തുടങ്ങണം എന്നതായിരുന്നു സംഘാടകരുമായുള്ള ധാരണ.. ചരിത്രം കഴിഞ്ഞു. വർത്തമാനമായി..പിന്നേയും ചരിത്രം. ചടങ്ങ് തുടങ്ങുന്നതിന്റെ സൂചന പോലുമില്ല.. ഇനി പുതിയ ചരിത്രം സൃഷ്ടിച്ചാലേ രക്ഷയുള്ളൂ എന്ന ഘട്ടം..എന്റെ ഊഴമെത്തിയപ്പോൾ ഞാൻ ഒരു പഴയ സംഭവം വിവരിച്ചു. 1974 ലെ പ്രൂഡൻഷ്യൽ ക്രിക്കറ്റ് ലോകകപ്പ്..ഇന്ത്യാ ഇംഗ്ളണ്ട് മത്സരം..60 ഓവറിൽ ഇംഗ്ളണ്ട് നേടിയ 334 ന് എതിരേ 60 ഓവറിൽ ഇന്ത്യ 3 വിക്കറ്റ് നഷ്ടത്തിൽ 132. 60 ഓവറും ബാറ്റ് ചെയ്ത് 174 പന്ത് നേരിട്ട ഗാവസ്ക്കർ നേടിയത് 36 താൻ ബാറ്റിംഗ് പരിശീലനത്തിന് ആ മത്സരം ഉപയോഗപ്പെടുത്തി എന്ന കുമ്പസാരവും.. ഇത്രയും പറഞ്ഞശേഷം ഞാൻ കൂട്ടിച്ചേർത്തു.. 'ഇവിടെ, സംഘാടകർ, ചടങ്ങ് നടത്താനുള്ള പരിശീലനത്തിലാണ് എന്ന് തോന്നുന്നു.

മറ്റൊരിക്കൽ ഒരു ഗായകൻ തിരുത്തിയത് ചരിത്രത്തെയല്ല, ഇതിഹാസത്തെയാണ്. കഥകളിപ്പദങ്ങളുടെ ശബ്ദലേഖനം.

ജനപ്രിയ ആട്ടക്കഥകളിൽ ഒന്നാണ് ദുര്യോധനവധം. സുപരിചിതമായ മഹാഭാരതകഥ. വനവാസവും അജ്ഞാതവാസവും പൂർത്തിയാക്കിയ പാണ്ഡവർ, കൃഷ്ണനെ ദൂതനായി കൗരവസഭയിലേയ്ക്കയച്ചു. കൃഷ്ണൻ ദുര്യോധനനോട്, പാണ്ഡവർക്കുവേണ്ടി പകുതി രാജ്യത്തിൽ തുടങ്ങി,ഒരു വീടു വരെ ചോദിക്കുന്നു.. കൃഷ്ണന്റെ പദത്തിൽ, 'പാണ്ഡവർക്ക് കൊടുക്കണം' എന്ന അഭ്യർത്ഥനയാണ്.

ദുര്യോധനൻ ഓരോന്നിനും 'കൊടുത്തിടാ.(കൊടുക്കുകയില്ല) എന്ന് മറുപടിയായി നൽകും..

ഒരിക്കൽ ഒരു സഹഗായകൻ പാടിയത് 'കൊടുത്തിടാം' (കൊടുക്കാം) എന്ന് .. അതായത് കൃഷ്ണൻ, പകുതി രാജ്യം പാണ്ഡവർക്കുവേണ്ടി ചോദിക്കുമ്പോൾ, അത് കൊടുക്കാം എന്ന് ദുര്യോധനൻ പറയുന്നു...പിന്നെന്ത് തർക്കം..? യുദ്ധം ഒഴിവാകും .. ദുശ്ശാസനൻ വലിച്ചഴിച്ചിട്ട പാഞ്ചാലിയുടെ കേശഭാരം, അങ്ങനെ തന്നെ കിടക്കുകയും ചെയ്യും.. ശബ്ദലേഖനം നിറുത്തി ..ഇക്കാര്യം സൂചിപ്പിച്ചു. വീണ്ടും ശബ്ദലേഖനം തുടങ്ങി. സമാധാനകാംക്ഷിയായ ദുര്യോധനന് മാറ്റമില്ല ... ഉച്ചാരണത്തിലെ പ്രാദേശികമായ സവിശേഷത കാരണം കൊടുത്തിടാ എന്ന് പാടി ചുണ്ട് കൂട്ടുമ്പോൾ 'എം' എന്ന ശബ്ദം ഉണ്ടാകുന്നതാണ് കാരണം .. അരങ്ങത്ത് ഇത് അത്ര ശ്രദ്ധ നേടി എന്ന് വരില്ല. പക്ഷേ ശ്രവ്യമാദ്ധ്യമം ആയതിനാൽ, കേൾവിയിൽ ഇത് മുഴച്ച് നിൽക്കും .. ഒടുവിൽ, 'കൊടുത്തിടാ' എന്ന് പ്രധാന ഗായകനെ കൊണ്ട് പാടിച്ച് ഇതിഹാസത്തെ രക്ഷിച്ചു. വാക്കുകളുടെ മാത്രമല്ല പേരുകളുടെ ഉച്ചാരണത്തിലും ശ്രദ്ധ പുലർത്തേണ്ടതുണ്ട്.. ജവാഹർ ലാലിനെ ജവഹർ ലാലും, ലാൽ ബഹാദുറിനെ ലാൽ ബഹദൂറും, അബുൾ കലാം ആസാദിനെ അബ്ദുൾ കലാമും ആക്കുന്നതിൽ നമുക്ക് പ്രത്യേക വൈഭവമുണ്ട്..ജവാഹർ എന്ന് പറഞ്ഞപ്പോഴാണ്, ബാല്യത്തിൽ കേട്ട ഒരു കഥ ഓർക്കുന്നത്.. പ്രധാനമന്ത്രി ജവാഹർ ലാൽ നെഹ്റു തിരുവനന്തപുരത്ത് പൊതുയോഗത്തിൽ സംസാരിക്കുന്നു..പരിഭാഷകനുമുണ്ട്. പ്രധാനമന്ത്രി പറഞ്ഞു..'Kerala lacks in industries'.. അതാ വരുന്നു പരിഭാഷ.. 'കേരളത്തിൽ ലക്ഷക്കണക്കിന് വ്യവസായങ്ങളുണ്ട്. ഇത് അതിശയോക്തി ആകണമെന്നില്ല.. കാരണമുണ്ട്. രാഷ്ട്രത്തലവന്മാർ തമ്മിലുള്ള ഉച്ചകോടി നടക്കുമ്പോൾ, അതിനോടനുബന്ധമായി ഉദ്യോഗസ്ഥതല ചർച്ചകൾ നടക്കാറുണ്ടല്ലോ.. Sidelines of the summit എന്ന് ഇംഗ്ളിഷിൽ പറയും.ഇത് 'ഉച്ചകോടിയുടെ പാർശ്വങ്ങളിൽ' എന്ന് വിവർത്തനം ചെയ്ത ആകാശവാണി വാർത്താവതാരകരുണ്ട്. മറ്റൊരവസരത്തിൽ അമേരിക്കൻ പ്രസിഡൻറ്റിന്റെ ഔദ്യോഗികവസതി white house നെ ഒരു അവതാരകൻ വെള്ളക്കൊട്ടാരമാക്കി. വിദേശഭരണാധികാരികളുടെ പേരുകൾ കൂടി വിവർത്തനം ചെയ്യാതിരുന്നത് ഭാഗ്യം. David Copperfield നെ ദാവീദ് ചെമ്പുകണ്ടത്തിൽ എന്ന് മൊഴിമാറ്റം നടത്തിയ സരസനായ സുഹൃത്തിനെ ഓർത്ത് പോകുന്നു. ഇത്രയും സൂചിപ്പിച്ചതിനാൽ, വളരെ പ്രധാനപ്പെട്ട ഒരു വിവർത്തനത്തെ കുറിച്ചുകൂടി പറയുകയാണ്.. തിരുവനന്തപുരത്ത് നടന്ന ഒരു ചടങ്ങ്.... മുഖ്യാതിഥിയായ പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിൽ, ഇപ്രകാരം ഒരു വാചകമുണ്ടായിരുന്നു ''The Malayalam new year started a few days ago.'

വിവർത്തകൻ മൊഴിമാറ്റം നടത്തിയത് ഇങ്ങനെ.

'മലയാളം, ഒരു പുതിയ വർഷം തുടങ്ങിയത് കുറച്ച് ദിവസം മുൻപാണ്..' കേട്ടാൽ തോന്നും ഒരു പുതിയ കലണ്ടർ നടപ്പിൽ വരുത്തിയതാണ് എന്ന്.. അതേ സമയം, 'മലയാളത്തിന്റെ വർഷാരംഭം, കുറച്ച് ദിവസം മുൻപായിരുന്നു.. എന്നായാലോ... ഓരോ വാക്കിനും അർത്ഥം നൽകി പരിഭാഷപ്പെടുത്തുന്നതും, ആശയം പരിഭാഷപ്പെടുത്തുന്നതും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് വിവർത്തനം ചെയ്യുമ്പോൾ, അത്രയധികം ശ്രദ്ധ പുലർത്തേണ്ടതുണ്ട് എന്നർത്ഥം.....ഇതുമായി ബന്ധപ്പെട്ട മറ്റൊന്ന് ... Isolated heavy rainfall at certain places എന്നാൽ 'ചിലയിടങ്ങളിൽ, ഒറ്റപ്പെട്ട കനത്ത മഴയുണ്ടാവും' എന്നാണുദ്ദേശിക്കുന്നത്... ഇന്ന്, ആകാശവാണി ഉൾപ്പടെയുള്ള മാദ്ധ്യമങ്ങളിലെ മുന്നറിയിപ്പ് കേട്ടാൽ, മഴ, ഇടുക്കിയിലേയോ, അട്ടപ്പാടിയിലേയോ ആദിവാസി ഊരുകൾ പോലെ ജനവാസ കേന്ദ്രങ്ങളിൽ നിന്നകന്ന്, ഒറ്റപ്പെട്ടു കിടക്കുന്ന സ്ഥലങ്ങൾ നോക്കി പോകേണ്ടി

വരും...'ഒറ്റപ്പെട്ടയിടങ്ങളിൽ കനത്ത മഴയുണ്ടാവും..'മഴയാണ് ഒറ്റപ്പെട്ടത്, പെയ്യുന്ന ഇടമല്ല എന്ന ധാരണ ഇല്ലാതെ അശ്രദ്ധമായി വിവർത്തനം ചെയ്യുന്നതാണ് പ്രശ്നം. ആകാശവാണിയുടെ പ്രക്ഷേപണചരിത്രത്തിൽ, വ്യത്യസ്തമായ ഒന്നാണല്ലോ പ്രധാനമന്ത്രിയുടെ 'മൻ കീ ബാത്ത്' എന്ന പ്രഭാഷണ പരമ്പര .. സേവനത്തിന്റെ അവസാന 19 മാ



*'1977 ലെ SSLC ക്കാർ'. 2024 ൽ ആതിഥേയൻ കുഞ്ഞുവർക്കി എന്ന ജോർജ്ജ് രാമപുരത്തിനും, കുടുംബത്തിനുമൊപ്പം കുടകിൽ*



*ഐ.എം.വിജയൻ.. തൃശൂർ സ്റ്റുഡിയോയിൽ*

സമാണ്, പ്രസ്തുത പരിപാടിയുടെ മലയാള പരിഭാഷയുടെ മേൽനോട്ടവും, അവതരണവും നിർവ്വഹിച്ചത്. പരിപാടിയുടെ പ്രാധാന്യം മാത്രമല്ല, സമയബന്ധിതമായി പരിഭാഷ പൂർത്തീകരിക്കണം എന്നതും വലിയ വെല്ലുവിളി തന്നെയായിരുന്നു. പ്രക്ഷേപണത്തിന്റെ തലേ ദിവസം വൈകിട്ട് 3 മണിക്ക് ശേഷമാണ് ഹിന്ദി സ്ക്രിപ്റ്റ് കിട്ടുന്നത്. രാത്രി 11 മണിക്ക് മുമ്പ് വിവർത്തനം, ശബ്ദലേഖനം, എഡിറ്റിംഗ് ഒക്കെ പൂർത്തിയാക്കി, പരിഭാഷ ഡൽഹിയിൽ എത്തിച്ച് Approval വാങ്ങണം. ഇതായിരുന്നു രീതി. 2 പരിഭാഷകർ – സ്ക്രിപ്റ്റ് ആദ്യ പകുതി ഒരാളും, തുടർന്നുള്ള ഭാഗം മറ്റൊരാളും. പരിമിതമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുക എന്നത് ശ്രമകരം. അത് കൃത്യമായി പൂർത്തിയാക്കുക എന്നത് ഒരു പ്രക്ഷേപകന്റെ സംതൃപ്തിയും.

വിവർത്തനം ചെയ്യുന്നത് പ്രഗത്ഭർ തന്നെയാണ്.. പക്ഷേ, എഴുത്ത് ഭാഷയിൽ നിന്നും വിഭിന്നമാണ് പ്രക്ഷേപണ ഭാഷ. ധൃതിയിൽ വിവർത്തനം ചെയ്യുന്ന തിരക്കിൽ, പരിചിതമായ രീതി മാറ്റുന്നത്, പരിഭാഷകന് ബുദ്ധിമുട്ടാവും.. അതിനാൽ വായിക്കുന്നവർ തന്നെ അത് മാറ്റുകയും വേണം.

ഉദാഹരണത്തിന്, ഏപ്രിൽ 1 ന് എന്ന് എഴുതും – വായിക്കുമ്പോൾ ഏപ്രിൽ ഒന്നാം തീയ്യതി എന്നതാണ് പ്രക്ഷേപണത്തിന് യോജിക്കുക.. മറ്റൊന്ന് ഉത്തരേന്ത്യയിലെ സംഭാഷണ ശൈലിയും, നമ്മുടെ രീതിയും തമ്മിലുള്ള വ്യത്യാസമാണ് ...പ്രഭാഷണത്തിനിടയിൽ ഏതെങ്കിലും വ്യക്തിയുമായി പ്രധാനമന്ത്രി സംസാരിക്കുന്നു എന്ന് കരുതുക.. 'കൗസല്യാ.. ബഹൻജി .. കൈസാ ചൽ രഹാ ഹൈ?' എന്നത്

'കൗസല്യേ. സഹോദരീ.. എങ്ങനെ പോകുന്നു' എന്നായാൽ അടിമുടി കൃത്രിമമാകും..സന്ദർഭവും, വ്യക്തിയും, തുടർന്നുള്ള സംഭാഷണഗതിയും, അനുസരിച്ച്, വായിക്കുമ്പോൾ അത് മാറ്റുക എന്ന രീതിയാണ് ഞാൻ സ്വീകരിച്ചത്. 'ശ്രീമതി കൗസല്യ അല്ലേ. താങ്കൾക്ക് സുഖമെന്ന് കരുതുന്നു' എന്നായാൽ ഒരു വിധം ഒപ്പിക്കാം. സാന്ദർഭികമായി പറയട്ടെ. ഇങ്ങനെ 'ശ്രീമതി' എന്ന് പോലും ചേർക്കേണ്ടതില്ല. ചേർത്താൽ തികച്ചും ഔപചാരികമാകും. 'കൗസല്യാജി' എന്നോ 'സഹോദരി കൗസല്യേ' എന്നോ മലയാളത്തിൽ പ്രയോഗിച്ചാൽ അരോചകമാണ് താനും .. പ്രധാനമന്ത്രി പോലും 'ബഹൻജീ' എന്ന് പറയുമ്പോൾ, മലയാളത്തിൽ കൗസല്യ എന്ന് മാത്രം പറയുന്നത് വിമർശനവിധേയമാകുകയും ചെയ്യും എന്നതിനാലാണ് ശ്രീമതി ചേർക്കുന്നത്. സൂചിപ്പിച്ചതു പോലെ, ഓരോ വാക്കും പരിഭാഷപ്പെടുത്തുകയല്ല, ആശയം, നമുക്ക് പരിചിതമായ ശൈലിയിൽ അവതരിപ്പിക്കുന്ന രീതിയാണ് പ്രക്ഷേപണത്തിന് കൂടുതൽ അഭികാമ്യം. അയ്യോ പ്രധാനമന്ത്രി പറഞ്ഞത് മാറ്റാമോ എന്ന് ചിന്തിക്കുന്നവരുണ്ടാകാം. ഇവിടെ, പറഞ്ഞ കാര്യം മാറ്റുന്നില്ല. മാറ്റാൻ കഴിയുകയുമില്ല. പ്രധാനമന്ത്രിയെ പോലൊരാൾ പറഞ്ഞത്, വികൃതമായി അവതരിപ്പിക്കുകയല്ല. ആ ആശയം, വ്യക്തമായി അവതരിപ്പിക്കുകയാണ് ഒരു പ്രക്ഷേപകന്റെ ചുമതല. പരിഭാഷകൻ നടത്തിയ മൊഴിമാറ്റം, അങ്ങനെ തന്നെ വായിക്കുമ്പോൾ, ഒരു പ്രക്ഷേപകന്റെ ഭാഗത്ത് നിന്ന് ഒരു സംഭാവനയും ഉണ്ടാകുന്നുമില്ല.

പ്രക്ഷേപണം എന്നത് കേവലം യാന്ത്രികമായ പ്രക്രിയ അല്ല..ആകാനും പാടില്ല. ദൃശ്യമാദ്ധ്യമത്തിൽ, പ്രേക്ഷകന് കാഴ്ചസുഖം പോലെയാണ് ഒരു ശ്രവ്യമാദ്ധ്യമത്തിൽ ശ്രോതാവിന് കേൾവിസുഖം. അത്, വ്യക്തമായും, കൃത്യമായും, ആധികാരികമായും പകർന്ന് നൽകുക എന്നതാണ് പ്രക്ഷേപകന്റെ ഉത്തരവാദിത്തം. അതിലേയ്ക്ക് എളുപ്പവഴികൾ ഒന്നും തന്നെയില്ല. ഇക്കഴിഞ്ഞ ഒരു മൻ കീ ബാത്ത്, AI മുഖാന്തിരം പരിഭാഷപ്പെടുത്തിയത് ആകാശവാണി യുട്യൂബ് ചാനലിൽ കേൾക്കുവാനിടയായി. AIഎന്ന പേരിനെ അന്വർത്ഥമാക്കുന്നു Artificial. എല്ലാം യാന്ത്രികമാകുന്ന കാലത്ത്, നാടോടുമ്പോൾ നടുവേ.. നന്ദി..നന്നിയല്ല. ന.ന്..ദി. ●

എസ് നാരായണൻ നമ്പൂതിരി
85904 04561

യാത്ര

# സൂര്യൻ ഉറങ്ങാത്ത നാട്




**ചിറ്റൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്**



ഒരു മാസം നീണ്ടുനിൽക്കുന്ന യൂറോപ്പ് യാത്രയുടെ അവസാന ഘട്ടത്തിൽ നോർവെയിലെ ബർഗൻ നഗരത്തിൽ എത്തിച്ചേർന്നിരിക്കയാണ് ഞങ്ങളുടെ ആറംഗസംഘം. സംഘത്തിൽ എനിക്കു പുറമെ എന്റെ സഹധർമ്മിണി സന്ധ്യയും, സന്ധ്യയുടെ സഹോദരിമാരായ സാവിത്രിയും, സുധയും അവരുടെ ഭർത്താക്കന്മാരായ മടങ്ങർളി ഡോ. പരമേശ്വരനും, മാത്തൂർ ജയദേവനും ഉണ്ട്. എല്ലാവരും പ്രായം ചെന്ന വ്യക്തികൾ. 66 വയസ്സു തികഞ്ഞ സുധയാണ് സംഘത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി. 80 കഴിഞ്ഞ മടങ്ങർളി ഏട്ടൻ സംഘത്തിലെ കാരണവരും. യൂറോപ്പിന്റെ തലങ്ങും വിലങ്ങും ഏതാണ്ട് 4000 കിലോമീറ്റർ ബസ്സിലും, ട്രെയിനിലുമായി യാത്രചെയ്തിട്ടും, പ്രായാധിക്യം ആരെയും കാര്യമായി അലട്ടിയില്ല, എന്നു മാത്രമല്ല എല്ലാവരും നല്ല ഉന്മേഷത്തിലും, ആവേശത്തിലുമാണ്. പ്രത്യേകിച്ച് മടങ്ങർളി ഏട്ടൻ. ബർഗനിൽ ഞങ്ങളുടെ താമസം സുധയുടെ മകൻ വരുണിന്റെ വീട്ടിലാണ്. വരുണും, പത്നി ദിവ്യയും ഇവിടെ നാലഞ്ചു വർഷമായി ഐ.ടി. കമ്പനികളിൽ ജോലി നോക്കുന്നു.

2025 മെയ് മാസം 14-ാം തീയതി കൊച്ചിയിൽ നിന്നായിരുന്നു ഞങ്ങളുടെ യൂറോപ്പ്യൻ യാത്രയുടെ തുടക്കം. നെതർലൻഡ്, ജർമ്മനി, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ബൽജിയം തുടങ്ങിയ ഷങ്കൻ രാജ്യങ്ങളിലൂടെ ഒരു നീണ്ട യാത്രക്കു ശേഷം ഞങ്ങൾ ബർഗനിൽ രണ്ടാമതും എത്തിച്ചേർന്നിരിക്കുകയാണ്. യൂറോപ്യൻ യാത്രയുടെ തുടക്കത്തിലും ഞങ്ങൾ ബർഗനിൽ വന്നിരുന്നു. മെയ് 17-ാം തീയതിയിലെ നോർവെയുടെ ദേശീയദിനാഘോഷത്തിൽ പങ്കുചേരാൻ വേണ്ടിയായിരുന്നു അത്. കൂടാതെ 'Norway in a nutshell' എന്ന ടൂർ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിലും, ബസ്സിലും, ബോട്ടിലും മറ്റും യാത്ര ചെയ്ത് Voss, Stalheim, Gudvangen, Flam തുടങ്ങിയ നോർവെയുടെ ഉൾനാടുകൾ സന്ദർശിക്കുകയുമുണ്ടായി. ആ യാത്ര തികച്ചും അവിസ്മരണീയമായിരുന്നു.

ദേശീയദിനാഘോഷം

Gudvangen മുതൽ Flam വരെ ഫ്യോർഡ് (Fjord) (മലനിരകൾക്കിടയിലൂടെയുള്ള ഉൾക്കടൽ) ലൂടെ നടത്തിയ ബോട്ട് യാത്ര. പ്രകൃതി ഭംഗി ഏറെയുള്ള നാടാണ് നോർവെ. മഞ്ഞിന്റെ പുതപ്പണിഞ്ഞ മലനിരകളും, തിങ്ങി വളരുന്ന കാടുകളും, പച്ചപുൽമേടുകളും, വിശാലമായ തടാകങ്ങളും, പുഴകളും, വെള്ളച്ചാട്ടങ്ങളും, ഫ്യോർഡുകളും നോർവെയുടെ മനോഹാരിതയ്ക്കു മാറ്റുകൂട്ടുന്നു. സ്വിറ്റ്സർലഡിനെ വെല്ലുന്ന പ്രകൃതിരമണീയത നോർവെയ്ക്കുണ്ടെന്നു പറഞ്ഞാൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

യൂറോപ്പിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽ സ്ഥിതിചെയ്യുന്ന സ്കാൻഡിനേവിയൻ രാജ്യമാണ് നോർവെ. പടിഞ്ഞാറ് നോർവീജിയൻ കടലും, കിഴക്ക് സ്വീഡനും ഈ രാജ്യത്തിന്റെ അതിരുകൾ പങ്കിടുന്നു. നോർവെയുടെ വടക്കെ അറ്റം ആർട്ടിക് സർക്കിൾ വരെ നീണ്ടുകിടക്കുന്നതിനാൽ എല്ലായ്പ്പോഴും തണുപ്പുള്ള കാലാവസ്ഥയായിരിക്കും ഇവിടെ. പൊതുവെ സമാധാനപ്രിയരാണ് നോർവീജിയൻ ജനത. അതിനാൽത്തന്നെ ഗ്ലോബൽ പീസ് ഇൻഡക്സിൽ നോർവെയുടെ സ്ഥാനം വളരെ മുന്നിലാണ്. നോർവെയുടെ തലസ്ഥാനം ഓസ്ലോ ആണ്. ഓസ്ലോ കഴിഞ്ഞാൽ ഏറ്റവും വലിയ നഗരമാണ് നോർവെയുടെ തെക്കു പടിഞ്ഞാറെ തീരത്ത് സ്ഥിതിചെയ്യുന്ന ബർഗൻ. 465 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള, ഏതാണ്ട് 3 ലക്ഷം ജനം വസിക്കുന്ന ഒരു സുന്ദരനഗരം. പർവ്വതനിരകളാൽ ചുറ്റപ്പെട്ട നഗരമായതിനാൽ, ബർഗനെ 'സിറ്റി ഓഫ് സെവൻ മൗണ്ടെൻസ്' എന്നും വിളിക്കാറുണ്ട്. 13-ാം നൂറ്റാണ്ടിൽ ഈ നഗരം നോർവെയുടെ തലസ്ഥാനമായി പ്രവർത്തിച്ചിരുന്നു.

ബർഗനിലേക്കുള്ള ഞങ്ങളുടെ രണ്ടാമത്തെ വരവിന്റെ പ്രധാന ഉദ്ദേശ്യം നോർവെയുടെ വടക്കേ അറ്റത്തുള്ള ട്രോംസോ നഗരത്തിലേക്കുള്ള യാത്രയാണ്. ആർട്ടിക്ക് സർക്കിളിൽ സ്ഥിതിചെയ്യുന്ന ദ്വീപസമൂഹത്തിൽ (Archepilago) ഉൾപ്പെട്ട ഒരു ചെറു ദ്വീപാണ് ട്രോംസോ, വടക്കൻ നോർവെയുടെ ഏറ്റവും വലിയ നഗരവും.



യൂറോപ്പിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽ സ്ഥിതിചെയ്യുന്ന സ്കാൻഡിനേവിയൻ രാജ്യമാണ് നോർവെ. പടിഞ്ഞാറ് നോർവീജിയൻ കടലും, കിഴക്ക് സ്വീഡനും ഈ രാജ്യത്തിന്റെ അതിരുകൾ പങ്കിടുന്നു.

ട്രോംസോയുടെ വടക്ക് സ്ഥിതിചെയ്യുന്ന ഗൾഫ് സ്ട്രീമിന്റെ പ്രഭാവം കാരണം വേനൽക്കാലങ്ങളിൽ താരതമ്യേന സൗമ്യമായ കാലാവസ്ഥയാണ് ഇവിടെ (+50 C മുതൽ + 150 C വരെ). എന്നാൽ ശൈത്യകാലത്ത് താപനില -50 C മുതൽ -150 C വരെ താഴുകയും ചെയ്യും. ഉത്തരധ്രുവത്തിനടുത്തു സ്ഥിതിചെയ്യുന്നതിനാൽ ട്രോംസോയിൽ വേനൽക്കാലത്ത് സൂര്യൻ അസ്തമിക്കാറില്ല. അതുപോലെ ശൈത്യകാലത്ത് സൂര്യൻ ഉദിക്കാറുമില്ല. അതായത് 6 മാസം പകലും, 6 മാസം രാത്രിയുമാണ്. അതിനാൽ വേനൽക്കാലത്ത് ഇവിടെ എത്തുന്ന സഞ്ചാരികളുടെ ഏറ്റവും വലിയ ആകർഷണം സൂര്യൻ ഉദിച്ചു നിൽക്കുന്ന പാതിരാത്രിയിൽ ആർട്ടിക്ക് സമുദ്രത്തിലൂടെ ഒരു കപ്പൽയാത്രയാണ്. അതുതന്നെയാണ് ഞങ്ങളുടെ വരവിന്റെയും ഉദ്ദേശ്യം- ഭൂമിയുടെ നിറുകയിൽ സ്ഥിതിചെയ്യുന്ന ആർട്ടിക്ക് സമുദ്രത്തിലൂടെ അർദ്ധരാത്രിയിൽ ഉദിച്ചുനിൽക്കുന്ന സൂര്യനെ കണ്ടുകൊണ്ടൊരു യാത്ര.

ബർഗനിൽ നിന്നും ജൂൺ 9-ാം തീയതി രാവിലെ 7.50 നു പുറപ്പെടുന്ന വിമാനത്തിലാണ് ട്രോംസോയിലേക്കുള്ള ഞങ്ങളുടെ യാത്ര. എല്ലാവരും വലിയ ആവേശത്തിലാണ്. കാണാൻ പോകുന്ന പൂരത്തിന്റെ ചിന്തയിൽ തലേന്നു രാത്രി ആർക്കും ഉറങ്ങാൻ കഴിഞ്ഞില്ല. എങ്കിലും രാവിലെ 6 മണിക്കു മുമ്പുതന്നെ ഞങ്ങൾ എയർപോർട്ടിൽ എത്തി. ബർഗനിൽ നിന്ന് 2 മണിക്കൂർ വിമാനയാത്രയുണ്ട് ട്രോംസോയിലേക്ക്. കൃത്യസമയത്തുതന്നെ വിമാനം ട്രോംസോ എയർപോർട്ടിൽ എത്തിച്ചേർന്നു. മഞ്ഞുമൂടിയ മലനിരകൾ വിമാനത്തിൽ നിന്നുതന്നെ ദൃശ്യമായിരുന്നു. അതിനാൽത്തന്നെ അഭിമുഖീകരിക്കാൻ പോകുന്ന ശൈത്യത്തെ പറ്റി തെല്ലൊരു ആശങ്ക എല്ലാവരുടേയും മുഖത്ത് കാണാമായിരുന്നു. എങ്കിലും തണുപ്പിനെ ചെറുക്കാൻ ഉതകുന്ന വസ്ത്രങ്ങൾ കരുതിയിട്ടുള്ളത് ആശ്വാസമായി. എയർപോർട്ടിൽ നിന്നു നേരെ ക്ലാരിയോൺഹോട്ടലിലേക്ക്. അവിടെയാണ് ഞങ്ങൾക്ക് മൂന്നു ദിവസം താമസിക്കുവാനുള്ള മുറികൾ ബുക്കുചെയ്തിരിക്കുന്നത്. ഫോർ സ്റ്റാർ സൗകര്യങ്ങളുള്ള ഒരു നല്ല ഹോട്ടലാണ് ക്ലാരിയോൺ- ദി എഡ്ജ്. ബാഗേജുകൾ ഹോട്ടലിൽ വച്ച് സമയം കളയാതെ ട്രോംസോ നഗരം കാണാനിറങ്ങി. ഹോട്ടലിന്റെ തൊട്ടുമുമ്പിലുള്ള ഹാർബറിൽ നങ്കൂരമിട്ട് രണ്ട് കൂറ്റൻ ക്രൂയിസ് കപ്പലുകൾ കിടക്കുന്നുണ്ട്. വിനോദസഞ്ചാരികൾ വന്ന കപ്പലുകളാണ്. എങ്കിലും നഗരവീഥികളിൽ സഞ്ചാരികളുടെ ബാഹുല്യം വളരെ കുറവാണ്. സമ്മറിൽ പൊതുവെ സഞ്ചാരികളുടെ വരവ് കുറവാകുമത്രേ. കാരണം 'നോർത്തേൺ ലൈറ്റ്സ്' (അറോറ) എന്ന അത്ഭുത പ്രതിഭാസം ശൈത്യകാലങ്ങളിൽ മാത്രമേ കാണാൻ കഴിയൂ എന്നതിനാലാണ്. പ്രത്യേകിച്ച് സെപ്തംബർ മുതൽ നവംബർ വരെ. അതുകൊണ്ടുതന്നെ തണുപ്പുകാലത്ത് ലോകത്തിന്റെ നാനാഭാഗത്തുനിന്നും വിനോദസഞ്ചാരികൾ ട്രോംസോ പോലുള്ള ആർട്ടിക് നഗരങ്ങളിലേക്ക് കൂട്ടമായി എത്തിച്ചേരും. നോർത്തേൺ ലൈറ്റ്സ് കണ്ട് ആസ്വദിക്കുന്നതിനു പുറമെ Dog Sledding, Reindeer Sledding, Whale Watching തുടങ്ങിയ ശൈത്യകാല വിനോദങ്ങളിൽ പങ്കുചേരുകയും ചെയ്യാം. എന്നാൽ വേനൽക്കാലത്ത് പാതിരാ സൂര്യനെ കണ്ടുള്ള കടൽയാത്ര മാത്രമാണ് പ്രധാന വിനോദമായുള്ളത്.

ആർട്ടിക് ദേശത്തെ കടലിലൂടെയുള്ള ഞങ്ങളുടെ യാത്ര ജൂൺ 9-ാം തീയതി വൈകിട്ടുതന്നെയായിരുന്നു. 'സമ്മർ ആർട്ടിക് ലൈറ്റ് ക്രൂയിസ്' എന്ന കടൽ യാത്ര ആരംഭിക്കുന്നത് ക്ലാരിയോൺ ഹോട്ടലിന്റെ മുമ്പിലുള്ള ജട്ടിയിൽ നിന്നാണ്. നീണ്ട കടൽയാത്രക്കിടയിൽ സീ സിക്നസിനും, ഛർദ്ദിക്കും സാധ്യതയുള്ളതിനാൽ യാത്രയ്ക്കുമുമ്പ് ലഘു ഭക്ഷണമേ ഞങ്ങൾ കഴിച്ചുള്ളൂ. യാത്ര കൃത്യസമയത്തുതന്നെ ആരംഭിച്ചു. സാമാന്യം വലിയ ഒരു Yacht Boat ൽ ആണ് യാത്ര. അഞ്ഞൂറിൽ പരം യാത്രികരെ ഉൾക്കൊള്ളാൻ കഴിവുള്ള ഒരു മൂന്നുനില ബോട്ടാണെങ്കിലും കേവലം 50-ൽ താഴെ യാത്രക്കാരേ ഞങ്ങൾ അടക്കം ബോട്ടിലുണ്ടായിരുന്നുള്ളൂ. കടൽ യാത്രയുടെ ദൃശ്യങ്ങൾ ക്യാമറയിൽ പകർത്താൻ എല്ലാവരും ബോട്ടിന്റെ മുകളിലെ ഡക്കിൽ തന്നെ സ്ഥാനം പിടിച്ചു. നാലുമണിക്കൂർ നീണ്ടു നിൽക്കുന്നതാണ് ഈ കടൽയാത്ര. തുടക്കത്തിൽ ദ്വീപസമൂഹങ്ങളുടെ ഇടയിലുള്ള ഉൾക്കടലിലൂടെയായിരുന്നു യാത്ര. രണ്ടു ഭാഗത്തും മഞ്ഞ്മൂടിയ ദ്വീപുകൾ. മിക്കതിലും ജനവാസമില്ല. ഒന്നോ, രണ്ടോ ദ്വീപുകളിൽ അങ്ങി





ങ്ങായി ഉയർന്നു നിൽക്കുന്ന ചെറിയ വീടുകൾ കാണാം. പാതിരാസൂര്യൻ സമ്മറിൽ മാത്രമേ ഈ വീടുകളിൽ സാധാരണയായി ആൾ താമസമുണ്ടാവുകയുള്ളൂ. ദ്വീപുകളെപ്പറ്റിയും, കടലിനെപ്പറ്റിയും, കടൽജീവികളെപ്പറ്റിയും ഉള്ള വിവരണങ്ങൾ ഇടക്കിടെ മൈക്കിലൂടെ വിളിച്ചുപറയുന്നുണ്ട്. പക്ഷെ അതൊന്നും ആരും കാര്യമായി ശ്രദ്ധിക്കുന്നതായി തോന്നിയില്ല. എല്ലാവരുടെയും ശ്രദ്ധ അങ്ങിങ്ങായി തലപൊക്കുന്ന ഡോൾഫിനുകളെയും, സീലുകളെയും അതിവേഗം പറക്കുന്ന 'ആർട്ടിക്ക് ടേൺ' എന്ന ദേശാടന പക്ഷികളെയും, 'അറ്റ്ലാന്റിക്ക് പഫിൻ' എന്ന ചെറുപക്ഷികളെയും കാമറയിൽ പകർത്തുന്നതിലായിരുന്നു. ബോട്ട് നല്ല വേഗത്തിലാണ് സഞ്ചരിക്കുന്നത്. അതിനാൽത്തന്നെ അതിശക്തമായ ശീതക്കാറ്റ് അടിക്കുന്നുണ്ട്. താപനിലയാകട്ടെ പൂജ്യത്തിന്റെ താഴേക്ക് പോകുന്നു. തണുപ്പിനെ ചെറുക്കാൻ അടിയുടുപ്പുകളും ജാക്കറ്റുകളും ധരിച്ചിട്ടുണ്ടെങ്കിലും, ശൈത്യക്കാറ്റേറ്റ് ഏറെ നേരം ബോട്ടിന്റെ ഡക്കിൽ നിൽക്കാൻ പ്രയാസമാണ്. അതിനാൽ തന്നെ എല്ലാവരും ബോട്ടിന്റെ കാബിനിലേക്ക് വലിയാൻ തുടങ്ങി. കാബിന്റെ ഉൾവശം ചൂടാക്കി നിർത്തിയിട്ടുണ്ട്. കൂടാതെ ചൂടു കാപ്പിയും ചായയും ഭക്ഷ്യവിഭവങ്ങളും മദ്യവും എല്ലാം സുലഭമായി കാബിനിൽ ലഭിക്കും. യഥേഷ്ടം കഴിക്കാം, നോർവീജിയൻ കറൻസിയായ ക്രോണെ എണ്ണി കൊടുക്കണമെന്നു മാത്രം. തണുപ്പകറ്റാൻ ഞങ്ങളും കാപ്പിയും ബ്രഡും മേടിച്ചു കഴിച്ചു.

ഉത്തരധ്രുവത്തിലെ കടലിലൂടെ പാതിരാവിൽ ഉദിച്ചുനിൽക്കുന്ന സൂര്യനെ കണ്ടുകൊണ്ടുള്ള ആ നാലു മണിക്കൂർ യാത്ര പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു അനുഭവമായി. പ്രപഞ്ചത്തിന്റെ ഈ അത്ഭുത പ്രതിഭാസം നേരിൽ കാണാനും, അനുഭവിക്കാനും കഴിഞ്ഞത് ഒരു ദിവാസ്വപ്നം യാഥാർത്ഥ്യമായതുപോലെയാണ് തോന്നിയത്. ശൈത്യകാലത്ത് ഇവിടെ വന്ന് നോർത്തേൺ ലൈറ്റ്സ് എന്ന ഭൗമപ്രതിഭാസവും നേരിൽ കാണാൻ മോഹമുണ്ടെങ്കിലും പ്രായവും ആരോഗ്യവും അതിനു വഴങ്ങുമെന്നു തോന്നുന്നില്ല. ആർട്ടിക് കടലിലൂടെയുള്ള യാത്ര

ട്രോംസോ നഗരത്തിലെ നിരവധി ആകർഷണ കേന്ദ്രങ്ങളിൽ ചിലതു മാത്രമേ ഞങ്ങൾക്ക് സന്ദർശിക്കാൻ കഴിഞ്ഞുള്ളൂ. അതിൽ ട്രോൾ മ്യൂസിയം, സാമി കൾച്ചറൽ മ്യൂസിയം, പോളാർ മ്യൂസിയം, ആർട്ടിക് യൂണിവേഴ്സിറ്റി മ്യൂസിയം തുടങ്ങിയ കേന്ദ്രങ്ങൾ എടുത്തു പറയേണ്ടതുതന്നെ. ട്രോൾ മ്യൂസിയം ഒരു നോർവീജിയൻ സാങ്കല്പികകഥാപാത്രത്തെ പറ്റിയുള്ളതാണ്. നീണ്ട മൂക്കും, കുറിയ ശരീരവുമുള്ള ട്രോളുകൾ നോർവെയുടെ നാടോടിക്കഥകളിലും ഐതിഹ്യങ്ങളിലും അന്ധവിശ്വാസങ്ങളിലും നിറഞ്ഞുനിൽക്കുന്ന ഒരു വിചിത്ര മനുഷ്യരൂപിയാണ്. ഇത്തരം സങ്കല്പ ജീവികൾ ഇന്നും നോർവീജിയൻ മലകളിൽ ജീവിക്കുന്നതായി പലരും കരുതുന്നു. സാമി എന്ന നോർവെയുടെ ആദിവാസി ഗ്രോത്രക്കാരുടെ ജീവിതരീതികളും, സംസ്കാരവും വിവരിക്കുന്ന സംഗ്രഹാലയം ഏറെ ശ്രദ്ധ ആകർഷിച്ചു. എസ്കിമോകളെ പോലെ സാമി ഗോത്ര വർഗ്ഗക്കാരും ആർട്ടിക് പ്രദേശങ്ങളിലെ മലകളിൽ വസിക്കുന്ന ഒരു പ്രബല ആദിവാസി സമൂഹമാണ്. പോളാർ മ്യൂസിയം നിരവധി കടൽ മത്സ്യങ്ങളെക്കൊണ്ടും, സീൽ തുടങ്ങിയ സസ്തനികളെക്കൊണ്ടും സമ്പന്നമാണ്. ആർട്ടിക് സമുദ്രത്തിലെ ജൈവവൈവിധ്യം നേരിൽ കണ്ടറിയാൻ കഴിഞ്ഞത് തികച്ചും ഒരു അസുലഭ അനുഭവമാണ്.

ട്രോംസോ നഗരത്തിൽ ചിലവഴിച്ച മൂന്നു ദിനങ്ങൾ വളരെ പെട്ടെന്നു തന്നെ കടന്നുപോയി. മൂന്നാം ദിനം വൈകിട്ടുള്ള ഫ്ളൈറ്റിൽ ഞങ്ങൾ ബർഗനിലേക്കു യാത്രതിരിച്ചു. വിമാനം ട്രോംസോയുടെ ആകാശത്തുകൂടി പറന്നുയരുമ്പോൾ താഴെ മഞ്ഞു മൂടിയ മലനിരകളിൽ എവിടെയെങ്കിലും മൂക്കു നീണ്ട ട്രോളുകളെയോ, റേൻഡിറുകളെ മേയ്ക്കുന്ന സാമി ഗോത്രക്കാരെയൊ കാണാൻ കഴിയുമോ എന്നു വൃഥാ പരതിനോക്കി.

പ്രകൃതിരമണീയമായ ട്രോംസോ ഇനി ഒരിക്കലും തിരിച്ചുവരാൻ സാദ്ധ്യതയില്ലാത്ത ഈ ഭൂപ്രദേശത്തോട് വിട ചൊല്ലുമ്പോൾ എന്തോ ഒരു നഷ്ടബോധം മനസ്സിനെ അലട്ടുന്നുണ്ടായിരുന്നു.

കടപ്പാട് :- ഞങ്ങളുടെ യാത്ര സുഗമവും, സുരക്ഷിതവുമാക്കിയ മൂവോൺ ലിഷർ ട്രാവൽസിനോട്.

●

ചിറ്റൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്
9846031953

## 80ാം പിറന്നാൾ ആശംസകൾ






### സാവിത്രി അന്തർജനം
**ഇടയിലിടത്ത് കാരണം**
15–09–2025
ആശംസകളോടെ: മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

### ഉമാദേവി അന്തർജനം
**കൽപ്പുഴ മന**
20–06–2025
ആശംസകളോടെ: മക്കൾ, മരുമക്കൾ, പേരക്കുട്ടി

സുസ്മിത ഇ.കെ, കൽപുഴ മന, തൃപ്രങ്ങോട്, തിരൂർ, മലപ്പുറം- 676108, ഫോൺ: 7994524859


## 75–ാം പിറന്നാൾ നിറവിൽ



# ടി. നാരായണൻ നമ്പൂതിരി
**തിരുവാലൂർ ഇല്ലം**
**2025 സെപ്റ്റംബർ 11**

*ആശംസകളോടെ...*
**സതി,ഉമ, ആര്യ, കേശവൻ, അമിത് നാരായണൻ, ശ്രീരാജ് നാരായണൻ, ഇഷാൻ നാരായണൻ**






## ചോറൂൺ ആശംസകൾ

**ജാതവേദ് ശങ്കർ**

S/o സിദ്ധാർത്ഥ് & അഞ്ജന



ആശംസകളോടെ....
പ്രീത കോരമ്പറ്റ, ശങ്കരൻ നമ്പൂതിരി,
വൈശാഖ്, സാവിത്രി, സമ്യക്
(അമ്പാടി)

07.09.2025



## വിദ്യാരംഭം ആശംസകൾ



**ഉമ നമ്പൂതിരി**
D /o വിഷ്ണു നമ്പൂതിരി

**ആര്യ ശാംഭവി**
D /o ശ്യാം കൃഷ്ണൻ നമ്പൂതിരി

അകത്തേക്കുന്നത്ത് മന
നെല്ലായ പി.ഒ. പാലക്കാട് 679335

കൃഷ്ണൻ നമ്പൂതിരി & ആര്യ. KJ
(മുത്തശ്ശനും മുത്തശ്ശിയും)



## ദേവികാ കൃഷ്ണൻ

സെപ്റ്റംബർ 7ന് ബാംഗ്ലൂരിൽ ഭരതനാട്യം അരങ്ങേറ്റം നടന്ന ശ്രീമതി ദേവികാ കൃഷ്ണന് (W/o രഘു വാസുദേവൻ, ഏലപ്പിള്ളി മന പറവൂർ ഉപസഭ) മാതാപിതാക്കളായ അങ്കമാലി ഉപസഭയിലെ കാരണത്ത് മനയിൽ കൃഷ്ണന്റെയും ശ്രീകലാ കൃഷ്ണന്റെയും, സഹോദരൻ അനന്തജിത്ത് കൃഷ്ണന്റെയും ആശംസകൾ

ടേണിംഗ് പോയന്റ്

8



# കരിമിഴിക്കുരുവിയെ കണ്ടീലാ....

സോഷ്യൽ മീഡിയയിൽ സജീവമായ ദേവാനന്ദിന്റെ സംഗീത ജീവിതം ഫേസ്ബുക്കിലും ഇൻസ്റ്റയിലും വായിക്കാം.

**website: vdevanand.com**



**സജിത തെക്കേടത്ത്**



മീശമാധവനിലെ ഹിറ്റു ഗാനം കേൾക്കാത്തവർ ഉണ്ടോ? ക്ലാസ്മേറ്റ്സിലെ കാത്തിരുന്ന പെണ്ണല്ലേ മൂളാത്തവരും കുറവ്. മലയാളിയെ മോഹിപ്പിച്ച ഈ ഗായകൻ നമ്മുടെ സ്വന്തക്കാരനാണെങ്കിലോ ....

വൈക്കം മേൽശാന്തി തരണി നാരായണൻ നമ്പൂതിരി എഴുതി വി. ദക്ഷിണാമൂർത്തി സ്വാമിയുടെ സംഗീതത്തിൽ വൈക്കത്തപ്പനെ പ്രകീർത്തിച്ചു കൊണ്ടുള്ള ആൽബം പുറത്തിറങ്ങിയത് മുപ്പതു വർഷങ്ങൾക്ക് മുമ്പാണ്. അതിലെ പത്തു ഭക്തി ഗാനങ്ങളും പാടിയ പ്രതാപചന്ദ്രൻ പ്രഴയ പേര്) എന്ന വി. ദേവാനന്ദ് മലയാളത്തിലെ പോപ്പുലർ സിംഗർ ആയി മാറിയതു ചരിത്രം.

സംഗീതജ്ഞനായ പിതാവ് വൈക്കം ജി വാസുദേവൻ നമ്പൂതിരി ദേവാനന്ദിന്റെ ആദ്യ ഗുരുവും , തൃപ്പൂണിത്തുറയിൽ ഗാനഗന്ധർവ്വൻ യേശുദാസിന്റെ സഹപാഠിയുമാണ്.. വൈക്കത്തെ സംഗീത സാന്ദ്രമായ അന്തരീക്ഷം തനിക്കു കിട്ടിയ അനുഗ്രഹമാണെന്ന് ദേവാനന്ദ്. ശാസ്ത്രീയ സംഗീതത്തിലെ പ്രതിഭകളെല്ലാം പ്രശസ്തമായ വൈക്കത്തഷ്ടമി ഉത്സവ പരിപാടികളിൽ പാടാറുണ്ട്. അച്ഛനും ജ്യേഷ്ഠനും കർണ്ണാടക സംഗീതജ്ഞരുമാണ്.

വൈക്കത്തപ്പന്റെ ഭക്തിഗാന ആൽബം ശിവം - റിലീസ് ചെയ്തത് സാക്ഷാൽ യേശുദാസ്.സംഗീതം: വി. ദക്ഷിണാമൂർത്തി സ്വാമി.

ഏതു ഗായകനും കൊതിക്കുന്ന തുടക്കമാണ് ദേവാനന്ദിന് ലഭിച്ചത്.

ട്രാക്കുകളും ഭക്തിഗാനങ്ങളുമായി യുവഗായകന് തിരക്കേറി.
'തന്റെ സുഹൃത്തിന്റെ മകനാണ്, കഴിവുകൾ ബോധ്യപ്പെട്ടാൽ മാത്രം പരിഗണിക്കണം' എന്ന് പറഞ്ഞു കൊ



*യേശുദാസിനൊപ്പം ദേവാനന്ദിന്റെ പിതാവ് വൈക്കം ജി. വാസുദേവൻ നമ്പൂതിരി*



*ദേവാനന്ദ് കുടുംബത്തോടൊപ്പം*

കർണ്ണാടക സംഗീതജ്ഞനും സംഗീതാധ്യാപകനുമായ പരേതനായ തറമേൽ ഇല്ലത്ത് (മരങ്ങാട്ടില്ലം) വൈക്കം ജി വാസുദേവൻ നമ്പൂതിരിയാണ് അച്ഛൻ. അമ്മ ലീലാവതി (ഇളമണ്ണ് മന) ഭാര്യ കീർത്തി (ചെറുവക്കര മന), മക്കൾ ശ്രീശേഷ്, ശിവേഷ്.

ജേഷ്ഠൻ കർണ്ണാടകസംഗീതജ്ഞനായ വൈക്കം റ്റി.വി ജയചന്ദ്രൻ ബാംഗ്ലൂരിൽ സംഗീത കോളേജിൽ അദ്ധ്യാപകനാണ്. ഭാര്യ ആശ ,കൈപ്പോത്തില്ലം (കണ്ണമ്പള്ളി). മകൻ ജയേഷ്.

ഓരോ നമ്പൂതിരിക്കും അഭിമാനിക്കാം, മലയാളത്തിലെ പോപ്പുലർ ഗായകൻ ദേവാനന്ദ് നമ്മുടെ സ്വന്തം.




## ദേവാനന്ദം ഇതുവരെ

- ശിവം – ആൽബം തരണി ഡി. നാരായണൻ നമ്പൂതിരി – വി ദക്ഷിണാമൂർത്തി
- ആലുക്കാസിന്റെ പോപ്പുലർ ജിംഗിൾ – മിൻമിനിക്കൊപ്പം ഡ്യൂവറ്റ്. /പെണ്ണേ നിന്നെ സുന്ദരിയാക്കിയതാര് / (ദീപക് ദേവ്)
- ആലേലോ പൂലേലോ – പ്രണയവർണ്ണങ്ങൾ– വിദ്യാസാഗർ
- കരിമിഴിക്കുരുവിയെ– മീശ മാധവൻ. ഗിരീഷ് പുത്തഞ്ചേരി –വിദ്യാസാഗർ
- മേലെ മാനത്തേ, മാണിക്യക്കല്ല്, രമേഷ് കാവിൽ –എം ജയചന്ദ്രൻ
- കാത്തിരുന്ന പെണ്ണല്ലേ, ക്ലാസ്മേറ്റ്സ്, വയലാർ ശരത്ചന്ദ്രവർമ്മ അലക്സ് പോൾ
- തൊട്ടുരുമ്മിയിരിക്കാൻ, രസികൻ, ഗിരീഷ് പുത്തഞ്ചേരി വിദ്യാസാഗർ
- അറിയാതെയിഷ്ടമായി, പാണ്ടിപ്പട, ചിറ്റൂർ ഗോപി–സുരേഷ് പീറ്റേഴ്സ്
- കാടിറങ്ങി ഓടി വരും, സി ഐ ഡി മൂസ, ഗിരീഷ് പുത്തഞ്ചേരി – വിദ്യാസാഗർ
- കണ്ണിൻ വാതിൽ ചാരാതെ, മുല്ല, വയലാർ ശരത്ചന്ദ്രവർമ്മ –വിദ്യാസാഗർ
- എന്താണെന്നെന്നോടൊന്നും, ഗോൾ, വയലാർ ശരത്ചന്ദ്രവർമ്മ –വിദ്യാസാഗർ
- വൈക്കം വിജയലക്ഷ്മിയോടൊപ്പം പാടിയ ചെമ്പട്ടുചേല, രചന: തരണി ഡി.നാരായണൻ നമ്പൂതിരി (12 വർഷത്തിലൊരിക്കൽ നടക്കുന്ന വടക്കുപുറത്തു പാട്ടിനെപ്പറ്റി)
- ടോവിനോയുടെ ഒരു 'കുപ്രസിദ്ധ പയ്യൻ' എന്ന സിനിമയിൽ പ്രണയപ്പൂ വിരിഞ്ഞത് എന്ന ഗാനം പാടി അഭിനയിച്ചു.
- 'തിരികെ' എന്ന സിനിമയിൽ നായകനായി.

ണ്ട് മദ്രാസ്സിലെ പ്രശസ്ത സംഗീത സംവിധായകൻ വിദ്യാസാഗറിനേ യേശുദാസ് നേരിട്ടു പരിചയപ്പെടുത്തി. തന്റെ കരിയറിൽ വഴിഞ്ഞിരിവായത് വിദ്യാസാഗർ നൽകിയ മൂന്നാമത്തെ പാട്ടാണെന്ന് – (കരിമിഴിക്കുരുവിയെ കണ്ടീല– മീശ മാധവൻ)ദേവാനന്ദ് പറഞ്ഞു. പിന്നീട് ശരത്, രവീന്ദ്രൻ, ജോൺസൺ, ശ്യാം, രാജാമണി, ദീപക് ദേവ്, ഗോപി സുന്ദർ, ഔസേപ്പച്ചൻ, ദേവി ശ്രീ പ്രസാദ് തുടങ്ങി ധാരാളം സംഗീത സംവിധായകരുടെ ഈണങ്ങൾക്ക് പാടിയിട്ടുണ്ട്. ഒ എൻ വി ദേവരാജൻ ടീമിന്റെ ദൂരദർശൻ സീരിയൽ ജ്വാല യിലെ ശീർഷകഗാനവും ദേവാനന്ദ് പാടിയതാണ്.




*ദേവാനന്ദ് വിദ്യാസാഗറിനൊപ്പം*

ഇടയ്ക്ക് ഭാവഗായകൻ പി. ജയചന്ദ്രൻ പാടിയ ഭക്തിഗാനങ്ങളുടെ സംഗീത സംവിധായകനുമായി .

മത്സര വേദികളിൽ ഹിറ്റായ ആവണി പൗർണ്ണമി മുഖം നോക്കുവാനെത്തും പോലുള്ള നിരവധി ലളിത ഗാനങ്ങളും ദേവാനന്ദ് സംഗീതം ചെയ്തിട്ടുണ്ട്.

പിന്നണി ഗായികയായ മധുശ്രീ നാരായണനെ സ്കൂൾ കലോത്സവത്തിൽ ഒന്നാമതെത്തിച്ച 'ശാരദേന്ദു നിലാവലയിൽ' എന്ന പാട്ടിന് ഈണമിട്ടത് ദേവാനന്ദ് ആണ്.

ക്ഷേത്രോത്സവങ്ങളിൽ നിരവധി ലൈവ് ഭക്തിഗാനമേളകൾ. വിദേശ രാജ്യങ്ങളിലടക്കം നിരവധി ഗാനമേളകൾ

ഇനിയും റിലീസിന് ഒരുങ്ങുന്ന സിനിമകളിലേയും ആൽബങ്ങളിലേയും പാട്ടുകളുമായി ദേവാനന്ദ് തിരക്കിലാണ്. ●

വി. ദേവാനന്ദ്, 9447009255
സജിത തെക്കേടത്ത്, 995883493

# രാമായണ മാസാചരണം

2025 ആഗസ്റ്റ് 10 ന് കോവൂർ ആസ്ഥാനം മന്ദിരത്തിൽ വച്ച് രാമായണ മാസാചരണത്തിന്റെ ഭാഗമായി ചിത്രരചന, പ്രശ്നോത്തരി എന്നീ മത്സരങ്ങൾ നടത്തി.





*പ്രിയത ഒ.പി., പാതിരശ്ശേരി, ചാത്തമംഗലം*







*പ്രണതി*
*പുതുക്കുളങ്ങര*
*കണ്ണിപറമ്പ് ഉപസഭ*



*വരുൺ*
*വാഴാമ്പറ്റ*
*മുക്കം ഉപസഭ*



Kottakkal
ayurveda
ശരിയായ ആയുർവേദം.
ശരിയായ ഫലപ്രാപ്തി.
ഹെയർ നറിഷിങ് ഷാംപൂ
AVAILABLE IN 100 ml & 200 ml BOTTLES
Kottakkal ayurveda
Hair Nourishing Shampoo
SKIN CARE SOAP
75 g
SKIN PROTECTION SOAP
75 g
TFM 76%
Grade 1
സ്കിൻ കെയർ സോപ്പ്
& സ്കിൻ പ്രൊട്ടക്ഷൻ സോപ്പ്
THE ARYA VAIDYA SALA KOTTAKAL
ESTD. 1902
കോട്ടക്കൽ ആര്യവൈദ്യശാല ഉൽപ്പന്നം
ഓൺലൈനിൽ വാങ്ങാൻ സ്കാൻ ചെയ്യൂ
കൂടുതൽ വിവരങ്ങൾക്ക്
0483-2806523 / 501
ഡീലർഷിപ്പുകൾ, ബ്രാഞ്ചുകൾ, സൂപ്പർമാർക്കറ്റുകൾ
തുടങ്ങി എല്ലാ പ്രമുഖ സ്റ്റോറുകളിലും ലഭ്യം

പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക്
1000 രൂപ മാത്രം. വിളിക്കുക 9447337337

## പാണിഗ്രഹണം കോളത്തിൽ ജാതക പരസ്യ ങ്ങൾക്ക് 1000 രൂപ മാത്രം വിളിക്കുക 9745137987



| | | | | | |
|---|---|---|---|---|---|
| | | | ശു ര | ഗു | |
| | | ഗു മ | | ര ച | ച |
| മാ | | ഗ്രഹ | | ബു സ | ശി ല |
| സ | ശി | സ്ഥിതി | | ശു ല | |
| കു | | | മാ കു | | |
| | | ബു | മ | | |

**ശ്വേത പി.** ജനനം :13.07.1999, ഉയരം: 150 സെ.മീ., ജനനസ്ഥലം: മഞ്ചേരി, നക്ഷത്രം: പുണർതം, രക്തഗ്രൂപ്പ്: A-ve, ഗോത്രം: കാശ്യപ, വിദ്യാഭ്യാസം : എം.സി.എ, ജോലി : ഒന്നര വർഷം അനലിസ്റ്റ് (Capgemini) ആയി ജോലി ചെയ്തു, അച്ഛൻ : ഹരി പി (പരേതൻ), അമ്മ : ജയന്തി കെ പി, സഹോദരൻ: ശരത് പി (ഐ.ടി), വിലാസം: പെരിഞ്ചീരി ഇല്ലം, ഉഗ്രപുരം പി.ഒ, അരീക്കോട് മലപ്പുറം, 673639, അമ്മാത്ത്: കോട്ടമല പള്ളിപ്പുറം, താമരശ്ശേരി, മുൻഗണന : വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കൾ, നെഗറ്റീവ് ബ്ലഡ് ഗ്രൂപ്പ്. മൊബൈൽ: 9446259441, 98186 70945, 7902948457 (വാട്സ്ആപ്പ്).



| | | | | | |
|---|---|---|---|---|---|
| | ര | ശു | | ഗു | |
| | ച | ഗു മ | | ര | ശി മാ |
| | | ഗ്രഹ | | ബു സ | ല ച |
| സ | ശി | സ്ഥിതി | | ശു | |
| | | ല മാ | കു | | |
| | | കു ബു | മ | | |

**ഹരിഗോവിന്ദ് കെ.കെ.,** ജനനം: 5.7.1999, സമയം: 3.44 pm, നക്ഷത്രം: ഉത്രട്ടാതി, ഉയരം: 172 സെ.മീ., ജോലി: സീനിയർ സോഫ്റ്റ്വെയർ എഞ്ചിനീയർ, ടെക്നോപാർക്ക്, തിരുവനന്തപുരം. ഇല്ലം: കുന്നത്ത് കണ്ടമംഗലം ഇല്ലം, അച്ഛൻ: പരമേശ്വരൻ നമ്പൂതിരി, കെ.കെ., (റിട്ട. ഹൈസ്കൂൾ അധ്യാപകൻ, പ്രഭാഷകൻ), അമ്മ: സതി. പി. (സീനിയർ സൂപ്രണ്ട്, കെ.എസ്.ഇ.ബി.), സഹോദരൻ: കൃഷ്ണാനന്ദ് കെ.കെ. (എം.എസ്.സി. മാത്സ് വിദ്യാർത്ഥി, IISER തിരുവനന്തപുരം), അമ്മാത്ത്: പുല്ലങ്കോട്ടില്ലം, കോഴിക്കോട്. വിലാസം: ഹരിസോപാനം, പി.ഒ.ചൂലൂർ, വഴി എൻ.ഐ.ടി, കോഴിക്കോട്- 673601. മൊബൈൽ: 9447780934, 9446683272.



| | | | | | |
|---|---|---|---|---|---|
| | കു | ച സ | ശു | | |
| | | | കു | | |
| | ച | ഗ്രഹ | | ഗു ശി | |
| | സ | സ്ഥിതി | | ര ബു ശു | |
| | മ | ല മാ | | | |
| | | ബു മ | മാ ശി | ല ര ഗു | |

**കേശവൻ.** ജനനം: 5.9.1990 (1166 ചിങ്ങം 20). സമയം: 11.42 a.m. നക്ഷത്രം: പൂരൂരുട്ടാതി. ഉയരം: 174 സെ.മീ. വിദ്യാഭ്യാസം: എം.ടെക് (ഇലക്ട്രോണിക്സ്). ജോലി: അസി. പ്രൊഫസർ. അച്ഛൻ: നാരായണൻ നമ്പൂതിരി, അമ്മ: സതി അന്തർജനം (തിരുവാലൂർ ഇല്ലം, കോഴിക്കോട്)- ഗുരുവായൂർ കീഴ്ശാന്തി കുടുംബം. അമ്മാത്ത്: ഭട്ടി വടക്കേടം, പാലക്കാട്. രണ്ട് സഹോദരിമാർ (വിവാഹിതർ). വിലാസം: തിരുവാലൂർ ഇല്ലം, കാരശ്ശേരി പി.ഒ, മുക്കം, കോഴിക്കോട്- 673602, മൊബൈൽ: 9747316996, 9539125596.



| | | | | | |
|---|---|---|---|---|---|
| | ശു ശി | | | ല കു | |
| | മ | | | | |
| ബു | ച ശി | ഗ്രഹ | | | മാ |
| | കു ശു ഗു | സ്ഥിതി | | സ | |
| മ | ല ര | ബു മാ | | | |
| | | | ച | ര ഗു സ | |

**അശ്വിൻ.** ജനനം: 02.01.1998. സമയം: 6.15 a.m. ജനനസ്ഥലം: കോഴിക്കോട്. നക്ഷത്രം: അവിട്ടം. ഉയരം: 180 സെ.മീ. വിദ്യാഭ്യാസം: ബി.ടെക്, എം.ബി.എ. ജോലി: സീനിയർ അനലിസ്റ്റ് (സെന്റം ഇലക്ട്രോണിക്സ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ബാംഗ്ലൂർ). മുൻഗണന: വിദ്യാഭ്യാസവും ജോലിയുമുള്ള യുവതികൾ. അച്ഛൻ: കാശ്യപൻ നമ്പൂതിരി (റിട്ട. എ.വി.എസ്. കോട്ടക്കൽ), അമ്മ: തങ്കമണി (എച്ച്.എസ്.ടി. തരകൻ എച്ച്.എസ്.എസ്. അങ്ങാടിപ്പുറം). സഹോദരങ്ങൾ ഇല്ല. ഇല്ലം: പടിഞ്ഞാറേപ്പാട്ട് മന, തിരുവേഗപ്പുറ, പാലക്കാട് ജില്ല. അമ്മാത്ത്: പാണ്ടിക്കടവത്ത് ഇല്ലം, ചാത്തമംഗലം, കോഴിക്കോട്. മൊബൈൽ: 9645584425, 9946444993.



| | | | | | |
|---|---|---|---|---|---|
| | ശു മാ | | ബു | ച ശി | |
| | | ച ഗു മ | | | |
| | | ഗ്രഹ | | ശു സ | ഗു |
| ല | ശി | സ്ഥിതി | | ര ബു | ര കു |
| സ | | കു മാ | ല | | |
| | | | മ | | |

**ശ്രീധർ വി.നമ്പൂതിരിപ്പാട്.** ജനനം: 31.08.1999, സമയം: 10.17 am, നക്ഷത്രം: അശ്വതി. ഉയരം: 180 സെ.മീ. ജനനസ്ഥലം: പെരിന്തൽമണ്ണ, വിദ്യാഭ്യാസം: ബി.ടെക് (കമ്പ്യൂട്ടർ സയൻസ്, സ്കൂൾ ഓഫ് എൻജിനീയറിംഗ്, കുസാറ്റ്), ജോലി: EY (Ernst & Young, ഇൻഫോപാർക്ക്, കൊച്ചി), അച്ഛൻ: കെ.എസ്. വാസുദേവൻ നമ്പൂതിരിപ്പാട്, കറുത്തേടത്ത് പാഴൂർ മന, അമ്മ: പ്രിയദ സി.എം, ചേവൂർ മന, പാലൂർ, പുലാമന്തോൾ. വിലാസം: കറുത്തേടത്ത് മന, മൂഴിക്കുളങ്ങര, കോട്ടയം (ജില്ല) മൊബൈൽ: 9645802340, 9446202340

പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക്
1000 രൂപ മാത്രം. വിളിക്കുക 9447337337



| | | | | | |
|---|---|---|---|---|---|
| | ശി | | ച | ര ശു മ | |
| | ശി | | | ച | |
| ല | ശു മ | ഗ്രഹ സ്ഥിതി | | ല | ഗു |
| | ര കു | | | | കു |
| | ബു ഗു | മാ | | സ | സ മാ |
| | | ബു | | | |

**കൃഷ്ണദാസ്.** ജനനം: 02.02.1996. നക്ഷത്രം: പുണർതം. ഉയരം: 174 സെ.മീ. വിദ്യാഭ്യാസം: ബി.ടെക്ക് (മെക്കാനിക്കൽ എൻജിനീയറിംഗ്), ജോലി: മെറ്റീരിയൽ മാനേജർ (യു.എ.ഇ.), അച്ഛൻ: മധുസൂദനൻ നമ്പൂതിരി, അമ്മ: സുമതി, സഹോദരി: ഭദ്രപ്രിയ (വിവാഹിത). അമ്മാത്ത്: ഭസ്മത്തിൽ മേക്കാട്ട് മന. വിലാസം: മുരിങ്ങൂർ മന, പി.ഒ. ചിയ്യാരം, തൃശൂർ. മൊബൈൽ: 8129377134.

| | | | | | |
|---|---|---|---|---|---|
| | മാ | കു ശ | ശു | ല | |
| | | ശു | ര ഗു ശ | ബു രാ | |
| രാ | | ഗ്രഹനില | | | ര |
| | | | | ല | കേ |
| | കു കേ | ച | | മാ | ഗു |
| | | ബു | ച | | |

**ദേവിക ഇ.** ജനനം: 05.06.2001 (1176 എടവം 22). സമയം 11.36 a.m. ഉയരം: 157 സെ.മീ. നക്ഷത്രം: അനിഴം. വിദ്യാഭ്യാസം: എം.എ., ബി.എഡ്. (ഇംഗ്ലീഷ്), കെടെറ്റ്, അച്ഛൻ: പുരുഷോത്തമൻ (റിട്ട. ഹെഡ്മാസ്റ്റർ), അമ്മ: ശ്രീജ ബി. (എച്ച്.എച്ച്.എസ്.ടി. കെമിസ്ട്രി, എം.ജെ.എച്ച്.എസ്.എസ്. എളേറ്റിൽ). സഹോദരൻ: രോഹിത് (എം.ടെക്കിന് പഠിക്കുന്നു- വി.ഐ.ടി.), ഗോത്രം: ആംഗിരസ. മുൻഗണന: സർക്കാർ ജോലിയുള്ള യുവാക്കൾ. വിലാസം: എടവല്യത്ത് ഇല്ലം, കരുമല പി.ഒ., ബാലുശ്ശേരി, കോഴിക്കോട് ജില്ല. പിൻ- 673612. ഫോൺ: 9496163475. 7 വർഷം 11 മാസം 6 ദിവസം മന്ദസ്യ ശിഷ്ട ദശാ

| | | | | | |
|---|---|---|---|---|---|
| | ബു ഗു ശു മ | | | | |
| | ഗു സ | മാ | | | |
| ശി | ല | ഗ്രഹനില | | | മാ |
| | | | | | ര സ |
| | | ര ച ശു മ | കു ബു | ശി | |
| | ച | ല കു | | | |

**ജ്യോതിരാജ് ടി വി,** ജനനം: 22.11.1987, നക്ഷത്രം : തൃക്കെട്ട, വിദ്യാഭ്യാസം : എം.കോം, CA&CS inter-passed, ജോലി: അക്കൗണ്ട്സ് സെക്ഷൻ, കാർഗിൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂർ, അച്ഛൻ : ടി ആർ വാസുദേവൻ നമ്പൂതിരിപ്പാട്, അമ്മ : കെ എൻ നളിനി, ഇല്ലം : തെക്കിനിയേടത്ത് മന, ഏരൂർ വെസ്റ്റ്, തൃപ്പൂണിത്തുറ, അമ്മാത്ത് : കല്ലൂർ മന, സഹോദരൻ: ഒരാൾ (വിവാഹിതൻ), മൊബൈൽ: 8921780761, 9895985504.



| | | | | | |
|---|---|---|---|---|---|
| | മ | സ | | ബു | |
| | | ച മാ ശി | ല കു | ബു | |
| ല | മ | ഗ്രഹ സ്ഥിതി | | ര | |
| ഗു | | | | ശു | കു മാ |
| ശു | | | ഗു സ | | |
| | | ര | ശി | ച | |

**ആദിനാരായണൻ.** ജനനം: 31.07.1994. സമയം: 1.26 a.m. ഉയരം: 170 സെ.മീ. നക്ഷത്രം: ഭരണി. വെളുത്ത നിറം. വിദ്യാഭ്യാസയോഗ്യത: എം.എസ്.സി. (കെമിസ്ട്രി). ജോലി: സയന്റിസ്റ്റ് (Aurigene Pharmaceutical Services, Bangalore). അച്ഛൻ: രവി വി.എൻ. (റിട്ട. റെയിൽവേ സ്റ്റേഷൻ സൂപ്രണ്ട്), അമ്മ: ഗീത, (ഹൗസ് വൈഫ്), സഹോദരങ്ങൾ ഇല്ല. ഗോത്രം ആംഗിരസ്. അമ്മാത്ത്: കിഴുപ്പാതായപ്പിള്ളി മന, വിലാസം: വടക്കേടത്ത് പെരുമ്പടപ്പ് മന, വല്ലച്ചിറ, തൃശൂർ ജില്ല. മൊബൈൽ: 9447579878, 9495751338.
ശിഷ്ടദശ: 14-7-6 ശുക്രൻ.



| | | | | | |
|---|---|---|---|---|---|
| | ര | കു ശി | ഭൃ | ഗു | |
| | ല മ | | | | |
| മ മാ | ശി | ഗ്രഹ സ്ഥിതി | | | ബു |
| | ഗു മാ | | | സ | |
| | ച കു ഭൃ | ബു | ര | | ല ച |
| | | | സ | | |

**ഹരിപ്രിയ രാധാകൃഷ്ണൻ.** ജനനം: 05.11.1997. സമയം: 3.15 pm, ജന്മസ്ഥലം: ആലുവ. ഉയരം: 165 സെ.മീ. തൂക്കം: 62 കിലോ. നക്ഷത്രം: പൂരാടം. ഗോത്രം: വിശ്വാമിത്ര. വിദ്യാഭ്യാസം: എം.ബി.ബി.എസ്. ജോലി: രണ്ടാം വർഷം ഇന്റേൺ മെഡിസിൻ റസിഡന്റ് (മെഡ്സ്റ്റാർ, മേരിലാന്റ്). മുൻഗണന: യു.എസ്.എ. യിൽ ജോലിയുള്ള എൻജിനീയർമാരോ, ഡോക്ടർമാരോ ആയ യുവാക്കൾ. അച്ഛൻ: രാധാകൃഷ്ണൻ എസ്.എ.എസ്., അമ്മ: ഉമാദേവി എസ്. എൻ. സഹോദരി: (വിവാഹിത, യു.എസ്.എ. യിൽ സ്ഥിരതാമസം). അമ്മാത്ത്: ശീവൊള്ളി പടിഞ്ഞാറേ മന, ആലുവ. വിലാസം: തുളസി നെസ്റ്റ്, 5 സി, വട്ടേക്കുന്നം, ഇടപ്പള്ളി പി.ഒ., എറണാകുളം ജില്ല, പിൻ- 682024.മൊബൈൽ: 9321427599, 8591032862.

## വേളി ഗ്രൂപ്പ്

**All Kerala Brahmin Matrimony**

ആലപ്പുഴ ജില്ലയിലെ ചേപ്പാട് നിന്നും 2017-ൽ ആരംഭിച്ച മലയാള ബ്രാഹ്മണർക്കായുള്ള വൈവാഹിക ഗ്രൂപ്പ്. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും, കേളത്തിനു പുറത്തും വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്ന അനേകം യുവതീയുവാക്കളുടെ ബയോഡേറ്റകളും ജാതകങ്ങളും വേളി ഗ്രൂപ്പിൽ ലഭ്യമാണ്. വേളി ഗ്രൂപ്പിന്റെ സേവനം 9-ാം വർഷത്തിലേക്ക്. ഈ കാലയളവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 500-ൽ ഏറെ വിവാഹങ്ങൾ ഗ്രൂപ്പ് വഴി നടന്നു.

Contact
**8893697071, 9809990971**

# സ്വസ്തി ലഭിക്കുന്ന സ്ഥലങ്ങൾ

1 പഞ്ചാംഗം പുസ്തകശാല, കോഴിക്കോട് റോഡ്, കുന്നംകുളം, 680503, മണികണ്ഠൻ, ഫോൺ 949542118.
2 തിരുവാലൂർ മോഹനൻ നമ്പൂതിരി, ആര്യവൈദ്യഫാർമസി കോയമ്പത്തൂർ ലിമിറ്റഡ്. മുക്കം റോഡ്, അരീക്കോട്, 673639, മൊ: 9447626157
3. ശ്രീദേവി ബുക്സ് ആന്റ് പേപ്പേഴ്സ്, ഫോർത്ത് ഗേറ്റ്., മഞ്ചേരി, 676121, സേതുമാധവൻനമ്പൂതിരി: 98958 86744
4. ദിലീപ് വി, വൈഷ്ണവം പൂജാ സ്റ്റോർ, അരുകിഴായ, മഞ്ചേരി, 676120, ദിലീപ്.. 9388022040
5. തത്വമസി ഓഡിറ്റോറിയം ഷൊർണൂർ, എ.എൻ സുബ്രഹ്മണ്യൻ, ഫോൺ: 9447836213
6. അന്യോന്യം നാലുകെട്ട്, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ, 682301, കൂടല്ലൂർ നാരായണൻ: 755999 0024
7. ഗംഗ ബുക്സ് കോഴിക്കോട് സുജേഷ് കുമാർ: 8606164715
9. പരബ്രഹ്മം ബുക്ക്സ് ഓച്ചിറ, C/o ഉണ്ണികൃഷ്ണൻ നമ്പൂതിരി.
10. ജയഭാരതം ബുക്സ്റ്റാൾ, കോഴിക്കോട് പാളയം.
11. ഹരിശ്രീ ബുക്സ്റ്റാൾ പൂവാട്ടു പറമ്പ്. മൊബൈൽ: 9400432388
12. ശാന്ത ബുക്സ്റ്റാൾ ഗുരുവായൂർ, മൊബൈൽ 9847753990
13. അക്ഷര ബുക്സ്റ്റാൾ, ടിപ്പു സുൽത്താൻ റോഡ് ജംഗ്ഷൻ, മെയിൻ റോഡ്, മണ്ണാർക്കാട്, 678582, ഷംസുദീൻ: 952645 2413.
14. ദേവപദം ഓഡിറ്റോറിയം, നാരായണൻ കെ.എസ്, കിഴിയേടത്ത് മന, തിരുവാഴിയോട്.പി.ഒ, പാലക്കാട് 679514, മൊ: 9447467347
15. തേവാരം പൂജാ സ്റ്റോഴ്സ്, എസ് & എസ് കോംപ്ലക്സ്, നിയർ കൌസ്തുഭം, ഷോർണൂർ റോഡ്, തൃശൂർ. 680022, സുഹാസ് വടക്കില്ലം: 858900 9493
16. ശശികുമാർ കെ, നാഗാർജുന ഔഷധശാല, ഗുരുവായൂർ റോഡ്, പട്ടാമ്പി, 679 303 ഫോൺ: 98464 99220
17. നാരായണൻ പി.എൻ, നിള പ്രിന്റേഴ്സ്, വട്ടംകുളം, വട്ടംകുളം.പി.ഒ, എടപ്പാളിന് സമീപം, മലപ്പുറം . 679578, ഫോ: 9961960782
18. കൃഷ്ണൻ, ഷോണ ബുക്ക് ഹൌസ്, എടപ്പാൾ ജംഗ്ഷൻ, എടപ്പാൾപി.ഒ, മലപ്പുറം ജില്ല, 679576, ഫോ: 9388162153
19. ഐഡിയൽ ബുക് സ്റ്റാൾ, സ്റ്റാച്യൂ, തിരുവനന്തപുരം
20. മലയാളരാജ്യം ബുക്ക് ഡിപ്പോ, പടിഞ്ഞാറേനട, വൈക്കം, മനോജ്കുമാർ, മൊബൈൽ: 9249893537
21. ശിവൻ സ്റ്റേഷനറി, വൈക്കം പോലീസ് സ്റ്റേഷന് സമീപം, മൊബൈൽ: 9495875834
22. ഗുരുപ്രസാദം ബുക്ക് സ്റ്റാൾ, വൈക്കം, മൊബൈൽ 9544166668

തപാലിൽ ലഭിക്കുവാൻ ഈ ക്യു.ആർ. കോഡ് സ്കാൻ ചെയ്ത് വാർഷിക വരിസംഖ്യ 300 രൂപ അയച്ച് സ്ക്രീൻഷോട്ട് സഹിതം കസ്റ്റമർകെയർ നമ്പറിൽ വിളിക്കുക. നമ്പർ: 9495369337

E-mail: swasthitrimonthly@gmail.com
Website: swasthi.org


❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

*An Exclusive Publication on Namboodiri Life &Life style*

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

**പരസ്യ നിരക്ക് താഴെ കൊടുക്കുന്നു**

ബാക്ക് കവർ .... 18000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ.. 12000
ഫുൾ പേജ് കളർ... 7500
ഹാഫ് പേജ് കളർ ... 4000
ക്വാർട്ടർ പേജ് കളർ... 2000

ഫുൾ പേജ് ബ്ളാക്ക് &വൈറ്റ്. 4000
ഹാഫ് പേജ് ബ്ളാക്ക് &വൈറ്റ്.. 2500
ക്വാർട്ടർ പേജ് ബ്ളാക്ക് &വൈറ്റ്. 1300
വേളി പംക്തിയിൽ ... 1800
ജാതകം/ആശംസകൾ... 1000

**വാർഷിക പാക്കേജ്**
ബാക്ക് കവർ: 60000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ: 40000
ഫുൾപേജ് കളർ:26000
ബ്ളാക്ക് &വൈറ്റ് ഫുൾ പേജ്: 14000

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC**_DLXB0000133

വാർഷിക വരിസംഖ്യ
Rs/**300**
അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

വരിസംഖ്യ കാലാവധി വിവരങ്ങൾ അറിയാൻ
**9447332611**

**കസ്റ്റമർ കെയർ**
**9495369337**

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

യാത്ര



# ബക്കാർഡി റം, കപ്പ, പഴംപൊരി. ഇത് പ്യൂർട്ടോ റിക്ക

**ഉമാദേവി വി.ജെ.**



My room is like a bermuda triangle Stuff goes in and is never again'

തമാശരൂപേണ നമ്മൾ പറയാറുള്ള ഈ പഴഞ്ചൊല്ലിലെ 'ബർമുഡ ട്രയാങ്കിൾ, അഥവാ ഡെവിൾ സ് ട്രയാങ്കിളിന്റെ ഒരു വെർട്ടിസസ് (കോർണർ) (മറ്റേ രണ്ടു വേർട്ടി സസ് ബർമുഡയും, ഫ്ലോറിഡയും ആണ്.) ആയ' പ്യൂർട്ടോറിക്കോ' യിലേക്കു മകന്റെ കുടുംബത്തിന്റെ കൂടെ 'കണക്ടി കട്ടി'ലെ തണുപ്പിൽ നിന്നും രക്ഷനേടാൻ ഒരു യാത്ര നടത്തുകയുണ്ടായി. കരീബിയൻ കടലിലെ യു എസ് ടെറിട്ടറി ആണെന്നല്ലാതെ കൂടുതൽ വിവരങ്ങൾ ഞങ്ങൾക്കൊന്നും അറിയില്ലായിരുന്നു.

തലേ ദിവസത്തെ ഹിമപാതം കൊണ്ട് ഭൂമി ദേവി പുതച്ചുറങ്ങുകയാണെന്നു തോന്നും ചുറ്റുമുള്ള ഇലപൊഴിഞ്ഞ മരങ്ങൾ ഹിമകണങ്ങളേന്തി ഉദയസൂര്യനെ വരവേൽക്കാനൊരുങ്ങി പോകേണ്ട വഴിയിലെ സ്നോ മാത്രം മെഷീൻ കൊണ്ടുമാറ്റിയിട്ടുണ്ട്. മഞ്ഞു മലകൾക്കിടയിലൂടെ യാത്ര ചെയ്യുകയാണെന്നു തോന്നും.. 12 മണിക്കുള്ള

> കരീബിയൻ നാടുകളെ കുറിച്ചു നമ്മുടെ മനസ്സിലെ ചിത്രങ്ങളെയെല്ലാം അപ്പാടെ മാറ്റുന്ന കാഴ്ചയായിരുന്നു വഴി നീളെ കണ്ടത്. കരീബിയൻ ദ്വീപുകൾ എന്നാൽ കടൽ കൊള്ളക്കാരുടെ നാട് എന്നാണല്ലോ ആദ്യം ഓർക്കുക.

വിമാനത്തിൽ കയറി 4മണിയോടു കൂടി പ്യൂർട്ടോറിക്കോയുടെ തലസ്ഥാനമായ സാൻഹുവാൻ (San Juan) ഇന്റർനാഷണൽ എയർപോർട്ടിലിറങ്ങി. സ്പാനിഷിൽ സാൻ ജുവാൻ എന്നത് ഉച്ചരിക്കുമ്പോൾ സാൻഹുവാൻ എന്നാണ്.Sixt എന്ന റെന്റ് എ കാറിന്റെ ഷട്ടിലിൽ കാർ വാടകക്കെടുത്ത് ഞങ്ങൾ 'സീബ' മുൻസിപ്പാലിറ്റിയിൽ ബുക്കു ചെയ്ത എയർ ബി എൻ ബി യിലേക്കു യാത്ര തിരിച്ചു.

കരീബിയൻ നാടുകളെ കുറിച്ചു നമ്മുടെ മനസ്സിലെ ചിത്രങ്ങളെയെല്ലാം അപ്പാടെ മാറ്റുന്ന കാഴ്ചയായിരുന്നു വഴി നീളെ കണ്ടത്. കരീ



*മൽഹാർ: എൽമിറ ഫോർട്ടിലേക്കുള്ള വഴി സ്പാനിഷ് സ്ട്രീറ്റ്*

ബിയൻ ദ്വീപുകൾ എന്നാൽ കടൽ കൊള്ളക്കാരുടെ നാട് എന്നാണല്ലോ ആദ്യം ഓർക്കുക. അപ്പോൾ അധികം പുരോഗമിക്കാത്ത ഒരു രാജ്യം എന്നാണ് ആദ്യം ചിന്തിച്ചത് കാറിൽ യാത്ര ചെയ്യുമ്പോൾ അമേരിക്കയിലെ ഒരു സിറ്റിയിൽ തന്നെയാണോ വീണ്ടും ഇറങ്ങിയത് എന്നു തോന്നിപ്പോയി

ഇനി പ്യൂർട്ടോ റിക്കോ ദ്വീപ സമൂഹത്തിനെ കുറിച്ച് രണ്ടു വാക്ക് ഏകദേശം 110മൈൽ നീളവും 40 മൈൽ വീതിയും ഉള്ള ഈ ദ്വീപസമൂഹത്തിൽ ഒരുപ്രധാന ദ്വീപും 4ചെറിയ ദ്വീപും ഉൾപ്പെടു ന്നു

എന്നാൽ 3 ദ്വീപിലെ ജനവാസം ഉള്ളു. പ്യൂർട്ടോറിക്കോ, അഥവാ റിച്ച് പോർട് കരീബിയൻ ദ്വീപ സമൂഹത്തിൽ ലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്. അതിനു കാരണം മറ്റൊന്നുമല്ല. ഉഷ്ണമേഖലാ കാലാവസ്ഥ ,സീനറി, പലതരം സംസ്കാരം പിന്നെ ഏകദേശം 300 ബീച്ചുകളും ഉണ്ടിവിടെ. അതിനും പുറമേ ലോകത്തിലെ തന്നെ പ്രസിദ്ധമായ 3 ബയോലൂമിനിസന്റ് ബീച്ചുകളും.

സ്പാനിഷിൽ മാത്രം ഉള്ള ട്രാഫിക് ബോർഡ്കളും, സ്പാനിഷിൽ മാത്രം എഴുതിയകടകളുടെ പേരുകളും മാളുകളും ആണ് വഴിയിലുടനീളം കണ്ടത്. സ്പാനിഷും, ഇംഗ്ലീഷും ഒഫീഷ്യൽ ഭാഷയാണ്.

1493 ൽ ക്രിസ്റ്റഫർകൊളംബസിന്റെ. 'ദി ന്യു വേൾഡ് പര്യവേഷണത്തിൽ കണ്ടുപിടിച്ച് സ്പെയ്ൻ സാമ്രാജ്യത്തിന്റെ അധീനതയിൽ 300 വർഷത്തിനു മീതെ ഉണ്ടായതിന്റെ ബാക്കി പത്രമാവാം സ്പാനിഷ് ഭാഷ . അത്യാവശ്യം സ്പാനിഷ് അറിയില്ലെങ്കിൽ ഒരു വിദേശിക്ക് ഡ്രൈവിങ്ങ് കുറച് ബുദ്ധിമുട്ടുളവാക്കും ഉദാഹരണത്തിനു. Exit കളുടെ അവിടെ SALIDA എന്നും STOP നു PERA എന്നു മാത്രം എഴുതിയാൽ ഒരു ടൂറിസ്റ്റ്നു എത്ര മാത്രം ബുദ്ധിമുട്ടുണ്ടാക്കുമെന്നു ഊഹിക്കാമല്ലോ. പബ്ലിക്ക് ട്രാൻസ്പോർട്ട് ബസ്, ട്രയിൻ ഇവ കണ്ടതേയില്ല. ഇരു ചക്രവാഹനങ്ങളും കുറവാണ്

പ്രകൃതി നിറഞ്ഞാടുകയാണിവിടെ. ഒരു ഭാഗം മുഴുവൻ തിങ്ങിനിറഞ്ഞ ഹരിതാഭമായ കാടുകൾ ,ഒരുപാടു ബീച്ചുകൾ.കരിമ്പുകൃഷി,തേയില കൃഷി, മാവ് തുടങ്ങിയവയാണത്രെ പ്രധാനകൃഷികൾ. പ്രസിദ്ധമായ 'ബക്കാർഡി റം' ഫാക്ടറിയും ഇവിടെയാണ്.

പുഴങ്ങിയ നാട ൻ കപ്പയും, പഴം പൊരിയും കൂടി വഴിയിലെ ഒരു കടയിൽ നിന്നു കിട്ടിയപ്പോൾ ആനന്ദലബ്ധിക്കിനിയെന്തു വേണം

വൈകുന്നേരത്തോടുകൂടി ഞങ്ങൾ സീബയിലെഎയർബിഎൻബിയിലെത്തി. ചുവപ്പു നിറമുള്ള പൂക്കളോടു കൂടിയ ഇവിടുത്തെ ദേശീയമരമായ സീബമരത്തിന്റെ പേരാണ് ഈ ചെറിയ ടൗണിന് കൊടുത്തിരിക്കുന്നത്.

കുരങ്ങന്മാരില്ലാത്ത ഒരു കാടിനെ കുറിച്ചു കേട്ടിട്ടില്ലല്ലോ എന്നാൽ അമേരിക്കയിലെ ഏക റെയിൻ ഫോറസ്റ്റായ എൽയിൻ ക്യൂ (El yun que)യിൽ കുരങ്ങൻ ,പുലി തുടങ്ങിയ മൃഗങ്ങളൊന്നും ഇല്ലേ ഇല്ല. കിഴക്കുനിന്നും പടിഞ്ഞാറു വരെ നീണ്ടു കിടക്കുന്ന കൊറി ഡില്ലറ (cord ill era central) എന്ന പർവ്വത നിരയിലെ ഉയരം കൂടിയ കൊടുമുടിയാണ് El yun que കടലിലെ ഒരു വോൾക്കാനിക് ഇറപ്ഷനിൽ നിന്നും ഉണ്ടായതുകൊണ്ടാണെന്നു പറയപ്പെടുന്നു ഇവിടെ പല തരം ആംസീബിയൻസാണുള്ളത്. കുരങ്ങന്മാർ പുലി തുടങ്ങിയവ ഇല്ലാത്തതിനും ഇതു ഒരു കാരണമാണത്രെ.

പക്ഷികളുടെയും സസ്യങ്ങളുടെയും വിവിധ ഇനങ്ങൾ കാണാം

പ്യൂർട്ടോറിക്കൽ പാരട്ട് ,എമറാൾഡ് ഹെമിംഗ് ബേർഡ് , കോക്കി തവളകൾ എന്നിവ ഈ കാടിനു സ്വന്തം. നമുക്കു കുറേ ദൂരം ഹൈക്കിങ് ചെയ്യാം. അതിനുള്ള ഹൈക്കിങ്ങ് ട്രയലുകളും ഉണ്ട്. സുന്ദരമായ ഒരു വെള്ളച്ചാട്ടവും, വാച്ച്ടൗവറും കാനനഭംഗിയും ഒക്കെ കണ്ടു നമുക്കു വനഭംഗി ആസ്വദിക്കാം

അതിന്നടുത്തു തന്നെയാണ് ലാക്വില്ലോ ബീച്ച്. (luquillo beach)The capital of sun എന്നർഥം. ചുറ്റും കേരവൃക്ഷങ്ങൾ, .തിരയടിക്കുന്ന അത്‌ലാന്റിക് സമുദ്രം. ധാരാളം ആളുകൾ സമുദ്രസ്നാനം ചെയ്യുന്നുണ്ട് ബർത്ഡേ പാർട്ടികളും നടക്കുന്നുണ്ട്. നല്ല വൃത്തിയുള്ള ബീച്ച്. കോവളം ബീച്ചിനോടു. ചെറിയ ഒരു സാദൃശം തോന്നിപ്പോയി.

ഇവിടത്തെ പ്രധാന ആകർഷണമാണ് രാത്രിയിലെ കയാക്കിങ്ങ് ബയോലുമിനിസന്റ് കയാക്കിങ്ങ് എന്നറിയപ്പെടുന്നു. അതിലെ പ്രധാന ബീച്ചായ ഫജ്റാഡോ ബീച്ചിൽ പോയി. രാത്രി 7 മുതൽ 9 വരെയാണ്. നേരത്തെ രജിസ്റ്റർ ചെയ്യണം. സഹായിക്കാൻ ഒരു ഗൈഡും ഉണ്ടാവും.

സമുദ്രത്തിലെ ഡൈനോ ഫ്ലാഗെ ല്ലെ പൈറോഡിനം എന്ന ഫൈറ്റോ പ്ലാക് ടൺ അവയെ



*ദിലീപ് ഉണ്ണികൃഷ്ണൻ, അഖില ആര്യ, ഉമാദേവി, ഉണ്ണികൃഷ്ണൻ, മൽഹാർ*



അഖില ആര്യ, മൽഹാർ

ഇളക്കിവിടുമ്പോൾ, അവ ശത്രുവിനെ തോൽപ്പിക്കാൻ അല്ലെങ്കിൽ ശത്രുവിൽ നിന്നും രക്ഷപ്പെടാൻ പുറപ്പെടുവിക്കുന്ന നീല വെളിച്ചമാണ് ബയോ ലൂമിനിസൻസ്. ഇവിടെ ഒരുപാടു പേർ ഒന്നിച്ചു കയാക്കിങ്ങ് ചെയ്യുമ്പോൾ അവർ ഒന്നിച്ചു ഇളകിവശാവുന്നു. അതോടെ കടലിന്നടിയിൽ നിന്നും നീല പ്രകാശംമിന്നിവന്നു കൊണ്ടിരിക്കുന്ന പോലെ തോന്നും. ഈ ജീവികൾ എല്ലാ കടലിലുംഉണ്ടാവാറില്ല സലിനിറ്റി, ആഴം, ടെംപറേച്ചർ, അതിനു ചുറ്റുമുള്ള മാൻ ഗ്രൂവ്സ് തുടങ്ങി ഒരുപാടു ഘടകങ്ങൾ ഇവയുടെ നിലനിൽപ്പിനെ ആശ്രയിച്ചിരിക്കുന്നു. കരീബിയൻ കടലിലെ പ്രത്യേകിച്ചും ഈ രാജ്യത്തെ 3 ബീച്ചുകളിലെ പ്രധാന ആകർഷണം ഇതാണ്. ബീച്ചിന്റെ ചുറ്റും സീഫുഡ് വിഭവങ്ങളുടെ നിരവധി ഭക്ഷണശാലകളും ഉണ്ട്.

പുരാതന സ്മാരകങ്ങൾ എന്നു പറയുവാൻ ഇവിടെ സ്പെയിൻ കാർ കെട്ടിയ 2 കോട്ടകൾ മാത്രമേയുള്ളു. ഓൾഡ് സാൻ ഹുവാനിലെ എൽമോറോഫോർട്ടും സാൻ ക്രിസ്റ്റോ ബാൾ ഫോർട്ടും.

ഞങ്ങൾ എൽമോറോ കോട്ടയാണ് കണ്ടത്. കാർ പാർക്കിങ്ങ് ഏറിയയിൽ നിന്നും 20 മിനിട്ടു പഴയ സ്പാനിഷ് വീടുകളുടെ നടുവിലൂടെ നടന്നു വേണം അവിടെ എത്താൻ. ഞങ്ങൾ നേരത്തെ കോട്ടയിലെത്താൻ പുറപ്പെട്ടതു കൊണ്ടാവാം തെരുവുകൾ ഉണരുന്നേ ഉണ്ടായിരുന്നുള്ളു. തെരുവിനു വീതി നന്നെ കുറവാണ്. 16-ാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തിൽ സ്പെയിൻ പ്യൂട്ടോറിക്കയുടെ പ്രാധാന്യം മനസ്സിലാക്കി സാൻ ഹുവാനെ മിലിട്ടറി ഔട്ട് പോസ്റ്റാക്കി മാറ്റി അതിനു വേണ്ടി പണിത കോട്ടകളാണിവ. ഇംഗ്ലീഷ്, ഡച്ച് ആക്രമണങ്ങളെ ചെറുക്കാൻ നിർമിച്ചതാണ് പീരങ്കികളും, മിലിട്ടറി ആൾക്കാർ ഉപയോഗിച്ചിരുന്ന അടുക്കള അവരുടെ റൂമുകൾ ഒബ്സർവേഷൻ പോസ്റ്റ എന്നിവയും കാണാം. 6 ലവൽ ഉണ്ടത്രെ. പക്ഷേ നമുക്ക് ഒരു ലെവലായിട്ടേ തോന്നു. ചുററും കടലായതു കാരണമാവാം നാട്ടിലെ പോലെ അതികൂറ്റൻ കോട്ടയുടെ ആവശ്യ കത ഇല്ലാത്തത്. നാട്ടിലെ കോട്ടകളുമായി താരതമ്യപെടുത്തുമ്പോൾ ഇതിനെ ഒരു കോട്ടയായി കാണാൻ മനസ്സനുവദിക്കുന്നില്ല. അതിന് മുന്നിലെ കാടലിനോടു ചേർന്നുനിൽക്കുന്ന വിശാലമായ പുൽ തകിടി യാണ് കോട്ടയെക്കാൾ പ്രധാനാകർഷണം എന്നു പറയാം. അവിടത്തെ പ്രധാന വിനോദം പട്ടം പറപ്പിക്കുന്നതാണെന്നു തോന്നി. തിരിച്ചു നടക്കുമ്പോൾ തെരുവിൽ സ്പാനിഷ് സംഗീതം അലയടിക്കുന്നുണ്ടായിരുന്നു. ഇവിടത്തെ സംസ്കാരം സ്പാനിഷ്, ഡച്ച്, അമേരിക്കൻ, ആഫ് റിക്കൻ കൂടി കലർന്നതാണ്.

ഈ പോർട്ടിൽ പല ആഡംബര കപ്പലുകൾ നങ്കൂരമിട്ടു കിടക്കുന്നുണ്ട്. അതിൽ നിന്നും സഞ്ചാരികൾ ഇറങ്ങുന്നു. പകൽ ദ്വീപിലെ കാഴ്ചകൾ കണ്ട് വൈകുന്നേരം കപ്പലിൽ കയറുന്നു. പിറ്റേ ദിവസം അടുത്ത ദ്വീപിലെത്തുന്നു. കാഴ്ചകൾ കാണുന്നു.. അങ്ങനെ ക്രൂയിസു വഴി ഈ ദ്വീപസമൂഹം കാണാനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

അത്‌ലാന്റിക് സമുദ്രത്തിലെ ഏറ്റവും ആഴം കൂടിയ പ്യൂർട്ടോറിക്കോ ട്രഞ്ച ഇവിടെയാണ്. പ്രകൃതി ദുരന്തങ്ങൾ നിരന്തരം ഏറ്റുവാങ്ങുന്ന ഒരു രാജ്യമാണിത്. സുനാമി, ഭൂമി കുലുക്കം എന്നിവ ഇടക്കിടെ ഉണ്ടാവും. അതിന്റെ പരിണതഫലങ്ങൾ അതിവേഗം ഇവർ തരണം ചെയ്യുന്നുണ്ട്. അവിടെ പലദിക്കിലും എഴുതിവെച്ചിരിക്കുന്നത് ഇതാണ്. ഞങ്ങൾ സമുദ്രത്തിനെ വിശ്വസിക്കുന്നു. തിരമാലകൾ ഞങ്ങളുടെ ആശങ്കകളെ ഇല്ലാതാക്കുന്നു. സീഷെൽ ഞങ്ങൾക്കു ഭാഗ്യം കൊണ്ടുവരുന്നു. ഈ മണൽത്തരികളിൽ ഞങ്ങളുടെ ജീവൻ നിൽക്കുന്നു.

1859 ൽ ആദ്യത്തെ ടെലഗ്രാഫിന്റെ ഉപജ്ഞാതാവായ മോർസ് തന്റെ മരുമകന്റ വീട്ടിലേക്കു അയച്ച ആദ്യ സന്ദേശം 'പ്യൂർട്ടോ റിക്കോ ദ ബ്യൂട്ടിഫുൾ ജ്വൽ'എന്നായിരുന്നു. ഈ ഭംഗിയുള്ള രത്നത്തിൽ ഒന്നു തൊടുവാൻ സാധിച്ച സന്തോഷമായിരുന്നു ഒരു ഹ്രസ്വ സന്ദർശത്തിനു ശേഷം തിരിച്ചു വിമാനത്തിൽ കയറുമ്പോൾ മനസ്സുനിറയെ. ●

ഉമ ഉണ്ണികൃഷ്ണൻ, ചോലമന,
ഹൗസ് നമ്പർ 9, ടി.കെ.വി. നഗർ,
കൽമണ്ഡപം, പാലക്കാട്-1
മൊബൈൽ: 9446814340





സ്വർണ്ണത്ത്

# മുത്തശ്ശിയുടെ തങ്കമ ഐശ്വര്യം വർഷ

ഡോ. വിനോദ് മങ്ങത്തായ,
താമരക്കുളം ദിവാകരൻ





'ഭവതി ഭിക്ഷാം ദേഹി' ഉറച്ച, മുഴങ്ങുന്ന ശബ്ദം. കോമളനായ ഒരു ബാലക സന്യാസിയാണ്.

ഈശ്വരാ ഒന്നുമില്ലല്ലോ ഇവിടെ കൊടുക്കാൻ . വൃദ്ധയായ ആ അന്തർജനം തേങ്ങി. ദിവസങ്ങളായി പട്ടിണിയിലാണ്. അതിഥി, അതും സന്യാസി, ഈശ്വരനാണ്. വന്ദിക്കണം. ഇല്ലം മുഴുവൻ പരതി. ഒരു നെല്ലിക്ക മാത്രമേ കിട്ടിയുള്ളൂ.

തൂശനിലയിൽ ഭക്തിപൂർവ്വം നെല്ലിക്ക സമർപ്പിച്ച് നമസ്കരിച്ചു ആ സാധ്വി.

ഭിക്ഷ സ്വീകരിച്ച് അനുഗ്രഹിച്ചു സന്യാസി

ഇല്ലായ്മയിലും സ്വധർമ്മം മറക്കാതെ അതിഥി പൂജ ചെയ്ത മുത്തശ്ശിയെ മനസാ വന്ദിച്ചു അദ്ദേഹം. ശേഷം അത്തിരുമുറ്റത്ത് നിന്ന് ലക്ഷ്മീദേവിയെ സ്തുതിച്ചു.


'അംഗം ഹരേ പുളകഭൂഷണമാശ്രയന്തി /
ഭൃംഗാംഗനേവ മുകുളാഭരണം തമാലം /
അംഗീകൃതാഖില വിഭൂതിരാംഗലീലാ /
മംഗല്യ ദാസ്തു മമ മംഗള ദേവതായാ:
തൊഴുതു നിന്ന മുത്തശ്ശിക്ക് മുന്നിൽ
സ്വർണ നെല്ലിക്കകൾ വർഷിച്ചു ലക്ഷ്മിദേവി.

ആ സന്യാസി അവധൂതനായി ദേശാടനം നടത്തുന്ന ശ്രീശങ്കര ഭഗവദ്പാദരാണെന്ന് ഐതിഹ്യം.

നെടുന്തുരുത്തി പാഴിയൂർ ഇല്ലം പൊന്നോർക്കോട്ട് പാഴിയൂർ എന്നും ലോപിച്ച് സ്വർണത്ത് മന എന്നും അറിയപ്പെട്ടു.

തെക്കിനി, വടക്കിനി, കിഴക്കിനി, പടിഞ്ഞാറ്റ നടുക്ക് നടുമുറ്റം. ഇതാണ് നാലുകെട്ട്.

നാലുകെട്ടുകൾ മൂന്നെണ്ണം ചേർന്ന പന്ത്രണ്ടു കെട്ടാണ് ഇവിടെ. ശ്രീ ശങ്കരൻ കനകധാരാസ്തവം ചൊല്ലി മഹാലക്ഷ്മിയെ സ്തുതിച്ച തെക്കിനി. അതിനോട് ചേർന്നുള്ള പൂമുഖം. എല്ലാം പഴമയുടെ ഗാംഭീ



# നസ്സ്; വിണ്ണും മണ്ണും ഷിച്ച സ്വർണ്ണമന

*കസേരയിൽ ഇരിക്കുന്നവർ ഇടത്തു നിന്ന് വലത്തോട്ട് : 1. നാരായണൻ D(കുറൂർ) 2. ചിത്രഭാനു KB (കൂടലാറ്റുപുറം), (രണ്ടു പേരും സഹോദരിമാരെ വിവാഹം ചെയ്തവർ), 3. കൃഷ്ണൻ (സ്വർണ്ണത്ത്), 4.നാരായണൻ (സ്വർണ്ണത്ത്, 5 കൃഷ്ണൻ നമ്പൂതിരിപ്പാട്, (അഫൻ സ്വർണ്ണത്ത്), 6.ബ്രഹ്മദത്തൻ ( സ്വർണ്ണത്ത്), 7. നീലകണ്ഠൻ (സ്വർണ്ണത്ത്), 8 . വാസുദേവൻ (സ്വർണ്ണത്ത്), പുറകിൽ നിൽക്കുന്നവർ 1. ആര്യശ്രീ, (W/o ഹരിദാസൻ ), 2.സാവിത്രി, (W/o സുബ്രഹ്മണ്യൻ കുട്ടൻ), 3. ലീല (W/o നാരായണൻകുറൂർ, 4. ഗൗരി (W/o ചിത്രഭാനു കൂടലാറ്റുപുറം) (അനുജത്തിമാർ ), 5. സ്മിത (W/o കൃഷ്ണൻ), 6. പ്രഭ (W/o നാരായണൻ), 7.വരദ, 8.സാവിത്രി ( W/o ബ്രഹ്മദത്തൻ), 9 . രശ്മി (W/o വാസുദേവൻ), 10 ബീന (W/o നീലകണ്ഠൻ), 11 .ദേവി (കുറൂർ മഹൾ), ഇരിക്കുന്നവർ 1 ഗോവിന്ദൻ (രോഹിത്ത്), 2.ഹരിദാസൻ, 3. സിദ്ധാർത്ഥ് (കുറൂർ), 4. സാവിത്രി (കൂടലാറ്റുപുറത്തു മഹൾ), 5. സാരംഗ്, 6. ശ്രീദേവി (കൂടലാറ്റുപുറത്ത് മഹൾ), 7. നിവേദ്, 8. നീരജ, 9. സുബ്രഹ്മണ്യൻ (കുട്ടൻ), 10. പ്രശാന്ത് (തെക്കിനിയേടം), 11. നിവേദിന്റെ മടിയിൽ ഇരിക്കുന്ന കുട്ടി : ആരഭി*







*ശങ്കരാചാര്യ സ്വാമികൾ വന്ന് കനകധാരാശ്രോത്രം ചൊല്ലിയ സ്ഥലം*

*പഴയ ഗ്യാസ് ലൈറ്റ്*

ര്യത്തോടെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

ശ്രീശങ്കരന്റെ പാദസ്പർശമേറ്റ മണ്ണ് ഒന്നു തൊട്ടു നിറുകയിൽ വെയ്ക്കാൻ, ഒരൽപസമയം ഇപ്പൂമുഖത്തിരിക്കാൻ ധാരാളം പേർ ഇവിടെ വരാറുണ്ട്.തമിഴ് നാട്, ആന്ധ്ര, കർണ്ണാടകം, തെലുങ്കാന. അവരുടെ സ്പിരിചൽ ടൂറിസ സർക്യൂട്ടിൽ പെരിയാറുണ്ട്, ശങ്കരാചാര്യരുടെ ഇല്ല മുണ്ട്, അമ്മാത്തുണ്ട്,

കനകധാരാസ്തവം ചൊല്ലിയ സ്വർണ്ണത്തു മനയുണ്ട്.

## ചരിത്രം

അഷ്ടഗൃഹത്തിലാഢ്യന്മാരായ നെടുന്തുരുത്തി പാഴിയൂരിന്റെ ആസ്ഥാനം ഒറ്റപ്പാലത്തിനടുത്തുള്ള മായന്നൂർ ആയിരുന്നു. എ.ഡി. 600 കാലത്താണ് ഇവർ വെൺപലനാട്ടിൽ എത്തിപ്പെട്ടതെന്നും പൊന്നാർക്കോട്ട്  സ്ഥലങ്ങൾ വാങ്ങിക്കൂട്ടി പ്രബലരായി എന്നും പറയപ്പെടുന്നു. മായന്നൂരും, പൊന്നാർക്കോട്ട് എത്തിയ ശേഷവും, നെടുന്തുരുത്തി പാഴൂരിന് ദേശാധിപത്യ സ്ഥാനമുണ്ടായിരുന്നു. ആ കാലത്ത് ഉണ്ടായിരുന്ന  'നെടുന്തുരുത്തി യോഗം ' എന്ന യാത്രകളി യോഗത്തിന്റെ  വാക്യവൃത്തി സ്ഥാനം സ്വർണ്ണത്തേക്കായിരുന്നു.

അഷ്ടഗൃഹത്തിലാഢ്യന്മാരായ നെടുന്തുരുത്തി പാഴിയൂരിന്റെ ആസ്ഥാനം ഒറ്റപ്പാലത്തിനടുത്തുള്ള മായന്നൂർ ആയിരുന്നു. എ.ഡി. 600 കാലത്താണ് ഇവർ വെൺപലനാട്ടിൽ എത്തിപ്പെട്ടതെന്നും പൊന്നാർക്കോട്ട്  സ്ഥലങ്ങൾ വാങ്ങിക്കൂട്ടി പ്രബലരായി എന്നും പറയപ്പെടുന്നു.


ഇപ്പോഴും ഔദ്യോഗികരേഖകളിൽ പഴയ പേരായ നെടുന്തുരുത്തി അരിതാതൻ (ഹരിദാസൻ) എന്ന പേര് സ്ഥാനപ്പേരായി കൂട്ടിച്ചേർത്ത് നിലനിർത്തിപ്പോരു



വിശാലമായ നടുമുറ്റം



*രണ്ടാമത്തെ നടുമുറ്റം*



ഒരു പഴയ വാതിൽ



പത്തായപ്പുര

ന്നുണ്ട്.

പിന്നെപ്പൊഴോ  കാര്യങ്ങൾ മാറി മറിഞ്ഞു. നെടുന്തുരുത്തി പാഴൂരുകാർ സമ്പത്തെല്ലാം നഷ്ടപ്പെട്ട് ദാരിദ്ര്യത്തിലായി. ശങ്കരാചാര്യരുടെ സന്ദർശനവും കനകധാരാ സ്തോസ്ത്രവും മനയ്ക്ക് പുനർജന്മം നൽകുകയായിരുന്നു.

കൊല്ലവർഷം തൊള്ളായിരത്തി പത്ത് കാലത്ത് പിറവത്തിനടുത്ത് കളമ്പൂരുള്ള തളിയിൽ നിന്നും നെടുന്തുരുത്തി പാഴൂരിലേക്ക് ദത്തിരുന്നതായി ചരിത്രം പറയുന്നു. തളിയിൽ മനക്കാർക്ക് ശങ്കരാചാര്യ സ്വാമികളുടെ അമ്മാത്തായ മേൽപാഴൂരുമായി ഗൃഹപ്പുല ഉണ്ട്.ഇതാണ്  സ്വർണത്തും  പിന്തുടരുന്നത്.

ആലുവയിൽ നിന്നും 16 KM മാറി കിഴക്കമ്പലം - പാങ്കോട്ട് റോഡിൽ പഴന്തോട്ടം കവലയുടെ 750 മീറ്റർ ദൂരത്താണ് സ്വർണത്ത് മന.  ഇല്ലപ്പറമ്പ് പതിനാറേക്കറാണ്.

സ്വച്ഛപ്രകൃതി. അഥവാ  നാചറൽ ഫോറസ്റ്റ് പോലെ. എറണാകുളത്തിന്റെയും ആലുവയുടെയും ബഹളങ്ങളിൽ നിന്ന് അകന്ന്  ശാന്തമായ അന്തരീക്ഷം.




കൊച്ചി രാജാവും സ്വർണ്ണത്തു കാരും തമ്മി ലുള്ള അടുപ്പമായിരുന്നു കടമക്കുടി ദേശം  സ്വർണ്ണത്തേക്കു കൂട്ടി  പതിച്ചു കിട്ടാൻ കാരണം .

മന സ്ഥിതി ചെയ്യുന്ന പ്രദേശം തിരുവിതാംകൂറിലാണ്. രാജാവുമായി വളരെ നല്ല ബന്ധമായിരുന്നു സ്വർണത്തുകാർക്ക്. 1795 ൽ  മഹാരാജാവ് നൽകിയ മരത്തടികളും പണവും ഉപയോഗിച്ച് അന്നത്തെ കാരണവർ പടുത്തുയർത്തിയതാണ് ഇന്നത്തെ സ്വർണത്ത് മന.

230 വർഷങ്ങളുടെ പഴക്കമുള്ള അധികം ഗൃഹങ്ങളൊന്നും കേരളത്തിലില്ല. തേക്കും ആഞ്ഞിലിയും പ്ളാവും പഴയ കാല നിർമ്മാണ രീതികളും കാലത്തെ അതിജീവിച്ച് തിളങ്ങുകയാണ് സ്വർണ്ണത്ത്.

മനയുടെ പ്രധാന നടുമുറ്റം വളരെ വലുതാണ്. ഒറ്റ നോട്ടത്തിൽ ഇപ്പോഴത്തെ ടർഫ് പോലെ.

മേൽപാഴൂരും കൂടല്ലൂരും കഴിഞ്ഞാൽ വലുപ്പത്തിൽ മൂന്നാം സ്ഥാനം സ്വർണത്തു മനയിലെ നടുമുറ്റത്തിനാണത്രെ.

രണ്ടു ചെറു നടുമുറ്റങ്ങൾ കൂടി പന്ത്രണ്ടു കെട്ടിലുണ്ട്. പല്ലക്കും ആമാടപ്പെട്ടിയും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു.

മെതിയടിയും ചെല്ലവും വലിയ ആവണപ്പലകയും തോണിയും ചേരുമ്പോൾ മനയ്ക്കകം ഒരു ഹെറിറ്റേജ് മ്യൂസിയമാവുന്നു.

വലിയടുക്കള, ചെറിയടുക്കള, തേവാരക്കെട്ട്, അമ്പലത്തിന്റെ ആകൃതിയിലുള്ള ശ്രീലകം, വിശാലമായ കിഴക്കിനി, നൂറു പേർക്ക് ഇരുന്നുണ്ണാവുന്ന കെട്ട്, നിലവറ, അതിവിശാലമായ 12 ഓളം മുറികൾ തുടങ്ങി ഒരു മായാപ്രപഞ്ചം തന്നെയാണ് മന. അടുക്കളകളോടും ഊട്ടുപുരയോടും ചേർന്ന് മൂന്ന് വലിയ കിണറുകൾ  ചിട്ടയായി  പരിപാലിക്കുന്നു.

(ഊട്ടുപുര ഒരു വേറിട്ട കെട്ടിടമാണ്. നാലു കെട്ടുകൾക്കു പുറമെ ഇവിടെ വലിയ അടുക്കളയുണ്ട്.

മുത്തച്ഛന് 2 മക്കൾ. ഒരുപുലാശ്ശേരി മരുമകനായ സുബ്രഹ്മണ്യൻ നമ്പൂതിരിയും കക്കാട്ടു മരുമകൻ കൃഷ്ണൻ നമ്പൂതിരിയും.
സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ മക്കളാണ് ഇപ്പോൾ സ്വർണത്തു മനയിൽ. കൃഷ്ണൻ നമ്പൂതിരിക്ക് ഷെയർ ആയി കിട്ടിയത് ഒറ്റപ്പാലം മായന്നൂരിലെ വസ്തുവഹകൾ. അദ്ദേഹത്തിന് 3 പെൺമക്കൾ. 2 പേരെ ഒളപ്പമണ്ണക്കും ഒരാളെ അവണപ്പറമ്പിലേക്കുമാണ് വേളികഴിച്ചു കൊടുത്തത്.
സുബ്രമണ്യൻ നമ്പൂതിരി - കൂടല്ലൂർ സാവിത്രി അന്തർജനം ദമ്പതിമാർക്ക് 5 ആൺ മക്കളും 2 പെൺമക്കളും
1 തൃശൂർ കരിയച്ചിറയിൽ താമസിക്കുന്ന ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് ( പഞ്ചാബ് നാഷനൽ ബാങ്ക്) - കുറൂർ സാവിത്രി അന്തർജനം ( കുട്ടികൾ a) സുബ്രമണ്യൻ ( കുട്ടൻ ) , b ) ഏഴിക്കോട് സാവിത്രി )
2 നാരായണൻ നമ്പൂതിരിപ്പാട് - വെള്ളക്കാട്ട് പ്രഭ അന്തർജനം. രണ്ടു ആൺകുട്ടികൾ a) ഹരിദാസൻ നമ്പൂതിരിപ്പാട് - തെക്കിനിയേഴം ആര്യശ്രീ - മകൾ ആരഭി. b) ഗോവിന്ദൻ നമ്പൂതിരിപ്പാട് (രോഹിത് ) ബി.ടെക്.
3 നീലകണ്ഠൻ നമ്പൂതിരിപ്പാട് - കാണിപ്പയ്യൂർ ബീന അന്തർജനം
4 വാസുദേവൻ നമ്പൂതിരിപ്പാട് - ഊമപ്പള്ളി രശ്മി അന്തർജനം . 2 കുട്ടികൾ a) വരദ - മാമണ്ണിലേക്ക് വേളി കഴിച്ചു കൊടുത്തു. b) സാരംഗി - ഫൈൻ ആർട്സ് പഠിക്കുന്നു.
5 ഗൌരി അന്തർജനം (എംകൂടലാറ്റുപുറത്തു മന,പൈങ്കുളം) ബി.എസ്.സി, ബി എ ഡ് . (പെരുങ്ങോട് സ്കൂൾ ഹെഡ്മിസ്ട്രസ് ആയി റിട്ടയർ ചെയ്തു) ഭർത്താവ് ചിത്രഭാനു നമ്പൂതിരി ബാങ്ക് ഓഫീസർ ആയി റിട്ടയർ ചെയ്തു .മക്കൾ a) ശ്രീദേവി കോളേജ് അദ്ധ്യാപിക. b) സാവിത്രി B. F. A
6. കൃഷ്ണൻ നമ്പൂതിരിപ്പാട് (പ്രിൻസിപ്പൽ ഐ.ടി.ഐ) - മുണ്ടേര് സ്മിത അന്തർജനം . 2 കുട്ടികൾ. a) നീരജ എം.എസ് സി b) നിവേദ് ബി എസ് സി ക്കു പഠിക്കുന്നു.
7 ലീല അന്തർജനം (എം.എസ് സി) - അടാട്ട് കുറൂർ നാരായണൻ നമ്പൂതിരിപ്പാട്.കുറൂർ മന ,പ്രൊഫസർ ഐ.ഐ.ടി ഡൽഹി. മക്കൾ a) ശ്രീദേവി, ബാഗളൂർ b) സിദ്ധാർത്ഥ്, വിദ്യാർത്ഥി


230 വർഷങ്ങളുടെ പഴക്കമുള്ള അധികം ഗൃഹങ്ങളൊന്നും കേരളത്തിലില്ല. തേക്കും ആഞ്ഞിലിയും പ്ളാവും പഴയ കാല നിർമ്മാണ രീതികളും കാലത്തെ അതിജീവിച്ച് തിളങ്ങുകയാണ് സ്വർണ്ണത്ത്.

പത്തിരുനൂറു പേർക്ക് ഭക്ഷണം കഴിക്കാവുന്ന അന്നശാല. ഇപ്പോൾ ഇതൊന്നും ഉപയോഗത്തിലില്ല.)

വലിയ മുറികളും തളവും നീണ്ട, വീതി കൂടിയ ഇടനാഴികയുമായ പത്തായപ്പുര മറ്റൊരത്ഭുതം. നമ്മളൊരു കൊട്ടാരമട്ടുപ്പാവിൽ ഇരിക്കുന്ന അനുഭവം.

താഴെ മുഴുവൻ വലിയ പത്തായമാണ്

ക്ഷാമകാലത്ത് ഒരു നാടിനു മുഴുവൻ കരുതലാവുന്നത് ഇത്തരം മനകളിലെ ധാന്യശേഖരമത്രെ.



*സ്വർണത്ത് നാരായണൻ നമ്പൂതിരിപ്പാട്*

*കുചേല വേഷത്തിൽ സ്വർണത്ത് നാരായണൻ നമ്പൂതിരിപ്പാട്*





*ശ്രീലകം*



*നടുക്ക് ഇരിക്കുന്നത് അഫൻ കൃഷ്ണൻ നമ്പൂതിരിപ്പാട്. അഫന്റെ പിന്നിൽ നിൽക്കുന്നത് അനുജൻ വാസുദേവന്റെ മകൾ വരദ*

സ്വർണ്ണത്ത് മന ഒരു കോംപ്ളക്സ് ആണ്. മന യിലെ എല്ലാർക്കും താമസിക്കാൻ പറ്റുന്നതിലധികം വലുപ്പവും സൗകര്യവുമുണ്ട്.

2013 വരെ ഇവിടെ ഉള്ളവരിൻ ഏട്ടനായ നാരാ യണൻ നമ്പൂതിരിപ്പാടും 3 അനിയന്മാരും കുടുംബ വും താമസിച്ചിരുന്നത് പന്ത്രണ്ടു കെട്ടിൽ തന്നെയാ യിരുന്നു.

മനയ്ക്ക് തൊട്ടു തന്നെ നാലാളും സ്വന്തം വീടു വെച്ചിട്ടുണ്ട്.

നാരായണൻ നമ്പൂതിരിപ്പാട് എന്നും തറവാട്ടിൽ തന്നെയാണ്. കുളി, തേവാരം, പത്തായപ്പുരയിൽ ഓഫീസ്, ഉറക്കം എല്ലാം ഇവിടെത്തന്നെ. ഭക്ഷണം കഴിക്കാൻ മാത്രമേ തൊട്ടടുത്ത് പണിത പുതിയ ഗൃ ഹത്തിലേക്ക് പോവാറുള്ളൂ.

ജ്ഞാനവും ഐശ്വര്യവും നിറഞ്ഞ മന തന്നെ യടക്കം എല്ലാവരെയും സംരക്ഷിക്കുന്നു എന്ന് നാരായണൻ നമ്പൂതിരിപ്പാട്.

ഇവിടം ഒരു സാധാരണ മനയല്ല. യുനിക് ആയ വാസ്തുശൈലി.മനയ്ക്കലെ ശ്രീലകത്തിനുമുണ്ട് പ്രത്യേകത. ക്ഷേത്ര ശ്രീകോവിൽ പോലെയാണതി ന്റെ നിർമ്മാണം. പന്ത്രണ്ടു കെട്ടിന്റെ ഭാഗമാണെങ്കി ലും വേറെയായി നിലനിർത്താൻ കൂടി പറ്റുന്ന തര ത്തിലാണ് ശ്രീലകം. സ്വർണത്തേക്കു വന്ന കൊല്ലൂർ മൂകാംബിക ഭഗവതിയുടെ സാന്നിദ്ധ്യമാണ് സ്വയംഭൂ വായ പൊന്നോർക്കോട് കാവിലുള്ളത്.

മറ്റുപല ഇല്ലങ്ങളിലും ഉള്ള പോലെ ഭദ്രകാളി ഭഗവതിയുടെ ദേവത സ്ഥാനങ്ങളിൽ ഒന്നാണ് സ്വർ ണ്ണത്ത് എന്ന് പറയുന്നുണ്ട്. ശ്രീലകത്ത് ഭുവനേശ്വരി സങ്കൽപ്പത്തിലാണ് ആരാധന. തേവാരത്തിന് കാ വിലും ഇല്ലത്തുമായി മൂന്ന് നമ്പൂതിരിമാരെങ്കിലും സ്ഥിരമായി ഉണ്ടായിരുന്നു. കല്ലാറ്റു കുറുപ്പന്മാർ നടത്തുന്ന ഭഗവതി പാട്ട് പണ്ട് എല്ലാ കൊല്ലവും നടന്നുവന്നിരുന്നു. ഇടക്കാലത്ത് നിന്നു പോയ അത് ഇപ്പോൾ ചില കൊല്ലങ്ങളിൽ നടക്കുന്നുണ്ട്. തേവാ രത്തിന് വിശേഷ അവസരങ്ങളിൽ ഒഴിച്ച് പുറത്തുനി ന്ന് ഇപ്പോൾ ആരും ഇല്ല.

സ്വർണത്തു മനയും ആസ്തികളും ഒപ്പം നാടി നെയും സംരക്ഷിച്ചു നില നിർത്തിയത് കാടമ്പറ്റ മരുമകനായ (ഇന്നത്തെ തലമുറയുടെ മുത്തച്ഛൻ )




*തിരുവിതാംകൂർ മഹാരാജാവിന്റെ കത്ത്*




*പത്തായപ്പുരയിൽ നിന്നും ഇല്ലത്തേക്കുള്ള പാലം*

തുപ്പൻ നമ്പൂതിരിപ്പാടായിരുന്നു.( 1890- 1971) അദ്ദേഹത്തിന് തന്റെ പതിനെട്ടാം വയസ്സിൽ  കുടുംബഭരണമേറ്റെടുക്കേണ്ടി വന്നു

സ്വർണത്തു മനയെ ആധുനീകരിച്ച തുപ്പൻ നമ്പൂതിരിപ്പാടിന്റെ  പ്രവർത്തനങ്ങളിൽ ചിലത് അക്കമിട്ട് നിരത്താം.

1 പ്രധാന കെട്ടിടവും പത്തായപ്പുരയും തമ്മിൽ ബന്ധിപ്പിക്കുന്ന 'പാലം' നിർമ്മിച്ചു.

2 പല്ലക്ക് ഉപേക്ഷിച്ചു. യാത്രക്ക് കാർ വാങ്ങി

3 സംസ്കൃതത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും നേടാൻ  സ്വർണ്ണത്ത് ഇഗ്ലീഷ് മീഡിയം അപ്പർ പ്രൈമറി സ്ക്കൂൾ തുടങ്ങി (1916)

4 1930 മെയ് 6 (1105 മേടം 24) തീയ്യതിമുതൽ സ്വർണ്ണത്ത് ജനറേറ്റർ വച്ച് ഇലക്ട്രിക്ക് വിളക്കുകൾ കത്തിക്കാൻ തുടങ്ങി.

5 1959 ജൂലായ് 6 മുതൽ മനയിൽ  പള്ളിവാസൽ കറന്റ് കണക്ഷൻ എടുത്തു.

6 നെല്ല് കുത്താൻ ഇലക്ടിക് മോട്ടോർ വെച്ച് ഫ്ളോർ മിൽ തുടങ്ങിയ ആദ്യത്തെ മന. (1930)

7. റബ്ബർ കൃഷി ചെയ്ത്  പറമ്പിനെ തോട്ടമാക്കി രജിസ്റ്റർ ചെയ്ത തിരുവിതാംകൂറിലെ ആദ്യ നമ്പൂതിരി (1955). റബ്ബർ തൈകൾ കിട്ടാനില്ലാത്തതിനാൽ കോട്ടയത്തു പോയി റബ്ബർ കുരുക്കൾ സംഘടിപ്പിച്ച് മുളപ്പിച്ച് തൈകളാക്കിയായിരുന്നു പ്ലാന്റേഷൻ.

8. ആത്മ സുഹൃത്തായിരുന്ന കുറൂർ ഉണ്ണിനമ്പൂതിരിപ്പാടുമായി ചേർന്ന് സമുദായോന്നമനത്തിനായി  യോഗക്ഷേമസഭാ പ്രവർത്തനം.

9. ജന്മി- കുടിയാൻ സഭയിലും സജീവ പ്രവർത്തകൻ

10. തിരുവിതാംകൂർ നിയമസഭയിൽ ജന്മിമാരുടെ പ്രതിനിധിയായി തെരഞ്ഞെടുത്ത മെമ്പർ.


11. കിഴക്കമ്പലം - പാങ്കോട് റോഡ് ഉണ്ടാക്കി. (1928)

12. മനയ്ക്കലക്കും നാട്ടുകാർക്കും കിഴക്കമ്പലത്തു നിന്ന് ലൈൻ വലിച്ച്  വൈദ്യുതി എത്തിച്ചു. (1958)

13. കാലത്തിനനുസരിച്ച് മാറാതെയും കെടുകാര്യസ്ഥതയുടെ ഫലമായും നാശത്തിലേക്കു പോയ പല ഇല്ലക്കാരുടേയും ആവശ്യം പരിഗണിച്ച്



*പല്ലക്ക്...*




അവർക്ക് നിയമപരിരക്ഷ നൽകി.ഒപ്പം ജന്മിത്തത്തിന്റെ സുഖലോലുപത വിട്ട്, അധ്വാനത്തിന്റെ മഹത്വം നമ്പൂതിരി മനസ്സിലാക്കണമെന്ന് ഉറപ്പിച്ചു പറഞ്ഞു.

പൂണൂൽ പൊട്ടിച്ചു കളയാതെ തന്നെ നമ്പൂതിരിയെ മനുഷ്യനാക്കാൻ നിശ്ശബ്ദമായി പ്രവർത്തിച്ച ഉൽപ്പതിഷ്ണുവായിരുന്നു തുപ്പൻ നമ്പൂതിരിപ്പാട്. സ്വർണത്ത് മനയെ സംബന്ധിച്ചിടത്തോളം അഭിനവ ശങ്കരനായിരുന്നു അദ്ദേഹം സരസ്വതിയും ലക്ഷ്മിയും ഒന്നിച്ച് പ്രസാദിക്കുന്ന സ്വർണത്ത് മന ധാരാളം പണ്ഡിതർക്ക് ജന്മം നൽകി.

1 വിഷനാരായണീയം, സൌഭാഗ്യമഞ്ജരി എന്നീ വൈദ്യഗ്രന്ഥങ്ങളുടെ കർത്താവായിരുന്നു നെടന്തുരുത്തി പാഴൂർ നാരായണൻ നമ്പൂതിരി.

2. ജ്യോതിഷ ഗ്രന്ഥങ്ങളായ മുഹൂർത്ത പദവി, പ്രയോഗ സാരം എന്നിവ നെടുന്തുരുത്തി പാഴൂർ തൂപ്പൻ നമ്പൂതിരിയുടേതാണ്.

3 ഭാഗവദ്ഗീതക്ക് ആദ്യമായി മലയാള ഗദ്യപരിഭാഷ തയ്യാറാക്കിയ ശങ്കരൻ നമ്പൂതിരിയും നെടുന്തുരുത്തി പാഴൂർതന്നെ.

4 ഒരു പൈ മുതൽ 1 കോടി രൂപ വരെയുള്ള സംഖ്യകൾക്ക് 6 കൊല്ലം വരേയുള്ള കാലത്തേക്ക് ഒരു പണം വീതമുള്ള പലിശയുടെ കണക്ക് റഡിറക്കണർ ആയി ഉണ്ടാക്കി 1930 ൽ പഞ്ചാംഗം പ്രസിൽ അച്ചടിപ്പിച്ചിട്ടുണ്ട് നീല കണ്ഠൻ നമ്പൂതിരിപ്പാട്.

5 വിജ്ഞാന ദാഹിയായിരുന്ന സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് (എടമന മരുമകൻ) പഠിച്ചെടുക്കാത്ത വിഷയങ്ങൾ ഉണ്ടായിരുന്നില്ല. വേദാദ്ധ്യയനം, സംസ്കൃതം, ഇംഗ്ലീഷ്, വൈദ്യം, ജ്യോതിഷം, എഞ്ചിനീയറിംഗ് എന്നിവക്ക് പുറമേ തായമ്പകയുടേയും മറ്റു മേളങ്ങളുടേയും വായ്ത്താരിയും കാലങ്ങളും കാണിക്കുന്ന പുസ്തകവും അദ്ദേഹത്തിന്റേ തായിട്ടുണ്ട്.

കർത്താവിന്റെ പേര് എഴുതാത്ത ഗ്രന്ഥങ്ങളും അമൂല്യമായ താളിയോലകളും സ്വർണത്ത് മനയിലുണ്ടായിരുന്നു.

ചരിത്രം അഭിവാദ്യം ചെയ്യുന്ന സ്വർണ്ണത്ത് മനയുടെ പെരുമകൾ ഇനിയുമൊട്ടേറെ.

ലപന്നച്യുതാനന്ദ ഗോവിന്ദ വിഷ്ണോ/
മുരാരേ ഹരേ നാഥ നാരായണേതി
(ഭുജംഗപ്രയാതം)

ആദിശങ്കരന്റെ പിൻമുറക്കാരാണ് നമ്മൾ. കുട്ടികളെക്കൂട്ടി ഒരിക്കലെങ്കിലും വരണം സ്വർണ്ണത്തേക്ക്; ശങ്കരഭഗദ്പാദർ അനുഗ്രഹിച്ച മണ്ണിലേക്ക്. മഹാലക്ഷ്മി സ്വർണ്ണ നെല്ലിക്കകൾ പെയ്ത തിരുമുറ്റത്തേക്ക്.

സർവ്വജ്ഞപീഠം കയറിയ ആചാര്യന് പ്രണാമം. ആചാര്യൻ അനുഗ്രഹിച്ച മനക്കാർക്ക് കോടി വന്ദനം.

●

സ്വർണത്ത് നാരായണൻ നമ്പൂതിരിപ്പാട്, 9447988730
താമരക്കുളം ദിവാകരൻ, 9447337337
വിനോദ് മങ്ങത്തായ, 9895621493



പാലക്കാട് ജില്ലയിൽ ശ്രീകൃഷ്ണപുരം മണ്ണമ്പറ്റയി
ലാണ് പച്ചായിൽ ശിവക്ഷേത്രം. മേടത്തിൽ
പൂരൂരുട്ടാതിക്ക് ഉത്സവം കൊടിയേറുന്നു.
മകയിരം ആറാട്ട്. പച്ചായിൽ ഉത്സവത്തിന്
കഥകളി ഏറെ വിശേഷം.

കവിത

# പച്ചായിൽ ഉത്സവം



**സി.എൻ. ഹൈമവതി**

**നാ**ട്ടിൽ പ്രസിദ്ധമാം പച്ചായിലമ്പലേ
ഉത്സവാഘോഷം തുടങ്ങിയല്ലോ-
ശുദ്ധി കഴിഞ്ഞു. കൊടിയേറ്റവും-
കഴിഞ്ഞിന്നു പുറപ്പാടുഘോഷമായി
ആനപ്പുറത്തെഴുന്നള്ളുന്ന ദേവനെ
വാദ്യഘോഷങ്ങളാൽ ആനയിപ്പൂ.
ചുറ്റും ജനങ്ങളാദേവനോടൊന്നിച്ച്
മൂന്നുപ്രദക്ഷിണം വെക്കുമപ്പോൾ
ഉള്ളിലെ പൂജകൾ തന്ത്രിവര്യൻ വന്നു
ഭംഗിയിൽത്തന്നെ നടത്തീടുന്നു.
ശീവേലിഘോഷം കഴിഞ്ഞതിൻ ശേഷമാ-
ഗോപുരത്തിങ്കലെ 'ഓട്ടൻതുള്ളൽ'
കാണാൻ ജനങ്ങൾ തിരക്കുകൂട്ടുന്നതും
കാണേണ്ടകാഴ്ചയാണെന്നേവേണ്ടു
ആയതിൻശേഷം ജനപ്രിയമേറിയ
പാഠകം നമ്പ്യാർ വിശദമായി
ഏറെതമാശയായ് ചൊല്ലുന്നകേൾക്കുവാ-
നാളുകൾ തിങ്ങിനിറഞ്ഞുനിൽക്കും
ഉച്ച ഊണിന്നു സമയമായാൽ ജനം
ഭക്ഷണം നന്നായ് കഴിച്ചുപോകും
മൂന്നുമണിയായി അമ്പലം വീണ്ടുമ-
ങ്ങാളുകൾ വന്നുനിറഞ്ഞുനിൽപ്പായ്
ഏറെപ്രസിദ്ധമാം ചാക്കിയാർകൂത്തിനു
വേദിയൊരുങ്ങി തിരിതെളിച്ചു.
ലോകപ്രസിദ്ധനാം മാധവച്ചാക്കിയാർ
കൂത്തുപറവതുമെത്രകേമം
ഉത്തമമായ പുരാണകഥകളെ
എത്രയും ഭംഗിയായ് ചൊല്ലീടുന്നു.
ഏറെതമാശ കളിയാക്കലെന്നിവ
കേട്ടിരുന്നാൽമതി തോന്നുകില്ല
കൂത്തുകഴിഞ്ഞാലോ ഉള്ളിലെ ദേവനു
'ദീപാരാധന' ഭംഗിയോടെ-
പഞ്ചവാദ്യം പിന്നെ മേളപ്പദവുമായ്
എന്നും പരിപാടി വേറെയുണ്ട്.

അത്താഴപൂജ കഴിയുമ്പൊഴേക്കതാ-
നേരെപറമ്പിൽ കഥകളിക്കായ്
ഉഗ്രൻ നിലവിളക്കേറെ തിരിയിട്ടു
ഭദ്രമായ്ത്തന്നെ കൊളുത്തിവെച്ചു

ഏറെപ്രസിദ്ധമാം കോട്ടയ്ക്കൽസെറ്റുവ-
ന്നേതുംകുറയാതെ ഭംഗിയാക്കി
അഞ്ചുദിവസമങ്ങോരോകഥകളെ
ഗംഭീരമായി നടത്തുമല്ലോ
ബന്ധുക്കൾ, നാട്ടുകാർ, കൂട്ടുകാരൊക്കെയു
മൊന്നിച്ചുചേരുമാ പുണ്യനാൾകൾ
എന്നും മനസ്സിൽ നിറഞ്ഞുനിന്നീടുവാൻ
പച്ചായിൽ തേവർ തുണച്ചീടണേ
●


ഹൈമവതി സി.എൻ.
ചെമ്മങ്ങാട്ടു മന
ചേർപ്പ്, തായംകുളങ്ങര,
തൃശൂർ-680561
7558855039

കവിത

# നൂറുകൊല്ലം മുൻപുള്ളവൾ



**ശുഭശ്രീ രാമൻ നെൻമിനിശ്ശേരി**

**നൂ**റു കൊല്ലം പുറകിലേക്ക് ഒരു യാത്ര പോയി.
അമ്മയുടെ കഥകളിലൂടെ,
വി. ടി യുടെ പുസ്തകങ്ങളിലൂടെ.
സുന്ദരിയായ ഒരു  പെൺകുട്ടിയായി.

മന്ത്രകോടിയിൽ സ്വയം ഒളിച്ച്,
വാൽക്കണ്ണാടിയിൽ സ്വപ്നങ്ങളെ കണ്ട്,
ഉമ്മറവാതിൽ ചവിട്ടിത്തുറന്ന്
അകത്തുകയറുമ്പോൾ
സ്വാതന്ത്ര്യത്തിന്റെ ഉൾപ്പുളകം.

അമ്പരപ്പ് മാറും മുൻപേ, ചിരിക്കാൻ മറന്ന
സപത്നിമാരുടെ കുത്തുവാക്കുകളിൽ ഞാനെന്റെ
തടവറയുടെ ഓരം കണ്ടു.

മഹാന്ധകാരത്തിന്റെ ആദ്യരാത്രിയിൽ
സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ട് ഒരു മൂലയിലേക്ക്
വലിച്ചെറിഞ്ഞ്
നിർവികാരതകളിൽ ഞാനെന്നെ പൊതിഞ്ഞു.
വെളിച്ചം കടക്കാത്ത ഇരുട്ടുമുറിയുടെ ഗന്ധത്തിൽ
എനിക്ക് ഓക്കാനം വന്നു.

നാലറയത്തിനിപ്പുറം കാണാത്ത പൂട്ടിട്ടു പൂട്ടിയ
മുറികളിൽ ഞാനെന്റെ ചിറകൊതുക്കി.
വടക്കിണിയിലെ തേവാരം,
മേലടുക്കളയിലെ കുശുകുശുക്കലുകൾ,
പിന്നെ അടുക്കളയിലെ വെന്തുരുകലും.

നക്കിത്തുടച്ച ഇച്ചിലിലയിലെ അമൃതേത്തിനായി
മത്സരിക്കുന്നവളിൽ ഒരാളാവാൻ ഞാനും ശ്രമിച്ചു.
തുറന്നിട്ട ജാലകത്തിനപ്പുറത്ത് ദൂരെ ഇടവഴിയിൽ
റാന്തൽവിളക്കിന്റെ വെളിച്ചം അകലുമ്പോൾ
ഊഴം കാത്തുനിന്നവളുടെ നെടുവീർപ്പുകളെ
വിഴുങ്ങുന്നവളായി ഞാനും.

ചങ്ങലക്കണ്ണികളിൽ അസ്വാതന്ത്ര്യത്തിന്റെ
തിങ്ങിവിങ്ങലുകൾ ഞെരുങ്ങിയമർന്നു.
ലോകം മറക്കുടയ്ക്കുള്ളിലൊതുക്കി
നിസംഗതകളിൽ തപ്പിത്തടഞ്ഞു.

വയ്യ, ഇനി ഇറങ്ങിപ്പോരാതെ വയ്യ.
നൂറു കൊല്ലങ്ങൾക്കിപ്പുറം ഞാനെന്റെ
വിശാലലോകത്തേക്ക് തിരിച്ചു നടന്നു.
കാലത്തിനൊപ്പം സ്വാതന്ത്ര്യത്തിന്റെ
ചിറക് വിരിച്ച് പറക്കാനൊരുങ്ങി.
●

ശുഭശ്രീ രാമൻ നെൻമിനിശ്ശേരി
കൺസൽട്ടന്റ് സൈക്കോളജിസ്റ്റ്
ഇരവിമംഗലം, പെരിന്തൽമണ്ണ
7034095145

## ആദരങ്ങൾ....



*ഗുരുവായൂർ ക്ഷേത്രം പുതിയ മേൽശാന്തി പാലക്കാട് ശ്രീകൃഷ്ണപുരം വലംപിരിമംഗലം മൂർത്തിയേടത്ത് മന സുധാകരൻ നമ്പൂതിരി. റിട്ട. ഹയർ സെക്കൻഡറി പ്രിൻസിപ്പൽ. നിലവിൽ വി.ടി.ബി. കോളേജിന്റെ മാനേജരാണ്.*




*തന്ത്രവിദ്യാപീഠം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി. നിലവിൽ കേരള ക്ഷേത്ര സംരക്ഷണ സമിതി അദ്ധ്യക്ഷൻ കൂടിയാണ്. തന്ത്രിസമാജം തുടങ്ങി നിരവധി ഹൈന്ദവ സംഘടനകളുടെ നേതൃത്വത്തിലുണ്ട്.*

സംഗീതം

# പൂവട്ടകതട്ടിച്ചിന്തി, രാമായണക്കാറ്റു പാടി, നീലാംബരിയിലുറങ്ങി...

**ജയൻ പുതുമന വൈക്കം**



കൈതപ്രമെന്നാൽ കണ്ണൂരിലെ പ്രശാന്ത സുന്ദരമായ ഗ്രാമത്തെയല്ല, കൈതപ്രം ദാമോദരൻ നമ്പുതിരിയെയാണ് ഇന്ന് ജനങ്ങൾ ഓർക്കുക. ജീവിതത്തിന്റെ ഒരുപാട് ദുർഘടസന്ധികൾ തരണം ചെയ്താണ് കവിയും ഗാനരചയിതാവും പാട്ടുകാരനുമായ നമ്മുടെ പ്രിയപ്പെട്ട കൈതപ്രം എത്തിയത്.

പാലക്കാട്ടെ കുന്നത്തൂർമേട് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ശാന്തിക്കാരനായിരിന്നു ഞാൻ. ആ ക്ഷേത്രത്തിൽ സുമാർ 50വർഷം ശാന്തി ചെയ്തിരിന്നു. ശ്രീകൃഷ്ണ പ്രതിഷ്ഠയായ അമ്പലത്തിൽ ശ്രീകൃഷ്ണ ജയന്തി മഹോത്സവം വളരെ നല്ല നിലയിൽ നടത്തിവരാറുണ്ട്.

അങ്ങനെ 90 കാലങ്ങളിൽ ശ്രീകൃഷ്ണ ജയന്തിക്ക് കൈതപ്രത്തെ കൊണ്ടുവരാനുള്ള ഒരു ഉദ്ദേശം എന്റെ മനസ്സിൽ ഉണ്ടായി. അതു പ്രകാരം ഉത്സവ കമ്മറ്റിക്കാരുമായി ആലോചിച്ച് ഒരു തീരുമാനത്തിൽ എത്തി.

കൈതപ്രത്തെ കാണാൻ കോഴിക്കോട്ടേക്ക്.

കമ്മറ്റിയിലെ ദിനേശനും ഞാനും. അന്ന് കൈതപ്രം കോഴിക്കോട് മാതൃഭൂമിയിൽ ജോലി. സിനിമാഗാനങ്ങൾ എഴുതി പ്രസിദ്ധി നേടി വരുന്ന സമയം. ഫാസിലിന്റെ സംവിധാനത്തിൽ വന്ന ഒരു സിനിമയിൽ പാട്ടെഴുതി അത് പ്രസിദ്ധമായി വന്നിരുന്നു. പക്ഷെ എന്തു കൊണ്ടോ പിന്നീട് ആരും വിളിച്ചില്ല. നീണ്ട ഇടവേളയ്ക്ക് ശേഷമാണ് സിനിമാഗാനരചയിതാവായി അറിയപ്പെടാൻ തുടങ്ങിയത്.

ഉച്ച സമയം തിരുവണ്ണൂർ കോവിലകത്തിന്റെ ഒരു ഭാഗത്ത് ദാമോദരേട്ടനും, സഹധർമ്മിണി ദേവി ഏട്ടത്തിയും താമസം. അവിടെയ്ക്ക് ഞാനും സുഹൃത്തും കയറിച്ചെന്നു. സന്തോഷത്തോടെ ഞങ്ങളെ സ്വീകരിച്ചിരുത്തി. ഭക്ഷണം കഴിച്ചോ എന്നാണ് ആദ്യ ചോദ്യം. ഇല്ല.

എന്നാൽ ഇവിടെ ഉള്ളത് കഴിക്കാം. കൂടെ വന്ന സുഹൃത്തിന് അതിൽ ഒരു മടി. വീണ്ടും ദാമോദരേട്ടൻ. 'ഉള്ളത് കഴിക്കാം വര്യാ.' ഒരു ചെറിയ വട്ടമേശപ്പുറത്ത് ഇലയിൽ ചോറും, ഇളവന്റെ ഓലനും, ഉപ്പിലിട്ടതും, മോരും.ഊണ് സുഖമായി, രുചിയായി. ഓലൻ അസ്സലായി. അന്ന് ദേവി ഏട്ടത്തി ഗർഭിണിയായിരുന്നു.

അമ്പലത്തിലെ കാര്യങ്ങൾ സംസാരിച്ചു. കച്ചേരിക്ക് വരാം എന്നു പറഞ്ഞു .പക്ഷെ പല സിനിമാതിരക്കുകളും ഉണ്ട്. മദ്രാസിൽ പോകേണ്ടതായി വരും. എങ്ങനെയും പരിപാടി നടത്താൻ എത്താമെന്ന് ഏറ്റു.

ജീവിതം വഴി മുട്ടിയെന്ന തോന്നൽ. നിത്യ ജീവിതത്തിൽ സമ്പാദ്യമായി ദാരിദ്ര്യം മാത്രം. പെങ്ങൾ, വാതരോഗിയായ അച്ഛൻ എല്ലാം ആലോചിച്ച് ഒരു നിശ്ചയ ദാർഢ്യത്തോടെ നേരെ തിരുവനന്തപുരത്തേക്ക്.

ഞങ്ങൾ സന്തോഷത്തോടെ മടങ്ങി.

രണ്ട് ദിവസം കഴിഞ്ഞ് നോട്ടീസിൽ അടിക്കേണ്ട പേരും മറ്റ് കാര്യങ്ങളും എഴുതിയ ഒരു എഴുത്ത് എന്റെ പേരിൽ വന്നു.

കച്ചേരി വളരെ നല്ല രീതിയിൽ നടന്നു. കച്ചേരിയുടെ അവസാനത്തിൽ 'ആലായാൽ തറ വേണം അടുത്തൊരമ്പലം വേണം...' എന്ന പാട്ട് പാടി സദസിനെ കയ്യിലെടുത്തു. അന്നു മുതൽ ഞാനും ദാമോദരേട്ടനും സൗഹൃദത്തിലായി.

67–68 കാലം, പയ്യന്നുരിലെ മാതമംഗലം ഹൈസ്ക്കൂളിൽ നിന്ന് എസ്. എസ്. എൽ. സി കഴിഞ്ഞ് ഇനിയെന്തെന്ന വിചാരവുമായി നാട്ടിൻ പുറത്തു കഴിഞ്ഞ ചെറുപ്പക്കാരൻ.

ജീവിതം വഴി മുട്ടിയെന്ന തോന്നൽ. നിത്യ ജീവിതത്തിൽ സമ്പാദ്യമായി ദാരിദ്ര്യം മാത്രം. പെങ്ങൾ, വാതരോഗിയായ അച്ഛൻ എല്ലാം ആലോചിച്ച് ഒരു നിശ്ചയ ദാർഢ്യത്തോടെ നേരെ തിരുവനന്തപുരത്തേക്ക്.

72–73 കാലം. അന്ന് അഞ്ചു മാസത്തിൽ ഒരിക്കൽ നൂറു രൂപ ശമ്പളം വാങ്ങുന്ന വലിയശാല ക്ഷേത്രത്തിലെ ശാന്തിക്കാരനായി ജോലി തരപ്പെട്ടു. അതിരാവിലെ ക്ഷേത്ര നട തുറക്കുവാൻ ജഗതിയിൽ നിന്നും നാലു കിലോ മീറ്ററോളം നടക്കണം. കണ്ണേറ്റുമുക്കിലെ എന്നും പുകയുന്ന ശ്മശാനം കടന്നു വേണം യാത്ര. കൂട്ടിന് ഭയം. പതിനെട്ടു വയസ്സുകാരനായ നമ്പൂതിരി പയ്യന്റെ മനസ്സ് വിറച്ചു. ഭയം വിട്ടു പോകാൻ ചുണ്ടിൽ ദേവിസ്തുതി പാടി.

അതായിരുന്നു കൈതപ്രത്തിന്റെ ആദ്യത്തെ പാട്ട്.

അന്നത്തെ ദുരിതപൂരിതമായ യാത്രയിൽ പല സോപാനങ്ങളിലും തൊട്ടു നെറുകയിൽ വെച്ചു. അമ്പലങ്ങൾ മാറി മാറി മുമ്പോട്ടു നീങ്ങി. പുതിയ പരിചയക്കാർ. കലാകാരന്മാരുമായി സംസർഗ്ഗം. കാവാലത്തിന്റെ ട്രൂപ്പുമായി ബന്ധം. അരവിന്ദൻ, നെടുമുടി വേണു, ഗോപി എന്നിവരുടെ കൂടെ ഒരന്തേവാസിയായി കഴിയുന്ന കാലത്താണ് അപ്രതീക്ഷിതമായി മാതൃഭൂമിയിൽ ഒരു ജോലി കിട്ടുന്നത്. അതോടെ അമ്പല ജോലി വിട്ടു. പിന്നീട് 1989 ൽ ശ്രദ്ധേയമായ സിനിമാഗാനങ്ങളുടെ

ശില്പിയായി സിംഹാസനത്തിന്റെ മുന്നറ്റം വരെയെത്തി ആ യാത്ര.

കണ്ണീർപ്പൂവിന്റെ കവിളിൽ തലോടി... കിരീടത്തിലൂടെ കൈതപ്രം എന്ന പേര് ജനങ്ങളുടെ കാതിലും കരളിലുമെത്തി. ഈ ഗാനത്തിന് ഗായകനും, സംഗീത സംവിധാനം ചെയ്തവർക്കും സർക്കാർ അംഗീകാരം കൊടുത്തു. പക്ഷേ പുറന്തള്ളപ്പെട്ടു പോയ കവിയെ മാത്രം ആരും ഓർത്തില്ല. കൈതപ്രത്തിന്റെ നാടൻ ശീലുകൾ മലയാൺമയുടെ കരുത്തായി മലയാളിയുടെ മനസ്സിൽ ചേക്കേറിയിരിക്കുന്നു.

'എന്നെന്നും കണ്ണേട്ടനിൽ' തുടങ്ങി ഈ അടുത്ത കാലത്ത് മിന്നൽ വള വരെ. ഈ പുതിയ സിനിമാക്കാർക്കും കൈതപ്രത്തെ വേണം.

ഇന്ന് ഏറ്റവുമധികം തിരക്കുള്ള ഗാനരചയിതാവായിരിക്കുന്നു കൈതപ്രം.

ഇപ്പോൾ പഴയ കുറെ ദുഃഖ സ്മരണകൾ മധുരിക്കുന്ന കുറെ ഓർമ്മകളുമായി തിരുവണ്ണൂരിൽ.

ദൈവത്തിന്റെ കരുണയാൽ സ്നേഹമുദ്രയുമായി ചോദിക്കാതെ വരമേകുന്നു.

'വിശ്വാസിയായി. അവിശ്വാസികളെ സ്നേഹിച്ച്, നാസ്തികനെ ആദരിച്ച്, എതിരാളിയെ വന്ദിച്ച് ,കവിയെന്ന്, സംഗീതജ്ഞനെന്ന്, ഗായകനെന്ന്, ഗാനരചയിതാവെന്ന് ഒന്നും ഉറപ്പിച്ചു പറയാൻ കഴിവില്ലാത്ത അക്ഷരത്തെയും, സംഗീതത്തേയും സ്നേഹിക്കുന്ന പഴമ്പാട്ടുകാരനായ പഴയ ശാന്തിക്കാരനായ കൈതപ്രത്തുകാരനാണ് ഞാൻ.' എന്നു പറയാനും ദാമോദരേട്ടന് ഒരു മടിയും ഇല്ല.

പിന്നീട് ഒരു സൗഹൃദ സന്ദർശനത്തിൽ ദാമോദരേട്ടൻ ഒരു കഥ പറഞ്ഞു. ദാമോദരേട്ടന്റെ മനസ്സിൽ എന്നും തങ്ങി നിൽക്കുന്ന ഒരു ദുഃഖസ്മരണ. ഗുരുവിന്റെ മരണം.

തിരുവനന്തപുരത്ത് ജീവിച്ചത് ഗുരുവിന്റെ വീട്ടിലായിരുന്നു. സംഗീത പഠനം, ശാന്തി, ഭക്ഷണം അതായിരിന്നു അന്നത്തെ ജീവിതം.

ഒരു വൈകുന്നേരം എന്റെ ഗുരു എസ്.വി.എസ് സാറിന്റെ മകൾ വിജയലക്ഷ്മി ഒരു സംശയവുമായി അച്ഛനരികിലെത്തി. രോഗിയായ അദ്ദേഹം ആകാശവാണിയിൽ നിന്ന് ജോലി കഴിഞ്ഞ് വന്നതേയുള്ളു. ഒരു ചായ കുടിച്ചു കൊണ്ട് മകളുടെ ചോദ്യത്തിന് മനസ്സു കൊടുത്തു.

'താരാട്ടിന് ഏതാണച്ഛാ പറ്റിയ രാഗം?'

കോളേജിലെ ഒരു ചോദ്യമാണ് .മകൾ നിലത്തിരുന്ന് മറുപടിക്ക് കാതോർത്തു.

'നീലാംബരിയാണെന്നാ എനിയ്ക്ക് തോന്നുന്നത്. ഞാനൊന്നു പാടാം. ഒരു ചിന്ത് കേട്ടോളു.'

ആ... ആ... ആ... ശബ്ദം നേർത്ത്, നേർത്ത് ലയിച്ചു.

മകൾ നോക്കിയിരിക്കെ കൈതപ്രത്തിന്റെ ഗുരുനാഥൻ ഒരു ചെറു ചിരിയോടെ ചരിഞ്ഞുറങ്ങി. അല്പം കഴിഞ്ഞാണ് ആ താരാട്ട് അനന്തമായ ഉറക്കുപാട്ടാണെന്ന്അറിഞ്ഞത്. ഗുരുനാഥന്റെ അരികിലേക്ക് ഓടിയെത്തിയപ്പോഴെക്കും ആ നീലാംബരി ശ്രുതിയിലേക്ക് ചേർന്നു കഴിഞ്ഞിരുന്നു .ശാന്തം.

അന്നത്തെ കൈതപ്രത്തിന്റെ ഏകാവലംബമായ ഗുരു നഷ്ടപ്പെട്ട ദുഃഖം ഇന്നും മായാതെ നിൽക്കുന്നു. മാതാ പിതാ ഗുരു ദൈവം പതറുന്ന മനസ്സിൽ അദ്ദേഹം മന്ത്രം ഉരുവിട്ടു. ഇപ്പോൾ ദേവിയുടെ അനുഗ്രഹത്താൽ ഐശ്വര്യമായി കോഴിക്കോട് തിരുവണ്ണൂരിൽ കഴിയുന്നു.

(1995 ൽ തൃശ്ശൂർ എക്സ്പ്രസ്സ് ആഴ്ച്ചപ്പതിപ്പിൽ മുഖങ്ങൾ എന്ന ഒരു പേജ് ഈ ലേഖകൻ കൈകാര്യം ചെയ്തിരുന്നു. ഈ ഫീച്ചർ അപ്പോൾ തയ്യാറാക്കിയതാണ്.)

●

ജയൻ പുതുമന
ഉദയനാപുരം
വൈക്കം, കോട്ടയം.
7736980275





# പ്രായത്തെ മറക്കാം/ കാലത്തിനു മുമ്പേ നടക്കാം

## പ്രീത കോരമ്പറ്റ

സംഗീതം, നൃത്തം, ചിത്രരചന, പെയിന്റിംഗ്.മെഗാ തിരുവാതിരകളുടെ എണ്ണത്തിൽ സർവ്വകാല റെക്കോർഡ്
ജീവിതത്തിൽ വിശ്രമമില്ല; വിശ്രമത്തിൽ ജീവിതവും.
മൂന്നാം വയസ്സിൽ ചിലങ്ക കെട്ടിയ പ്രീത ടീച്ചറുടെ ടാഗ് ലൈനിൽ എല്ലാമുണ്ട്.
ശാസ്ത്രീയ നൃത്ത-സംഗീത ക്ലാസുകൾ, സിനിമാറ്റിക് ഡാൻസ്
25-ഓളം മെഗാ ഇവന്റുകൾ
ആടാം, പാടാം.
പ്രായപരിധി ഇല്ല

*Contact*
**പ്രീത കോരമ്പറ്റ**
**97477 16926**







## കോടിതലപ്പണ
## നാരായണൻ നമ്പൂതിരിയുടെ പത്നി
# മല്ലിക അന്തർജ്ജനം
## അറുപതിന്റെ നിറവിൽ



*ആശംസകളോടെ,*
മക്കൾ: **ശ്രീനാരായണൻ, പ്രസീദ, പ്രവീണ**
മരുമക്കൾ: **രേവതി** (ഏളപ്പില),**നാരായണൻ നമ്പൂതിരി** (പൊന്നാടുക്കം), **ജയനാരായണൻ**( പെരികമന)
പേരകുട്ടികൾ: **ദക്ഷിത് നാരായണൻ, ആനന്ദ്, ആര്യ, ഭദ്ര, കൃഷ്ണദേവ്**
മൊബൈൽ: 8086257785

**ആയിരം പൂർണ്ണ ചന്ദ്രനെ ദർശിച്ച പുണ്യം**
84-ാം പിറന്നാൾ ആഘോഷിക്കുന്ന



## ആലഴി മംഗലശ്ശേരി മനക്കൽ വാസുദേവൻ നമ്പൂതിരിപ്പാടിന്
ആശംസകളോടെ!
ബന്ധുമിത്രാദികൾ




# അഞ്ചാം പിറന്നാൾ

2025 സെപ്തമ്പർ 7 ന്
അഞ്ചാം പിറന്നാൾ ആഘോഷിച്ച
താമരക്കുളം വിഷ്ണുപ്രസാദിന്റേയും
ദേവിപ്രിയയുടേയും മകൻ
## ധ്രുവ് ദിവാകരൻ
ആശംസകളോടെ മുത്തച്ഛൻ, മുത്തശ്ശി.



# e ലോകത്തു നിന്ന് ഉണ്ണിയെത്തേടി

മാന്തിട്ട വിഷ്ണു



കോളേജിൽ എന്റെ സതീർഥ്യനും, അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ നിന്ന് ശാസ്ത്രജ്ഞനുമായി വിരമിച്ച സുഹൃത്ത് അനിയന്റെ (ഡോ. കെ. പി.സുബ്രഹ്മണ്യൻ) ഒരു സന്ദേശം ഈയിടെ എനിക്കു ലഭിച്ചു.

"What is your favourite mathematics anecdote?' എന്ന പോസ്റ്റിനു കീഴെ, ചിക്കാഗൊ യൂണിവേർസിറ്റിയിൽ 1980 കളിൽ പഠിച്ചിരുന്ന ഒരു വിദ്യാർത്ഥി (Kevin Robert Coombes) എഴുതിയ അനുഭവക്കുറിപ്പാണ് അനിയൻ ഷെയറിയത്

"One final anecdote, from my second year of graduate school at Chicago. Peter May was running a graduate course, and for the first month a visiting professor was lecturing on Postnikov Systems. At some point (for a reason I no longer recall), the time of the course was moved one hour earlier. One of the students, Unni Namboodiri, was not at the class where this was announced, and nobody remembered to tell him. So he showed up at class five minutes ahead of the usual (later) starting time. He walked across the front of the classroom. He set down his coffee. He opened a window. He made himself comfortable. And then the professor finished his lecture with "and that's the classical Postnikov system,' and walked out. Without missing a beat, Unni looked around at the rest of us and said "That's the most concise lecture I've ever been to!'




*ഉണ്ണി നമ്പൂതിരിയുടെ കുടുംബം: 1981 ലെ ഫയൽ ഫോട്ടോ- ഇടതുനിന്ന്- ഉണ്ണി നമ്പൂതിരി, സാലി നമ്പൂതിരി, ഡോ. കാദംബരി, ഡോ. കൃഷ്ണൻ നമ്പൂതിരി*

**ഇത് വല്ലാത്തൊരു അന്വേഷണമായിരുന്നു. ഗൂഗിളും ചാറ്റ് ജി.പി.ടി.യും ഉത്തരം തരാത്ത ചോദ്യങ്ങളുമായി ഉണ്ണിയെ തിരഞ്ഞു**

ഇതിൽ പറയുന്ന ഉണ്ണി നമ്പൂതിരിയെ അറിയാമോ? അദ്ദേഹത്തെ പറ്റി കേട്ടിട്ടുണ്ടോ എന്നായിരുന്നു അനിയന്റെ ചോദ്യം. ഗൂഗിൾ തന്ന ഉത്തരവും കൂടെയുണ്ട്.

"Unni Namboodiri was a brilliant mathematics student at the University of Chicago who tragically died in 1981. The University of Chicago, Department of Mathematics established the Unni Namboodiri Lectures in Geometry and Topology in his memory. These lectures are an annual series featuring prominent mathematicians who present their work in the field. The lectures are held in honour of Unni Namboodiri, who was a student at the University of Chicago's Mathematics Department. He was a promising mathematician who passed away in an automobile accident in 1981. To commemorate his potential, the university created




*ഒരു നമ്പൂതിരിയുടെ സ്മരണക്ക് ലെക്ചർ സീരീസ്.അതും യു എസ്സിലെ ചിക്കാഗോ സർവ്വകലാശാലയിൽ. ഗണിത ലോകത്തെ വൺ & ഓൺലി ഉണ്ണി നമ്പൂതിരി.*

the lecture series.

The Unni Namboodiri lectures are a significant event in the mathematics community, attracting renowned speakers and attracting a large audience. For example in 2025, Peter Ozsvath from Princeton University is scheduled to deliver the lectures. Past speakers include Danny Calegari and Oscar Randal Williams. The lectures cover a range of topics within geometry and topology. The lectures are also often recorded and made available on platforms like You Tube.'

"നെറ്റിൽ ഇത്രയേ കിട്ടുന്നുള്ളൂ.

**ഉണ്ണിയുടെ അച്ഛന്റെ വിവരങ്ങൾ കിട്ടാൻ നോർത്ത് കരോലിന യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച ഹോണേർഡ് മെമ്പേഴ്സിന്റെ ലിസ്റ്റ് സഹായകമായി**

Brilliant guy ! 1956- 81 അല്പായുസ്സായി പോയി. ഇങ്ങനെയൊരാളെ പറ്റി ഞാൻ കേട്ടിട്ടില്ല. അനിയൻ കുറിപ്പ് അവസാനിപ്പിച്ച തിങ്ങനെയായിരുന്നു.

ഉണ്ണി നമ്പൂതിരിയെ അന്വേഷിക്കാതെ മനസ്സടങ്ങിയില്ല.

പുതു ചോദ്യങ്ങളുമായി ഗൂഗിളിലും ചാറ്റ് ജി പി ടി യിലും ചെന്നു. ചിക്കാഗൊ യൂണിവേഴ്സിറ്റിയുടെ സൈറ്റിൽ എത്തി.

അവരുടെ മാത്തമാറ്റിക്സ് വിഭാഗത്തിൽ "Unni Namboodiri Lectures in Geometry and Topology' എന്ന പേരിൽ നിറയെ യൂട്യൂബ് വീഡിയോകൾ !

അത്ഭുതാദരങ്ങളോടെ ഞാനതു വായിച്ചു, കണ്ടു. എന്തേ ഇത്രയും കാലം ഈ മിടുക്കനെ ഞാനറിഞ്ഞില്ലല്ലോ എന്നാലോചിക്കുമ്പോളേക്കും സൈറ്റിലെ അടുത്ത വാചകങ്ങൾ എനിക്ക് വലിയ ഷോക്കായി. 1981 ൽ, തന്റെ ഇരുപത്തിയഞ്ചാം വയസ്സിൽ ഒരു മോട്ടോർ വാഹന അപകടത്തിൽ പെട്ട് ഉണ്ണി നമ്പൂതിരി മരണമടഞ്ഞു.അതും പ്രൊഫ. പീറ്റർ മേയുടെ കീഴിൽ ഗവേഷണം നടത്തി തീസിസ് സമർപ്പിച്ച്, ഓപ്പൺ ഡിഫൻസ് വിജയിച്ച് ഏതാനും ദിവസങ്ങൾക്ക് ശേഷം!

ഉണ്ണി നമ്പൂതിരിയുടെ ഓർമ്മയ്ക്കായി ചിക്കാഗൊ യൂണിവേർസിറ്റി എല്ലാ കൊല്ലവും നടത്തിവരുന്ന പ്രഭാഷണ പരമ്പരയാണ് "Unni Namboodiri Lecture series in Geometry and Topology'.

അന്വേഷണത്തിന്റെ ഒരു നമ്പൂതിരി ലൈൻ ഉണ്ടല്ലോ. നമ്മുടെ ഉണ്ണി നമ്പൂതിരി ഏത് ഇല്ലത്തെയാണ്? നാട്ടിൽ എവിടെ? പഠിച്ച സ്ഥലം? സ്കൂൾ?

വിവരങ്ങൾ കിട്ടാനായി അടുപ്പമുള്ള യൂണിവേർസിറ്റി അദ്ധ്യാപകർ, സുഹൃത്തുക്കൾ -പല വഴിക്കും ശ്രമം നടത്തി. രക്ഷയില്ല.

അന്വേഷണ വഴികൾ മാറ്റിപ്പിടിച്ചാലോ?ചിക്കാഗോ യൂണിവേർസിറ്റിയിലെ ഇൻഫൊർമേഷൻ സെന്ററിലേയ്ക്കും അവിടുത്തെ ഗണിതശാസ്ത്ര വിഭാഗത്തിലേയ്ക്കും വെവ്വേറെ ഇ-മെയിലുകൾ തയ്യാറാക്കി അയച്ചു. പോയാൽ ഒരു ഇ-മെയിൽ എന്നതായിരുന്നു അപ്പോഴത്തെ ചിന്ത.

ഉണ്ണിയുടെ ഗൈഡ് ആയിരുന്ന പ്രൊഫ. പീറ്റർ മേയുടെ മറുപടി ഇ-മെയിലിൽ ലഭിച്ചു!

"Directly from the horse's mouth'

"ഉണ്ണിയുടെ പി.എച്ച്.ഡി. അ

ഡൈ്വസർ ഞാനായിരുന്നു. ബ്രില്യന്റ് ആയ സ്റ്റുഡന്റ്. ബട്ട്, ഉണ്ണിയുടെ കുടുംബത്തെ പറ്റി എനിക്ക് കൂടുതൽ വിവരമൊന്നുമില്ല" എന്നായിരുന്നു ആ ചെറിയ കുറിപ്പിലെ ഉള്ളടക്കം.

ഉണ്ണിയുടെ അമ്മ ഡോ. കാദംബരിയുമായി എല്ലാ വർഷവും പ്രഫസർ തന്റെ മിടുക്കനായ ശിഷ്യന്റെ ഓർമ്മകൾ പുതുക്കാറുണ്ടായിരുന്നത്രെ.ഡോക്ടർ കാദംബരിയുടെ മരണത്തോടെ അതും നിന്നെന്ന് പ്രഫസർ.

ഡോ. കാദംബരി. വിദേശത്തെ പ്രഫസർ പോലും ഇന്നുമോർമ്മിക്കുന്ന ശിഷ്യന്റെ അമ്മ. അന്വേഷണ വഴികൾ കൃത്യമായി വരുന്നു.

മറ്റെന്തെങ്കിലും വിവരങ്ങൾ ഉണ്ടാവുമോ എന്നറിയാൻ പ്രഫസർക്ക് വീണ്ടും മെയിൽ ചെയ്തു.

ഡോക്ടർ കാദംബരിയുടെ നിര്യാണത്തിൽ അനുശോചിച്ച് താൻ ഇട്ട മെസേജിന്റെ ലിങ്ക് പ്രൊഫസ്സർ നൽകി.

ഒപ്പം ഉണ്ണിയുടെ അച്ഛൻ, പരേതനായ ഡോ. കൃഷ്ണൻ നമ്പൂതിരിയുടെ വിവരങ്ങൾ അറിയാൻ സഹായകമായ മറ്റൊരു ലിങ്ക് കൂടി അദ്ദേഹം തന്നു.

So nice of him!

അന്തർദ്ദേശീയ തലത്തിൽ പ്രശസ്തനായൊരു ശാസ്ത്രജ്ഞനാണ് പ്രഫസർ. ചിക്കാഗോ സർവ്വകലാശാലയിലെ ഗണിതവിഭാഗം അഡ്മിനിസ്ട്രേറ്റർ ഉണ്ണിയെ അന്വേഷിച്ച് ഞാനയച്ച ഇ-മെയിൽ പ്രൊഫസ്സർക്ക് അയച്ചു കൊടുത്തിരുന്നു. ഉത്തരവാദിത്തത്തോടെ അതിനു മറുപടി നൽകുകയായിരുന്നു പ്രഫസർ. തനിക്ക് അജ്ഞാതനായ മറുനാട്ടുകാരനെ വേണ്ടും വണ്ണം സഹായിച്ചു അദ്ദേഹം.

പ്രൊഫസറയച്ചുതന്ന ലിങ്കുകളിൽ നിന്ന് ഉണ്ണി നമ്പൂതിരിയുടെ കുടുംബത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിച്ചു.അച്ഛൻ ഡോ. കൃഷ്ണൻ നമ്പൂതിരി, അമ്മ ഡോ. കാദംബരി. രണ്ടുപേരും ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല.

ഇളയ സഹോദരി ഡോ. സാലി നമ്പൂതിരി എം.ഡി.

2015 ൽ, തന്റെ എൺപത്തഞ്ചാമത്തെ വയസ്സിൽ, ഡോ. കൃഷ്ണൻ



*ചിക്കാഗോ യൂണിവേർസിറ്റിയിൽ ഉണ്ണിയുടെ പി.എച്.ഡി. അഡൈ്വസർ പ്രൊഫസ്സർ പീറ്റർ മേ*

നമ്പൂതിരിയുടെ മരണത്തെ തുടർന്ന് നോർത്ത് കരോലിന യൂണിവേർസിറ്റി പ്രസിദ്ധീകരിച്ച ഒരു അനുശോചനക്കുറിപ്പിൽ നിന്നും,

Population Association of America (PPA) പ്രസിദ്ധീകരിച്ച Honoured Members List ൽ നിന്നുമാണ് ഡോ. കൃഷ്ണൻ നമ്പൂതിരിയുടെ വിവരങ്ങൾ ലഭിക്കുന്നത്. 2017 ൽ കൃഷ്ണൻ നമ്പൂതിരിയായിരുന്നു ആ സഭയുടെ Honoured Member.

1929 ൽ ജനിച്ചു.കേരള സർവ്വകലാശാലയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം. സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തര ബിരുദം. മിഷിഗൻ സർവ്വകലാശാലയിൽ നിന്ന് സോഷ്യോളജിയിൽ പിഎച്ച്.ഡി. തുടർന്ന് ഇന്ത്യയിലെ പ്രശസ്തമായ Indian Institute of Statistics ൽ ജോലിയിൽ പ്രവേശിച്ചു.

താമസിയാതെ ഒരു റിസർച്ച് അസിസ്റ്റന്റായി അദ്ദേഹം മിഷിഗൻ സർവ്വകലാശാലയിലെത്തി. നാട്ടിൽ തിരിച്ചെത്തിയ ശേഷം കേരള സർവ്വകലാശാലയിൽ Reader in Demography എന്ന അക്കാദമിക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു.

(Demography - ജനസംഖ്യാശാസ്ത്രം )

1966 ൽ വീണ്ടും അമേരിക്കയിലേയ്ക്ക്. അദ്ദേഹം നോർത്ത് കരോലിന യൂണിവേർസിറ്റിയിൽ സോഷ്യോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സർ. പടിപടിയായി ഉയർന്ന് വകുപ്പുതലവനുമായി.

1984 ൽ ഒഹായൊ സ്റ്റേറ്റ് യൂണിവേർസിറ്റിയിൽ Professor of Population Studies എന്ന തസ്തികയിലേയ്ക്ക് മാറിയ ഡോ. നമ്പൂതിരി 2000 ൽ ജോലിയിൽ നിന്നും വിരമിച്ചു. ഡെമൊഗ്രാഫിയിലും സ്റ്റാറ്റിസ്റ്റിക്സിലും നൂതനമായ പല ആശയങ്ങൾക്കും രൂപം നൽകിയ അദ്ദേഹം പന്ത്രണ്ട് ഗ്രന്ഥങ്ങളുടേയും അനേകം ഗവേഷണ പ്രബന്ധങ്ങളുടേയും രചയിതാവാണ്.

ഔദ്യോഗിക ജീവിതത്തിൽ കൃഷ്ണൻ നമ്പൂതിരി പല ഉന്നത പദവികളും വഹിച്ചു. World Bank, United Nations, Ford Foundation മുതലായ സ്ഥാപനങ്ങളിൽ കൺസൾട്ടന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കൃഷ്ണൻ നമ്പൂതിരിയുടെ മകൾ – ഉണ്ണിയുടെ സഹോദരി – ഡോ. സാലി നമ്പൂതിരിയുടെ ഭർത്താവ് ഡോ. സുധാകർ റാവു. അവർക്ക് രണ്ട് കുട്ടികൾ- സഞ്ജയും സംരേഷും.

ഉണ്ണിയുടെ, അച്ഛൻ കൃഷ്ണൻ നമ്പൂതിരിയുടെ കേരളാ കണക്ഷൻ - പഴയ അഡ്രസ്സ്- ലിങ്കുകളിൽ നിന്നും ലഭിച്ചില്ല.

ഡോ. കാദംബരിയെക്കുറിച്ച് കിട്ടിയ ചില വിവരങ്ങളുടെ പുറകെ പോയി. അവർ മിഷിഗൺ സർവ്വകലാശാലയിൽ നിന്ന് പിഎച്ച്.ഡി. ബിരുദം നേടിയശേഷം നോർത്ത് കരൊലിന യൂണിവേർസിറ്റിയിലും ഒഹായൊ സ്റ്റേറ്റ് യൂണിവേർസിറ്റിയിലും പ്രൊഫസ്സറായി ജോലി ചെയ്തിരുന്നു. ഡോ. കൃഷ്ണൻ നമ്പൂതിരിയും ഡോ. കാദംബരിയും ഏകദേശം മുപ്പത് വർഷത്തോളം കൊളംബസ്സിൽ താമസിച്ചു. ഡോ. കാദംബരി ഒരു അടിയുറച്ച സാമൂഹ്യ പ്രവർത്തകയായിരുന്നു. അവരുടെ ശ്രമഫലമായി കൊളംബസ്സിൽ മലയാളികളുടെ നല്ലൊരു കൂട്ടായ്മ നിലവിൽ വന്നു.

പബ്ളിക് ഹെൽത്തിൽ ഗവേഷണം ചെയ്തിരുന്ന അവർ 'ജനറ്റിക് ഹാർട്ട് ഡിസീസ്' മേഖലയിലെ പഠനങ്ങൾക്കാണ് ഊന്നൽ കൊടുത്തിരുന്നത്. എഴുപതോളം ഗവേഷണ പ്രബന്ധങ്ങൾ അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്ലീവ് ലാൻഡിൽ വെച്ച് 2024 ൽ തൊണ്ണൂറ്റിമൂന്നാമത്തെ വയസ്സിലാണ് അവർ അന്തരിച്ചത്.

കൊളംബസ്... ഈ നഗരത്തിന്റെ പേര് ലിങ്കിലെ കുറിപ്പിൽ വാ

യിച്ചപ്പോൾ മനസ്സിൽ പെട്ടെന്നൊരു ഉണർവ്വു വന്നു. മരുമകൾ വിദ്യയും അവരുടെ ഭർത്താവ് ആത്രശ്ശീരി പ്രഹ്ലാദും കൊളംബസ്സിലാണ് താമസം. വിദ്യയെബന്ധപ്പെട്ട് ഇക്കാര്യം അന്വേഷിച്ചപ്പോൾ മറ്റൊരത്ഭുതം! ഡോ. കൃഷ്ണൻ നമ്പൂതിരിയുടെ സഹധർമ്മിണി ഡോ. കാദംബരിയെ അവർക്ക് നല്ലപോലെ അറിയാം!

ഡോ. കാദംബരി കൊളംബസ്സിൽ നിന്ന് ക്ലീവ് ലാൻഡിലുള്ള മകൾ സാലിയുടെ അടുത്തേയ്ക്ക് താമസം മാറ്റിയിരുന്നു. കൊളംബസ്സിലെ ഓർമ്മകൾ പങ്കുവെയ്ക്കാൻ ('സെലബ്രേഷൻ ഓഫ് ലൈഫ്') അവർ കൊളംബസ്സിലെത്തിയപ്പോൾ പ്രഹ്ലാദും കുടുംബവുമായി നല്ല അടുപ്പത്തിലായി. ക്ലീവ് ലാൻഡിലേയ്ക്കു തിരിച്ചുപോകുന്ന വേളയിൽ, ഡോ. കാദംബരി അവരുടെ പുതപ്പ് വിദ്യയ്ക്ക് ഒരു സ്മരണികയായി സമ്മാനിക്കുകയും ചെയ്തു.

ഡോ. കാദംബരിയുടേയും കുടുംബത്തേയും കുറിച്ചുള്ള ഓർമ്മകളെ ഊഷ്മളമാക്കി പുതപ്പിച്ചുകൊണ്ട് ആ കമ്പളം കൊളമ്പസ്സിലുള്ള പ്രഹ്ലാദിന്റെ വീട്ടിലെ അലമാരിയിൽ ഇപ്പോഴും വിശ്രമിക്കുന്നു.

'സെലബ്രേഷൻ ഐഫ് ലൈഫ്' പരിപാടിയിൽ എന്റെ അമ്മാത്തെ (ശ്രീകൃഷ്ണപുരം മൂർത്തിയേടം) മധുവും കുടുംബവും പങ്കെടുത്തിരുന്നുവെന്ന് ഞാൻ കേട്ടിരുന്നു. മധുവിന്റെ ബന്ധുവാണ് ഡോ. കാദംബരി എന്നും മനസ്സിലായി. ഉടനെ മധുവുമായി ബന്ധപ്പെട്ടു. ലക്ഷ്യം ഡോ. കൃഷ്ണൻ നമ്പൂതിരിയുടേയും, അതുവഴി ഉണ്ണി നമ്പൂതിരിയുടേയും കേരളത്തിലെ വേരുകൾ കണ്ടെത്തൽ തന്നെ.

മധുവും പ്രഹ്ലാദും 'ചിത്തേട്ടൻ' എന്നു വിളിക്കുന്ന ശ്രീ ചിത്തരഞ്ജൻ ദാമോദരന്റെ പിതൃസഹോദരിയാണ് (ചിറ്റ) ഡോ. കാദംബരി എന്നുമനസ്സിലായി. ചിത്തരഞ്ജന്റെ ഫോൺ നമ്പർ പ്രഹ്ലാദിന്റെ ഫോണിലുണ്ടായിരുന്നു. അത് പ്രഹ്ലാദ് അയച്ചുതന്നു. ചിത്തരഞ്ജന് വിവരങ്ങൾ സൂചിപ്പിച്ച് ഒരു വാട്സ്ആപ്പ് സന്ദേശമയച്ചു. അദ്ദേഹം എന്നെ തിരിച്ചു വിളിക്കുകയായിരുന്നു. ഫോണിൽ, ഞാൻ അന്വേഷിച്ചുനടക്കുന്ന ഉണ്ണി നമ്പൂതിരിയുടെ കസിന്റെ ശബ്ദം കേട്ടപ്പോൾ അതിയായ സന്തോഷം തോന്നി. എന്റെ ശ്രമം വിജയിക്കുന്നു. ഉണ്ണി നമ്പൂതിരിയുടെ കേരളത്തിലെ വേരുകളുടെ വിവരങ്ങൾ ചുരുളഴിയാൻ പോകുന്നു !

ശ്രീ ചിത്തരഞ്ജൻ ദാമോദരൻ(ചിത്തൻ) തിരുവനന്തപുരം എഞ്ചിനീയറിങ്ങ് കോളേജിൽ നിന്ന് ബിരുദവം യു എസ് ൽ നിന്ന് എം.എസ്. ഡിഗ്രിയും നേടി അവിടെ ഒരു ഐ ടി കമ്പനിയിൽ ജോലിയിൽ പ്രവേശിക്കുകയാണുണ്ടായത്.

ചിത്തനും കുടുംബവും യു എസ് ൽ കൊളംബസ്സിൽ ഡോ. കൃഷ്ണൻ നമ്പൂതിരിയുടെ വസതിക്ക് സമീപത്ത് താമസിച്ചിരുന്നു. ശനി- ഞായർ അവധി ദിനങ്ങളിൽ രണ്ടു കുടുംബങ്ങളും ഏറെ സമയം ഒത്തു ചേരും. ചിത്തനും സഹധർമ്മിണി കലയും ഇവർക്ക് സ്വന്തം മക്കളെപ്പോലെ. അതുപോലെ, ചിത്തന്റേയും കലയുടേയും മനസ്സിൽ അപ്ഫനും ചിറ്റയ്ക്കും അച്ഛനമ്മമാരുടെ സ്ഥാനം തന്നെ. ചിത്തൻ–കല ദമ്പതിമാരുടെ രണ്ട് മക്കൾക്ക് അവരെ ലാളിക്കുന്ന മുത്തശ്ശനേയും മുത്തശ്ശിയേയും യു എസ്സിലും ലഭിച്ചു

പത്തുവർഷത്തെ കൊളംബസ്സിലെ ഔദ്യോഗിക ജീവിതം മതിയാക്കി 2001 ൽ ചിത്തൻ ടെക്നോപാർക്കിൽ ഒരു ഐ ടി കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. കുടുംബസമേതം തിരുവനന്തപുരത്തേയ്ക്ക് മാറി.

അപ്ഫന്റേയും ചിറ്റയുടേയും സ്നേഹവാത്സല്യങ്ങളെക്കുറിച്ച് വിവരിക്കാൻ ശ്രീ ചിത്തരഞ്ജന് വാക്കുകൾ തികഞ്ഞിരുന്നില്ല. കൊളംബസ്സിലെ പൊതു ജീവിതത്തിലും ഡോ.കൃഷ്ണൻ നമ്പൂതിരിയും ഡോ. കാദംബരിയും വളരെയേറെ സ്വീകാര്യരായിരുന്നു.

ഡോ.കൃഷ്ണൻ നമ്പൂതിരി കോട്ടയം ജില്ലയിലെ പാലായ്ക്ക് അടുത്ത് വലവൂരിലുള്ള നരമംഗലം ഇല്ലം കുടുംബാംഗമായിരുന്നു.ഡോ.കാദംബരിയുടെ ഇല്ലം പത്തനംതിട്ട ഓമല്ലൂർ(വള്ളിക്കോട്) കൈനിക്കര.

ചെറുപ്പകാലത്ത് നാട്ടിൽ ക്ഷേത്രങ്ങളിൽ പൂജ ചെയ്തിരുന്ന ഡോ. കൃഷ്ണൻ നമ്പൂതിരി വിദേശത്തെത്തിയപ്പോഴും രാവിലെയുള്ള പൂജകൾ മുടക്കിയില്ലത്രെ.

സംസ്കൃതപണ്ഡിതൻ കൂടിയായിരുന്ന ഡോ. നമ്പൂതിരി ചില സംസ്കൃത ഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

കേരള, മിഷിഗൺ, നോർത്ത് കരോലിന, ഒഹായൊ സ്റ്റേറ്റ് സർവ്വകലാശാലകളലും പിന്നെ കൊളംബസ്സ് നഗരത്തിലും, വലവൂരിലുള്ള നരമംഗലം ഇല്ലത്തും കയറിയിറങ്ങി മനസ്സ് ചിക്കാഗൊ സർവ്വകലാശാലയിലെ ഗണിതവിഭാഗത്തിൽ തിരിച്ചെത്തി. ഉണ്ണിയുടെ ശബ്ദം മുഖരിതമാക്കിയിരുന്ന ആ പ്രഭാഷണ ഹാളിൽ. ഇതിനെ 'ബാക്ക് ടു സ്ക്വയർ വൺ' എന്നുപറയാനാവില്ല. ഒരു Spiral ന്റെ പഥത്തിലൂടെ എന്നപോലെ, തിരിച്ചെത്തിയ കളം പഴയതുതന്നെ എങ്കിലും, തുടക്കത്തേക്കാൾ ഏറെ ഉയരത്തിലാണ് ഇപ്പോഴത്തെ നില്പ്.

ഉണ്ണിയെക്കുറിച്ച് വ്യക്തമായ കുറേ വിവരങ്ങൾ ഇപ്പോൾ നേടിക്കഴിഞ്ഞു. എന്നിരുന്നാലും ആ ഓർമ്മ മനസ്സിൽ പതിയാൻ ചില ചിത്രങ്ങൾ കിട്ടിയാൽ നന്നായിരുന്നു എന്നുതോന്നിയതിനാൽ സഹോദരിയെത്തന്നെ നേരിട്ട് ബന്ധപ്പെട്ടു.

ആൽബത്തിൽ നിന്ന് 1981 ലെ ഒരു ഫാമിലി ഫോട്ടൊ ഡോ. സാലി അയച്ചു തന്നു. ഒപ്പം ഏട്ടനെപ്പറ്റിയുള്ള അനിയത്തിയുടെ ഓർമ്മകളും.

My brother Unni passed away from a car accident at the young age of 25. He was home for a visit in Chapel Hill, NC and we were celebrating his successful PhD thesis defence in the days before his death. Unni possessed a genius-level intellect, but he was also kind, generous, and had a hilariously dry sense of humour. He was my role model in every way. Although he tragically left us too soon, I sincerely hope that his intelligence, academic achievements, and great passion for mathematics will be acknowledged and remembered through this lecture series

at the University of Chicago.

Dr Sally Namboodiri, MD

ഈ വർഷത്തെ 'Unni Namboodiri Lecture on Geometry and Topology' നടന്നുകഴിഞ്ഞു. ചരിത്ര പ്രസിദ്ധമായ പ്രിൻസ്റ്റൺ യൂണിവേർസിറ്റിയിലെ Dr. Peter Ozsvath ആയിരുന്നു പ്രഭാഷകൻ. യൂട്യൂബിൽ കുറച്ചുനേരം ആ പ്രഭാഷണം കേട്ട് ഇരുന്നു. ഒന്നും മനസ്സിലായില്ലെങ്കിലും.

ആകസ്മികമായ ഈ അന്വേഷണത്തിന്റെ തുടക്കത്തെപ്പറ്റി ഓർത്തുനോക്കി. അല്പം ജാള്യതയോടെയാണ് ചിക്കാഗോ പോലെ പ്രശസ്തമായൊരു സർവ്വകലാശാലയിലേയ്ക്ക് ഇ-മെയിൽ അയച്ചത്. ഇത്തരം അന്വേഷണങ്ങൾ അവർ ഗൗനിക്കുമോ... പ്രതികരിക്കാൻ അവർ തയ്യാറാകുമോ എന്നൊക്കെ സംശയിച്ചു. പക്ഷെ, പ്രൊഫസർ പീറ്റർ മേയുടെ Quick Response എന്നെ അതിശയിപ്പിച്ചു. എത്ര കാര്യക്ഷമമായാണ് ഇത്തരം സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത്! സമത്വദർശനത്തോടെ.ഉത്തരവാദിത്വത്തോടെ.

പ്രൊഫസ്സർ പീറ്റർ മേയുടെ ഇ-മെയിൽ തന്നെയാണ് ഈ അന്വേഷണത്തിൽ ഒരു Breakthrough ആയത്. ആദ്യമൊക്കെ 'പീറ്റർ മേ' എന്നെഴുതിയാണ് അദ്ദേഹത്തിന്റെ മെസ്സേജ് . ക്രമേണ വെറും പീറ്റർ ആയി. ഞാനും 'വിഷ്ണു നമ്പൂതിരിയിൽ' തുടങ്ങി അവസാനമായപ്പോഴേയ്ക്കും 'വിഷ്ണു' വിലേയ്ക്ക് ചുരുങ്ങി. ഉണ്ണിയുടെ പേരിലും നമ്പൂതിരി ഉണ്ടല്ലൊ. ആ പരിഗണന കണക്കാക്കിയാണ് എന്റെ പേരിലും നമ്പൂതിരി ചേർത്തത്. മനസ്സിൽ അടുപ്പം വരുമ്പോൾ പേരുകൾ ചുരുങ്ങുന്നു... ചുരുക്കുന്നു.

രാമചന്ദ്രനും രാമകൃഷ്ണനും രാമു ആകുന്നു. സുബ്രഹ്മണ്യൻ സുബ്ബു ആകുന്നു... ഇപ്പോൾ ജീവിച്ചിരിക്കുന്നു എങ്കിൽ ഉണ്ണി നമ്പൂതിരിക്ക് 69 വയസ്സ് പ്രായമാകുമായിരുന്നു. ഈയുള്ളവനേക്കാൾ മൂന്നുവർഷം മൂപ്പ്.

ഉണ്ണി നമ്പൂതിരിയെക്കുറിച്ചുള്ള anecdote സോഷ്യൽ മീഡിയയിൽ പങ്കുവെച്ച Prof. Kevin Robert Coombes നോടു തന്നെയാണ്. ആ



*ചിത്തരഞ്ജൻ ദാമോദരൻ, ഉണ്ണിയുടെ അമ്മ പരേതയായ ഡോ. കാദംബരി, അച്ഛൻ പരേതനായ ഡോ. കൃഷ്ണൻ നമ്പൂതിരി*

കുറിപ്പ് എനിക്കയച്ചുതന്ന അനിയൻ. പിന്നെ അന്വേഷണത്തിൽ കൂടെനിന്ന് സഹായിച്ച

പ്രഹ്ലാദൻ, മധു. ചിത്തനോടുള്ള നന്ദിയും പ്രത്യേകം പ്രത്യേകമായി ത്തന്നെ രേഖപ്പെടുത്തുന്നു.

അന്വേഷണത്തിൽ ഒരുകാര്യം കൂടി തെളിഞ്ഞു വന്നു- സഹധർമ്മിണി അനിതയുടെ കസിൻ സാവിത്രി ഓപ്പോളെ (അരീക്കോട് ആറ്റുപുറം) നരമംഗലം ഇല്ലത്തിനടുത്തുള്ള പുതുമനയിലേയ്ക്കാണ് വിവാഹം ചെയ്തുകൊടുത്തിട്ടുള്ളത്. പുതുമന നാരായണേട്ടനും നരമംഗലം ഇല്ലക്കാരുമായി നല്ല അടുപ്പത്തിലാണ്. അങ്ങനെ, ഈ തൃശ്ശൂർ ജില്ലക്കാരന് നരമംഗലത്തെ ഉണ്ണി നമ്പൂതിരിയുമായി ഒരു ബന്ധുത്ത്വവും അവകാശപ്പെടാം.

ഇങ്ങനെയൊരു അന്വേഷണം ഞാൻ തുടങ്ങിയെന്ന് ചിത്തൻ വഴി അറിഞ്ഞ നരമംഗലം ഇല്ലത്തെ അഡ്വ. നാരായണൻ നമ്പൂതിരി ഫോണിൽ വിളിച്ച് സന്തോഷം അറിയിക്കുകയുണ്ടായി. (ബി ജെ പി സംസ്ഥാന ഭാരവാഹിയായ എൻ നാരായണൻ നമ്പൂതിരി)

അദ്ദേഹത്തിന്റെ വല്യപ്ഫനാണ് ഡോ. കൃഷ്ണൻ നമ്പൂതിരി. വീണ്ടും അത്ഭുതം. ഉണ്ണി നമ്പൂതിരിയുടെ ഇല്ലവുമായും ഡയറക്റ്റ് കണക്റ്റിവിറ്റി!

എല്ലാം ഒരു കുടക്കീഴിലേയ്ക്ക് ഒതുങ്ങിവന്നപ്പോൾ മറ്റൊരുകാര്യവും ബോധ്യപ്പെട്ടു-

The world is too small...

അണുർബൃഹത്കൃശഃ സ്ഥൂലോ ഗുണഭൃന്നിർഗുണോ മഹാൻ... സ്ഥൂലവും സൂക്ഷ്മവും എല്ലാം ഒന്നു തന്നെ.

'AND, WHEN YOU WANT SOMETHING , THE ENTIRE UNIVERSE CONSPIRES IN HELPING YOU TO ACHIEVE IT.'

(പാവ്‌ലോ കയ്‌ലോ - The AIChemist)

പ്രിയ ശിഷ്യൻ ഉണ്ണി നമ്പൂതിരിയെക്കുറിച്ച് എൺപത്താറുകാരനായ പ്രൊഫസ്സർ പീറ്റർ ഓർത്തെടുത്ത കമന്റിൽ എല്ലാമുണ്ട്..

'He was a brilliant and promising student with a great sense of humour.'

ഉണ്ണിയ്ക്ക്, ഉണ്ണിയെത്തന്ന അച്ഛനമ്മമാർക്ക് തിലോദകം. ●

മാന്തിട്ട വിഷ്ണു
ഫോൺ: 8714839298

# പഠനം പാൽപ്പായസം ഉച്ചഭക്ഷണമില്ലാത്ത സ്കൂൾ Mood

**പി എം സാവിത്രി അന്തർജനം**



കൊണ്ടോട്ടിക്കും അരീക്കോടിനുമിടയിലായി 'മുണ്ടമ്പറമ്പ്' എന്ന സ്ഥലത്തായിരുന്നു ഇല്ലം. എഴുപതു വർഷങ്ങൾക്കു മുമ്പ് ഞാനും ഒരു സ്കൂൾ കുട്ടി. ഇന്ന് നൂറാം വർഷത്തിലെത്തി നിൽക്കുന്ന ജി എൽ പി എസ് കിഴിശ്ശേരി. ഒന്നു മുതൽ അഞ്ചു വരെയാണ് ക്ലാസുകൾ. മാഷന്മാർ കുട്ടിയുടെ വയസ്സും നിലവാരവും നോക്കി ക്ലാസ് തീരുമാനിക്കും. എന്നെ ചേർത്തിയത് രണ്ടിൽ.

ഇല്ലത്തു നിന്ന് സ്കൂളിലേക്ക് രണ്ടു കിലോമീറ്ററോളം ദൂരമുണ്ട്. എം ബി ,എസ് എൻ എന്നീ രണ്ടു ബസ്സുകൾ മാത്രമാണ് അന്ന് ഈ റൂട്ടിൽ. ബസ്സില് സ്കൂളിൽ പോവുന്ന പതിവുണ്ടായിരുന്നില്ല. രാവിലെ പ്രഭാത ഭക്ഷണം കഴിച്ച് കൂട്ടുകാരുമൊത്ത് സ്കൂളിലേക്ക് നടക്കും.

പിന്നെ വൈകിട്ട് നാലുമണിക്ക് സ്കൂൾ വിട്ട് ഇല്ലത്തെത്തി കുളിച്ച ശേഷമേ ഭക്ഷണം കഴിക്കുമായിരുന്നുള്ളൂ.

സ്കൂളിൽ പോവാൻ ഇല്ലത്തെ പടിക്കല് കാത്തു നിൽക്കുമായിരുന്നത് സീത, പാറു, അമ്മുക്കുട്ടി, ദേവകി. പിന്നെ, വല്യച്ഛന്റെ കുട്ടികളായ ശ്രീദേവി ഏടത്തിയും ഉമാദേവിയും ഞാനും. ഏറെ സന്തോഷം നിറഞ്ഞ 'കാൽനടയാത്രക്കാരിൽ' പലരും ഇന്നില്ല. വഴിയരികിലായി കാണുന്ന 'വെള്ളത്തണ്ട്' പറിച്ച് സ്ലേറ്റ് മായ്ക്കാൻ എല്ലാവരും പങ്കിട്ടെടുക്കുന്ന യാത്ര. വേലിപ്പടർപ്പുകളിൽ ഒടിച്ചു കുത്തി പൂക്കൾ.

ചെമ്മൺ റോഡിൽ ബസ്സിനും കാളവണ്ടിക്കുമൊക്കെ വഴിമാറിക്കൊടുക്കണം. എന്നാലും കളി തമാശകൾ പറഞ്ഞു കൊണ്ടുള്ള യാത്രയിൽ രണ്ടു കിലോമീറ്റർ ദൂര ദൈർഘ്യം ഞങ്ങൾ അറിഞ്ഞിരുന്നില്ല.

എന്റെ തുടക്കം ശ്രീദേവി ടീച്ചറുടെ രണ്ടാം ക്ലാസിൽ. മൂന്നിൽ മുൻ ശുണ്ഠിക്കാരനും കണിശക്കാരനുമായ



ഇല്ലത്തു നിന്ന് സ്കൂളിലേക്ക് രണ്ടു കിലോ മീറ്ററോളം ദൂരമുണ്ട്. എം ബി ,എസ് എൻ എന്നീ രണ്ടു ബസ്സുകൾ മാത്രമാണ് അന്ന് ഈ റൂട്ടിൽ. ബസ്സില് സ്കൂളിൽ പോവുന്ന പതിവുണ്ടായിരുന്നില്ല. രാവിലെ പ്രഭാത ഭക്ഷണം കഴിച്ച് കൂട്ടുകാരുമൊത്ത് സ്കൂളിലേക്ക് നടക്കും.

അച്ചുതൻ മാഷ്. സ്നേഹസമ്പന്നനായ അയ്യപ്പൻ മാഷ് നാലിൽ. അഞ്ചിൽ ഹെഡ്മാസ്റ്ററായ കേശവപ്പണിക്കർ മാഷ്.

നന്നായി പാട്ടുപാടുമായിരുന്ന കോമളവല്ലി, പ്രാസംഗകന്റെ എല്ലാ ലക്ഷണങ്ങളുമുള്ള ഗോപാലകൃഷ്ണൻ, സത്യഭാമ, ലക്ഷ്മിക്കുട്ടി, സുലോചന, കല്യാണി, ശിവശങ്കരൻ, ചന്ദ്രമോഹനൻ.

കണ്ണൂരിൽ നിന്ന് സ്കൂൾ മാറി അഞ്ചാം ക്ലാസിൽ വന്നത് കസ്തൂരി ബായിയും റോജകുമാരിയും. കസ്തൂരിയുടെ 'അഖിലാണ്ഡ മണ്ഡലമണിയിച്ചൊരുക്കി' എന്നു തുടങ്ങുന്ന പ്രാർത്ഥന. ഇടവേളകളിൽ കരിങ്കല്ല് ഉരച്ചുരുട്ടി 'കൊത്തങ്കല്ല്'. പിന്നെ കക്കുകളിയും, കുറ്റി(ട്ടി)യും കോലും കളിയുമുണ്ട്. തണലായി നിന്നിരുന്ന 'ഉങ്ങുമര'മായിരുന്നു കളിത്താവളം.ഈ മരം ഇന്നുണ്ടോ? അറിയില്ല. അഞ്ചിൽ പഠിക്കുമ്പോൾ ശ്രീദേവിയേടത്തി വയസ്സനായി അഭിനയിച്ച നാടകം വല്യ രസമായിരുന്നു. ഉമാദേവി സ്കൂൾ ടീച്ചറായി വിരമിച്ചു.

എഴുപത്താറു കഴിഞ്ഞ ഞാൻ കിഴിശ്ശേരിയിലെത്തുമ്പോൾ ഇന്നും പഴയ കൂട്ടുകാരുടെ മുഖം പരതും. ഇതു വരെ കാണാൻ കഴിഞ്ഞിട്ടില്ല.

***

ഒന്നാം ക്ലാസിലെ ഉണ്ണിക്കുട്ടി മാസ്റ്റർ നല്ല പാട്ടുകാരൻ. മാസ്റ്ററുടെ മകൾ സുലോചനയുമൊത്ത് വാർഷികത്തിന് പ്രാർത്ഥന ചൊല്ലാൻ ഞാനുമുണ്ടായി.

വിശാലമായ ഗ്രൗണ്ടിൽ കെട്ടിയ സ്റ്റേജ്. വലിയ സദസ്സ്. മൈക്കിന് മുന്നിൽ ആദ്യമായി. 'ലോകമൊക്കെയും കാത്തുരക്ഷിക്കു,മേകനാം ജഗന്നായകാ........... എള്ളിലെണ്ണ പോലി പ്രപഞ്ചത്തിനുള്ളിലെന്നും നീ വാഴുന്നു'.

എല്ലാവർക്കും സ്നേഹാഞ്ജലി ●

സാവിത്രി അന്തർജ്ജനം, പുളിയപ്പിലാശ്ശേരി
മുല്ലപ്പള്ളി ഇല്ലം, പന്തീരാങ്കാവ് - കോഴിക്കോട്.
മൊബൈൽ: 7827208311

# വാർത്തകൾ / വ്യക്തികൾ / വിശേഷങ്ങൾ



**പ്രൊഫ. ഡോ. കെ. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി സിൻഡിക്കറ്റ് അംഗം**

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ സിൻഡിക്കറ്റ് അംഗമായി നിയമിതനായ തിരുവനന്തപുരം ഗവ. സംസ്കൃത കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. കെ. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി. കണ്ണൂർ, കൈതപ്രം കണ്ണാടി ഇല്ലത്ത് ജനിച്ച ഡോ. ഉണ്ണികൃഷ്ണൻ നമ്പൂതിരി മുഴുവൻ സമയ സംസ്കൃത പ്രചാരകനാണ്. ബഹു: കേരള ഗവർണറാണ് ഇദ്ദേഹത്തെ നോമിനേറ്റ് ചെയ്തത്.



**കോരമ്പറ്റ അശ്വതി ദേവരാജനു ഡോക്ടറേറ്റ്**

ആധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസും deep learning ഉം ഉപയോഗിച്ച് cancer detection നടത്തുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചതിനാണ് ഡോക്ടറേറ്റ് . പൂനെ എം.ഐ.ടി. എഞ്ചിനീയറിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അശ്വതിക്ക് 8 വർഷത്തെ ഗവേഷണ കാലയളവിൽ 2 ഇന്റർനാഷണൽ പാറ്റന്റ് അടക്കം 5 പാറ്റന്റുകൾ സ്വന്തമായുണ്ട്. തൃശൂർ നെല്ലായി മരുത്തോംപിള്ളി മകളാണ്. മക്കൾ ദേവാൻശ്, ദ്വേയ



**ദേവിപ്രിയ ഓവർസിയർ ഗ്രേഡ് 2**

കോഴിക്കോട് മുക്കം ഉപസഭയിലെ ദേവിപ്രിയ താമരക്കുളം പി.എസ് സി മുഖാന്തരം ആലുവ കടുങ്ങല്ലൂർ പഞ്ചായത്ത് ഓഫീസിൽ ഓവർസിയർ ഗ്രേഡ് 2 ആയി ചുമതലയേറ്റു. ഭർത്താവ്: വിഷ്ണുപ്രസാദ് (റീജനൽ മാനേജർ, വി.ഐ.പി ഇൻഡസ്ട്രീസ്). മകൻ: ധ്രുവ് ദിവാകരൻ എറണാകുളം ചോയ്സിൽ യു.കെ.ജി. വിദ്യാർത്ഥിയാണ്.



**പി.എച്ച്.ഡി. നേടി ശ്രീനാഥ് കെപി.**

കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ (കുസാറ്റ്) നിന്നും Intalectual Property Rights (IPR, part of Legal studies) എന്ന വിഷയത്തിൽ പി.എച്ച്.ഡി. നേടിയ ശ്രീനാഥ് കെപി. കക്കാട് മന പരമേശ്വരൻ നമ്പൂതിരിയുടേയും ലതാ അന്തർജനത്തിന്റെയും മകൻ. പത്നി ഹർഷ ഇ.പി. പാലക്കാട്, ലക്കിടി നെഹ്റു അക്കാദമി ഓഫ് ലോയിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി ചെയ്യുന്നു.



**മലയാള സർവ്വകലാശാല ഉപദേശക സമിതി അംഗം മഹേഷ്**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ഉപദേശക സമിതി അംഗമായി ബഹു. കേരള ഗവർണർ നോമിനേറ്റ് ചെയ്ത തപസ്യ കലാ-സാഹിത്യ വേദി - കോഴിക്കോട് അംഗം ഡോ. സി. മഹേഷ് (സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്). തപസ്യ കലാ സാഹിത്യ വേദി കോഴിക്കോട് അംഗമാണ്. 1986-87 മുതൽ തപസ്യ പ്രവർത്തകനായിരുന്ന ഇദ്ദേഹം പിന്നീട് ബാലഗോകുലം ജില്ലാ അദ്ധ്യക്ഷനും, ഭാരതീയവിചാരകേന്ദ്രത്തിന്റെ ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്.



**പി.എച്ച്.ഡി. നേടി കെ.എസ്.ജയന്തൻ**

തിരുച്ചിറപ്പള്ളി നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് 'ട്രാൻസ്ഫോർമർ ബേഡ്സ് വിഷൻ ആർക്കിടെക്ചേഴ്സ് ഫോർ മൾട്ടി ഡോമെയിൻ ഒബ്ജക്ട് ഡിറ്റക്ഷൻ ആന്റ് കൗണ്ടിംഗ് അപ്ലിക്കേഷൻസ്' എന്ന വിഷയത്തിൽ പി.എച്ച്.ഡി. നേടിയ കെ.എസ്. ജയന്തൻ. അങ്ങാടിപ്പുറം കിഴക്കേടത്ത് മന ശങ്കരനാരായണന്റെയും ശാന്തയുടെയും മകനും പട്ടിക്കാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനുമാണ്. പട്ടാമ്പി പള്ളിപ്പുറം പരുതൂർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക ചിത്രയാണ് ഭാര്യ.



**പ്രെഫ. ഡോ. സിന്ധു അന്തർജ്ജനം സിൻഡിക്കേറ്റ് അംഗം**

ആലപ്പുഴ എസ്സ്.ഡി. കോളേജ് മലയാള വിഭാഗം അസോസിയേറ്റ് പ്രെഫ. ഡോ. സിന്ധു അന്തർജ്ജനത്തെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റ് അംഗമായി നോമിനേറ്റ് ചെയ്യപ്പെട്ടു. കേരളത്തിൽ നിന്നും മലയാള ഭാഷയെ പ്രതിനിധീകരിച്ച് ഡൽഹി സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ച കേരളത്തിൽ നിന്നും ഉള്ള ഏക അംഗമാണ് ഡോ. സിന്ധു അന്തർജ്ജനം. അസോസിയേറ്റ് പ്രൊഫസർ, എസ്.ഡി. കോളജ് ആലപ്പുഴ. കോഴിക്കോട് താമരശ്ശേരി ഉപസഭയിലെ മുണ്ടോളി കളം വിഷ്ണു നമ്പൂതിരിയുടെ ഭാര്യയാണ്.



**കഥകളിയിൽ അരങ്ങേറ്റം കുറിച്ച ലത തായട കിഴിനിപ്പുറം**

നിരവധി മുതിർന്നവരും, കുട്ടികളുമടങ്ങുന്ന ശിഷ്യഗണങ്ങളെ വിവിധ തരം നൃത്തം പഠിപ്പിച്ച് അരങ്ങിലെത്തിച്ച ലത തായട കിഴിനിപ്പുറം എന്ന ലത ടീച്ചർ തന്റെ അറുപത്തി മൂന്നാം വയസ്സിൽ കഥകളിയിൽ അരങ്ങേറ്റം കുറിച്ചു. ആർ എൽ വി സന്ധ്യയുടെ ശിക്ഷണത്തിൽ രണ്ടു വർഷമായി കഥകളി പഠിച്ചു കൊണ്ടിരിക്കുന്നു. 2025 ആഗസ്ത് 20 ന് ഗുരുവായൂർ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന അരങ്ങേറ്റത്തിൽ നളചരിതം ആട്ടക്കഥയിലെ ഒരു രംഗമാണ് അവതരിപ്പിച്ചത്.



**പരമേശ്വര ഭാരതി സ്മാരക സുവർണമുദ്ര വിഷ്ണു സോമയാജിപ്പാടിന്**

തൃശൂർ: തെക്കേമഠത്തിലെ ദുർഗ്ഗാഷ്ടമി വാക്യാർത്ഥ സദസ്സിന്റെ ഭാഗമായി നൽകുന്ന പരമേശ്വര ഭാരതി സ്മാരക സുവർണമുദ്ര (ഒരു പവൻ) ഡോ.കെ.വിഷ്ണു സോമയാജിപ്പാടിന്. സംസ്കൃത സർവ്വകലാശാല പയ്യന്നൂർ കേന്ദ്രം അദ്ധ്യക്ഷനായ ഇദ്ദേഹം നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവുമാണ്. കൈതഠം സ്വദേശിയാണ്.



**ഹൃദികാ പാർവ്വതിക്ക് ബാസ്ക്കറ്റ് ബാൾ ടീമിലേക്ക് സെലക്ഷൻ**

കേരള സ്റ്റേറ്റ് ഗേൾസ് സബ് ജൂനിയർ ബാസ്ക്കറ്റ് ബാൾ ടീമിലേക്ക് സെലക്ഷൻ ലഭിച്ച മഞ്ചേരി തലയൂർ ഇല്ലത്ത് രാജ്കുമാറിന്റേയും ധന്യാ സാവിത്രിയുടേയും മകൾ ഹൃദികാ പാർവ്വതി. ഉത്തരാഖണ്ഡിലെ ഡഹ്റാഡൂണിൽ വെച്ചാണ് മത്സരങ്ങൾ നടക്കുന്നത്.



## മുണ്ടക്കോട്ടുകുറുശ്ശി പാതിരിക്കുന്നത്ത് മന നാഗകീർത്തി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

ചെർപ്പുളശ്ശേരി: മുണ്ടക്കോട്ടുകുറുശ്ശി പാതിരിക്കുന്നത്ത് മന 2025 വർഷത്തെ നാഗകീർത്തി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പാഞ്ഞാൾ തോട്ടം ശിവകരൻ നമ്പൂതിരി (വേദം), കണ്ണൂർ തളിപ്പറമ്പ് ഇടവലത്ത് പുടലൂർ കുബേരൻ നമ്പൂതിരിപ്പാട് (തന്ത്രം), കല്ലൂർ രാമൻകുട്ടി മാരാർ (കല) എന്നിവർക്കാണ് പുരസ്കാരങ്ങൾ.

ഒക്ടോബർ 16 ന് പാതിരിക്കുന്നത്ത് മനയിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ 15,000 രൂപയുടെ പുരസ്കാരം സമ്മാനിക്കും. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥിക്ക് നാഗകീർത്തി സ്കോളർഷിപ്പ് നൽകും.

## പ്രൊഫ. ടി.വി.സുനിത പൈതൃക പഠന ഫാക്കൽറ്റിയുടെ ഡീൻ



തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിലെ പൈതൃക പഠന ഫാക്കൽറ്റിയുടെ ഡീൻ ആയി ബഹുമാനപ്പെട്ട ചാൻസലർ നാമനിർദ്ദേശം ചെയ്ത ടി.വി. സുനിത. പ്രൊഫസർ, സംസ്കാര പൈതൃക പഠന സ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല



**പട്ടിക്കാംതൊടി പുരസ്കാരം കലാമണ്ഡലം കേശവൻ നമ്പൂതിരിക്ക്**

സദനം കഥകളി അക്കാദമിയും പട്ടിക്കാംതൊടി ട്രസ്റ്റും സംയുക്തമായി നൽകിവരുന്ന പട്ടിക്കാം തൊടി പുരസ്കാരം കലാമണ്ഡലം കേശവൻ നമ്പൂതിരിക്ക്. സദനം ബാലകൃഷ്ണൻ, കലാനിലയം ബാലകൃഷ്ണൻ, സദനം ഹരികുമാർ എന്നിവർ അടങ്ങുന്ന നിർണ്ണയ കമ്മറ്റിയാണ് ജേതാവിനെ തിരഞ്ഞെടുത്തത്. 2025 ലെ കലാമണ്ഡലം വാസുപിഷാരടി സ്മാരക അവാർഡും. കലാമണ്ഡലം കേശവൻ നമ്പൂതിരിക്ക് തന്നെയാണ് ലഭിച്ചത്.



**ബയോടെക്നോളജിയിൽ പി.എച്ച്.ഡി.നേടിയ ഗീതിക**

ബയോ ടെക്നോളജിയിൽ പി.എച്ച്.ഡി (വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി) നേടിയ ഇ.ഗീതിക. വള്ളിക്കുന്നിലെ എടശ്ശേരി രമേഷ് (റിട്ട. ബാങ്ക് ഓഫീസർ),അജിത (റിട്ട. അധ്യാപിക) ദമ്പതികളുടെ മകളാണ്. കോട്ടയം കുമാരനെല്ലൂർ മങ്ങാട്ടില്ലത്ത് അനൂപ് കുമാറിന്റെ (എൻജിനീയർ, കോഗ്നിസെന്റ്- യു.എസ്.എ) ഭാര്യയാണ്.



**എൽ.എസ്.എസ്സിൽ സംസ്ഥാനത്ത് ഒന്നാമനായി ശ്രാവൺ കൃഷ്ണ**

സംസ്ഥാനത്ത് ഒന്നാമനായി എൽ.എസ്.എസ്. സ്കോളർഷിപ്പ് കരസ്ഥമാക്കിയ ശ്രാവൺ കൃഷ്ണ. ടി.ശ്രീഹരിയുടെ മകനാണ്.



**പാർവതി സി.**

അബാക്കസ് ആന്റ് വേദിക് മാത്സിൽ ദേശീയതലത്തിൽ ഒന്നാമതായ പാർവതി സി. ചാലക്കുന്നത്ത് ഇല്ലം. അച്ഛൻ: രതീഷ് (വിഷ്ണു). അമ്മ : ലീല. മേപ്പയ്യൂർ ജി.എച്ച്.എസ്.എസ്. ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയാണ്. ഫോൺ : +91 98462 92586

# കരിന്തണ്ടനെ ‘പ്രതിഷ്ഠിച്ച’ നമ്പൂതിരി

**കൃഷ്ണൻ പാതിരിശ്ശേരി**



കാൽപ്പറ്റയിലാണ് ജൈത്ര തീയേറ്റർ. അവിടെ സെക്കന്റ് ഷോയ്ക്ക് പോകാനേ പാടില്ലെന്ന് നാട്ടാർ. നിലത്തും തറയിലും പുകയില തുപ്പി, മൂത്രമൊഴിച്ച് ‘സുഗന്ധ’വും ‘ചൂടു’മുണ്ടാക്കുന്ന പണിയർ ധാരാളമുണ്ടാവും അപ്പോൾ. ഇക്കാട്ടുജാതിക്കാരുടെ കൂടെ എങ്ങിനെ മൂന്നു മണിക്കൂർ കഴിയും?

മണിക്കൂറുകളല്ല പതിനഞ്ചു വർഷങ്ങൾ കേരളത്തിലെ ആദിവാസി ഊരുകളിൽ അവർക്കൊപ്പം താമസിച്ച നമ്പൂതിരിയുണ്ട്. എറണാകുളം പിറവം ചെറുവള്ളി രാമനുണ്ണി. വനവാസികൾക്ക് അവരുടെ രാമേട്ടൻ.

നാലാം ക്ലാസു മുതൽ ഞാൻ ശാഖയിൽ പോകുമായിരുന്നു. 21 വയസ്സിൽ പ്രചാരകനായി. നിയോഗിച്ചത് വനവാസികളുടെ ഊരുകളിലേക്ക്. നിലമ്പൂരിലെ അനുഭവം വല്ലാത്തതായിരുന്നു. ഒരാളുടെ വീട്ടിലേക്ക് വരാം എന്നു പറഞ്ഞപ്പോൾ വേണ്ടെന്ന് ദയനീയമായി വിലക്കി അയാൾ. എന്നിട്ടും ഞങ്ങൾ പോയി. പരിഷ്കൃത സമൂഹത്തിന് ചിന്തിക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു അവിടെ. കിണറില്ല. തെളിനീർച്ചോല എന്നോ വറ്റി. സ്വന്തമായി വീടോ സ്ഥലമോ പലർക്കുമില്ല.ആശ്രയം പഞ്ചായത്തിന്റെ പൊതു കക്കൂസ് മാത്രം. താമസത്തിന് കടത്തിണ്ണയും

ഗോത്രവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ എല്ലാം അവരിലെ സമ്പന്ന വിഭാഗമായ കുറിച്യരും കുറുമരും അനുഭവിച്ചു. എല്ലാ പണിയും ചെയ്യുന്ന ‘പണിയർ’ അടിമകളായി തന്നെ തുടർന്നു. വിവാഹബന്ധവും പതിവില്ല വള്ളിയൂർക്കാവിൽ ജന്മിമാർക്ക് വിറ്റിരുന്ന മനുഷ്യ ജന്മങ്ങൾ.

സ്വന്തമായി ഭൂമി ഇല്ല. മദ്യവും മയക്കുമരുന്നും സുലഭം. പരിഷ്കൃത ലോകത്തു നിന്ന് മാറി നിൽക്കൽ. ഒരു തരം ഓടി ഒളിക്കൽ. വിദ്യാഭ്യാസം കഷ്ടി.ഒറ്റമൂലികളും നാട്ടു ചികിത്സയും പ്രധാനം. ശരാശരി ആയുസ്സ് അമ്പത്തഞ്ചു വർഷം മാത്രം.അച്ഛനറിയാത്ത / അച്ഛനെ അറിയാത്ത കുട്ടികൾ പണിയകോളനികളിൽ ജനിച്ചു;

രാഷ്ട്രീയക്കാരും മതം മാറ്റുന്ന സുവിശേഷക്കാരും വിപ്ളവകാരികളും ഇക്കൂട്ടരെ നോക്കിയില്ല. ഏറ്റവും അവഗണിക്കപ്പെട്ട പണിയർക്കായി തന്റെ ജീവിതം സമർപ്പിക്കാൻ രാമനുണ്ണി തീരുമാനിക്കുകയായിരുന്നു.

ഞാൻ പഠിച്ച സാമ്പത്തിക ശാസ്ത്രമൊന്നും ഏശാത്ത വലിയ വിഭാഗം ജനങ്ങൾ ഇന്നും കേരളത്തിലുണ്ടെന്നത് ഒരു ഷോക്കും തിരിച്ചറിവുമായിരുന്നു.

15 വർഷം കൊണ്ട് കേരളത്തിലെ തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള ട്രൈബൽ ഏരിയകളിൽ ചെന്നു. പ്രശ്നങ്ങൾ അറിയാൻ അവരുടെ കൂടെ താമസിച്ച് അവരിൽ ഒരാളായി. പാട്ടും കൂത്തും നൃത്തവും ഭക്ഷണവും . ഞാൻ



*ചെറുവള്ളി രാമനുണ്ണി*

പൂർണമായും വെജിറ്റേറിയൻ.അവ.ർക്കൊപ്പം മദ്യം കൈ കൊണ്ട് തൊടാത്ത ‘കുടിയൻ’ ആയി. ‘ഇരിട്ടിയിലുള്ള ഒരു പണിയ കോളനിക്കാരുടെ ആകെയുള്ള കിണറിന്റെ ചുറ്റും നിന്നാണ് സ്ത്രീകളും കുട്ടികളുമടക്കമുള്ളവരുടെ കുളി. സോപ്പും അഴുക്കുമെല്ലാം കിണറ്റിലേക്കു തന്നെ.പഴശ്ശി ഡാമിന്റെ സൈഡിലാണ് ഈ പ്രദേശം. പ്രളയത്തിൽ സർവ്വം നഷ്ടപ്പെട്ട ഇവിടത്തെ ആദിവാസികൾക്ക് സെറ്റിൽമെന്റ് ഇന്നുമകലെ..പുറം ലോകത്തു നിന്ന് ഒറ്റപ്പെട്ട് ജീവിക്കുന്ന ചോലനായക്കന്മാരും (നിലമ്പൂർ) കാട്ടുപണിയന്മാരും ഗോത്രജീവിതത്തിന്റെ തനിമ നില നിർത്തുന്ന ‘പ്രാകൃതരായി’ തുടരുന്നു.’

തലമുറകളായി അടിമപ്പണി ചെയ്യുന്ന പണിയർ സ്വയം പ്രഖ്യാപിത അധ:സ്ഥിതരായി. ആത്മവിശ്വാസം എന്നത് സ്വപ്നത്തിൽ പോലുമില്ല. വൃത്തിയും വെടിപ്പുമില്ലാത്ത പണിയർക്ക് പൊതു ഇടങ്ങളിൽ അപ്രഖ്യാപിതമായ അയിത്തം കൽപ്പിച്ചു.

‘ഈ അവസ്ഥകൾ. മാറണം, മാറ്റണം. അവരെ സ്വയംപര്യാപ്തരാക്കണം’. രാമേട്ടൻ ഉറപ്പിച്ചു. സംഘത്തിന്റെ ആശീർവാദത്തോടെ PEEP - Peoples action for Education,and Economic development of tribal People.- രൂപപ്പെടുന്നത് അങ്ങിനെയാണ്.

സ്കൂളുകളിൽ ചേർന്നാലും പണിയക്കുട്ടികൾ പഠിക്കുന്നതും കുറവ്./ ഏക്ക് നേക്കു കാണി/ ഇത് എനിക്ക് പറ്റില്ല എന്ന ധാരണ അവരെ നയിച്ചു. അവരുടെ മാത്രമായ ലോകത്തെ നിഷേധിക്കാതെ, പുത്തനറിവുകൾ പകരാൻ PEEP ശ്രമം തുടങ്ങി. ഊരുകളിൽ ധാരാളം ട്യൂഷൻ സെന്ററുകൾ ആരംഭിച്ചു.

നല്ല ഭക്ഷണവും ഉടുപ്പുകളും നൽകിയപ്പോൾ പണിയ

1 നോൺ വെജിനു പുറമേ പണിയരുടെ ഭക്ഷണത്തിൽ കൊടിത്തൂവയും കാപ്പിയും പോലെ 108 ഇലകളുണ്ട്. കാടിറങ്ങിയപ്പോൾ അവരുടെ പ്രതിരോധ ശക്തിയും ആരോഗ്യവും ചോർന്നു.

2 മേപ്പാടി ചൂരൽമല ദുരന്തമുണ്ടായപ്പോൾ ഉരുൾ പൊട്ടിയതിനും മുകളിൽ ഗുഹകളിലും മറ്റും താമസിച്ചിരുന്ന കാട്ടു പണിയർക്ക് ഒന്നും സംഭവിച്ചില്ല.

3 ഏക്കറുകൾ കൃഷിഭൂമി തരിശിടുന്ന കേരളത്തിൽ ഇന്നും ലക്ഷത്തിലധികം പേർക്ക് ഒരു സെൻറ് ഭൂമി ഇല്ല. ആൾപ്പാർപ്പില്ലാതെ അടച്ചിട്ടത് മൂന്നു ലക്ഷം വീടുകൾ. ഭവനരഹിതർ രണ്ടു ലക്ഷം മാത്രം. ഉള്ളവൻ ഇല്ലാത്തവനെ പരിഗണിച്ചാൽ സമൂഹത്തിന് തന്നെ തീർക്കാവുന്ന പ്രശ്നമേ യുള്ളൂ.

4 കേരളത്തിൽ പതിനായിരത്തിലധികം പേർക്ക് ഒരു തുണ്ട് ഭൂമി നൽകാൻ മൂന്നു വർഷങ്ങൾ കൊണ്ട് ഞങ്ങൾക്കു സാധിച്ചു.

ക്കുട്ടികൾ വിദ്യാലയങ്ങളിലെത്തി. സ്വയംസേവകർ അധ്യാപകരായി. ദീർഘകാലത്തെ പ്രവർത്തനമായതിനാൽ ചിട്ടയായ പരിശീലനങ്ങൾ അധ്യാപകർക്ക് നൽകിയിരുന്നു .ഫലം കണ്ടു തുടങ്ങി.

പണിയ വിഭാഗത്തിൽ നിന്നും ബിരുദധാരികളും എഞ്ചിനീയർമാരും ആയുർവേദ ഡോക്ടർമാരും ഉയർന്നു. ആദ്യം വേണ്ടത് /I can /എന്ന ശക്തിയും ആത്മവിശ്വാസവും അവർക്കുണ്ടാക്കുകയാണ്.'

രാമേട്ടൻ തുടർന്നു.

പണ്ടു മൈസൂർ ശ്രീരംഗപട്ടണത്തെ ഹൈദരാലിയും മകൻ ടിപ്പു സുൽത്താനും ഇംഗ്ലീഷുകാരുമായി നിരന്തരം കലഹത്തിലേർപ്പെട്ടു. ടിപ്പുവിനെ തുരത്തണമെങ്കിൽ മൈസൂർ ആക്രമിക്കണം. എങ്ങിനെ വയനാടൻ മല കടക്കും? മിടുക്കരായ ഇംഗ്ലീഷ് എഞ്ചിനീയർമാർ നട്ടം തിരിഞ്ഞപ്പോൾ വഴി കാണിച്ചു കൊടുത്തത് കരിന്തണ്ടൻ എന്ന പണിയ യുവാവ്. പേരും പ്രശസ്തിയും വഴി മാറി പോവാതിരിക്കാൻ ഇംഗ്ലീഷുകാർ അവന്റെ ജീവനെടുത്തു.

വയനാടൻ ചുരം കയറി വന്നവരെ ഉപദ്രവിക്കുന്ന കരിന്തണ്ടന്റെ പ്രേതത്തെ ആവാഹിച്ച് ഇരുമ്പു ചങ്ങലയിൽ ബന്ധിച്ചു. ചുരത്തിലെ ഒമ്പതാം വളവു കഴിഞ്ഞാൽ കരിന്തണ്ടനെ ആവാഹിച്ച ചങ്ങല മരം കാണാം.സത്യത്തിൽ വയനാടൻ ഗേറ്റ് വേയിൽ പൂവിട്ട് പൂജിക്കേണ്ട ആളാണ് കരിന്തണ്ടൻ.

'പണിയരുടെ അഭിമാനം ഉയരണമെങ്കിൽ പരിഷ്കൃത സമൂഹം ബന്ധിച്ച കരിന്തണ്ടനെ സ്വതന്ത്രനാക്കണം.' രാമേട്ടന്റെ ആശയത്തെ PEEP യോഗങ്ങൾ ചർച്ച ചെയ്തു.

'കരിന്തണ്ടൻ എന്ന പേര് മാത്രമേ നമുക്കറിയൂ. ഊരില്ല, രൂപമില്ല.മണ്ണിൽ പണിയെടുക്കുന്ന പണിയർക്ക് ഒരേ നിറം, ഒരേ രൂപം, ഒരേ ഭാവം.അപ്പോൾ കരിന്തണ്ടൻ?'

രാമേട്ടൻ തന്നെ വഴി കണ്ടു. പടിഞ്ഞാറത്തറ സ്കൂളിൽ അധ്യാപകനായിരുന്ന താമരശ്ശേരിക്കാരൻ അയ്യപ്പൻ മാസ്റ്ററെ കൊണ്ട് കരിന്തണ്ടന്റെ രൂപം വരപ്പിച്ചു. ആ ഛായാചിത്രത്തെ ആശ്രയിച്ച് മൂന്നു മീറ്റർ ഉയരമുള്ള പൂർണകായപ്രതിമ ഉണ്ടാക്കി. ചങ്ങലക്കരികിൽ കരിന്തണ്ടനെ പ്രതിഷ്ഠിച്ച് ക്ഷേത്രമൊരുക്കി. ടൂറിസ്റ്റുകളെ ഏറ്റവും ആകർഷിക്കുന്ന ഒരു സ്പോട്ട് കൂടിയാണിത്.

വയനാടിന്റെ ദ്വാരപാലകനായ കരിന്തണ്ടൻ നാടിനെയും കാടിനെയും സംരക്ഷിക്കുന്നു.

എല്ലാ വർഷവും മാർച്ച് മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച ആബാലവൃദ്ധം പണിയർ താമരശ്ശേരി ചുരത്തിന്റെ അടിവാരത്തെത്തും. കരിന്തണ്ടൻ കാണിച്ച വഴിയിൽ പത്തു



നാഴിക നടന്ന് കയറി, ഒമ്പതു ഹെയർ പിൻ വളവുകളും താണ്ടി തങ്ങളുടെ രക്ഷകന് ആദരമർപ്പിക്കുന്നു.

**അനുബന്ധം:**

തന്റെ കൈവശമുള്ള പത്തു സെന്റ് രണ്ടു പേർക്ക് പകുത്തു നൽകി രാമേട്ടൻ സംഘം ഏൽപ്പിച്ച പുതു ഭൂദാനപ്രസ്ഥാനത്തിന് തുടക്കമിട്ടു.

"എന്റെ ഉള്ളിലുള്ള ഫയർ കെടാതെ നിർത്തിയത് രാഷ്ട്രീയ സ്വയംസേവക സംഘമാണ്. പൂർണ്ണ സമയ പ്രചാരകർക്ക് ഒരു മാസം നീളുന്ന കാര്യകർത്താവികാസ് വർഗ് ഉണ്ട്. ഞങ്ങളെ മോട്ടിവേറ്റ് ചെയ്ത് നിസ്വാർത്ഥ സേവകരായി രൂപപ്പെടുത്തുന്ന പരിശീലനമാണത്". ●

പാതിരിശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാട്, 9447884600
ചെറുവള്ളി രാമനുണ്ണി, 9447450335

# മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി @ 80



കോഴിക്കോട് ജില്ലയിലെ പെരുമണ്ണ പെരുമൻപുറയിൽ മങ്ങത്തായ ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും പട്ടാമ്പി കൊഴിക്കോട്ടിരി ശ്രീധരഞ്ചുമരത്ത് മഹൾ നീലി അന്തർജ്ജനത്തിന്റെയും മകൻ. പെരുവയൽ സെന്റ് സേവ്യേഴ്സ് സ്കൂളിലെ റിട്ടയേർഡ് അധ്യാപകൻ. ഭാര്യ: പുത്തൂർ മുതുമന സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും മാധവി അന്തർജ്ജനത്തിന്റെയും മകൾ പാർവ്വതി അന്തർജ്ജനം. സാന്ത്വനത്തിന്റെ വേരുകൾ എന്ന കവിതാസമാഹാരം പിറന്നാൾ ദിനത്തിൽ പ്രകാശനം ചെയ്തു. യോഗക്ഷേമസഭ സംസ്ഥാന സെക്രട്ടറിയായിരുന്ന കൃഷ്ണൻ നമ്പൂതിരി 50 വർഷമായി സമുദായ സേവനരംഗത്തുണ്ട്.

മകൾ: സ്വപ്ന (അധ്യാപിക, തലശ്ശേരി സെന്റ് ജോസഫ്സ് ഹൈസ്കൂൾ). ഭർത്താവ്: കണ്ണൂർ എടക്കാട് മുല്ലപ്പള്ളി പ്രസാദ് (മാതൃഭൂമി സീനിയർ സബ് എഡിറ്റർ). മകൻ: സഞ്ജീവ് (TCS Senior officer), ഭാര്യ: ഡോ. വിധു കണ്ണൂർ മരുതായി മല്ലിശ്ശേരി എം.എം. ജി നമ്പൂതിരിയുടെയും പ്രേമവല്ലി ടീച്ചറുടെയും മകൾ. പേരക്കുട്ടികൾ: അനഘ, ആർദ്ര, ഡോ. കശ്യപ്, കാർത്തിക്.





# ഡോ. കാടമ്പറ്റ ശങ്കരനാരായണൻ നമ്പൂതിരിപ്പാട്

**കാടമ്പറ്റ ഉണ്ണികൃഷ്ണൻ**



ഫാറൂഖ് കോളേജിൽ നിന്ന് മാത്തമാറ്റിക് സിൽ പോസ്റ്റ് ഗ്രാഡു വേഷൻ ചെയ്ത, കോട്ടയം സി. എം. എസ്. കൊളേജിലേക്ക് അദ്ധ്യാപകൻ ആവാൻ 'പോസ്റ്റ് കാർഡിൽ'അപേക്ഷ എഴുതിയ, റഷ്യയിൽ റോസ്റ്റോവ് സർവക ലാശാലയിൽ പി. എച്ച്. ഡി. യ്ക്ക് ഒരുങ്ങുമ്പോൾ മൈനസ് ഡിഗ്രി സെന്റിഗ്രേഡിൽ, ജോർജിയക്കാരനെയും, യുക്രെയൻ കാരനെയും, ജപ്പാൻകാരനെയും ഞെട്ടിച്ചു, കുളിച്ചുക യറി ഗായത്രി ചൊല്ലുന്ന കാടമ്പറ്റ ശങ്കരനാരായണൻ സാർ.

'ഫങ്ക്ഷണൽ അനാലിസിസിൽ'പി. എച്ച്. ഡി. വെക്ടർ സ്പേസസ്സിനെയും, തുടർച്ചയായ ലിനീ യർ ട്രാൻസ്ഫോർമഷൻസിനെയും പറ്റിയുള്ള പ ഠനത്തിന് ഡോക്ടറേറ്റ്. അപൂർവമായി മാത്രം 'മാ തമാറ്റീഷ്യൻസ്' കൈവെക്കാൻ ധൈര്യപ്പെടുന്ന സങ്കീർണമായ വിഷയം.

ജ്യോതിശാസ്ത്ര വിശകലനത്തിൽ അനിഴം നക്ഷത്രത്തിൽ ഉള്ള ബീറ്റ, ഡെൽറ്റ, പൈ സ്കോർ പിയോണിസ് എന്നീ നക്ഷത്രങ്ങൾ സംഖ്യകളെ ക്കുറിച്ച് ശ്രദ്ധേയമായ ഒരു ധാരണ സൃഷ്ടിക്കാൻ സഹായിക്കുന്നു. കോട്ടയം സി.എം.എസ്സിൽ തുടങ്ങി കോതമംഗലം മാർ അത്തനേഷിയസ്സിൽ ഔദ്യോഗിക മായി അദ്ധ്യാപക ജീവിതം അവസാനിപ്പിക്കുമ്പോൾ 'നമ്പൂരീ സാറിനെ'പറ്റി വാചാലരാവുന്ന ശിഷ്യന്മാർ കേരളം മുഴുവനും.

അക്ഷരങ്ങളെ പ്രണയിച്ചു വാങ്ങി നിറച്ച പുസ്തക ങ്ങൾ കൊണ്ടു ശങ്കരേട്ടൻ ഒരു മിനി ലൈബ്രറി തന്നെ തീർത്തിരുന്നു. തന്റെ സന്തത സഹചാരിയായ 'ഹിന്ദു' ദിനപ്പത്രം, ഫുൾ സ്ലീവ് ബനിയനും ഇട്ടു കോലഴിയി ലെ വീട്ടിലെ ചാരുകസാരയിൽ സൗമ്യ സാന്നിദ്ധ്യമാ യി 'നൂറു ശരത്ത്ക്കാലവും നൂറു ഹേമന്തങ്ങളും നൂറു വസന്തങ്ങളും ആയുരാരോഗ്യസമ്പൽ സമൃദ്ധിയോടെ, പരിഭവമില്ലാതെ സ്നേഹം പകർന്നു, മുന്നോട്ട് പോകട്ടെ.

ഓം ശതം ജീവ ശരദോ വർദ്ധമാന ശതം ഹേമ ന്താൻ ശതമു വസന്താൻ_ ●

ഡോ. കെഎൻ ശങ്കരനാരായണൻ, കാടമ്പറ്റ മന,
വിദ്യാനഗർ, പാടുക്കാട്, തൃശൂർ.
ഉണ്ണികൃഷ്ണൻ കാടമ്പറ്റ 9446882056



*കാടമ്പറ്റ ശങ്കരനാരായണൻ നമ്പൂതിരിയും സഹധർമ്മിണി ശാന്ത അന്തർജനവും*




# ഓട്ടം, പ്രദക്ഷിണം അറുപതാം വയസ്സിലെ ഹരം!

**പി.എം.നാരായണൻ**



സർവ്വീസിൽ നിന്ന് പിരിഞ്ഞാൽ പെൻഷൻ വാങ്ങി വീട്ടിലിരിക്കുക എന്നതാണ് ശരാശരി മലയാളി മോഹം. വേണമെങ്കിൽ അൽപ്പം വായനയും അമ്പലത്തിൽ പോക്കും കൂടി ആവാം. എന്നാൽ പിരിഞ്ഞത് മുതൽ ഇരിക്കാൻ നേരമില്ലാതെ ഓടുന്ന

> കേന്ദ്രസർക്കാർ സർവ്വീസിൽ നിന്നും നിന്നും വിരമിക്കുന്ന തോടെയാണ് മാരത്തോൺ എന്ന ഹോബിയിലേക്ക് സതീ മോഹനൻ ഓടിക്കയറുന്നത്.

ഒരാളുണ്ട് നമുക്കിടയിൽ. കിഴക്കേടം സതീ മോഹനൻ.

പ്രാരാബ്ധം കൊണ്ടല്ല, അതാണ് അറുപതാം വയസ്സിലെ ഹരം!.

എപ്പോഴാണ് ഈ ഓട്ടക്കമ്പം തുടങ്ങിയത് എന്ന ചോദ്യത്തിന് മറുപടി 'അത് അത്ര സീരിയസ്സായി തുടങ്ങിയത് ഒന്നുമല്ല. ഒരു രസത്തിന് തുടങ്ങി. പിന്നെ തരകേടില്ലാന്ന് തോന്നി, തുടർന്നു – അത്രേന്നെ

ഡെൽഹിയിൽ, മുപ്പത്തിഎട്ട് വർഷം നീണ്ട കേന്ദ്രസർക്കാർ സർവ്വീസിൽനിന്നും നിന്നും വിരമിക്കുന്നതോടെയാണ് മാരത്തോൺ എന്ന ഹോബിയിലേക്ക് സതീ മോഹനൻ ഓടിക്കയറുന്നത്. പോയ മൂന്ന് വർഷത്തിനുള്ളിൽ പതിമൂന്നോളം ദീർഘദൂരങ്ങൾ ഓടിയിട്ടുണ്ട്.

നൂറ് ദിവസം കൊണ്ട് ആയിരം കിലോമീറ്റർ ഓടുക എന്ന വെല്ലുവിളിയാണ് ഏറ്റവും ഒടു




ദിലിയിൽ നടന്ന ഒട്ടെല്ലാ മാരത്തോൺ ഓട്ടങ്ങളിലും പങ്കെടുത്തിട്ടുണ്ട്. അറുപത് വയസ്സ് കഴിഞ്ഞതുകൊണ്ടു സീനിയർ സിറ്റിസൺ ആയാണ് പങ്കെടുക്കുക. നാട്ടിലേക്കാൾ ആക്ടിവ് ആണ് ഡെൽഹിയിലെ സീനിയർ സിറ്റിസൺസ്.

വിൽ ഏറ്റടുത്ത് വിജയിപ്പിച്ചത്. ‘ ആദ്യമാദ്യം ഒരു കിലോമീറ്റർ ഓടുമ്പോഴെക്കും കിതച്ച് വയ്യാതാവുമായിരുന്നു. ഇപ്പോൾ പത്തോ പതിനഞ്ചോ കിലോമീറ്റർ നിർത്താതെ ഓടാം. ഒരു കുഴപ്പവും ഇല്ല’

അറുപത് കടന്നാൽ എണ്ണയും കുഴമ്പും വാങ്ങി വീട്ടിലേക്കൊതുങ്ങാം എന്ന അന്തർജ്ജന മനോഭാവത്തിനുള്ള മറുപടി കൂടിയാണ് കിതക്കാതെയുള്ള ഈ മാരത്തോൺ ഓട്ടം.

പത്തൊമ്പതാം വയസ്സിൽ ദില്ലിയിൽ എത്തിയതാണ് ഞാൻ. അവിടെ പല ഇടത്തും താമസിച്ചിട്ടുണ്ട്. 2023 ൽ കോവിഡിന്റെ അവസാനത്തിൽ ഞങ്ങൾ താമസിച്ചിരുന്ന ദ്വാരകയിൽ ഒരു മാരത്തോൺ മത്സരം നടന്നു. കോവിഡ് വിതച്ച ഏകാന്തതയും റിട്ടയറമെന്റിന്റെ മടുപ്പും മറികടക്കാനാണ് അന്ന് ഒരു രസത്തിന് അതിൽ ചേർന്ന് ഓടിയത് . മകൾ നിമിഷയാണ് ഉന്തിവിട്ടത്. അഞ്ഞൂറിലധികം പേർ പങ്കെടുത്തത്തിൽ അറുപത് കടന്ന സ്ത്രീവിഭാഗത്തിൽ രണ്ടാം സ്ഥാനത്തെത്തി. അത് എനിക്ക് തന്നെ ഒരൽഭുതമായിരുന്നു. അന്നാണ് ഓടാൻ കഴിവുണ്ട് എന്ന് ഞാൻ തിരിച്ചറിഞ്ഞത്.

അതിന് ശേഷം ദില്ലിയിൽ നടന്ന ഒട്ടെല്ലാ മാരത്തോൺ ഓട്ടങ്ങളിലും പങ്കെടുത്തിട്ടുണ്ട്. അറുപത് വയസ്സ് കഴിഞ്ഞതുകൊണ്ടു സീനിയർ സിറ്റിസൺ ആയാണ് പങ്കെടുക്കുക. നാട്ടിലേക്കാൾ ആക്ടിവ് ആണ് ഡെൽഹിയിലെ സീനിയർ സിറ്റിസൺസ്. ആ വിഭാഗത്തിൽ സമ്മാനങ്ങൾ ലഭിക്കാൻ തുടങ്ങി. 2024-ൽ ദില്ലിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൻ അപ്പോളോ ഗ്രൂപ്പ് നടത്തിയ മാരത്തോൺ ആണ് ഏറ്റവും അവിസ്മരണീയമായത്. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള പ്രശസ്തരായ പല ദീർഘദൂര ഓട്ടക്കാരും അന്ന് അതിൽ പങ്കെടുത്തിരുന്നു. ഒരുപാട് പേർ ചേർന്ന് ഓടുക എന്നത് ഒരു രസമാണ്. മത്സരമല്ല അത്. വലിയ ഒരു ആൾക്കൂട്ടത്തിന്റെ ഭാഗമാവുക എന്നതാണ് അതിലെ ഹരം.






ഇങ്ങനെ ഓടീറ്റെന്താ കാര്യം എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരമുണ്ട്.

' വയസ്സാവാതിരിക്കാൻ ഉള്ള എളുപ്പവഴിയാണിത്. ജീവിതം വളരെ ചെറുതാണ്. അതുകൊണ്ട് വയ്ക്കുന്ന സമയത്ത് ഓടി നടന്നാൽ നാലാളെ കാണാം, സംസാരിക്കാം, സന്തോഷമായി ഇരിക്കാം. ജീവിതത്തിൽ അതൊക്കെ അല്ലേ വേണ്ടത്?' ലളിതമാണ് സതീ മോഹനന്റെ ജീവിതത്തെ കുറിച്ചുള്ള ഫിലോസഫി. ഈ ആറ്റിറ്റ്യൂഡ് ആണ് ദില്ലി നിന്നും തൃശൂരിലേക്ക് താമസം മാറ്റിയപ്പോഴും അവരെ ഓടാൻ പ്രേരിപ്പിക്കുന്നത്.

' ഇപ്പോൾ വടക്കും നാഥന് ചുറ്റുമാണ് ഓട്ടം. അമ്പലത്തിന് ചുറ്റും ആയതോണ്ട് ഓട്ടം എന്ന് പറയണ്ട, പ്രദിക്ഷിണം എന്ന് പറയാം. എന്നും പുലർച്ചെ 6 മണിക്ക് തേക്കിൻ കാട് മൈതാനത്ത് എത്തും. റൗണ്ടിലൂടെ ആറേഴ് വട്ടം ഓടും. ദില്ലിയിൽ നിന്ന് വന്ന കാലത്തെല്ലാം അൽപ്പം അപരിചിതത്വം തോന്നിയിരുന്നു. ക്രമേണ അതെല്ലാം മാറി. ഇപ്പോൾ റൌണ്ടിൽ പരിചയക്കാരായി പലരുണ്ട്. എന്നും ഓടുന്നവർ. അവർക്ക് വാട്ട്സപ്പ് കൂട്ടായ്മ ഒക്കെ ഉണ്ട്. പക്ഷേ ഞാൻ മെമ്പർ അല്ല. ക്രമേണ ആവാം.'

തൃശൂരിൽ ഓടുന്നവരിൽ ഒട്ടെല്ലാവരും വെളിയിൽ നിന്നും തൃശൂരിലേക്ക് താമസം മാറ്റി വന്നവരാണ്. ഡോക്ടർമാരും, ബിസിനസ്സുകാരുമടക്കമുള്ള പലരും ഇവിടെ റൗണ്ടിൽ ഓടാൻ വരാറുണ്ട്. പലരെയും പരിചയപ്പെടാനായി എന്നതും ഈ ഓട്ടത്തിന്റെ ഗുണമാണ്. ഓടുന്നവർക്കിടയിൽ ഒരു സൗഹൃദം ഉണ്ട്. അത് ഒന്ന് വേറെത്തന്നെയാണ്. എന്നും കാണുന്നവർക്കിടയിൽ ഒരു പുഞ്ചിരി മതി, സൌഹൃദത്തിന്റെ കണ്ണി ചേരാൻ.

'പത്ത് നാൽപ്പത് കൊല്ലം ദില്ലിയിൽ താമസിച്ച് സമ്പാദിച്ച 'സോഷ്യൽ അസറ്റ്' എല്ലാം അവിടെ ഉപേക്ഷിച്ചാണ് ഈ പ്രായത്തിൽ ഞങ്ങളെപ്പോലുള്ളവർ പുതിയ ഒരിടത്തേക്ക് പറിച്ച് നടപ്പെടുന്നത്. അവർക്കുള്ള ആശ്വാസം കൂടിയാണ് ഇത്തരം സൗഹൃദങ്ങൾ'.

സർവ്വീസിൽ നിന്ന് പിരിഞ്ഞവരോട് പറയാനുള്ളത്, വീട്ടിൽ അടച്ചിരിക്കരുത് എന്നാണ്. പുറത്തിറങ്ങണം. ആളുകളെ കാണണം. ലോകത്ത് കാണാനും അനുഭവിക്കാനും ഒരുപാടുണ്ട്. അപ്പോൾ പ്രായമായിന്നു തോന്നില്ല.

ഡെൽഹിയിലെ നമ്പൂതിരി കൂട്ടായ്മയായ ഗായത്രിയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ് സതീ മോഹനൻ. കരിയന്നൂർ മകൾ. കിഴക്കേടം മോഹനൻ ആണ് ഭർത്താവ്. കുട്ടികൾ. നിമിഷ (ബോംബെ) അഷിത (ബാംഗ്ലൂർ).

●


13-ജി ചേലൂർ ടവേഴ്സ്
പൂത്തോൾ, തൃശൂർ-680004
ഫോൺ: 9868152096
പി.എം. നാരായണൻ, 9899146665
(ജർമ്മൻ ടി.വി. സൗത്ത് ഏഷ്യാ ലേഖകൻ)



# വൈദിക വിദ്യാ പീഠം

**VAIDIKA VIDYA PEEDHAM**

**Thekke Swamiyar Madham,**
**Thekkemadham Road, Thrissur 680001, Kerala**

Reg. No. 173 dt. 4.5.2002. Regd u/s 12A of IT act
and eligible for exepmtion u/ s/ 80 G
(Institution for preserving and developing,
Vaidika - Shrautha Culture)
Email: vaidikavidyapeedham@gmail.com

- ഷോഡശ ക്രിയകൾക്ക് കേരളത്തിലെ എറ്റവും ആധികാരികമായ സ്ഥാപനം
- ക്രിയകളെ സംബന്ധിച്ച് ആധികാരികമായ അറിവുള്ള കാർമ്മികർ
- വിശാലമായ കുളവും അനുബന്ധ സൗകര്യങ്ങളും
- ഒരു ഡസനിലേറെ ഓയ്ക്കന്മാരുടെ സേവനം

**എല്ലാവിധ ഷോഡശ ക്രിയകൾക്കും ശ്രാദ്ധം, പിണ്ഡം തുടങ്ങിയവക്കും ബന്ധപ്പെടുക**

8590890228
9447805600
9562634427

കഥ

# കൽപ്പകപ്പൂഞ്ചോലക്കരയിൽ വാഴും....

*ചിത്രങ്ങൾ:*
*ഹരിനാരായണൻ പൊന്നടുക്കം*

**കെ.എം. എസ്.ഭട്ടതിരിപ്പാട്**



കോടതി കേസ്സുകളിലും മന്ത്രവാദത്തിലും കേശവേട്ടനെ വെല്ലാൻ ഇന്നാട്ടിലാരുമില്ല. ബ്രഹ്മരക്ഷസ്സിനെ വരെ ഒഴിപ്പിക്കാൻ ഒരു കിണ്ടി വെള്ളവും,പൂവും പുല്ലും മാത്രം മതിയെന്നു പറയുന്ന കൃഷ്ണഫൻ അക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഗന്ധർവൻ പെൺകുട്ടിയെ പ്രേമിക്കുകയെന്നൊക്കെ പറഞ്ഞാൽ –


‘ഞാൻ അമ്മയൊടു പറഞ്ഞു 8 മണിക്കു തന്നെ കാപ്പീം പലഹാരോം റഡിയാക്കാം.ഒമ്പതു മണിയ്ക്കന്നെ കഥ പറയിക്കണം. രാത്രി ഒറങ്ങീട്ടില്ല . – നീ കേശവേട്ടന്റെ കൂടെ വന്നാ മതി’

ഏട്ടൻ ഉടുത്ത ഈറൻ മുണ്ടു പടപടെയെന്നടിച്ചു കൊണ്ടു പത്തായപ്പുരയിലെക്കു പോയി.

കാലക്കേട് പലരൂപത്തിലും വരുമെന്നു കേട്ടിട്ടുണ്ട്. ഇപ്പോൾ വന്നത് ആട്ടീരി കൃഷ്ണഫന്റ വേഷത്തിലാണ്. കാപ്പി കഴിഞ്ഞു ചെല്ലം അടുത്തേക്കു വലിച്ചു കേശവേട്ടൻ മുറുക്കാൻ തുടങ്ങുന്നതിനുമുമ്പ് കൃഷ്ണഫൻ വിയർത്തൊലിച്ചു കിതച്ചുകൊണ്ടെത്തി.

‘ ടൊ നമ്പൂരി,വലിയ വാധ്യാൻ അങ്ങേ കൂട്ടിക്കൊണ്ടു ചെല്ലാൻ പറഞ്ഞു.’

ഭാവഭേദമൊന്നുമില്ലാതെ കേശവേട്ടൻ ചെല്ലത്തിൽ നിന്നും കയ്യെടുത്തു ആഗതനെ നോക്കി.



‘ നമ്പൂരി ഇവിടെ ഉണ്ടെന്നു അബദ്ധത്തിനു ഞാൻ പറഞ്ഞു പോയി. ഇന്നു മൂർക്കൻ കാവു അമ്പലത്തിലു ഒരു പ്രശ്നം വെയ്ക്കുന്നുണ്ട്.അങ്ങു വരണംന്നു നിർബന്ധായിട്ടു പറഞ്ഞു. ചോദ്യം ചോദിക്കാനാരുമില്ല,അങ്ങേടെ മുമ്പിൽ പണിക്കന്മാരൊന്നു വിശർക്കും’ ന്നാ വാധ്യാൻ പറഞ്ഞത്.’

കേശവേട്ടന്റെ മുഖത്ത് അതീവ ദയനീയമായി കണ്ണും നട്ടിരിക്കുന്ന ഞങ്ങളെ തലതാഴ്ത്തി വിഷണ്ണനായി ഒന്നുനോക്കി,അദ്ദേഹം കുപ്പായമിട്ടു പടിയിറങ്ങി. ശാപത്തിനു ഫലമുണ്ടെങ്കിൽ കൃഷ്ണപ്പനവിടെ ഭസ്മമാകേണ്ടതായിരുന്നു.


അഞ്ചു മിനിറ്റുകൂടി കഴിഞ്ഞാൽ ഗന്ധർവ്വൻ പെൺകുട്ടിയെ കണ്ടു പ്രണയാഭ്യർത്ഥന നടത്തുകയായി. എങ്ങനെ ആയിരിക്കും ഗന്ധർവ്വന്റെ വേഷം.

എല്ലാം തുലച്ചു. പകലെങ്ങനെയൊ തള്ളിനീക്കി. ആറുമണിക്ക് കേശവേട്ടൻ പടിപ്പുരയിലെത്തിയപ്പോൾ മുഖം അസ്തമയസൂര്യന്റ പിൻവെളിച്ചത്തിലും ഉദയ സൂര്യന്റ കാന്തിയിലായിരുന്നു.മുഷിച്ചിൽ പ്രകടിപ്പിക്കാതെ ഞങ്ങൾ എതിരേറ്റു. അദ്ദേഹത്തിന്റെ കുളിയും തേവാരവും കഴിഞ്ഞു ഊണിനു മുമ്പൊരു മുറുക്കു പതിവുണ്ട്. ഞങ്ങളുടെ മനസ്സു വായിച്ചിട്ടെന്ന പോലെ –

‘ഇനിയെല്ലാം ഗന്ധർവ്വ കഥക്കു ശേഷം.’ പിന്നെ ഏട്ടനോടായി – ‘ഉണ്ണാറായാൽ ആവാം.’

.ജനലിൽ കൂടി ഇരുട്ടിലേക്കു നീട്ടിത്തുപ്പിയ ശേഷം കേശവേട്ടൻ കസേരയിൽ വന്നിരുന്നു. ‘ഇപ്പളത്തെ ആൾക്കാരൊന്നും പറഞ്ഞാ വിശ്വസിക്കില്ല. ആ അതു കഴിഞ്ഞിട്ടു ഈ കുംഭത്തിലേക്കു 4 കൊല്ലാവായി’

ഞങ്ങളുടെ ക്ഷമ നെല്ലിപ്പടി കണ്ടു. കേൾവിക്കാരെ പ്രതീക്ഷയുടെ മുൾമുനയിൽ നിർത്തി കണ്ടാസ്വദിച്ചെ തുടങ്ങു. ഇടയ്ക്കു ടെമ്പോ പോവാതെ നോക്കും.പോയാലറി



യും. ഞങ്ങളുടെ ശ്രദ്ധ പാളിയാലും. വിസ്താരത്തിലും സൂക്ഷ്മാംശങ്ങളിലും വിവരിക്കുമ്പോൾ ഒട്ടും പിശുക്ക് കാണിക്കാതെയാണ് പോക്ക്.

'ഒരുന്നൂറ്റി ഇരുപത്തിയാറിലാണ്.'

ഞങ്ങളുടെ നാലു കണ്ണുകൾ റാന്തലിന്റെ വെളിച്ചത്തിൽ മിന്നുന്നത് കണ്ടു കൊണ്ടു കേശവേട്ടൻ തുടങ്ങി.

' മകരത്തിലെ ഒരു വെള്ളിയാഴ്ച. (1126 മകരം, 1951 ജനുവരി) മേയ്ക്കാടിന്റെ ഭാഗക്കേസ്സ് തിരൂർ കോടതീല്.അന്നു രണ്ടാമത്തെ കേസായി വിളിച്ചു, ഒറ്റ നീട്ടല് ഫെബ്രുവരി 22 ന്. വിരല് പിടിച്ചപ്പൊ കുംഭം പത്താന്തിക്ക്. മജിസ്റ്ററെട്ടിനോടു കോപിച്ചിട്ടു കാര്യല്ലലൊ.

പുറത്തേക്കിറങ്ങാൻ തുടങ്ങിയപ്പൊ കുറുപ്പിന്റ വക്കീൽ ഗുമസ്തൻ അടുത്തുവന്നു.

'തിരുമേനിയെ കാണാൻ ചിലർ പുറത്തു നില്പുണ്ട്. കുറച്ചു നേരായി വന്നിട്ട്.'

എന്നെ കാണാനോ.പെട്ടെന്നൊന്നും തോന്നീല. ഞാനിവിടെ ഉണ്ടാവുന്നും ആരോടും പറഞ്ഞിട്ടില്ല. ഏതായാലും പതിവുപോലെ സാമീടെ ഹോട്ടലിൽ പോയി ചായ കുടിച്ചിട്ടാവാം ബാക്കി. നേരത്തെ അന്തി മുടിച്ചു ആത്തേമ്മരുടെ ഒരു വെറും ചായേം കുടിച്ചിറങ്ങിയതാ രാവിലെ ഏഴിന്.

പക്ഷെ,മുറ്റത്തേക്കിറങ്ങിയതും മൂന്നാലു പേർ വില്ലേജാഫീസിന്റെ ചുമരും ചാരി നില്പുണ്ട്. അതിലൊരാൾ തൊഴുതുകൊണ്ടു ഭവ്യതയോടെ അടുത്തു വന്നു.

'കേശവൻ തിരുമേനിയല്ലെ.' ഞാൻ അതെയെന്നു തലയിളക്കുന്നതിനു മുമ്പുതന്നെ അയാൾ തുടർന്നു -'

'രക്ഷിക്കണം. കുറ്റീരിത്തിരുമേനിയാണ് അങ്ങിവിടെ ഇന്നുണ്ടാവുമെന്ന്.'

അയാൾ പിന്നെയും എന്തൊക്കെയൊ പറയാനുണ്ടെന്നു തോന്നിച്ചു. കുറ്റീരി അനിയനെ അറിയാം. പക്ഷെ ഞാനിന്നു വരുമെന്നയാളെങ്ങനെ അറിഞ്ഞു. 'ഞങ്ങൾ ചമ്രവട്ടത്ത്ന്നാ.'ദൂരെ നിന്നിരുന്ന മൂന്നു പേരും അടുത്തേക്കുവന്നു. അതിലൊരാൾ തൊഴുതുകൊണ്ടാ പറഞ്ഞത്. അയാൾ നിർത്തിയില്ല.

'ഇയാൾ കുട്ടീടെ അച്ഛൻ ,ഞാൻ അമ്മാവനാ 'ഞാൻ അന്ധാളിച്ചു. കാര്യമൊന്നും മനസ്സിലായില്ല. ആരടെ അച്ഛൻ. ആകെ ഒരു പന്തികേട്. 'കുട്ടീന്നുവച്ചാൽ -'

'വീട്ടിലൊരു രക്ഷസ്സു വന്നുകൂടീട്ടുണ്ട്. അമ്മു എന്നു വെച്ചാ എന്റെ മരുമകൾ ശാരദ, അവളുടെ മേല് ഒരു ബാധ ആവേശിച്ചിട്ടുണ്ട്. പലരേയും കണ്ടു,ഉഴിഞ്ഞു വാങ്ങി, പ്രശ്നം വെച്ചു. ഒരുമാസമായി ഒരു മാറ്റവുമില്ല'

'ഉപദ്രവിക്കാൻ തുടങ്ങിയോ'.

'അങ്ങനെ പറഞ്ഞാൽ -'കുട്ടിയുടെ അച്ഛന്റെ ശബ്ദം തൊണ്ടയിൽ കുടുങ്ങി.

'അല്പസ്വല്പം ഉണ്ട്.'അമ്മാവൻ കേറിപ്പറഞ്ഞു. 'സഹായിക്കാൻ വരുന്ന സ്ത്രീടെ നേരെ കഷായ കുപ്പി എറിഞ്ഞു. ഭാഗ്യത്തിനു ഒന്നും പറ്റിയില്ല.'

ഇപ്പൊ എന്താ പ്രശ്നം

'കണ്ടതൊക്കെ എടുത്തെറിയും. അടച്ചിടണ്ട സ്ഥിതിയാ.പെങ്കട്ട്യോളെ ഈ പ്രായത്തില് എങ്ങനാ കെട്ടിയിടാ'അമ്മാവൻ കരച്ചിലിന്റെ വക്കിലെത്തി.

'കുട്ടീടെ നാളെന്താ. ജാതകം ഉണ്ടോ.'

കേശവേട്ടനു ജ്യോതിഷവുമറിയാമെന്നു ഞങ്ങൾക്കു അറിയില്ല.

'പണിക്കന്മാര് രക്ഷസ്സു കേറീന്നാ പറയണത്.രണ്ടാളെ കാണിച്ചു.രണ്ടാളും. അതില് ആമയൂര് വാസുപണിക്കര് അങ്ങയ്ക്കെ ഒഴിപ്പിക്കാനാവൂ എന്നു കൂടി പറഞ്ഞു. '

'നാള് പറഞ്ഞില്ല. വയസ്സും – '

'അനിഴം. വയസ്സ് അടുത്ത കന്നി യിൽ ഇരുപതാവും. '

കേശവേട്ടൻ എല്ലാം കൃത്യമായി ഓർമ്മിച്ചു പറയുന്നുണ്ടായിരുന്നു. 'കുട്ടിക്ക് ഏഴരശ്ശനിയാണ്. അടുത്ത വർഷം ശനിപ്പിഴ തീരുന്നതോടെ കല്യാണം നടക്കും'. അതു




കേസു കഴിഞ്ഞു ഒരാഴ്ച കഴിഞ്ഞു. കുംഭം 23.കേസ്സിനു മേയ്ക്കാടിനെ സഹായിക്കാൻ അടീരി കൂടി പോയതുകൊണ്ടു ഞാൻ പോയിരുന്നില്ല. ഇല്ലത്ത് അടുത്തൊരു ഷഷ്ഠിപൂർത്തി കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ മുറ്റത്തൊരു കാറ്.മേനോന്മാരെല്ലാം എന്നെ കാത്തു കാറും ചാരിനില്പാണ്. പെട്ടെന്നാണു ഞാൻ ഓർത്തത് ചമ്രവട്ടം രക്ഷസ്സു കേറിയ പെൺകുട്ടി. രണ്ടു മാസാവാറായി. ഇളകിട്ടുണ്ടാവും തീർച്ച. 41 ദിവസെ ആ ചരടിനുള്ളു.

'തിരുമേനി രക്ഷിക്കണം'.

എന്നെ കണ്ടതും അച്ഛൻമേന്നും അമ്മാവനും കൂടെ അടുത്തുവന്നു. 'കുട്ടിയെ തൽക്കാലം മുറിയിലിട്ടടച്ചിരിക്ക്യാ ആരു പറഞ്ഞാലും കേക്കില്ല. നല്ല വണ്ണം ഉപദ്രവിക്കുന്നുമുണ്ട്.'

അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങിയിരുന്നു.

'തിരുമേനി ഞങ്ങളുടെ കൂടെ വരണം'

രണ്ടു പേരും കൂടെ നിർബന്ധിച്ചു. ഏതായാലും പിന്നെ സംശയിച്ചില്ല. പറഞ്ഞ പ്രകാരം കുംഭം പത്തിനു പോകാൻ പറ്റാത്തതിൽ ഖേദം തോന്നിയെങ്കിലും അവരോടൊന്നും സൂചിപ്പിച്ചില്ല.

മകൻ കുഞ്ചുവിനേയും കൂട്ടി. അവൻ കുറച്ചു നേരമായി കാറിനു ചുറ്റിലും കറങ്ങുന്നുണ്ടായിരുന്നു. ചില്ലറ പരികർമ്മമൊക്കെ 'പഹയ'നറിയാം.

'പഹയനോ?'ഏട്ടൻ അത്ഭുതം കൂറി.

'എന്താണതിന്റെ അർത്ഥം?'

'പയ്യൻ എന്നാണ് പരക്കെ പറയാറ്. വേറേം മോശായ ഭാഷായിട്ടും പറയും.'

അങ്ങനെ ഒരു വാക്ക് ഞങ്ങൾ കേട്ടിട്ടില്ലായിരുന്നു.

'ആളു വിരുതനാ.ഇയാൾ കുറേശ്ശ ബീഡി വലിക്കും സ്വകാര്യായി. അതിന്റെ നാറ്റം സഹിക്കാതെ ഞാൻ ചെറുതായൊന്നു ശാസിച്ചു, ബീഡിവലി നിർത്താൻ. പിറ്റേന്നു രാവിലെ അയാൾ എന്റെ ചെല്ലം തുറന്നു മുറുക്കാൻ തുടങ്ങി. ഞാൻ ചോദിച്ചപ്പൊ പറയാ, വലിക്കരുത് എന്നു പറഞ്ഞാൽ മുറുക്കാം എന്നാത്രെ അർത്ഥം.' അദ്ദേഹം ഉറക്കെച്ചിരിച്ചു പറഞ്ഞപ്പോൾ അവരെല്ലാം ആശ്വാസം കൊണ്ടു ശ്വാസം വിട്ടുവത്രെ. അമ്മാവനും അച്ഛനും മുഖത്തോടു മുഖം നോക്കി ചിരിക്കുന്നതു കണ്ടപ്പോൾ കേശവേട്ടനു പാവം തോന്നി. എന്തെങ്കിലും ചെയ്യണമെന്നു ഉറപ്പിച്ചുവത്രെ.

'ഞാനവരേം കൂട്ടി സാമീടെ ഹോട്ടലിലെത്തി. സാമി ഭവ്യനായി എന്നെ സ്വീകരിക്കുന്നതു കണ്ടു മേനോന്മാർ പരസ്പരം നോക്കി അത്ഭുതപ്പെട്ട പോലെ തോന്നി. എന്നെ കണ്ടതും സാമി ഒരാളെ വിട്ടു കളിമുറി വൃത്തിയാക്കി. രാവിലെ നിത്യസ്നാനം കഴിഞ്ഞതാ.ഇനി നൈമിത്തികം മതി. കുളി ആറു തരമുണ്ടല്ലൊ.'

കഥയുടെ രസം പോകാതിരിക്കാൻ ഞങ്ങൾ ഏതൊക്കെയാണു ആറു വിധം എന്നു ചോദിച്ചില്ല.

തളിച്ചു കുളിച്ചെന്നുവരുത്തി.എന്റെ ബാഗിൽ നിന്നു ഒരു ചരടെടുത്തു ധ്യാനിച്ചു ജപിച്ചു. മുഴുവൻ വേണ്ടന്ത്യ ആയിന്നു തോന്നീല. പുറത്തു വന്നു കുട്ടീടെ അച്ഛനെ വിളിച്ചു.

'വീട്ടിലെത്തിയാൽ ഈ ചരടു കയ്യിന്മേൽ കെട്ടുക. കൂട്ടാക്കില്ലെ?'

'കെട്ടിയ്ക്കാം. എപ്പഴാ കെട്ടണ്ടത്.'

അയാൾ അത് ഉറപ്പില്ലാതെയാ പറഞ്ഞത്.

'ഉടനെ പോവാ. ചെന്നുകളിച്ചു അയ്യപ്പനെ ധ്യാനിച്ചു കെട്ടിക്കോളു. ഇന്ന് ചോതി. നന്ന്. അഭിജിത്ത് മുഹൂർത്തത്തിലായ്ക്കോട്ടെ.'

'അതെന്താ?'

ഏട്ടനാ ചോദിച്ചത്.

'അങ്ങനെ ഒരു മുഹൂർത്തം ഉണ്ട്. ഉച്ചയ്ക്ക്.' അദ്ദേഹം വിശദീകരിച്ചില്ല.

'ഇനി എപ്പഴാ ഒഴിപ്പിക്കണ കർമ്മം.'

അമ്മാവൻ സംശയിച്ചടുത്തു വന്നു.

കുംഭം പത്തിന്.അന്നു കേസിനു ഞാൻ വരും. പറ്റിയാ അന്നു തന്നെ ചെയ്യാമെന്നു ഞാനേററു.

രണ്ട് –

ചെല്ലം അടുത്തേക്കു നീക്കി. 'എന്നാലും കുഞ്ചൂന് ഭയങ്കര ഉശിരാണട്ടോ.'

'ഏതായാലും 5 മണിയോടെ മേന്റ വീട്ടിലെത്തി. വഴിയിൽ അമ്മാവൻ മേനോൻ ശാരദയുടെ അക്രമ സ്വഭാവം കൂടുതൽ പറയാതെ തന്നെ എന്നെ മനസ്സിലാക്കി. അവളുടെ കല്യാണം ഏതാണ്ടു ഉറപ്പിച്ചതായിരുന്നു. വീട്ടിലെ ആകെയുള്ള ഒരു പെൺതരിയാണ്. അപ്പോഴാണ് ഈ രക്ഷസ്സിന്റെ...' അമ്മാവന്റെ ശബ്ദം ഇടറി നിന്നു. അച്ഛനും കണ്ണ തുടക്കുന്നുണ്ടായിരുന്നു.

ഞങ്ങൾ വരുമെന്നു ഉറപ്പുള്ളതുപോലെ ഉമ്മറത്തും മുറ്റത്തും ആൾക്കാരുണ്ടായിരുന്നു. മുറ്റത്തു കസേരയിലിരിക്കുന്നവർ ഭവ്യതയോടെ എഴുന്നേറ്റു തൊഴുതു മാറി നിന്നു.ഉമ്മറം വലിയ പൂമുഖം തന്നെയാണ്. വീടു വലിയ പടിഞ്ഞാറ്റി മാളികയാണ്. പണ്ടു പ്രതാപികളായിരിക്കും. ഇവർ വെട്ടത്ത് രാജാവിന്റെ പടനായകന്മാരായിരുന്നുവെന്നു പറയുകയുണ്ടായി. ഞങ്ങളെ കസേരയിലിരിക്കാൻ ക്ഷണിച്ചു. ഇളനീരുമായി ഒരാൾ അടുത്തു വന്നു. ഒരു താലത്തിൽ പഴവുമായി മറ്റൊരാളും.

'വരട്ടെ. ആദ്യം ഞാൻ കുട്ടിയെ ഒന്നു കാണട്ടെ' എന്നു പറഞ്ഞു ഞാൻ മെല്ലെ എഴുന്നേറ്റു. എല്ലാവരും പരസ്പരം നോക്കുന്നതു കണ്ടു.കുഞ്ചുവിനെ നോക്കിയപ്പോൾ അയാൾ ഇളനീരു കുടിച്ചു പഴം തിന്നുന്ന തിരക്കിലാണ്.

'ഇപ്പൊത്തന്നെ വേണോ'

അടുത്തു നിന്നിരുന്ന ഒരു കാരണവർ അമ്മാവനോടു മെല്ലെ ചോദിക്കുന്നതു കേട്ടു.അവർക്ക് എന്തോ ഒരാധി ഉള്ളതു പോലെ തോന്നി.ഞാൻ വേണമെന്നു തല കുലുക്കി.കാരണവർ എന്തോ പിറുപിറുത്തു കൊണ്ടു തല താഴ്ത്തി.

തെക്കു ഭാഗത്തുള്ള പത്തായപ്പുരയുടെ മുകളിലെ മുറിയിലാണ് കുട്ടിയെ അടച്ചിട്ടിരിക്കുന്നത്. അമ്മയും അച്ഛനും അമ്മാവനും മാത്രമെ കുട്ടിയുടെ മുറിയിലേക്കു കടക്കാറുള്ളുവെന്നു വരുമ്പോൾ പറഞ്ഞിരുന്നു. കോണി പുറത്തുനിന്നാണ്. കോണി കയറിയാൽ അഴിയകം പോലെ പലകയടിച്ച ഒരു ചതുരസ്ഥലമുണ്ട്. ഞങ്ങൾ അവിടെയെത്തി. മുറിയുടെ



വാതിൽ തെക്കോട്ടാണ്. ബാക്കിയുള്ളവരൊക്കെ കോണിയുടെ താഴെ മുറ്റത്ത് ഉത്കണ്ഠയോടെ മേൽപ്പോട്ടു നോക്കി നില്പാണ്. വാതില് ഉള്ളിൽ നിന്നു അടയ്ക്കാതിരിക്കാൻ സാക്ഷയും ചീർപ്പുമൊക്കെ ഒഴിവാക്കിയിട്ടുണ്ടെന്നു പറഞ്ഞു. ഞങ്ങൾ മൂന്നു പേരും കുഞ്ചുവും വാതിൽ തുറന്നാൽ ഉള്ളിൽ കയറാൻ തയാറായി.അച്ഛനും അമ്മാവനും സംശയിച്ചു ഭയപ്പാടോടെയാണ് വാതിൽ തുറക്കാൻ തുനിഞ്ഞത്.കുഞ്ചു പരിഭ്രമിച്ച മട്ടുണ്ട്. എല്ലാം കണ്ടും കേട്ടും എന്റെ പിന്നിൽ അഴിപിടിച്ചു വെരണ്ടു നിൽക്കുന്നു.

'സൂക്ഷിക്കണം' അമ്മാവൻ പുറത്തെ പൂട്ടു തുറക്കാൻ തുടങ്ങി. മേനോന്മാർക്കും അങ്കലാപ്പുണ്ട്.'

ഞാൻ കിഴക്കോട്ടു നോക്കി കണ്ണടച്ചു ധ്യാനിച്ചു. '

കേശവേട്ടൻ ഞങ്ങളെ നോക്കി. ഏട്ടൻ ചോദ്യ ഭാവത്തിൽ ഒന്നു നീട്ടി മൂളി.

'ആപത്തു കണ്ടാൽ തിരുമാന്ധാംകുന്നിലമ്മയെ ഉപാസിക്കണം'.

അമ്മാവൻ വാതിൽ മെല്ലെ തള്ളിത്തുറന്നു.തെക്ക് ജനലിന്റെ അടുത്തിട്ട കട്ടിലിലിരിക്കുന്ന കുട്ടി പെട്ടെന്നു ചാടിയെഴുന്നേറ്റു മുന്നിലേക്കു ആഞ്ഞു,കയ്യിലിരുന്ന സാധനം എന്റെ നേരെ എറിഞ്ഞു കൊണ്ടു അലറി –'കടന്നുപോ കേശവാ'

ഞാൻ തലകുനിച്ചതു കൊണ്ട് ഓട്ടു ഗ്ലാസ്സ് പിന്നിൽ അഴിയിൽ തട്ടി പൊട്ടി വീണു. കുഞ്ചു ഇതിനിടെ പേടിച്ചു പടപടെന്നു കോണിയിറങ്ങി മുറ്റത്തെത്തിയിരുന്നു.

'മോളെ, മോളെ' എന്നു വിളിച്ചു അച്ഛനും അമ്മാവനും കൂടെ കുട്ടിയെ ഒരു വിധം സമാധാനിപ്പിച്ചു കൈപിടിച്ചു കട്ടിലിലിരുത്തി.രണ്ടു ഭാഗത്തുമായി ഇരുന്നു.അവർ എന്നോടു താഴെക്കു പോവാൻ കണ്ണ് കാണിച്ചു. ഞാൻ കൂട്ടാക്കാതെ അകത്തു കടന്നു കുട്ടിയുടെ അടുത്തെത്തി. അവളുടെ കണ്ണും ഭാവവും കണ്ടാൽ ചിലതറിയാം. ലക്ഷണശാസ്ത്രം. അവളും എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പാറിപ്പറന്ന മുടി ഇടത്തു കൈ കൊണ്ടു വകഞ്ഞു മാറത്തേക്കിട്ടു, വലതു കൈ എന്റെ നേരെ ചൂണ്ടി.

'നമ്പൂരി പൊയ്കൊളു.ഇനി എന്നെ തളയ്ക്കാൻ നോക്കണ്ട'

കുട്ടി വളരെ ശാന്തമായി മുഖത്തു നോക്കിയാ അതു പറഞ്ഞത്. കണ്ണകളിൽ ദൃഢതയും കലിപ്പും പേടിപ്പെടുത്തുന്ന മട്ടിലുണ്ടായിരുന്നു.

'ഞാൻ നീ വിളിച്ചിട്ടു വന്നതല്ല. ഈ കുട്ടീടെ അച്ഛൻ ക്ഷണിച്ചിട്ടാ.'അതിനവൾ എന്റ മുഖത്തു നോക്കി ഉറക്കെ ചിരിച്ചു നിർത്താത്ത ചിരി.

'മനസ്സിലായി. ശരി. നാളെ കാണാം.'

ഞാൻ താഴേക്കിറങ്ങി. അവസാ

നത്തെ സംശയവും തീർന്നു.

'അതെന്താ' തരിച്ചിരിക്കുന്ന ഞാനാണ് അറിയാതെ ചോദിച്ചത്.

യക്ഷിയും, ബ്രഹ്മരക്ഷസ്സുമൊന്നുമല്ല. കുറച്ചു മെനക്കെടേണ്ടിവരും നാളെയെന്നു ഉറപ്പായി.

താഴെ ആകെ ബഹളമാണ്. അവിടെ ഉണ്ടായിരുന്നവരെല്ലാം 'എന്തേ ഉണ്ടായത്' എന്ന് തമ്മിൽ തമ്മിൽ ഉറക്കെ ചോദിക്കുന്നുണ്ട്. ഒരരുകിൽ കുഞ്ചു ഭയമൊഴിയാതെ ചുമരും ചാരിനിൽക്കുന്നു. എനിക്കു ഉള്ളിൽ ചിരിയാണ് വന്നത്.

ഏട്ടനും ഞാനും ഇനിയെന്താണുണ്ടാവുക എന്ന ആശങ്കയിൽ കേശവേട്ടന്റ മുഖത്ത് കണ്ണുംനട്ട് ഇരിക്കുമ്പോഴാണ് മൂപ്പരുടെ ചിരി .അദ്ദഹം മുറുക്കാൻ തുടങ്ങി ഇനി പത്തു മിനിറ്റു നേരം നമ്മുടെ കേൾക്കാനുള്ള ത്വരയെ പിടിച്ചു നിർത്താനാണ് പാട്.

രാവിലെ 5 മണിക്കുതന്നെ കുഞ്ചുവിനെ എഴുന്നേൽപ്പിച്ചു. ചമ്രവട്ടത്ത് അയ്യപ്പന്റ കടവിൽത്തന്നെ കുളിച്ചു. അരമണിക്കൂറു നേരം തൊഴുതു. നെയ് വിളക്കും മാലയും നേർന്നു. എല്ലാം ശരിയായാൽ ഒരു ചതുശ്ശതം ഉടനെ നടത്താമെന്നേറ്റു ചൊല്ലി –

മേന്റ വീട്ടിലെത്തിയപ്പോഴേക്കും ഞങ്ങൾക്കു ഭക്ഷണം ഉണ്ടാക്കാൻ ഏർപ്പാടാക്കിയിരുന്ന എമ്പ്രാന്തിരിക്കുട്ടി ചായയുമായെത്തി.

'ഇപ്പൊ വേണ്ട. പൂജകഴിഞ്ഞിട്ടാകാ'മെന്നു ഞാനയാളെ മടക്കി

എമ്പ്രാന്തിരി പോയപ്പോൾ കുഞ്ചുവിന്റെ മുഖത്ത് നീരസം ഒപ്പിയെടുക്കാം. ഞാനയാളെ കൂട്ടി പത്തായപ്പുരയുടെ താഴെ പൂജക്കായി ഒരുക്കിയിരുന്ന സ്ഥലത്തെത്തി. മെഴുകിവൃത്തിയാക്കി, പലകയും പൂജാസാമാനങ്ങളുമായി പരികർമ്മി കുഞ്ഞുണ്ണി എമ്പ്രാന്തിരി റഡിയായി നില്പുണ്ട്. തലേന്നു പറഞ്ഞ പോലെ പത്മമിട്ടു പൂജയ്ക്കൊരുക്കിയിട്ടുണ്ട്.

അപ്പോഴേക്കും മേനോന്മാരും മൂന്നാലു സ്ത്രീകളും ഒരുങ്ങിയെത്തിയിരുന്നു. അമ്പലത്തുനിന്നു തന്നെ ഞാൻ തറ്റുടുത്തു തയാറായിരുന്നു. അച്ഛൻ മേനോനോടു ഞാൻ പറഞ്ഞു. 'പൂജ തുടങ്ങുകയായി എല്ലാവരും അയ്യപ്പനെ നോക്കി തൊഴുതു ധ്യാനിക്കണം. പിന്നെ വടക്കൊട്ടുനോക്കി കുബേരനെയും തൊഴുതു പ്രാർത്ഥിക്കണം' എല്ലാവരും തൊഴുതു ധ്യാനിച്ച ശേഷം അച്ഛനും അമ്മാവനും എന്നെ നോക്കി തല കുലുക്കി.

'ശരി തുടങ്ങാം'.

ഏട്ടൻ എന്തോ ചോദിക്കാൻ ഊന്നി, സംശയിച്ചു നിന്നു.

'ഉം എന്താ – ' കേശവേട്ടൻ നിർത്തി ഞങ്ങളെ നോക്കി.

'ഈ, കുബേരനെ തൊഴണത് എന്തിനാ'


അദ്ദേഹം ചെറുതായി തല കുലുക്കി ചിരിച്ചു. 'അതൊക്കെ വഴിയെ മനസ്സിലാവും'

ഗണപതിക്കു ശേഷം ഞാൻ മൂന്നു പൂജയും വിസ്തരിച്ചു വിജയ പ്രാർത്ഥനയോടെ ചെയ്തു.

ഞങ്ങളുടെ നോട്ടത്തിലെ സംശയം കണ്ട് കേശവേട്ടൻ നിർത്തി.

മൂന്നു പൂജ ഏതാന്നല്ലെ.പരദേവത, അയ്യപ്പൻ, തിരുമാന്ധാംകുന്നിലമ്മ അതാണെന്റെ ചിട്ട.

ഒന്നുകൂടി ഗാഢമായി ധ്യാനിച്ച ശേഷം കുട്ടിയെ കൊണ്ടുവരാൻ നിർദ്ദേശിച്ചു. എട്ടുമണിയോടെ അവളെ കുളിപ്പിച്ചു തയാറാക്കാൻ പറഞ്ഞിരുന്നു. ഇന്നത്തെ കുട്ടിയുടെ ഭാവം എന്താണെന്നു ഒരാശങ്ക ഉണ്ടായിരുന്നു. രാവിലെ എല്ലാം ശുഭലക്ഷണമായിരുന്നു. ചതയം, ലഗ്നത്തിൽ കേസരിയോഗം ചെയ്തു നിൽക്കുന്ന വ്യാഴം, ഭാഗ്യാധിപൻ ശുക്രനു ഉച്ചം –പൊതുവെ ശുഭമായിത്തീരണം. അച്ഛനും അമ്മാവനും മുന്നിലും അമ്മ പിന്നിലുമായി കുട്ടി കളത്തിന്റെ മുന്നിലെത്തി. അവൾ ചുറ്റും നോക്കി തലകുനിച്ചു നിന്നു. കപടാഭിനയം ആണെന്നു തോന്നി.



സൂക്ഷിക്കണമെന്നു മനസ്സു പറഞ്ഞു.

ഞാൻ കുട്ടിയോടു ഇരിക്കാൻ പറഞ്ഞു. അവൾ അമ്മയുടെ കൈ പിടിച്ചു മെല്ലെ പലക മേലിരുന്നു. വലിയ ആവണപ്പലകമേൽ കാലുകൾ നിലം തൊടാതെയാണ് ഇരിപ്പ്. ഇങ്ങനെ കണ്ടിട്ടില്ല. എനിക്കുറപ്പുണ്ടായിരുന്നെങ്കിലും യക്ഷിയെയാണ് ആവാഹിച്ചത്. ഒരു ശൂന്യതയാണ് ഫലം. അവളുടെ മുഖത്ത് പകയും ചുണ്ടിൽ ചിരിയുമാണ്. എന്റെ പരുങ്ങലും പതർച്ചയും ശ്രദ്ധിച്ച് പെട്ടെന്നവൾ നേരെയിരുന്നു.

'കേശവൻ മെനക്കടണ്ട.ഞാൻ ഇവളെ വിട്ടു പോണില്ലാ'ന്നു അവൾ തറപ്പിച്ചു പറഞ്ഞു. തനി നമ്പൂരി ഭാഷ.

ഒന്നുകൂടെ ആവാഹിച്ചു നോക്കി. യക്ഷിയുടെ സാന്നിധ്യം നഹി –

അദ്ദേഹം നിർത്തി ഞങ്ങളെ നോക്കി. മെല്ലെ എഴുന്നേററു തുപ്പി വന്നു. ഞങ്ങൾ ആകെ ഉദ്വേഗ മുനയിലായി.

എന്റെ ആദ്യത്തെ ഊഹം ശരിയാണെന്നു ഉറപ്പായി.

'ശരി താനാരാന്നു പറ.വേണ്ടതു ചെയ്യാം. ഗുരുതിയൊ പാൽ പായസോ'– എന്നെ മുഴുമിക്കാൻ വിടാതെ അവൾ ശബ്ദം കനപ്പിച്ചു. 'നമ്പൂരി പൊയ്കോളാ. എന്നെ ശുണ്ഠി പിടിപ്പിക്കണ്ട –'

വിചാരിച്ച പോലെ ഇത് പന്തിയല്ല. ഞാൻ ഭഗവതിയെ ധ്യാനിച്ചു ഒന്നു കൂടി ഉഴിയാനാഞ്ഞു. 'പറയുന്നതാണു നല്ലത്. ഞാനും കടുപ്പിച്ചു. അവളുടെ മുഖത്ത് അപ്പോൾ പകയല്ല, ചിരിയും കൂസലില്ലായ്മയും. ഒരു തമാശ കാണുന്ന അലക്ഷ്യ ഭാവം. ഒന്നു തീർച്ചയായി. ക്ഷുദ്ര ശക്തികളൊന്നുമല്ല.' ആട്ടെ, തനിക്കെന്താ വേണ്ടതെന്നു ഞാൻ മയത്തിൽ ചോദിച്ചു.

'ഞാൻ പറഞ്ഞില്ലെ. എന്നെ പരീക്ഷിക്കരുത്. താൻ കണ്ടിട്ടില്ല എന്റെ തനിരൂപം' അവളുടെ കണ്ണുകൾ നിറം മാറി ശബ്ദം മുഴങ്ങി. കൂടുതൽ നീട്ടിക്കൊണ്ടു പോകുന്നത് അപകടമാണ്. ഞാൻ ഉറക്കെ ജപിച്ചുകൊണ്ടു ശംഖിലെ വെള്ളം എടുത്തു ധ്യാനിച്ചു കുട്ടിയുടെ മെൽ തളിച്ചു. 'വേണോ അടുത്തത്,എടുക്കണോ' എന്നു സ്വരം മാറ്റി ചോദിച്ചു. അങ്ങനത്തെ സമയത്ത് എന്റ കണ്ണും നോട്ടവും മൂപ്പിച്ചാൽ ഏതു ബാധയും ഒതുങ്ങും. 'രക്ഷസ്സാണോ യക്ഷിയൊ. എന്നെക്കൊണ്ടതു ചെയ്യിക്കരുത്.'

പെൺകുട്ടിയുടെ ഭാവം മാറി. മുഖത്ത് ശങ്കയും പേടിയും മിന്നി മറയുന്നതു കണ്ടു. അവളെഴുന്നേൽക്കാൻ തുനിഞ്ഞു. അച്ഛനും അമ്മയും തോളിലമർത്തി ഇരുത്തി.അവൾ ഒന്നും പറയുന്നില്ല. അപ്പോൾ ഞാൻ ശാന്തനായി കാര്യത്തിലേക്കു കടന്നു. എല്ലാം കൂട്ടിയെടുത്തു ജപിച്ചു ആവാഹിക്കാൻ കൈ പൊന്തിച്ചു. അവളുടെ മുഖത്തും,എങ്ങും നോട്ടമുറയ്ക്കാതെ ഇളകുന്ന കണ്ണുകളിലും ഭീതി. പെട്ടെന്നു കുട്ടി നേരെയിരുന്നു – 'കെട്ടിയിട്ടു അടിക്കരുത്' എന്നു മുറവിളിയായി. എനിക്കൊന്നും മനസ്സിലായില്ല. ഞാനവളെ സൂക്ഷിച്ചു നോക്കി. അവൾ കൈ കാണിച്ചു. ശരിയാണ്. അദ്ദേഹം നിർത്തി

കേശവേട്ടന്റ വിവരണം കേട്ടു അന്തിച്ചിരിക്കയാണ് ഞങ്ങൾ.

'ആർക്കാ പറയാൻ പറ്റുക ' അദ്ദേഹം ചുണ്ണാമ്പു പുരണ്ട ചൂണ്ടുവിരലു ഞങ്ങളുടെ നേരെ നീട്ടി. ഞങ്ങൾ മിഴിച്ചിരുന്നതേയുള്ളു.

അദ്ദേഹം തുടർന്നു. 'അന്നു കെട്ടിയ ചരട് ഊരിയിട്ടില്ല. പൂജ തുടങ്ങുന്നതിനു മുമ്പെ ചെയ്യണ്ടതാണ്. എനിക്കുപിഴ പറ്റി.'

ശരി. അഴിക്കാം. ആരാണെന്നു പറ.

'ഞാൻ പുലോമൻ എന്ന ഗന്ധർവ്വനാണ്'. ഞാൻ അറിയാത്ത പോലെ നടിച്ചു. 'എയ്. ശുദ്ധ പൊളി' അതാവില്ല. ഇന്നു രാവിലെയും അയ്യപ്പനും കുബേരനും കൊടുത്തതാണല്ലൊ. ഈ കെട്ടൊന്നഴിക്കു അവൾ യാചനാ സ്വരത്തിലായി. 'ഞാൻ പോവാം. ആവാഹനം ചെയ്യാം.' ഞാൻ അച്ഛനോട് അതഴിക്കാൻ പറഞ്ഞു. അതൊരു തളച്ചിടലാണ്.ഞാൻ ജപം തുടർന്നു.

അത്ഭുതം.കെട്ടഴിച്ചതും ആ കുട്ടി ഒറ്റ കുതിപ്പിന് ചാടി എഴുന്നേറ്റു കിഴക്കോട്ടു തിരിഞ്ഞു ഈടും കൂറും ചവിട്ടി . ഇത്രയും ഭംഗിയായി താളത്തിനു ഈ നൃത്തം കണ്ടിട്ടില്ല. എല്ലാവരും സ്തബ്ധരായി. എന്റെ സംശയം മാറി.

'ശാരദേ.' ഞാൻ വിളിച്ചു. അവൾ ഒരു മയക്കത്തിലായി. ഞാൻ അവളെ മുമ്പു ഏർപ്പാടു ചെയ്തിരുന്ന കട്ടിലിൽ കിടത്താൻ പറഞ്ഞു. അമ്മയും അച്ഛനും അടുത്തിരുന്നു. ലക്ഷണങ്ങൾ എല്ലാം ശുഭം. ആവാഹനം ചെയ്തു പൂജ മുഴുമിച്ചു . നേദിച്ചു വെച്ചിരുന്ന പായസം ഒരു ഗ്ലാസ്സ് കുട്ടി ഉണർന്നാൽ കൊടുക്കാൻ പറഞ്ഞു. കാക്കേണ്ടിവന്നില്ല.അഞ്ചു മിനിറ്റിനുള്ളിൽ ശാരദ എഴന്നേറ്റു.

അപ്പോഴേക്കും എല്ലാവരും എന്റെ ചുറ്റും കൂടി.

'എന്തുണ്ടായത്.? ഒഴിഞ്ഞില്ലെ? ഇനി ബാധ വരില്ലല്ലൊ.'

ഇങ്ങനെ എല്ലാവരും ചോദിക്കാൻ തുടങ്ങി.

'എല്ലാവരും ഇരിക്ക്യാ. ഒന്നൂല്ല്യ.' ഞാൻ സമാധാനിപ്പിക്കാൻ പറഞ്ഞു.യക്ഷിയും രക്ഷസ്സുമൊന്നുമല്ല. ഗന്ധർവ്വനാണ്. അപൂർവ്വം ഇങ്ങനെ കാണാറുണ്ട്. '

മണി രാത്രി പതിനൊന്ന് ആയിക്കാണും.ഏട്ടൻ മുറിയിലെ കമ്പിറാന്തലിന്റ കരിപിടിച്ച മങ്ങിയ പ്രകാശത്തിലേക്ക് എത്തിനോക്കുന്ന പുറത്തെ കൂരിരുട്ടിലേക്ക് നോക്കി.

'ഈ ഗന്ധർവനൊക്കെ എങ്ങനാ ഇപ്പോഴും ഉണ്ടോ'

'നിശ്ചല്യ. അനുഭവണ്ട്. അത്രന്നെ. '

ഒന്നാലോചിച്ച ശേഷം അദ്ദേഹം തുടർന്നു. 'ആ കുട്ടീടെ മനസ്സിലെ അമൂർത്ത ശക്തിയാണോ ഗന്ധർവ്വനാകുന്നത്?വാഴോന്നു പറഞ്ഞിട്ടുണ്ട് മനസ്സിൽ പല തരം ശക്തികേന്ദ്രങ്ങളുണ്ടെന്ന്. '

പിന്നെ ചിരിച്ചു കൊണ്ട് 'ഉറങ്ങിക്കോളാ..ഗന്ധർവനെയൊന്നും സ്വപ്നം കാണണ്ട'.

●

കെ.എം. എസ്.ഭട്ടതിരിപ്പാട്
ഗുരുപവൻ കാവനാട്ട്
കോട്ടപ്പടി, കോട്ടയ്ക്കൽ
676503
944999300.
സെലിബ്രിറ്റി ചിത്രകാരൻ
ഹരിനാരായണൻ പൊന്നടുക്കം
9446769244

# കുട്ടിക്കൂട്ടം

## Best Friend

There is a friend in us
Who decides what we do after the brain.
She gives us confidence, power, and strength.
She says the person whom we want to love and hate.
She decides after the brain.
When she thinks anything,
We will get that thing, and it is true.
That friend is our mind.
Our mind controls us after the brain.




**Aarabhi prajeesh,**
Edoli illam, kakkodi upasabha

(ഭാരതീയ വിദ്യാനികേതൻ സംസ്ഥാന തല ടാലന്റ് സെർച്ച് പരീക്ഷയിൽ വെള്ളി മെഡൽ നേടിയ കോഴിക്കോട് വേദവ്യാസ വിദ്യാലയത്തിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ആരഭി പി നമ്പൂതിരി. കക്കോടി ഉപസഭയിലെ എടോളി ഇല്ലത്ത് പ്രജീഷിന്റെയും കീർത്തിയുടെയും മകളാണ്.)




## സ്വപ്നച്ചിറക്

അന്നൊരു നാൾ
ഞാനൊരു സ്വപ്നം കണ്ടു
വാനിൽ ഉയർന്ന് പറന്ന് നക്ഷത്രങ്ങ
ളെ തൊട്ടു തലോടി
കാലം പലത് കഴിഞ്ഞപ്പോൾ
എൻ സ്വപ്നത്തിന് ചിറക് മുളച്ചു
ആകാശത്തിലെ പറവയിൽ കയറി
പറന്നുയർന്ന് പോയി ഞാൻ
കടലിനക്കരെ ദേശത്ത്
ജീവിതമൊന്ന് പഠിച്ചു. ഞാൻ





**അദ്വൈത് കെ ഇ**
കുമ്മിൽ എളേടത്ത് മന
വെളിയങ്കോട്

## True Friend

Once upon a time there was a handwash, a school bag, and a pencil box.

Both of them would tease hand wash. Handwash would feel sad, but he would not cry.

One day, pencil box and bag got dirty by playing in the mud. They were sad.

They asked help from everyone, but no one agreed. At last, hand was did.

They got clean. They said,

"Thank you! I won't forget this help. I will never tease others again."

Moral: Do not tease others.

By
**Parvathy Sharma**
D/o Suneesh S Sharma
Aparna Sarma
Anickattillam
Age: 10
Bhavans Vidya Mandir Eroor
Class : 5



## The Earth
## Our Only Home



Earth, Our Home
Earth, our home,
with flowers, birds, insects, and people
all around us, the only planet
that holds life in its embrace.
Be thankful to the Earth,
for it gives us life,
for the drinking water we sip,
and the oxygen that plants share.
Everything we need is here.
So be gentle, be kind,
and respect the Earth
our only home.



**M S Anasuya**
Class 4
Age 9 years





**നന്ദകുമാർ ഡി.എസ്.**
ക്ലാസ് 9, ജി.എച്ച്.എസ്.എസ്. വടകര പുത്തൂർ
കാർത്തിക, മയ്യന്നൂർ, വടകര-673542 (വേണാട്ടില്ലം)
വടകര ഉപസഭ, S/o വി.ദാമോദരൻ & സവിത പി.ഇ.





**ഉത്തര അന്തർജനം**
'ശ്രീപാദം', പത്തനാപുരം ഉപസഭ, കൊല്ലം ജില്ല
2nd std പട്ടാഴി gov സ്കൂൾ
പത്തനാപുരം ഉപസഭ. കൊല്ലം, ശരത്കുമാർ.. അമ്മ. ചിത്രദേവി





**നിവേദ്യ കൃഷ്ണൻ**
പ്ലസ് വൺ, 16 വയസ്സ്
മരങ്ങാട്ടില്ലം, പുഴവത്ത്,
ചങ്ങനാശ്ശേരി, കോട്ടയം
D/o അനൂപ് കൃഷ്ണൻ
നമ്പൂതിരി & ഉമാദേവി





**ശിവഗംഗ പി**
IXth std, ജയ് റാണി
എസ് എ ബി എ സ്
പബ്ലിക്ക് സ്കൂൾ ബാലുശ്ശേരി
വാസുദേവൻ നമ്പൂതിരി
സന്ധ്യ വാസുദേവൻ
പാലക്കാട്ട് ഇല്ലം
ത്രീക്കുറ്റിശ്ശേരി
ബാലുശ്ശേരി ഉപസഭ

## പൂച്ചന്തം

എന്തേ പൂവേ നിനക്കിത്ര ചന്തം
എന്നോടൊന്നു നീ ചൊല്ലൂലേ.
കാറ്റിൽ നീയാടുമ്പോളെന്തിനിത്ര
നാണം നിനക്കെന്നു തോന്നീടും
ചോപ്പും വെളുപ്പും കലർന്ന നിൻ മൊഞ്ചുള്ള
മേനിയ്ക്കൊരുമ്മ ഞാൻ തന്നോട്ടെ.
ഞാൻവന്നതെന്തെന്നോ കാണാൻ നിന്നെ
ചന്തം നിറഞ്ഞ നിൻ പൂമേനി.



**പാർവണ ശ്രീദാസ്**
ഏളപ്പില ഇല്ലം, നിരവിൽ പുഴ
വയനാട്
തരുവണ ഉപസഭ, 5-ാംക്ലാസ്സ്.
AUp school തൃക്കണ്ടിയൂർ
9747323278

## മുത്താണ്



മുത്തൊന്നു വന്നാൽ വേറാരും വേണ്ടാ..
മുത്തിന്റെ അമ്പാടി കുട്ടനല്ലേ ഞാൻ.
പാട്ടൊന്നു പാടുമ്പോൾ നൃത്തം ചവിട്ടും..
പാഞ്ഞൊന്നു വന്നോരുമ്മ നൽകും.
ഉണ്ണാനു രുട്ടി ത്തരുമ്പോളെ നിയ്ക്ക്
ഉല്ലാസ മോടെ കഥ പറഞ്ഞീടും.
മുത്തിന്റെ അമ്പാടിക്കുട്ടനാണ്...
മുത്തം ഞാൻ നൽകീടാം മുത്തിനൊന്ന്.

**സമ്യക് കോരമ്പറ്റ**
D/o വൈശാഖ്. കെ.
കോരമ്പറ്റ ഇല്ലം,
സാവിത്രി



# Anna's Journey

It was raining cats and dogs the day Anna was packing to move from US to Canada. Her mother had gotten a new job there, but Anna didn't want to leave. She wanted to stay with her grandparents and her best friends.
"Please, Mom, I don't want to go,' she begged.
But her mother shook her head firmly and pulled her toward the car. Anna sat crying, whispering, "I wish I could make some friends in high school…'
Halfway to the airport, Anna suddenly screamed.
"No! I left Lily at home!'
Lily wasn't just any friend—she was Anna's beloved teddy bear, who had been with her everywhere since childhood.
"Oh, sweetheart, you're too old for that toy,' her mom said.
But Anna sat fuming on the plane. She muttered under her breath, "I hate you.'
After the long flight, they finally reached Canada. Anna was so upset that she kicked the taxi seat in anger. Her mother scolded her, but she didn't listen.
When they arrived at their new apartment, Anna took one look and cried out loud, "Ugh! What a stupid house!'
Days later, school began. On the first day, Anna couldn't find a nice dress to wear, so she wore a hoodie. On the bus, she was forced to sit next to a mean-looking girl. Anna silently prayed, "I hope she's not in my class.'
But fate had other plans. When they reached school, the same girl shoved Anna to the ground, smearing mud on her clothes. In class, the teacher scolded Anna for being late, and when she finally sat down—there she was, seated next to the same girl.
The name tag on the desk read Regina. Her desk was pink and decorated with photos of herself. Anna shivered—Regina wasn't just mean; she was proud of it.
At lunch, Regina poured orange juice on Anna's face and smashed her food onto her. Later, she even stole Anna's precious necklace—a gift from her friends back in the US—and ruined it with a marker. Anna became known as the "lonely girl.'
Months passed. One day, a new student arrived—Stella. She looked strikingly like Anna but wore an expensive dress. Regina, mistaking her for Anna, threw coffee all over her.
To Regina's shock, Anna stood up for Stella. A fight broke out, and when Anna pulled Regina's hair, Regina stormed off to the principal. Anna was sent to detention. To her surprise, Stella also demanded detention—just to be with Anna.
Inside, the two began talking and quickly discovered something shocking: they were twins. Their parents had separated long ago, and each had raised one child without telling them about the other.
Excited, they decided to swap lives for a while—Anna would live as Stella, and Stella as Anna. They exchanged clothes and switched cars after school. That

night, Stella hugged Anna's mother tightly, saying, "I've missed you so much.' Her mother cried, overjoyed. Meanwhile, Anna hugged her father with all her heart, surprising him.
The sisters enjoyed their switched lives until one evening, both families ended up at the same party. When the truth came out, the girls confessed everything. Their parents, shocked at first, laughed and embraced. "We love both of you no matter what,' they said.
Just as things were settling, Regina appeared. But this time, she wasn't cruel—she was terrified. "Please help me,' she cried. "Someone tried to kidnap me!'
Anna and Stella immediately told their parents, who called the police. The kidnappers were caught, and Regina, shaken, apologized for all her bullying.
From that day on, the three girls became friends. And for the first time since leaving home, Anna felt she truly belonged.

By
**Dyuthi Krishna,**
D/O Paresh Krishna
Malliyoor Mana,
Kothanalloor 686632
Kottayam
Now in USA at New Jersey Studying in 6th std contact number Omanakuttan 9388827163 (Grand Father)







**അമേയ മുല്ലപ്പള്ളി**
മുല്ലപ്പള്ളി ഇല്ലം, വെള്ളലശ്ശേരി.പി. ഒ
എൻ.ഐ.ടി വഴി കോഴിക്കോട് 673601
Mob:9946820866, 6282563672
കണ്ണിപറമ്പ് ഉപസഭ, അച്ഛൻ: വിനേഷ് വിഷ്ണു നമ്പൂതിരി (വിനു മുല്ലപ്പള്ളി )
അമ്മ: ശ്രീജ, Std.8 ജി.എച്ച്.എസ്.എസ് നായർകുഴി, കോഴിക്കോട്





## പ്രകൃതിയാകുന്ന ജനനി

കാക്കാം നമുക്കിന്നു ഭൂമിയെ
നമ്മെ കാക്കുന്നൊരമ്മയാം പ്രകൃതിയെ
സ്നേഹത്തിൻ തണലേകും തരുവും
പ്രണയമാം പനിനീർ പൂക്കളും
കാറ്റും കുളിരാറും കാടും അരുവിയും
നൽകുന്നു പീയൂഷമായി ജനനി

ശലഭങ്ങൾ പാറിപ്പറക്കും
വിണ്ണിൽ വിരിയുന്നു മാരിവില്ലെന്നും
ഇത്രയും കാഴ്ചകൾ തിങ്ങി –
നിറഞ്ഞൊരു കൊട്ടാരമാണെന്നും പ്രകൃതി
ഉപദ്രവിക്കരുതേ ഒരിക്കലും പ്രകൃതിയെ
നമ്മെ കാക്കുന്നൊരമ്മയാണേ....



**ജ്യോതിക സൂരജ്**
മുതുവാട്ടില്ലം, പി.ഒപാച്ചപൊയ്ക (വഴി)
കൂത്തുപറമ്പ്, ഫോൺ: 8848511653,
മാവിലായി ഉപസഭ, കണ്ണൂർ ജില്ല.
D/o സൂരജ് എം & പ്രസീദ പി.
8th std. മമ്പറം ഹയർ സെക്കൻഡറി സ്കൂൾ



**ഗായത്രി എം,**
മുതവാട്ടില്ലം, പി.ഒ. പാച്ചപൊയ്ക,
വഴി കൂത്തുപറമ്പ്, കണ്ണൂർ-670643
മാവിലായി ഉപസഭ,
D/o നീരജ് എം & അളക വി.
മമ്പറം ഹയർ സെക്കൻഡറി സ്കൂൾ,
8-ാം ക്ലാസ്, മൊബൈൽ: 8590680357

## മഴവില്ല്

മാനത്തുണ്ടൊരു മഴവില്ല് .
ആഹാ നല്ലാരു മഴവില്ല്
മനം കുളിർക്കും മഴവില്ല്
മാടിവിളിക്കും മഴവില്ല് കുഞ്ഞുങ്ങൾക്കൊരു
കൗതുകമായി...... തെളിഞ്ഞു നിൽക്കും മഴവില്ല്
ഏഴു നിറത്തിൽ തീർത്തൊരു
വിസ്മയമല്ലോ മഴവില്ല്...
കാണാൻ നല്ലൊരു ചേലാണേലും
പെട്ടെന്നങ്ങു മാഞ്ഞല്ലോ.....
വാർമഴവില്ലേ മായല്ലേ.....
മാനത്തൂടെ നടന്നാട്ടേ.....




**ശ്രേയ പി**

അഞ്ചുകുന്ന് ഉപസഭ , വയനാട് ജില്ല
പെരുമന ഇല്ലം, അഞ്ചുകുന്ന്, +1 ,
പരമേശ്വരൻ എമ്പ്രാന്തിരി, ബിന്ദു,6238303132
സർവ്വോദയ ഹയർസെക്കൻഡറി സ്കൂൾ ഏച്ചോം


## ആമയും മുയലും

കല്ലു ആമയും മിട്ടു മുയലും ഉറ്റ ചങ്ങാതിമാരായിരുന്നു കാട്ടിനുള്ളിൽ അവർ ആടിയും പാടിയും രസിച്ചു നടന്നു. കളികൾക്കിടയിൽ അവർ ഒരു ദിവസം ഓട്ടപന്തയം വച്ചു . ഓട്ടത്തിൽ മിടുക്കനായ മിട്ടു മുയൽ വളരെ വേഗം ഓടി പാവം കല്ലു ആമയാകട്ടെ പതുക്കെ പതുക്കെ നടന്നു വന്നു കുറച്ചു ദൂരം കഴിഞ്ഞപ്പോൾ മിട്ടു മുയർ കല്ലു ആമയെ തിരിഞ്ഞു നോക്കി പാവം കല്ലു ആമ വളരെ പിറകിലായിരുന്നു. കല്ലു ആമ വരുന്നല്ലേ ഉള്ളൂ കല്ലു എത്തുന്ന വരെ ഈ മരച്ചുവട്ടിൽ ഇരുന്ന് വിശ്രമിക്കാമെന്ന് മിട്ടു മുയൽ തീരുമാനിച്ചു വിശ്രമത്തിനിടയിൽ മിട്ടു മുയൽ ഉറങ്ങി പോയി. ഈ സമയം കൊണ്ട് കല്ലു ആമ പതുക്കെ പതുക്കെ നടന്ന് ഓട്ടപന്തയത്തിൽ വിജയിച്ചു.




**ഹരിനന്ദ്**

'ശ്രീപാദം', പട്ടാഴി, പത്തനാപുരം
ഉപസഭ, കൊല്ലം ശരത്കുമാർ,
അമ്മ ചിത്രാ ദേവി
3rd standard, പട്ടാഴി ഗവ. സ്കൂൾ


## അമ്പട പൈയ്യേ!

പറഞ്ഞു വരുന്നത് മലയാളത്തിലെ പൈയിനെ പറ്റി അല്ല കേട്ടോ. ഇത് വേറെ ജനുസ്സ്. കണക്കിലെ പൈ. മലയാളത്തിലെ പൈയിനെ നമ്മൾകറക്കുമ്പോൾ കണക്കിലെ പൈ കറക്കുന്നത് നമ്മളെയാണ് . എങ്കിൽ അവനെ പിടിച്ചൊന്നു മെരുക്കിക്കളയാമെന്ന് കരുതേണ്ട. അതിനിറങ്ങിപ്പുറപ്പെട്ടാൽ മനുഷ്യജൻമങ്ങൾ തന്നെ പലത് വേണ്ടി വരും. ഈ വീരൻ ആരാണെന്ന് നമുക്ക് നോക്കിയാലോ ?

ഒരു വൃത്തത്തിന്റെ ചുറ്റളവിനെ വ്യാസം കൊണ്ട് ഹരിച്ചാൽ കിട്ടുന്ന തുക ഒന്നുതന്നെയായിരിക്കും എന്ന് ഏറെക്കാലം മുമ്പ് തന്നെ നാം മനസ്സിലാക്കിയിരുന്നു. പതിനെട്ടാം നൂറ്റാണ്ടു മുതൽ ആ സംഖ്യയെ സൂചിപ്പിക്കുന്ന ഒരു ഗ്രീക്ക് അക്ഷരമാണ് ഈ പൈ. ഇവൻ ചില്ലറക്കാരനല്ല. ഒരു അഭിന്നകമാണ്. അതായത് ഭിന്നസംഖ്യയുടെ രൂപത്തിൽ എഴുതാൻ ആവാത്തത്. 22/7 എന്ന് ഏകദേശമൂല്യം പറയുമെങ്കിലും അത് കൃത്യമല്ല. യാതൊരു ക്രമത്തിലും ആവർത്തിക്കാത്തതാണ് അതിലെ ദശാംശ സ്ഥാനങ്ങൾ. പൈയുടെ ഏകദേശം വില 3.1408 നും 3.14285 നും ഇടയിലാണെന്ന് ഗ്രീക്ക് ശാസ്ത്രജ്ഞനായ ആർക്കിമിഡിസ് കണ്ടെത്തി. വൃത്തത്തെ ബഹുഭുജവമായി സാമ്യപ്പെടുത്തി ആണത്രേ അദ്ദേഹം അത് കണ്ടെത്തിയത്. പിന്നീട് പലരും ഇതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടെങ്കിലും കൂടുതൽ കൃത്യതയോടെ ഇത് കണ്ടെത്തിയവരിൽ മലയാളി ഗണിതശാസ്ത്രജ്ഞനായ സംഗമഗ്രാമ മാധവനും ഉൾപ്പെടും. ഇനി മറ്റൊരു കാര്യം കേൾക്കണോ? പൈയിലെ അക്കങ്ങൾ മാത്രം പ്രിന്റ് ചെയ്തിറക്കിയ ഒരു പുസ്തകം ഉണ്ടത്രേ. ഇതൊക്കെ ആരെങ്കിലും വാങ്ങുമോ എന്ന് അതിശയിക്കേണ്ട . അതിന്റെ ഒരു കോപ്പി മുംബൈയിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ നിന്ന് സംഘടിപ്പിച്ച് നല്ലൊരു ഭാഗം ഹൃദിസ്ഥമാക്കി പ്രസിദ്ധനായ ഒരാളുണ്ട്. മംഗലാപുരംകാരനായ രാജൻ മഹാദേവൻ. 1981 ൽ പൈയുടെ ആദ്യ 31811 അക്കങ്ങൾ ഓർമ്മയിൽ നിന്ന് തെറ്റാതെ പറഞ്ഞ് അയാൾ ലോക റെക്കോർഡിന് ഉടമയായി. പിന്നീട് ഇന്ത്യക്കാർ ഉൾപ്പെടെ പലരും ഈ റെക്കോർഡ് തിരുത്തിയിട്ടുണ്ട്. 2006 ൽ ജപ്പാൻകാരനായ അകിര ഹരഗുചി ഒരു ലക്ഷം അക്കങ്ങൾ ഓർമ്മയിൽ നിന്ന് തെറ്റാതെ പറഞ്ഞത് വലിയ വാർത്തയായിരുന്നു.

ഇനി നമുക്ക് ഒരു കളി കളിയ്ക്കാം. ഒരു സങ്കൽപ്പക്കളി. പൈയുടെ ഏകദേശം 105 ട്രില്യൻ അക്കങ്ങൾ വരെ ഇന്ന് കണ്ടെത്തിയിട്ടുണ്ടത്രേ. അതായത് 105 ലക്ഷം കോടി അക്കങ്ങൾ. ഒരാൾ ഒരു സെക്കൻഡിൽ ഒരക്കം വീതം വായിക്കുകയാണെന്ന് ചിന്തിക്കൂ. അയാൾക്ക് ഈ 105 ട്രില്ല്യൺ അക്കങ്ങളും വായിച്ചു തീർക്കാൻ എത്ര നേരം വേണ്ടി വരും?


ഏകദേശം 3.33 മില്യൺ വർഷങ്ങൾ. ഒരു മനുഷ്യായുസ്സ് 80 വർഷമായി കണക്കാക്കിയൽ, ശരാശരി മനുഷ്യായുസ്സിന്റെ നാൽപ്പതിനായിരത്തിലധികം ഇരട്ടി. ഇനിയും ചിന്തിക്കാം. പൈയ്യുടെ അക്കങ്ങൾ ഒരു പേജിൽ നാം എഴുതുകയാണെന്ന്. 41 അക്കങ്ങൾ ഒരു റോയിലും 100 അക്കങ്ങൾ ഒരു കോളത്തിലും ഉൾപ്പെടുത്തുകയാണെങ്കിൽ ആ മൊത്തം പേജിൽ 4100 അക്കങ്ങൾ വരും.

ഇനി ഇതുപോലെയുള്ള 500 പേജുകൾ നമ്മൾ എടുക്കുകയാണ്. അങ്ങനെയാണെങ്കിൽ ഈ 500 പേജുകളിലും കൂടി 20, 50,000 അക്കങ്ങൾ വരും. എങ്കിൽ ഈ 105 ട്രില്ല്യൺ അക്കങ്ങളും കൂടി 500 പേജുകളുള്ള പല പുസ്തകങ്ങൾ ആക്കുകയാണെങ്കിൽ അതിന് മൊത്തത്തിൽ 5,12,19,512 വോളിയങ്ങൾ വേണ്ടി വരും.

ചിന്തകൾക്ക് കടിഞ്ഞാണിടാൻ വരട്ടെ. ഇത്രയും വലിയ പുസ്തകങ്ങൾ നമ്മൾ ഒന്നിന് മുകളിൽ ഒന്നായി അടുക്കി വയ്ക്കുകയാണെങ്കിൽ ആ അട്ടിക്ക് എത്ര ഉയരം വരും? കണക്കുകൂട്ടിയാൽ അതിന് ഏകദേശം 1951 കിലോമീറ്ററോളം ഉയരം വരുമെന്നാണ് പറയുന്നത്. ലോകത്തിലെ ഏറ്റവും വലിയ കെട്ടിടം ആയ ബുർജ് ഖലീഫയുമായി താരതമ്യം ചെയ്താൽ ഈ അട്ടി ബുർജ് ഖലീഫയേക്കാൾ 2356 ഇരട്ടി വലുതായിരിക്കും. ഇതുവരെ കണ്ടെത്തിയ അക്കങ്ങളെപ്പറ്റി മാത്രമാണ് നാം ചിന്തിച്ചു കൂട്ടിയത്. ഇപ്പോഴും ഈ ഗ്രീക്കുവീരനെ പിടിക്കാൻ ഗവേഷകർ ഓടുകയാണ്. ഇനിയുള്ള അക്കങ്ങളും കണ്ടെത്തി പുസ്തകങ്ങളിലാക്കി ഇങ്ങനെ അട്ടിയാക്കിയാൽ ചിലപ്പോൾ നാം ചന്ദ്രനിലെത്തിപ്പോകും. അമ്പട പൈയ്യേ!_


**ആര്യ എൻ,**
നാറണിയാട്ട് ഇല്ലം ,
ഫാറൂക്ക് കോളേജ്,
കോഴിക്കോട് 673 632
Class 9
St Joseph's C G H S S Tripunithura
Phone : 9447276760










**ധ്യാൻ വാസുദേവ് പി. ഇ.**

S/o ശ്രീജിത്ത് പി. ഇ. & സൂര്യ എം. എസ്.
പൊറവണ്ണൂർ എടക്കാട്ട് ഇല്ലം
മുണ്ടക്കൽ, പുവ്വാട്ടുപറമ്പ് (പോസ്റ്റ്)
കോഴിക്കോട് - 673 008
3ാം ക്ലാസ്സ് വിദ്യാർത്ഥി, GLP സ്കൂൾ
ചെറുകുളത്തൂർ, 8547756490


---






**സാരംഗ് കെ ടി**

S/o ശങ്കരൻ കെ ടി & ഗീത ഇ എം
കോടി തലപ്പണ ഇല്ലം, കണ്ണിപറമ്പ് (പോസ്റ്റ്),
മാവൂർ, കോഴിക്കോട് - 673 601
9ാം ക്ലാസ്സ് വിദ്യാർത്ഥി, മാവൂർ സ്കൂൾ
9446948027


---

# കലോത്സവ ചിന്തകൾ

ചെറുപ്പം മുതലേപാട്ട് കേൾക്കുമ്പോൾ എന്റെ കാലുകൾ താളം പിടിക്കുന്നത് എന്റെ മാതാപിതാക്കളും, എന്റെ ആദ്യ ഗുരുവായ പ്രീത ചെറിയമ്മയും ശ്രദ്ധിച്ചില്ലായിരുന്നെങ്കിൽ നൃത്തത്തിന്റെ മാസ്മരികലോകത്ത് ഒരു ചെറിയ ഭാഗമെങ്കിലും ആകാൻ എനിക്ക് കഴിയുമായിരുന്നില്ല. എൽ.കെ.ജി. മുതൽ  എന്റെ താൽപര്യത്തെ സപ്പോർട്ട് ചെയ്തു ഒരു കലോത്സവം പോലും  വിടാതെ കളിപ്പിക്കുവാൻ ആയി രാവും പകലും എന്ന് നോക്കാതെ വേണ്ടത് എല്ലാം ചെയ്ത് വളരെയധികം സഹായിച്ചിരുന്ന അമ്മയും അച്ഛനും എനിക്ക് വേണ്ടി അവരുടെ ജീവിതം മാറ്റി വച്ചു. ഓരോ തവണയും ഞാൻ സ്റ്റേജിൽ കയറുമ്പോൾ രണ്ടു പേരുടെയും കണ്ണ് നിറയുന്നത് കാണുമ്പോൾ എത്രത്തോളം അവർ എന്നിലൂടെ സ്വപ്നങ്ങൾ നെയ്തുകൂട്ടി എന്ന് ഞാൻ തിരിച്ചറിഞ്ഞു. അച്ഛൻ ഞങ്ങളെ വിട്ടു പോയിട്ടും എന്റെ നൃത്തത്തിനു യാതൊരുകുറവും  വരുത്താതെ  ഇപ്പോഴും തുടരാൻ എന്റെ അമ്മ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കലോത്സവത്തിന്റെ ഈ കാലഘട്ടത്തിൽ എന്റെ അച്ഛനമ്മമാരോടൊപ്പം എന്റെ നൃത്ത



കലയെ പ്രോത്സാഹിപ്പിച്ചു അതിന് എന്നെ പ്രാപ്തയാക്കിയ എന്റെ എല്ലാ ഗുരുക്കന്മാരുടെയും എന്റെ അച്ഛനമ്മമാരുടെയും കാൽക്കൽ ഞാൻ പ്രണമിക്കുന്നു. അതിനെല്ലാം ഉപരിയായി എന്നെ എന്റെ അച്ഛനമ്മമാ രുടെ അടുത്തെത്തിച്ച എന്റെ ഉണ്ണിക്കണ്ണനോട് ഒരായിരം നന്ദി.

**ആർദ്ര മാളിക**

# വായനക്കാരുടെ പേജ്




20 21 ലെ വാർഷികപ്പതിപ്പ് വീണ്ടും വായിക്കാനിടയായി. പുനർവ്വായനയായിരുന്നിട്ടും അങ്ങനെ ഒട്ടും തോന്നിയില്ല. പുതുമ ഒട്ടും ചോർന്നതായി തോന്നിയില്ല.ആറാം വേളിയിലെ സന്താനമായ പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാടിനെപ്പറ്റിയുള്ള മുഖ്യ ലേഖന താല്പര്യം ഒട്ടും കുറയാതെ വായിച്ചു.നമ്പൂതിരിമാരെപ്പറ്റി പലരും എഴുതിയ അഭിപ്രായങ്ങളും അതുപോലെ തന്നെ.അബ്ദുള്ള നമ്പൂതിരിയെപ്പറ്റി ശ്രീമാൻ കൊയിത്തടി പരമേശ്വരൻ എഴുതിയ ലേഖനം കൗതുകമുണർത്തി - വേദവും മറ്റും പഠിച്ച അയാൾ മതപ്രസംഗം നടത്താറുണ്ടെന്ന് കേട്ടപ്പോൾ കഷ്ടം തോന്നി - കവിതകളുടെ കൂട്ടത്തിൽ ശ്രീ എ.പി- വി.നമ്പൂതിരി എഴുതിയ 'കുഴിയാനകൾ' എന്ന കവിത നന്നായെന്ന് അദ്ദേഹത്തെ വിളിച്ചറിയിക്കുകയുണ്ടായി .

ഇ.എ കുബേരൻ നമ്പൂതിരി,
പാർവതി നിവാസ് , കയറളം,
പി.ഓ. മയ്യിൽ, കണ്ണൂർ ജില്ല
.മൊബൈൽ:+91 75599 04469



## ഇല്ലപ്പെരുമ

ഈ ലക്കം ഇല്ലപ്പെരുമയിൽ ചാത്തനാട്ടില്ലത്തെ വിശേഷങ്ങളും മന്ത്രവാദപാരമ്പര്യവും വിശദമാക്കിയിട്ടുണ്ട്.

എന്റെ അച്ഛന്റെ അമ്മാത്താണ് ചാത്തനാട്ട്. അമ്മാവനായ ശങ്കരൻ നമ്പൂതിരിപ്പാടിനെ പറ്റി അച്ഛൻ ധാരാളം പറയാറുണ്ട്. കറ കളഞ്ഞ അഭ്യാസി, വേദപണ്ഡിതൻ. തിരുവിതാംകൂറിൽ മുറജപത്തിനു പോകുമ്പോൾ നാനാ ദേശങ്ങളിൽ നിന്നും വന്ന വേദജ്ഞർ അവരുടെ നേതാവായി ശങ്കരൻ നമ്പൂതിരിപ്പാടിനെ കണ്ടു. വേണ്ടത്ര യാത്രാ സൗകര്യങ്ങളില്ലാതിരുന്ന പണ്ടു കാലത്ത് ശുദ്ധം സൂക്ഷിക്കുന്ന നമ്പൂതിരിമാരെ മറ്റു മതത്തിൽ പെട്ട വികൃതിക്കുട്ടികൾ കളിയാക്കുകയും അശുദ്ധമാക്കുകയും ചെയ്യുമായിരുന്നു. ചാത്തനാട്ട് ശങ്കരൻ നമ്പൂതിരിപ്പാടെന്ന ആജാനുബാഹു ഒന്നു നോക്കിയാൽ തന്നെ അക്രമികൾ തിരിഞ്ഞോടുമായിരുന്നത്രെ.

എന്റെ അച്ഛനും വലിയച്ഛനും (പരേതരായ മങ്ങത്തായ കേശവൻ നമ്പൂതിരി, ഗോവിന്ദൻ നമ്പൂതിരി) ചാത്തനാട്ട് താമസിച്ചിരുന്നു. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഒരു ഫോട്ടോ അച്ഛൻ ആദരവോടെ സൂക്ഷിച്ചു. കാലപ്പഴക്കത്തിൽ നശിച്ചു.

ചാത്തനാട്ടെ ഗുരു കാരണവന്മാരുടെ സ്മരണയ്ക്കു മുമ്പിൽ ബാഷ്പാഞ്ജലി.

മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി
പെരുമണ്ണ പി ഒ,കോഴിക്കോട്-19, 8129452274

## സ്പോർട്സ് വിഷയങ്ങൾ ഉൾപ്പെടുത്തണം

പുതിയ രീതിയിൽ ഇറക്കിയ ഈ പതിപ്പ് വളരെ നന്നായിരിക്കുന്നു. നമ്മുടെ സംസ്കാരത്തിന് ഉചിതമായ വിഷയങ്ങൾ (ഉപനയനം, സമാവർത്തനം) തുടങ്ങിയവക്ക് പ്രാധാന്യം നൽകിയത് പ്രശംസ അർഹിക്കുന്നു. സ്പോർട്സ് വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ കുറെ കൂടി ആകർഷണീയം ആകും. ഇതിൽ മിടുക്കന്മാർ ആയ കുട്ടികൾ ഉണ്ട് ( ഞങ്ങൾ, യോഗക്ഷേമ സഭ പാലക്കാട് സംഘടിപ്പിച്ച youth cricket festival.)സംസ്ഥാന ലെവലിൽ കളിക്കാൻ പ്രാപ്തരായ വരും പങ്കെടുത്തു. ഇത് മറ്റുള്ളവർക്ക് പ്രചോദനം ആകും.

കിക്ക് ബോക്സിങ് ഫീച്ചർ വായിച്ചപ്പോൾ, കുട്ടിക്കാലം ഓർമ വന്നു. എന്റെ ഇല്ലത്തു ഓണക്കാലത്തു ഓണത്തല്ല് എന്ന വിനോദം ഉണ്ടായിരുന്നു..

പേജ് 122

സാവിത്രി വാസുദേവൻ അന്തരിച്ച വാർത്ത രണ്ട് തവണ കൊടുത്തിരിക്കുന്നു. വ്യത്യസ്തമായ വിവരണം.

നോട്ടപ്പിശക് ആയിരിക്കാം എന്ന് സമാധാനിക്കുന്നു.

ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി, പാലക്കാട്, 9446791722

# വായനക്കാരുടെ പേജ്

## ഓണവിരുന്ന്

ഈ വർഷത്തെ ഓണം എത്താൻ ഇനിയും നാളുകൾ കിടക്കുന്നു. എന്നാൽ എന്റെ ഓണം തുടങ്ങി കഴിഞ്ഞു. അത്രക്കധികം വിഭവങ്ങളാണ് ഈ കൊല്ലത്തെ സ്വസ്തി ഒരുക്കിത്തന്നിട്ടുള്ളത്. ഓരോ താളുകൾ മറിച്ചു കഴിയുമ്പോഴും കൂടുതൽ സ്വാദിഷ്ഠമായ വിഭവങ്ങൾ. ഏതാണ് കൂടുതൽ ആസ്വാദ്യകരം എന്ന് പറയാൻ വിഷമമാണ്. ഒരുവിധത്തിൽ എല്ലാം തന്നെ വായിച്ചു തീർത്തു. പ്രശംസാർഹമായിത്തന്നെ ബി.ബി.എ. കോഴ്സ് പൂർത്തികരിച്ച ശേഷം ക്ഷേത്ര ത്തിൽ തിടമ്പു നൃത്തം തൊഴിലായി സ്വീകരിച്ച യുവാവ് കേശവൻ മുതൽ കാറിന്റെ പഞ്ചറായ ടയർ അഴിച്ചു മാറ്റാൻ ഉത്സാഹിച്ച രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയായ പാർവ്വതി കുട്ടി വരെ എത്ര മനോഹരമായി വിവരിച്ചിരിക്കുന്നു. മാത്രമല്ല ഗുസ്തി, വേദം, കഥകളി യാഗം, ചോറൂണ്, ഉപനയനം, വേളി, ശതാഭിഷേകം തുടങ്ങി അറിഞ്ഞിരിക്കേണ്ട പല പല കാര്യങ്ങളും ഉൾക്കൊണ്ടതാണി വർഷത്തെ സ്വസ്തി ഓണപതിപ്പ് ഇതിനിടയിൽ കടന്നുവന്ന ഹാജിയാരും പള്ളിലച്ചനും ചേർന്ന് പതിപ്പിന്റെ മാറ്റുകൂട്ടി. യാഗശാലയിലെ സഖാക്കളിൽ പലരും ചെറുപ്പക്കാർ എന്ന് ഭവത്രാതന്റെ വാക്കുകൾ ഒന്നമ്പരപ്പിച്ചു. പിന്നെ കാര്യം പിടികിട്ടി. പാഞ്ഞാളോ, ആറ്റൂരോ എന്തെങ്കിലും വിശേഷമുണ്ട് എങ്കിൽ കുഞ്ഞമ്മാമൻ (ആര്യൻമാഷ് ) ആണ് ദേഹണ്ണപുരയിലെ മുഖ്യൻ. തിരക്കൊന്നു ശാന്തമായാൽ അദ്ദേഹത്തിന്നൊരു താമ്പൂലചർവ്വണമുണ്ട്. അത്തരം അവസരങ്ങളിൽ പല പല ഫലിതങ്ങളും തട്ടി വിടും. അക്കൂട്ടത്തിൽ ഒരിക്കൽ വിമാനയാത്രയെ വർണ്ണിച്ചു. 'കുഞ്ചു നമ്മളിപ്പോൾ പാഞ്ഞാളിൽ നിന്നു അറുപതിനായിരം അടി മുകളിലാന്നല്ലേ പറഞ്ഞേ?. ശിവ ശിവ അപ്പൊ അകത്തുള്ളാളും കുട്ടികളു മൊക്കെ ഇത്ര അകലെ ആണ് അല്ലേ?' ഇതുകേട്ട ഞങ്ങൾക്ക് അന്നു മനസ്സിലായില്ല ഈ മഹാരഥന്മാർ വിദേശത്തെ ജൂതപ്പള്ളിയിൽ സാമവേദം ചൊല്ലുവാൻ പോയതായിരുന്നു എന്ന്. ഡോകടർ വി. യം. ഡി യെ പറ്റി എഴുതിയത് വളരെ നന്നായി. ഒരു തരത്തിലുമുള്ള പരസ്യമോ പ്രചാരണമോ ധനലാഭമോ ഇഷ്ടപെടാത്ത ഒരു പ്രഗത്ഭനായ വ്യക്തി. കുട്ടിക്കാലം മുതൽ ഒപ്പം കളിച്ചു വളർന്ന ഒരു കുടുമ്പം. ഞങ്ങൾ കളിച്ചു സമയം കളയും. ദാമോദരൻ സംസ്കൃത ശ്ലോകങ്ങൾ ചൊല്ലി പഠിച്ചുകൊണ്ടിരിക്കും. ആവശ്യത്തിന്നു സംസാരിക്കും. ലളിതമായി വസ്ത്രം ധരിക്കും. നിറകുടം തുളുമ്പില്ല എന്ന ചൊല്ല് ഇവിടെ പ്രസക്തം. സ്വസ്തിക്ക് സർവമഗളവും നേരുന്നു.

തോട്ടുപുറം ശങ്കരൻ

## വിവരണം ശ്ലാഘനീയം

Dr വള്ളൂർ ദാമോദരൻ നമ്പുതിരിയെ കുറിച്ച് ഓണപ്പതിപ്പിൽ വിസ്തരിച്ചത് തികച്ചും അർഹതയുള്ളതായി.

പ്രശസ്ത മനോരോഗ ചികിത്സകനും മെഡിക്കൽ കോളേജുകളിലെ പല റഫറൻസ് (പാഠ)പുസ്തകളുടെ രചയിതാവും പ്രതിഫലേച്ഛയില്ലാത്ത ജനകീയ ചികിത്സയുടെ പ്രയോക്താവുമെല്ലാമായിട്ടും സാധാരണക്കാരുടെ കൂടെ ഇടപെടുന്ന ശ്രീ. VMD ഡോക്ടരെ ഉദയൻ നമ്പൂതിരിപ്പാട് വായനക്കാരിലേക്ക് ചേർത്തു നിർത്തിയിട്ടുണ്ട്. വിവരണം കഴിയുന്നത്ര സമഗ്രമാക്കാനുള്ള ശ്രമവും ശ്ലാഘനീയം.

മാങ്ങോട്ട്രി മുകുന്ദൻ, 9567876329




## ഈശ്വരനായ മനുഷ്യൻ

മേയ് മാസത്തിൽ ഈശ്വരനിൽ ലയിച്ച കേശവ തീരം എം.ഡി. വെദിരമന വിഷ്ണുനമ്പൂതിരി എനിക്കെന്തെല്ലാമോ ആയിരുന്നു. മുമ്പൊരു ലക്കത്തിൽ സ്വസ്തിയിൽ അദ്ദേഹത്തെപ്പറ്റി ഒരു ഫീച്ചർ വന്നിരുന്നു, കഴിഞ്ഞ ലക്കത്തിൽ ശ്രദ്ധാഞ്ജലികളും. എന്റെ അനുഭവത്തിൽ 'മനുഷ്യനായ ഈശ്വരൻ, ഈശ്വരനായ മനുഷ്യൻ' ആയിരുന്നു വിഷ്ണു നമ്പൂതിരി . സാദര പ്രണാമം.

ടി.വി.ശ്രീധരൻ നമ്പൂതിരി
താമരക്കുളം
ഫോ: 9947530640

സ്വസ്തിയുടെ എഡിറ്റോറിയൽ ബോർഡിലെ ശ്രീ. പദ്മനാഭന്റെ സ്നേഹപൂർണമായ നിർബന്ധത്തിനു വഴങ്ങിയാണ് എന്നിലെ പക്കാ അമേച്ച്വർ എഴുത്തുകാരനെ(മിനിമം ഞാൻ അങ്ങനെ വിശ്വസിക്കുന്നു) 'ഗണപതിക്കു വെക്കാൻ'പൂർണവിരാമം എന്നൊരു ഒരു സാഹസത്തിൽ കൂടി മുതിർന്നത്.

വർഷങ്ങൾ കടന്നു പോയി. ഈ എഴുത്തുകാരനു തന്നെ അതു പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ ഉണ്ടായ നിർവൃതി ഏതാണ്ട് സീറോ ലിമിറ്റിൽ ആയി. അവിടെ നിന്നും ആ നിർവൃതി ഉയിർത്തെഴുന്നേറ്റ ഒരു സംഭവം സ്വസ്തിയോട് പറയാതെ വയ്യാത്തതിനാൽ ഈ ചെറുകുറിപ്പ്.

വടക്കൻ പുകയിലയുടെ ഒരു നീറ്റം, തിരുവാഴിയോടൻ തളിർ വെറ്റിലയുടെ മാന്ത്രിക സുഖം, ഇതൊരു മുറുക്കുകാരന്റെ അൾട്ടിമേറ്റ് അനുഭൂതിയാണ്. പ്രത്യേകിച്ച് യാതൊരു പരിപാടിയുമില്ലാതെ,അല്പം മുറുക്കാൻ വാങ്ങാം എന്ന ലക്ഷ്യത്തിലാണ് ഇന്നലെ ചെർപ്പുളശ്ശേരിയിലെ എന്റെ പതിവ് മുറുക്കാൻ കടക്കാരൻ ഹംസയുടെ അടുത്തെത്തിയത്.എന്റെ ക്വട്ടാ മുറുക്കാൻ പൊതിഞ്ഞു തരുന്നതിനിടയിലാണ് (പ്രസ്തുത കടത്രീ -ഇൻ -വൺ ആണ്. സ്റ്റേഷനറി-മണി എക്സ്ചേഞ്ച്-വെറ്റില, പുകയില) അവിടുത്തെ സ്റ്റേഷനറിയിലെ ചെറുപ്പക്കാരൻ എന്നെ വിളിച്ചത്.

മേശപ്പുറത്തു സ്വസ്തിയുടെ 2023 ജൂലൈ ലക്കം ഇരിക്കുന്നു. വിൽപ്പന സാധനങ്ങൾ പൊതിഞ്ഞു കൊടുക്കാൻ കൊണ്ടുവന്ന പേപ്പർ കെട്ടിൽ നിന്നും കെട്ടും മട്ടും കണ്ടു അവൻ വായിക്കാനായി മാറ്റിവെച്ചതായിരുന്നു അത്. ആ 'ബല്ലാത്ത പഹയൻ' ആ ത്രയ് മാസിക മുഴുവൻ വായിച്ച കൂട്ടത്തിൽ എന്റെ ഫോട്ടോ കണ്ടു, അനുഭവ കഥ വായിച്ചു.അതിന്റെ സന്തോഷം അറിയിക്കാനാണ് അതു പൊതിഞ്ഞു കൊടുക്കാൻ കീറാതെ സൂക്ഷിച്ചു വെച്ചിരിക്കുന്നത്.

പ്രിയ സ്വസ്തി, ഇതിലും വലിയ ഒരു അവാർഡ് കിട്ടാനുണ്ടോ? ദേശീയ പുരസ്കാരത്തിനു തുല്യം- നമ്പൂതിരി സംസ്കാരവുമായി ഒരു ബന്ധവും ഇല്ലാത്ത ഒരു സഹൃദയന്റെ മനസ്സിൽ സൃഷ്ടിച്ച ആ അനുരണനം.സ്വസ്തിക്ക് ജയ്!

ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി
കാടമ്പറ്റ മന, ചളവറ
പാലക്കാട്, 9446882056

# പൂർവ്വസൂരികളെ ആദരിച്ചതിനു നന്ദി

ഒരു സൗഹൃദ സംഭാഷണമെന്നാണ് ആദ്യം കരുതിയത്. പക്ഷേ അതു മാത്രമല്ല എന്നു മനസ്സിലായത് കാലതാമസമന്യേ സംസാരിച്ച വിഷയങ്ങളുടെ മിക്ക ഭാഗങ്ങളും അക്ഷര രൂപത്തിൽ 'സ്വസ്തി'യുടെ ഓണപതിപ്പിൽ പ്രത്യക്ഷപെട്ടപ്പോളാണ്.

ശ്രീ ഉദയൻ നമ്പൂതിരിപ്പാടിന്റെ ലേഖനങ്ങൾ സ്വസ്തിയിൽ പലപ്പോഴായി വായിച്ചിട്ടുണ്ട്. നേരിൽ പരിചയപ്പെടണ മെന്ന ആഗ്രഹവും എനിക്കുണ്ടായിട്ടുണ്ട്. ഓർക്കാപ്പുറത്ത് അദ്ദേഹം ഫോണിൽ ബന്ധപെട്ടു. കുറച്ചു മാസങ്ങൾക്കു മുമ്പ്. 'പരിചയപ്പെടണമെന്നുണ്ട്, എന്നാണ് സൗകര്യം '? എന്നു ചോദിച്ചു. എന്നായാലും സന്തോഷമാണ് എന്നു മറുപടി പറഞ്ഞു. അതിന്റെ പരിണിത ഫലമായിരുന്നു അദ്ദേഹത്തിന്റെ സന്ദർശ്ശനവും സൗഹൃദം പങ്കിടലും .

ഒരു മാദ്ധ്യമ പ്രവർത്തകന്റെ വിജയം തന്റെ ജോലിയുടെ മൂന്ന് ഘട്ടങ്ങളിലെ വിജയത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു ഞാൻ കരുതുന്നു. സമ്പാദനം, സംയോജനം, സംവേദനം എന്നിവയാണ് അവ .സംവാദകന് അലോസരം തോന്നാത്ത വിധത്തിൽ ചോദ്യങ്ങൾ രൂപപ്പെടുത്തി ആവശ്യമായ വിവരങ്ങൾ ക്ഷമാപൂർവ്വം ശേഖരിക്കുകയെന്നതാണ് സമ്പാദനം. ലഭിച്ച വിവരങ്ങൾ വസ്തുനിഷ്ഠയോടെ അപഗ്രഥിച്ചു പതിരുകളുണ്ടെങ്കിൽ നീക്കുകയാണ് സംയോജനം .മുന്നാമത്തെ ഘട്ടമാണ് പ്രാധാന്യമർഹിക്കുന്നത്. തയ്യാറാക്കിയ വിവരങ്ങൾ ആനുകാലിക പ്രസക്തി കണക്കിലെടുത്തും അനുവാചകരുടെ രുചിയറിഞ്ഞും ഹൃദയത്തിലേക്ക് എത്തിക്കുകയാണ് സംവേദനം. ഈ മൂന്നു ഘട്ടങ്ങളേയും അനായാസേന കൈകാര്യം ചെയ്യുന്നതിലുള്ള നൈപുണ്യം ,എന്നെ പറ്റിയുള്ള ലേഖനത്തിലൂടെ ഉദയൻ നമ്പൂതിരിപ്പാട് വ്യക്തമാക്കിയിട്ടുണ്ട്. അതിലെ ഉള്ളടക്കത്തെ പറ്റി ഞാൻ പ്രതികരിക്കാൻ പാടില്ലാത്തതാണ്. കേൾക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ പ്രശംസാ രൂപത്തിൽ കാണുമ്പോൾ എനിക്കും തലക്കനം വന്നുചേരുമോ എന്നു ഭയപ്പെടുന്നു. എന്റെ ശ്രേയസ്സുകൾക്കെല്ലാം ആധാരഭൂതരായ, അനുഗ്രഹങ്ങൾ ചൊരിഞ്ഞു തന്ന പൂർവ്വസൂരികളെ ആദരിച്ചതിനു സ്വസ്തിക്കും ഉദയൻ നമ്പുതിരിപ്പാടിനും നന്ദി രേഖപ്പെടുത്തുന്നു.

ഡോ. വി.എം. ഡി നമ്പുതിരി
സേവന മൾട്ടി സ്പെഷാലിറ്റി ജനറൽ ഹോസ്പിറ്റൽ
പട്ടാമ്പി, മൊ നമ്പർ.9562494007.




*മനോരമ ഓൺലൈൻ സി ഇ ഒ മറിയം മാമ്മൻ മാത്യുവിന് സ്വസ്തി ഓണപ്പതിപ്പ് സമ്മാനിക്കുന്നു*

## യോഗക്ഷേമസഭ സംസ്ഥാന ഭാരവാഹികൾ



അഡ്വ. പി.എൻ.ഡി നമ്പൂതിരി
പ്രസിഡണ്ട്,



പി.എൻ. ദാമോദരൻ നമ്പൂതിരി
ജനറൽ സെക്രട്ടറി, 9446029133




ടി.കെ. ശ്രീകുമാർ,
ട്രഷറർ, 99447518280

## യോഗക്ഷേമസഭ ജില്ലാ ഭാരവാഹികൾ

### ആലപ്പുഴ





ഡോ ഇ കൃഷ്ണൻ നമ്പൂതിരി. പ്രസിഡണ്ട്. 8547427990 കെ. ഈശ്വരൻ നമ്പൂതിരി. സെക്രട്ടറി, 9446118444, രാധാകൃഷ്ണൻ നമ്പൂതിരി. ട്രഷറർ.9447155547


### പത്തനംതിട്ട





ഹരികുമാർ നമ്പൂതിരി. പ്രസിഡണ്ട്, 9446116554, ശ്രീവല്ലഭം കൃഷ്ണൻ നമ്പൂതിരി. സെക്രട്ടറി, 9496266127, സന്ദീപ് നമ്പൂതിരി. ട്രഷറർ, 9447454847

### പാലക്കാട്






അഡ്വ കെ ദിവാകരൻ. പ്രസിഡണ്ട്, 9447621901, മുരളി പരിപ്പായി. സെക്രട്ടറി, 9446557499, കൃഷ്ണൻ നമ്പൂതിരി. ട്രഷറർ, 9495135953


### കണ്ണൂർ






ടി.സി. മാധവൻ നമ്പൂതിരി. പ്രസിഡണ്ട്, 9400723833, കെ.വി. വാസുദേവൻ നമ്പൂതിരി. സെക്രട്ടറി, 9495417977, വി.കെ.കൃഷ്ണൻ നമ്പൂതിരി. ട്രഷറർ, 9449731952

### കോഴിക്കോട്






എം ഗംഗാധരൻ നമ്പൂതിരി, പ്രസിഡണ്ട്, 9400584267, ശങ്കരൻ നമ്പൂതിരി. സെക്രട്ടറി, 9946438951, പി. നാരായണൻ മൂസത്. ട്രഷറർ, 9446356270

### കോഴിക്കോട് വനിതാസഭ





സ്വപ്ന ഉമാശങ്കർ, പ്രസിഡണ്ട്, രാജി മാളിക, സെക്രട്ടറി. ഗിരിജ മരുതാട്ട്, ട്രഷറർ

# യോഗക്ഷേമസഭ ജില്ലാ ഭാരവാഹികൾ


## മലപ്പുറം





*അഡ്വ :എറിയാട് ഉണ്ണികൃഷ്ണൻ, പ്രസിഡന്റ് 94474 17457: 93497 67519, ഡോ അഭിലാഷ് പള്ളിപ്പുറം, സെക്രട്ടറി, 9447418457, K.M.ഉദയൻ നമ്പൂതിരിപ്പാട്, ട്രഷറർ, 94474 17457 : 82819 26325*

## കോട്ടയം






*ഡോ. കെ.എസ് രാജ് കുമാർ, പ്രസിഡണ്ട്, 9895950092, ജയ ഉണ്ണികൃഷ്ണൻ, സെക്രട്ടറി. 6238236139, ജി. ഉണ്ണി കൃഷ്ണൻ, ട്രഷറർ. 9947653860*

## വയനാട്





*മേക്കാട് ശങ്കരൻ നമ്പൂതിരി. പ്രസിഡണ്ട്. 9495741766, താമരക്കുളം ഉണ്ണികൃഷ്ണൻ നമ്പൂതിരി സെക്രട്ടറി. 8281869374, ശങ്കരനാരായണൻ എം.ഇ. ട്രഷറർ, 9746875727*

## കാസർഗോഡ്





*എ.പി. ശ്രീനിവാസൻ. പ്രസിഡണ്ട്. 9446695996, ടി. ഗോവിന്ദൻ നമ്പൂതിരി. സെക്രട്ടറി. 9744915121, ഇ. ശ്രീധരൻ എമ്പ്രാന്തിരി. ട്രഷറർ. 8547097711*

## എറണാകുളം






*പി വി ശിവദാസ്, പ്രസിഡന്റ്. മൊബൈൽ 94471 74500 കെ പി നാരായണൻ, സെക്രട്ടറി, മൊബൈൽ :9446533274 സുജിൽ ടി കെ, ട്രഷറർ. മൊബൈൽ :99950 87896*

## തൃശൂർ





*എൻ.കെ. ശ്രീകുമാർ. പ്രസിഡണ്ട്, 7013733672, ദേവൻ കറേക്കാട് (കെ.കെ.വാസുദേവൻ) സെക്രട്ടറി. 9846874392, ടി എൻ രവീന്ദ്രനാഥ്, ട്രഷറർ, 9847198518*

## തിരുവനന്തപുരം





*ബി.ഗോവിന്ദൻ പോറ്റി. പ്രസിഡണ്ട്, 9447206852, എം.വി.സുബ്രഹ്മണ്യൻ, സെക്രട്ടറി 9562638209, എസ്.ദാമോദരൻ പോറ്റി, ട്രഷറർ, 9495152702*

## കൊല്ലം





*എസ്.ഹരികുമാർ ശർമ്മ. പ്രസിഡണ്ട്, 9946323439, കൃഷ്ണപുരം സുരേഷ് പോറ്റി. സെക്രട്ടറി,9349463740, ഡി സുരേഷ് കുമാർ. ട്രഷറർ, 9961057968*





# സമന്വയത്തിൽ 'യുവ' തിളക്കം...

**അതുൽ കക്കാട്**



യോഗക്ഷേമ സഭ സംസ്ഥാന സമ്മേളനം ആയ സമന്വയത്തിൽ ബഹുമാനപ്പെട്ട കേരള ഗവർണർ വിശ്വനാഥ രാജേന്ദ്ര അർലേക്കർ ഉദ്ഘാടനം നിർവഹിച്ചു.തുടർന്ന് സ്വാഗത ഗാന നൃത്തതോടെ തുടങ്ങിയ കലാപരിപാടിയിൽ എല്ലാ ജില്ലകളിലെ ആളുകളും പങ്കെടുത്തു.

ഇരുപതാം തീയതി വൈകുന്നേരം നടന്ന യുവം 2025 എന്ന യുവജന സമ്മേളനം കഴിഞ്ഞ വർഷങ്ങളെക്കാളും യുവജനങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമായി. ബിസിനസ് മേഖലയിലെ അനുഭവങ്ങൾ, ഇപ്പോഴത്തെ രീതി, പ്രസക്തി എന്നിവയെ കുറിച്ച് ബ്രാഹ്മിൻസ് ഗ്രൂപ്പ് എം.ഡി. ശ്രീനാഥ് വിഷ്ണുവിന്റെ വാക്കുകൾ യുവജനങ്ങൾക്ക് പ്രചോദ നമായി. വ്യത്യസ്ത മേഖലയിൽ കഴിവ് തെളിയിച്ച 12 പേർക്ക് യുവ ശ്രേഷ്ഠ പുരസ്കാർ നൽകി ആദരിച്ചു. പാട്ട്, മിമിക്രി തുടങ്ങിയ പരിപാടികൾ യുവം 25 ന്റെ ഭംഗി വർദ്ധിപ്പിച്ചു.വളണ്ടിയർ കമ്മിറ്റി ക്കു നേതൃത്വം നൽകിയ യുജനങ്ങളുടെ ഘോഷയാത്രയിലെ പങ്കാളിത്തവും വരും പരിപാടികൾക്ക് കരുത്തു കൂട്ടും വിധം ആയിരുന്നു.അഭിപ്രായ വ്യത്യാസം ഒട്ടുമില്ലാതെ ഞങ്ങൾ ഒന്നാണ് എന്ന് പറഞ്ഞു കൊണ്ട് അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തതും യുവജനങ്ങൾക്കിടയിലെ ഒത്തൊരുമ വെളിവാക്കുന്നതായിരുന്നു.

അതുൽ കക്കാട്
സെക്രട്ടറി
യോഗക്ഷേമ സഭ യുവജന വിഭാഗം
ഇലക്ട്രിക്കൽ എൻജിനീയർ

## സഭാ വാർത്തകൾ



**ചേവായൂർ ഉപസഭ:** ഏപ്രിൽ 5,6 തിയതികളിലായി ചേവായൂർ ഉപസഭയുടെ നേതൃത്വത്തിൽ ആസ്ഥാനമന്ദിരത്തിൽ വെച്ച് ജില്ലയിലെ കുട്ടികൾക്കായി ചെസ്സ്, ചിത്രരചന പരിശീലന ക്യാമ്പ് നടത്തി. മനോജ് എം.സി., നാരായണൻ മൂസത്. പി. എന്നിവർ ചെസിലും ഡോ.ജി.എസ്. നാരായണൻ നമ്പൂതിരി, ധന്യ (മ്യൂറൽ ആർട്ടിസ്റ്റ്) എന്നിവർ ചിത്രരചനയിലും ക്ലാസ്സുകൾ എടുത്തു. വിവിധ ഉപസഭകളിൽ നിന്നായി 10 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. പങ്കെടുത്ത കുട്ടികൾക്ക് സർട്ടിഫിക്കറ്റുകളും ഉപഹാരങ്ങളും സമ്മാനിച്ചു.

ഓണാഘോഷം ഉത്രാടം നാൾ ജില്ലാ ആസ്ഥാന മന്ദിരത്തിൽ നടന്നു. മലയാളം സർവകലാ ശാല സെനറ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ഡോ: സി. മഹേഷിനെ ചടങ്ങിൽ ആദരിച്ചു.
തുടർന്ന് അംഗങ്ങളുടെയും കുട്ടികളുടെയും കലാപരി

പാടികളും ഫൺ ഗെയിംസും ഗംഭീര മായ ഓണസദ്യ യും നടന്നു.ഓണാഘോഷ പരിപാടികളുടെ ഭാഗമായി ഉപസഭയിലെ മുതിർന്ന അംഗങ്ങളായ മണിയഞ്ചേരി ഗിരിജാ അന്തർജ്ജനം, ശ്രീദേവി കക്കാട്, മരുതാട്ട് സാ വിത്രി അന്തർജ്ജനം ശ്രീ പൂളമണ്ണ രാമൻ മൂസ്സത്, പത്നി ശ്രീമതി ദേവിക അന്തർജനം, ശ്രീ ഇടിയിൽ ശ്രീനിവാസൻ മൂസ്സ ത്, ശ്രീ. നാരായണൻ നമ്പൂതിരി, ചോട്ടുഘർ,ശ്രീ പാടേരി നാരായണൻ നമ്പൂതിരിപ്പാട്, ശ്രീ ചെമ്പകശ്ശേരി കേശവൻ നമ്പൂതിരി, ശ്രീ P. M.ബാ ലകൃ ഷ്ണൻ മൂസ്സത്, ജ്യോതിസ് ആദരിച്ചു സ്നേ ഹോപഹാരങ്ങൾ കൈമാറി.

**ബാലുശ്ശേരി ഉപസഭ:** ഓണാഘോഷം 2025 സെപ് റ്റംബർ 6ന് നടന്ന ഉച്ചയൂണിന് ശേഷം റിട്ടയേർഡ് കേരള ഗ്രാമീൺ ബാങ്ക് ജനറൽ മാനേജർ അരീക്കുഴി കൃഷ്ണൻ കുട്ടികളുടെ ഭാവി എങ്ങനെ ഉജ്ജ്വലമാക്കാം എന്നതിനെ ക്കുറിച്ച് സംസാരിച്ചു. മ്യൂസിക്കൽ ചെയർ, ബോൾ പാസിംഗ്, ബലൂൺ പൊട്ടിക്കൽ, മിഠായി പെ റുക്കൽ, കുപ്പിയിൽ വെള്ളം നിറയ്ക്കൽ, സുന്ദരിക്ക് പൊട്ടുകുത്തൽ, ഉറിയടി, വടംവലി എന്നീ ഓണക്കളി കളോടുകൂടി പരിപാടികൾ അവസാനിച്ചു.

**കൊയിലാണ്ടി ഉപസഭ:** ഓണാഘോഷം, കുടുംബ സംഗമം, പാദവാർഷിക സമ്മേളനം നിയുക്ത ഉത്തര മേഖല സെക്രട്ടറി ഡോ. രാമകൃഷ്ണഹരി ഉദ്ഘാട നം ചെയ്തു. പരിപാടി യിൽ 100 ൽ അധികം സഭാം ഗങ്ങൾ പങ്കെടുത്തു.

**കുന്ദമംഗലം ഉപസഭ:** കുടുംബസംഗമവും ഓണാഘോ ഷവും ആഗസ്ത് 30 ശനിയാഴ്ച കൂഴക്കോട് യു.പി.സ്കൂ ളിൽ വെച്ച് നടന്നു. എഴുപതോളം പേർ പങ്കെടുത്തു. ഉപസഭയിലെ എല്ലാ ഇല്ലങ്ങളും സന്ദർശിച്ച് മെമ്പർഷിപ്പ് 55ൽ നിന്ന് 134ലേയ്ക്ക് ഉയർത്താൻ സാധിച്ചു. പരീ ക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികളെയും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളെയും അനുമോദിച്ചു. രാമായണ മാസാചരണത്തോടനുബ ന്ധിച്ച് നടത്തിയ രാമായണ പാരായണത്തിൽ ഏറ്റവും സജീവമായി പങ്കെടുത്ത ശ്രീമതി. മാധവി അന്തർജ്ജ നം പാതിരിശ്ശേരി, ശ്രീമതി.മഞ്ജുള എടയ്ക്കാട്ട് , ശ്രീ. വിഷ്ണു നമ്പൂതിരി പുല്ലങ്ങോട്ട് എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. ഉപസഭാംഗങ്ങൾ എല്ലാവരും സ്വയം പരിചയപ്പെടുത്തുകയും സഭയിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നു എന്നത് പങ്കുവെക്കുകയും ചെയ്തു. വിവിധ കലാപരിപാടികളും കൈകൊട്ടിക്കളി, വിവിധ ഗെയിമുകൾ, സർപ്രൈസ് നറുക്കെടുപ്പ് എന്നിവ നടന്നു. സംസ്ഥാന സമ്മേളനത്തിന് (സമന്വയം 2025) സഭാംഗ ങ്ങൾ ഒന്നാകെ ഒരു വീഡിയോയിലൂടെ ആശംസകൾ അറിയിച്ചു.

**മുയിപ്പോത്ത് ഉപസഭ:** ഓണാഘോഷ പരിപാടി സെ പ്തംബർ 3 ന് കലാപരിപാടികളോടേയും ഓണ സദ്യ യോടും കൂടി നടന്നു. ഉപസഭാംഗങ്ങൾ പരസ്പരം ഓണാശംസകൾ നേരുകയും പരിചയപ്പെ ടുത്തി സം സാരിക്കുകയും ചെയ്തു. ചിങ്ങമാ സത്തിൽ കൃഷ്ണ



*കോഴിക്കോട് ജില്ലയുടെ അഭിമാനമായ ഡോക്ടർ കലാമണ്ഡലം നവനീത്, പെരുമ്പാവൂരിൽ വച്ച് നടന്ന സംസ്ഥാന യോഗക്ഷേമ സഭ സമ്മേളനത്തിൽ യുവ ശ്രേഷ്ഠ പുരസ്കാരം ഏറ്റുവാങ്ങുന്നു.*

ഗാഥ പാരായണം നടത്തി.
തിരുവാതിരക്കളിയും വിവിധ കലാപരി പാടികൾ കസേ രകളി, സുന്ദരിക് പൊട്ടുകുത്തൽ, ഡാൻസ് പാട് പാ ടൽ തുടങ്ങിയ മത്സര പരിപാടികൾ പൂക്കള മൽസരം എന്നിവ നടത്തി.

**കോടഞ്ചേരി ഉപസഭ:** ശ്രാവണം ഓണാഘോഷ പരി പാടി ആഗസ്റ്റ് 30ന് മുറമ്പാത്തി കാക്കാർ പള്ളി ഇല്ലത്ത് വെച്ച് നടന്നു. പ്രമുഖ പുല്ലാങ്കുഴൽ വിദഗ്ധൻ കെ. ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ പുല്ലാങ്കുഴൽ വായന ഓണാഘോഷത്തെ സംഗീത സാന്ദ്രമാക്കി.. ത്രയംബ കം പരിപാടിയിൽ നടന്ന രാമായണ പ്രശ്നോത്തരിയി ലെ വിജയികളായ, ശാന്തകുമാരി, സവിത, സാവിത്രി എന്നിവർക്ക് യോഗത്തിൽ വെച്ച് ഉപഹാരങ്ങൾ നൽകി. ഓണസദ്യക്ക് ശേഷം സഭാംഗങ്ങളുടെ തിരുവാതിര, നൃത്തം, ഓണക്കളികൾ എന്നിവ അരങ്ങേറി.

**താമരശ്ശേരി ഉപസഭ:** ഓണാഘോഷ പരിപാടി ആഗസ്റ്റ് 28ന് കളം കേശവൻ നമ്പൂതിരിയുടെ ഇല്ലത്ത് വെച്ച് കലാ, കായിക മത്സരങ്ങളോടെയും വിഭവസമൃദ്ധമായ സദ്യയോടും കൂടി ആഘോഷിച്ചു ലക്കി വിന്നർക്കുള്ള സമ്മാനവിതരണം ജില്ലാ സെക്രട്ടറി കോരമ്പറ്റ ശങ്കരൻ നമ്പൂതിരി നടത്തി.

**സിറ്റി ഉപസഭ:** ആഗസ്റ്റ് 6 നു തിരുവണ്ണൂർ സ്വാതികലാ കേന്ദ്രത്തിൽ സിറ്റി ഉപസഭയുടെ 'രാമായണ സമ്പൂർണ പാരായണ' യജ്ഞത്തിന് ശുഭാരംഭമായി. തിരുവണ്ണൂർ, പാറപ്പുറം, ബേപ്പൂർ, പൊറ്റമ്മൽ, ഗോവിന്ദപുരം, എടക്കാ ട് , കാരപ്പറമ്പ് ഭാഗങ്ങളിൽ നിന്നുള്ള സഭാംഗങ്ങളുടെ സാന്നിദ്ധ്യവും , പാരായണവും എടുത്തു പറയേണ്ടതാ ണ്.ഉച്ചയോടെപ്രശസ്ത സംഗീതജ്ഞനും ഗാനരചയി താവുമായ ബ്ര ഹ്മശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി എത്തിച്ചേരുകയും രാമായണ സന്ദേശം നൽകുകയും ചെയ്തത് വളരെ സന്തോഷകരമായ അനുഭവമായി. 75ാം പിറന്നാൾ ആഘോഷിക്കുന്ന ബ്രഹ്മശ്രീ കൈത പ്രത്തെ ഉപസഭാ പ്രസിഡന്റ് പൊന്നാട അണിയിച്ച് ആദരിച്ചു.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



## ഡോ.മാധവൻ ഭട്ടതിരി

തിരുവനന്തപുരം: മെഡിക്കൽ ബയോകെമിസ്ട്രി രംഗത്തെ പ്രമുഖ ശാസ്ത്ര ജ്ഞനും അധ്യാപകനും നൊബേൽ പുരസ്കാര ജൂറി അംഗവുമായിരുന്ന ചെങ്ങന്നൂർ ഇടവൂർ മഠത്തിൽ ഡോ. മാധവ ഭട്ടതിരി (97) അന്തരിച്ചു. ഏറെക്കാലമായി തിരുവനന്തപുരം പൈപ്പിൻമൂട് എസ്.എൻ.ആർ.എ. ലയ്നിലുള്ള മഠത്തിലായിരുന്നു താമസം. 1985-ലെ കെമിസ്ട്രി നൊബേൽ സമ്മാന ജേതാവിനെ നിശ്ചയിക്കാനുള്ള അഞ്ചംഗ ജൂറിയിൽ അംഗമായിരുന്നു ഡോ. മാധവ ഭട്ടതിരി. പ്രമേഹത്തെക്കുറിച്ചുള്ള പഠനത്തിൽ പിഎച്ച്.ഡി. നേടിയ മാധവ ഭട്ടതിരി, ബയോ കെമിസ്ട്രിയിൽ അമേരിക്കയിലെയും കാനഡയിലെയും വിവിധ സർവകലാശാലകളിൽ അധ്യാപകനുമായിരുന്നു. തിരുവൻവണ്ടൂരിൽ ജനിച്ച അദ്ദേഹം, ബിരുദം നേടിയത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നായിരുന്നു. ലോകാരോഗ്യ സംഘടനയിലും ഐക്യരാഷ്ട്രസഭയിലും പ്രവർത്തിച്ചിട്ടുണ്ട്. മാലതി ഭട്ടതിരിയാണ് ഭാര്യ. മക്കൾ: മാധുരി, ഡോ. മനു, ഡോ. മാലിനി. മരുമക്കൾ: ദാമോദരൻ നമ്പൂതിരി, നീന ഭട്ടതിരി, ശ്രീകാന്ത്.



**ശങ്കരൻ നമ്പൂതിരി**

വേട്ടയ്ക്കൊരു മകൻ കളം പാട്ട് ചടങ്ങിലെ പ്രധാന കോമരം നരിക്കുനി വള്ളിവട്ടത്തില്ലം ശങ്കരൻ നമ്പൂതിരി (74) വിഷ്ണുപാദം പൂകി. 150 ൽ പരം പന്തീരായിരം (12,000 നാളികേരമെറിയൽ) നടത്തിയ ഇദ്ദേഹത്തിന് ധാരാളം പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. നിലമ്പൂർ കോവിലകം വേട്ടയ്ക്കൊരു മകൻ ക്ഷേത്രം, തൃക്കലങ്ങോട്ടൂർ ശിവക്ഷേത്രം, ഇരട്ടക്കുളങ്ങര പരദേവത ക്ഷേത്രം തുടങ്ങിയ നിരവധി ക്ഷേത്രങ്ങളിലേയും, തറവാടുകളിലെയും വേട്ടയ്ക്കൊരു മകൻ കളം പാട്ടിലെ പ്രധാന കോമരം ആയിരുന്ന ഇദ്ദേഹത്തിന്റെ ഭാര്യ ഹരിപ്പാട് നാണമ്പാട്ട് ഇല്ലത്ത് ശ്രീദേവി അന്തർജ്ജനമാണ്. മക്കൾ: പാർവ്വതി (സൈന്റിസ്റ്റ്, യു കെ), ശ്രുതി (അധ്യാപിക കെ എം എച്ച് എസ് എസ് കുറ്റൂർ നോർത്ത്), ശരണ്യ, ശ്രീരാം (അസി: മാനേജർ കേരള ഗ്രാമീണ ബാങ്ക് അമ്പലത്തറ). മരുമക്കൾ: നരിക്കുനി എടമന ജിതിൻ ശർമ്മ, ശ്രീകാന്ത് നമ്പൂതിരി കൽപ്പകശ്ശേരി. സഹോദരങ്ങൾ: ശ്രീദേവി അന്തർജനം, നാരായണൻ നമ്പൂതിരി, ഉമാദേവി അന്തർജനം, പാർവ്വതി അന്തർജനം, ദേവകി അന്തർജനം, പരേതനായ രാമൻ നമ്പൂതിരി.



**ശങ്കരൻ നമ്പൂതിരിപ്പാട്**

ഇരിട്ടി: കേന്ദ്രമന്ത്രി ജോർജ്ജ് കുര്യന്റെ ഓഫിസ് അംഗം സോഹൻലാൽ ശർമ്മയുടെ പിതാവും റിട്ട. അദ്ധ്യാപകനുമായ മുഴക്കുന്ന് കാമ്പ്രത്ത് ഇല്ലത്ത് കെ. ശങ്കരൻ നമ്പൂതിരിപ്പാട് (83) അന്തരിച്ചു. ആർ എസ് എസ് ദൃഷ്ടിയിൽ 1974ൽ ഇരിട്ടി താലൂക്ക് രൂപീകരിച്ചപ്പോൾ ആദ്യത്തെ താലൂക്ക് കാര്യവാഹ് ആയി പ്രവർത്തിച്ച അദ്ദേഹം അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഇതിനെതിരെ സമര ഭടന്മാരെയും മറ്റും സംഘടിപ്പിക്കുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ച വ്യക്തിയായിരുന്നു. കണ്ണൂർ ജില്ലാ കാര്യവാഹ്, ജില്ലാ ബൗദ്ധിക് പ്രമുഖ്, ജില്ലാ ശാരീരിക് പ്രമുഖ്, വിശ്വഹിന്ദു പരിഷത്ത് കണ്ണൂർ ജില്ലാ പ്രസിഡന്റ്, ബാലഗോകുലം ജില്ലാ സിക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: റിട്ട. അദ്ധ്യാപിക സരസ്വതി. മറ്റ് മക്കൾ: സോജൻ ലാൽ ശർമ, സോന, സോജ, സോയ. മരുമക്കൾ: പരമേശ്വരൻ (പയ്യന്നൂർ), ശിവദാസ് (കാഞ്ഞങ്ങാട്), ഗണേഷ് (മയ്യിൽ), രമ (തളിപ്പറമ്പ്), സൗമ്യ(നിലേശ്വരം). സഹോദരങ്ങൾ: പരമേശ്വരൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, പാർവ്വതി, സാവിത്രി, പരേതരായ ശ്രീദേവി, ദേവകി.



**ഇ കെ ബാബു നമ്പൂതിരി**

തളിപ്പറമ്പ പട്ടുവം മുള്ളൂലിലെ ഇ കെ ബാബു നമ്പൂതിരി (65) അന്തരിച്ചു. ടി ടി കെ ദേവസ്വം മുൻ എക്സിക്യൂട്ടീവ് ഓഫീസറാണ്

പരേതരായ ഇളയടത്ത് കൊളശേരി ഭവ ശർമ്മൻ നമ്പൂതിരിയുടെയും (റിട്ട: അധ്യാപകൻ അരിയിൽ യു പി സ്കൂൾ) - ശ്രീദേവി അന്തർജനത്തിന്റെയും മകനാണ്. ഭാര്യ: വത്സല അന്തർജനം (കൊയിലാണ്ടി. മക്കൾ :അരവിന്ദ് (മാനേജർ, സൈഡസ് ഫാർമസ്യൂട്ടിക്കൽസ് കമ്പനി, ഏറണാകുളം), ശ്രീകാന്ത് (അധ്യാപകൻ, ഹയർ സെക്കണ്ടറി സ്കൂൾ, അറക്കുളം, ഇടുക്കി), ശരണ്യ ( അധ്യാപിക, എളങ്കൂർ ഹൈസ്ക്കൂൾ, മലപ്പുറം). മരുമക്കൾ: ടി എസ് രശ്മി (ഏറണാകുളം), ശ്രീദേവി (ഏറ്റുമാനൂർ), സനൽ കുമാർ (പൂങ്കുടിൽ മന മഞ്ചേരി). സഹോദരങ്ങൾ: മീര അന്തർജനം ( മണിയറ പെരിങ്ങോട് ഇല്ലം കൈതപ്രം), രാജൻ (മുള്ളൂൽ), ഇന്ദിര അന്തർജനം (ചായേടത്ത് ഇല്ലം ,ബാലുശേരി, കൊയിലാണ്ടി), സുജാത അന്തർജനം (റിട്ട: അധ്യാപിക, എളങ്കൂർ, മഞ്ചേരി), ഗായത്രി അന്തർജനം (മലാപറമ്പ് ,കോഴിക്കോട്).



**ഡോ. എ.മാലതി**

തിരുവനന്തപുരം മുൻ മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മകളും മുതിർന്ന ശിശു രോഗവിദഗ്ധയുമായ ഡോ. എ. മാലതി ദാമോദരൻ(87) വിഷ്ണുപാദം പൂകി. ഏറെനാളായി രോഗാതുരയായിരുന്നു. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യനിൽ സീനിയർ റിസർച്ച് ഓഫീസറും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ശിശുരോഗവിദഗ്ധയുമായിരുന്നു. വിരമിച്ചശേഷം തിരുവനന്തപുരം ശാസ്തമംഗലം ശ്രീരാമകൃഷ്ണ മിഷൻ ആശുപത്രിയിലും ജോലി ചെയ്തു. പരേതയായ ആര്യാ അന്തർജനമാണ് അമ്മ. ശാസ്ത്രജ്ഞനും സിഎസ്ഐആർ മുൻ ഡയറക്ടറുമായ പരേതനായ ഡോ. എ.ഡി. ദാമോദരൻ ആണ് ഭർത്താവ്. മക്കൾ: പ്രൊഫ. സുമംഗലാ ദാമോദരൻ(ഡൽഹി സർവകലാശാല), ഹരീഷ് ദാമോദരൻ(റൂറൽ എഡിറ്റർ ഇന്ത്യൻ എക്സ്പ്രസ്, ഡൽഹി). മരുമക്കൾ: ഡോ. സൗമ്യജിത് ചാറ്റർജി(ഡൽഹി സർവകലാശാല), ഷീല(എൻജിനിയർ, ബഹ്റൈൻ). ഇ.എം.രാധ, പരേതരായ ഇ.എം. ശ്രീധരൻ, ഇ.എം. ശശി എന്നിവർ സഹോദരങ്ങളാണ്.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സരസ്വതി അന്തർജ്ജനം**

കിളിമാനൂർ, പുല്ലയിൽ അറപ്പുര മഠത്തിൽ പരേതനായ ഈശ്വരൻ പോറ്റിയുടെ സഹധർമ്മിണി, സരസ്വതി അന്തർജ്ജനം (89) വാർധക്യ സഹജമായ അസുഖംമൂലം വിഷ്ണുപാദം പൂകി.




**വാസുദേവൻ നമ്പൂതിരി**

ഷൊർണൂർ: കാരക്കാട് മാന്നാനംപറ്റമന വാസുദേവൻ നമ്പൂതിരി (80) വിഷ്ണുപാദം പൂകി. ഭാര്യ: ആര്യ അന്തർജനം. മക്കൾ: സുരേഷ് (നാരായണൻ), സുനീഷ് (ത്രിവിക്രമൻ), സൂര്യ. മരുമക്കൾ: ഡോ. സരിത, ആര്യ, ജയനാരായണൻ നമ്പൂതിരി.



**ശ്രീദേവി അന്തർജനം**

ചാത്തമംഗലം: കോരമ്പറ്റ ഇല്ലത്ത് പരേതനായ നാരായണൻ നമ്പൂതിരിയുടെ ഭാര്യ ശ്രീദേവി അന്തർജനം (87) വിഷ്ണുപാദം പൂകി. സഹോദരങ്ങൾ: പരേതരായ കൽപ്പള്ളി വാസുദേവൻ നമ്പൂതിരി, കോരമ്പറ്റ ഇല്ലത്ത് ദേവകി അന്തർജനം,



**രവീന്ദ്ര ഭട്ടതിരി**

കോട്ടയം കുമാരനല്ലൂർ മങ്ങാട്ടില്ലത്ത് രവീന്ദ്ര ഭട്ടതിരി (ബാബു) വിഷ്ണുപാദം പൂകി. തിരുവാറന്മുള അപ്പന് തിരുവോണസദ്യക്കുള്ള വിഭവങ്ങളുമായി കുമാരനല്ലൂരിൽ നിന്നും തിരുവോണത്തോണിയിൽ കഴിഞ്ഞ അഞ്ചു വർഷമായി യാത്ര ചെയ്യുന്നതിനുള്ള നിയോഗം ബാബു ഭട്ടതിരിക്കായിരുന്നു.



**മുരളീകൃഷ്ണൻ യു.സി.**

പരേതനായ യു. സി. മുകുന്ദന്റെ മകൻ വാണിയമ്പലം ഉപ്പിലാപ്പറ്റ മന മുരളീകൃഷ്ണൻ യു.സി.(36)വിഷ്ണുപാദം പൂകി. കാർ കഴുകിക്കൊണ്ടിരിക്കുമ്പോൾ പ്രഷർ വാഷിൽ നിന്ന് ഷോക്ക് ഏറ്റതാണ് മരണ കാരണം.



**കെ. മഹേശ്വരൻ**

തളിപ്പറമ്പ് : മലപ്പട്ടം അഡൂരിലെ കിഴുത്രിൽ ഇല്ലത്ത് കെ. മഹേശ്വരൻ നമ്പൂതിരി (80 ) വിഷ്ണു പാദം പൂകി. പെരുന്തിലേരി എ.യു.പി സ്കൂളിൽ ദീർഘകാലം ഹിന്ദി അധ്യാപകൻ ആയിരുന്നു. നാടകസംവിധായകൻ, ഓട്ടൻതുള്ളൽ പരിശീലകൻ, കവി, ഗായകൻ എന്നീ നിലകളിൽ കലാരംഗത്തു നിറഞ്ഞു നിന്ന പ്രതിഭയായിരുന്നു. ഭാര്യ :സാവിത്രി അന്തർജ്ജനം, മക്കൾ: കെ. സരിത, കെ. രാജേഷ് (അധ്യാപകൻ, മയ്യിൽ ഗവ:ഹൈസ്കൂൾ). മരുമക്കൾ: ജയശങ്കർ (എയർപോർട്ട് മാനേജർ ചെന്നൈ), ആശ (അധ്യാപിക കാസർഗോഡ്).



**അനന്തൻ നമ്പൂതിരി**

മുയ്യം: ഇരുവേശ്ശി പുടയൂർ അനന്തൻ നമ്പൂതിരി (87) വിഷ്ണുപാദം പൂകി. വെറ്ററിനറി ഡോക്ടറായിരുന്നു. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം ട്രസ്റ്റിയും തന്ത്രിയുമാണ്. പെരളശ്ശേരി സുബ്രഹ്മണ്യക്ഷേത്രമുൾപ്പെടെ മല ബാറിലെ 300–ഓളം ക്ഷേത്രങ്ങളിൽ താന്ത്രികസ്ഥാനവുമുണ്ട്. ഭാര്യ: പരേതയായ രമണി അന്തർജനം. സഹോദരങ്ങൾ: സാവിത്രി അന്തർജനം, കല്യാണി അന്തർജനം (റിട്ട. പ്രഥമാധ്യാപിക, കമ്പിൽ മാപ്പിള ഹൈസ്കൂൾ), പരേതരായ ആര്യ അന്തർജനം, ഇ.പി. ഹരിജയന്തൻ നമ്പൂതിരി (റിട്ട. എഇഒ, വിദ്യാഭ്യാസവകുപ്പ്), ഇ.പി. പരമേശ്വരൻ നമ്പൂതിരി (റിട്ട. എൽഐസി).



**ബ്രഹ്മശ്രീ വിഷ്ണു നമ്പൂതിരി**

ഇടൈക്കാട്ടില്ലത്ത് കെ.വിഷ്ണു നമ്പൂതിരി വിഷ്ണുപാദം പൂകി. പരേതയായ ഭാര്യ: ശ്യാമളാ ദേവി. മക്കൾ : കൃഷ്ണ ശർമ, നാരായണ ശർമ, ദേവ ശർമ, അഡ്വ. വിജയശ്രീ, പത്മശ്രീ, അഡ്വ. ശ്രീ രാംശർമ (അണ്ടുക്കോട് ശർമ്മാജി) മരുമക്കൾ: സുമ, നാരായണ മംഗലത്തില്ലം പുരുഷോത്തമ ശർമ,ചെങ്കിലാത്ത് കല്ലംപള്ളി ഇല്ലം ശങ്കരൻ നമ്പൂതിരി, മഞ്ജുശ്രീ. പേരമക്കൾ:ആര്യശ്രീ ദേവകി, വിഷ്ണുപ്രിയ, ഉണ്ണികൃഷ്ണൻ നമ്പൂതിരി, അനന്തകൃഷ്ണ ശർമ, മായ, അനാദീശ്വര ശർമ, എം. എസ്. വിഷ്ണു നമ്പൂതിരി. പ്രപൗത്രി : ദേവ നന്ദ.



**നാരായണൻ നമ്പൂതിരി**

അത്തോളി: തൊടുപുഴ കുന്നക്കാട്ട് മനയ്ക്കൽ നാരായണൻ നമ്പൂതിരി (76– കുഞ്ഞുണ്ണി) വിഷ്ണുപാദം പൂകി. മടക്കത്താനം കാപ്പ് വാണർകാവ് ഭഗവതി ക്ഷേത്രത്തിലെ മുൻ മേൽശാന്തി ആയിരുന്നു. ഭാര്യ: തൃശൂർ തിരുത്തിമനയിൽ ചന്ദ്രിക അന്തർജനം. മക്കൾ: ശാരിക, രേവതി. മരുമക്കൾ: സതീഷ് കുമാർ (കോഴിക്കോട്, കുറ്റഞ്ചേരി മഹാദേവ ക്ഷേത്രം മേൽശാന്തി), കെ.എം. ഉണ്ണി (ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ തൃശൂർ). സഹോദരങ്ങൾ: ദിവാകരൻ നമ്പൂതിരി, ശ്രീദേവി അന്തർജനം, തങ്കമണി അന്തർജനം, വാസുദേവൻ നമ്പൂതിരി, വത്സല അന്തർജനം, പരേതരായ കൃഷ്ണൻ നമ്പൂതിരി, സുബ്രഹ്മണ്യൻ നമ്പൂതിരി.



**പത്മിനി അന്തർജനം**

വയലാർ പഞ്ചായത്ത് പത്താം വാർഡ് തങ്കിക്കവലയ്ക്ക് സമീപം ചേന്ദമംഗലത്തുമഠം (കോഴിക്കോട് കൊയിലാണ്ടി പൊയിൽക്കടവ് ചേന്ദമംഗലത്തുമഠം) പത്മിനി അന്തർജനം (75) വിഷ്ണുപാദം പൂകി. കൊയിലാണ്ടി ജി.ജി.എച്ച്.എസ്.എസ്, വടകര പുത്തൂർ ജി.വി.ടി.എച്ച്.എസ്., വയനാട് വനങ്കണ്ടി ജി.എച്ച്.എസ്.എസ്., കൊയിലാണ്ടി കുന്നൂർ യു.പി.എസ്. എന്നിവിടങ്ങളിൽ അധ്യാപികയായിരുന്നു. ഭർത്താവ്: എൻ.ബാലസുബ്രഹ്മണ്യം, മകൻ: ബി.എസ്.ശ്യാം (സീനിയർ ന്യൂസ് പ്രൊഡ്യൂസർ– മനോരമ ന്യൂസ്), മരുമകൾ: രമ്യ വി.നമ്പൂതിരി (എസ്.പി.ഓഫീസ്, ആലപ്പുഴ).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കൃഷ്ണൻ നമ്പുതിരി**

വെതിരമന ഇല്ലത്ത് കൃഷ്ണൻ നമ്പുതിരി (57) വിഷ്ണുപാദം പൂകി. ഭാര്യ: ജ്യോതി. കെ.പി., മക്കൾ: അഖില വി, (ടീച്ചർ ചിൽമയ വിദ്യാലയം നീലേശ്വരം), അതുല്യ വി. (വിദ്യാർത്ഥി കാലാടി സംസ്കൃതവിദ്യാലയം), അഭിനവ് വി. (വിദ്യാർത്ഥി നിലേശ്വരം രാജാസ്). മരുമകൻ: രാഹുൽ വി (വാട്ടർ അതോറിറ്റി ജീവനക്കാരൻ), സഹോദരങ്ങൾ: പരേതനായ വി.ശങ്കരൻ നമ്പൂതിരി, വെതിരമന ഗണപതി നമ്പുതിരി , സുബദ്ര അന്തർജനം ആലക്കാട്, സാവിത്രി അന്തർജനം അതിയടം, ദേവകി അന്തർജനം, കൊടക്കാട്.



**സുഭദ്ര അന്തർജനം**

മീനച്ചിൽ തേവണം കോട്ടില്ലം സുഭദ്ര അന്തർജനം (86) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ടി.എൻ.മാധവൻ നമ്പൂതിരി. മക്കൾ: നാരായണൻ നമ്പൂതിരി, സുബ്രഹ്മണ്യൻ നമ്പൂതിരി, പരേതയായ ശ്രീദേവി അന്തർജനം, ടി.എൻ.മാധവൻ നമ്പതിരി (തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി). മരുമക്കൾ: ജയശ്രീ ദേവി (ജില്ലാ ട്രഷറി പാലാ), എൻ.സുഭദ്ര (അധ്യാപിക, എൻ.എസ്.എസ്. ഹയർ സെക്കണ്ടറി കിടങ്ങൂർ), കൃഷ്ണകുമാർ (അധ്യാപകൻ, ഗവ. എച്ച്.എസ്. തോട്ടഭാഗം തിരുവല്ല).



**ശശികുമാര ശർമ്മ**

തിരുവല്ല: അഞ്ചര പതിറ്റാണ്ടായി ഭദ്രകാളീതിയാട്ടിൽ പ്രാഗത്ഭ്യം തെളിയിച്ച പൊടിയാടി നെടുമ്പ്രത്ത് പനവേലിൽ ഇല്ലത്ത് ശശികുമാര ശർമ്മ (70) വിഷ്ണുപാദം പൂകി. പ്രശസ്ത ജ്യോതിഷ പണ്ഡിതൻ, അധ്യാപകൻ, പൊതുപ്രവർത്തകൻ, കളമെഴുത്തും പാട്ടും അനുഷ്ഠാന കലാകാരനും ആയിരുന്നു. അച്ഛൻ: പരേതനായ വാസുദേവൻ നമ്പി. അമ്മ: പരേതയായ നങ്ങയ്യ അന്തർജനം. ഭാര്യ: പരേതയായ രാജലക്ഷ്മി ശർമ്മ. മക്കൾ: ശ്രീലക്ഷ്മി, ദീപു ശർമ. മരുമകൻ: സുധീർ.



**ദേവകീദേവി അന്തർജനം**

ഇടനാട്: കുന്നപ്പിള്ളിമന ദേവകിദേവി അന്തർജനം (86) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ശങ്കരൻ നമ്പൂതിരി. മക്കൾ: ഡോ. നീലകണ്ഠൻ നമ്പൂതിരി(യു.എസ്.എ.), രാമൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി (മേൽശാന്തി ശ്രീധർമ്മശാസ്താ ക്ഷേത്രം, ഉള്ളനാട്), നാരായണൻ നമ്പൂതിരി (പൊൻകുന്നം മേൽശാന്തി പുതിയകാവ് ദേവീക്ഷേത്രം), കൃഷ്ണകുമാർ. മരുമക്കൾ: ജയ (ശീരവള്ളി ഇല്ലം, മാവേലിക്കര), സുജാത (മറ്റമന ഇല്ലം, വെളിയന്നൂർ), സ്മിത (തുരുത്തിയിൽ ഇല്ലം പടിഞ്ഞാറ്റിൻകര), ശ്രീജ (വടശ്ശേരി ഇല്ലം, പുതുപ്പള്ളി).



**ശങ്കരൻ നമ്പൂതിരി**

ആലുവ : ഉളിയന്നൂർ പല്ലേരിമന ശങ്കരൻ നമ്പൂതിരി (86) വിഷ്ണുപാദം പൂകി. ഭാര്യ കമലം അന്തർജ്ജനം, മക്കൾ ശ്രീരഞ്ജിനി,ശ്രീജിത്ത് (അഡ്വക്കറ്റ്, ആലുവ).



**ആര്യ അന്തർജനം**

നെല്ലുവേലി മനയിൽ പരേതനായ നാരായണൻ നമ്പൂതിരിയുടെ ഭാര്യ ആര്യ അന്തർജനം (94) വിഷ്ണുപാദം പൂകി.



**അഡ്വ. സുനിൽ എൻ.**

എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഇളം തുരുത്തി ഇല്ലം പരേതനായ നീലകണ്ഠൻ നമ്പൂതിരിയുടെ മകൻ അഡ്വ. സുനിൽ എൻ. വിഷ്ണുപാദം പൂകി. ഭാര്യ: സവിത. മക്കൾ: ദേവദത്ത്, ദേവദർശ്. കേരള ഹൈക്കോടതിയിലും എറണാകുളം ജില്ലാകോടതിയിലും അഭിഭാഷകനായിരുന്നു.



**ടി.പി.നാരായണൻ നമ്പൂതിരി**

പന്തല: ശാർങ്ഗക്കാവ് ദേവീക്ഷേത്രം മേൽശാന്തി തേവലശ്ശേരിൽ ഇല്ലത്ത് ടി.പി.നാരായണൻ നമ്പൂതിരി (87) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ സാവിത്രി അന്തർജനം (കണ്ണമംഗലം ഇലവുങ്കൽ ഇല്ലം). മക്കൾ: ടി.എൻ.ഉണ്ണികൃഷ്ണൻ, ടി.എൻ.സിന്ധു ദേവി. മരുമക്കൾ: രജിത ആർ. ദേവി, ജി.സതീശൻ.




**ഡോ. മാങ്കുളം കൃഷ്ണൻ നമ്പൂതിരി**

പ്രശസ്ത കഥകളി ചെണ്ടവാദകനും , ആലപ്പുഴ എസ്.ഡി. കോളേജ് പ്രസിപ്പാളുമായിരുന്ന ഡോ. മാങ്കുളം കൃഷ്ണൻ നമ്പൂതിരി വിഷ്ണുപാദം പൂകി... കഥകളിയിലെ തെക്കൻ ചിട്ടയുടെ ആചാര്യനായിരുന്ന മാങ്കുളം വിഷ്ണുനമ്പൂതിരിയുടെ മകനാണ്.



**ദേവകി അന്തർജനം**

വട്ടിയൂർക്കാവ്, അറപ്പുര-ഇലിപ്പോട് റോഡിൽ മിത്രാ നഗറിൽ, MNRA 37എ, ഗായത്രിയിൽ (അരയാൽ കീഴില്ലം) ശ്രീകണ്ഠേശ്വരം ദേവകി അന്തർജനം (91) വിഷ്ണു പാദം പൂകി. മക്കൾ: ഉഷ, കുമാരി. മരുമക്കൾ: അരയാൽകീഴ് കേശവൻ നമ്പൂതിരി (അമ്പാടി), കൃഷ്ണൻ പോറ്റി



**ബ്രഹ്മശ്രീ രവി നമ്പൂതിരിപ്പാട്**

ഒറ്റപ്പാലം വരിക്കാശ്ശേരി മനയിലെ ഇപ്പോഴത്തെ മുതിർന്ന അംഗം ബ്രഹ്മശ്രീ രവി നമ്പൂതിരിപ്പാട് (94) വിഷ്ണുപാദം പ്പി. ഭാര്യ. ശാന്ത അന്തർജനം(തളിപ്പറമ്പ് കുറുമാത്തൂർ മന). മക്കൾ. നാരായണൻ നമ്പൂതിരി (ഇൻകം ടാക്സ്) സുനിത, കാഞ്ഞിരപ്പള്ളി മന (പോസ്റ്റ് ഓഫീസ്).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ആര്യ അന്തർജനം**

തളിപ്പറമ്പ്: കിഴുത്രിൽ കൊട്ടാരം ഇല്ലത്ത് ആര്യ അന്തർജനം വിഷ്ണു പാദം പൂകി. ഭർത്താവ് പരേതനായ വാസുദേവൻ നമ്പൂതിരി.മക്കൾ ഹരിനാരായണൻ നമ്പൂതിരി, പരമേശ്വരൻ നമ്പൂതിരി, ഉഷാമണി ,രജനി. മരുമക്കൾ: ശ്രീജ പാലക്കാട്ടില്ലം (ഒറ്റപ്പാലം), രമ്യ പാണ്ഡ്യത്തുമന (തൃപ്രയാർ) , നാരായണൻ നമ്പൂതിരി ചെമ്മന്തട്ടമഠം (തൃശ്ശൂർ), ദാമോദരൻ നമ്പൂതിരി കാഞ്ഞിരത്തോട്ടം (മുക്കം).



**ഉമാദേവി അന്തർജനം**

തൃപ്പൂണിത്തുറ: ശ്രീനാഗ വീട്ടിൽ ഉമാദേവി അന്തർജനം (90, പാതിരിപ്പിള്ളി മന, പാഞ്ഞാൾ) വിഷ്ണുപാദം പൂകി. ഭർത്താവ്: കൊങ്ങോർപ്പിള്ളി വെട്ടിക്കോട്ടൂർ മനയിൽ ദാമോദരൻ നമ്പൂതിരി (റിട്ട. ഹെഡ്മാസ്റ്റർ). മക്കൾ: രാജേശ്വരി (കോട്ടവട്ടത്തുമഠം, കൊട്ടാരക്കര), ജയശ്രീ (പുതിയിടത്തുമഠം കോട്ടവട്ടം), ശ്രീദേവി (ചിറ്റാമണ്ണൂർ ഇല്ലം, അമയന്നൂർ), മരുമക്കൾ: ശ്രീകുമാർ, പരേതനായ അനിൽകുമാർ, വിജയൻ.



**വാസുദേവൻ നമ്പൂതിരി**

പന്തളം: എൻ.എസ്.എസ്. കോളേജ് റിട്ട. ഉദ്യോഗസ്ഥൻ കടയ്ക്കാട് ഋാക ഇല്ലത്ത് ജി.വാസുദേവൻ നമ്പൂതിരി (89) വിഷ്ണുപാദം പൂകി. കടയ്ക്കാട് ദേവീക്ഷേത്ര മുൻ മേൽശാന്തിയാണ്. ഭാര്യ: തങ്കമണി അന്തർജനം. മക്കൾ: അജയ് നമ്പൂതിരി, ഹരികുമാർ നമ്പൂതിരി (യോഗക്ഷേമസഭ പത്തനംതിട്ട ജില്ലാ പ്രസിഡന്റ്), അജിൽകുമാർ. മരുമക്കൾ: പുഷ്പലത, പുഷ്പാദേവി (എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂൾ), രമാദേവി.



**നാരായണൻ നമ്പൂതിരി**

പിറവം: നെച്ചൂർ പെരിയമനയിൽ പി.ജി.നാരായണൻ നമ്പൂതിരി (79) തിരുവല്ല മതിൽഭാഗം വസിഷ്ഠത്തിൽ വിഷ്ണുപാദം പൂകി. നെച്ചൂർ മടക്കിൽ പുതിയ കാവ് ദേവീക്ഷേത്രം രക്ഷാധികാരിയാണ്. ഭാര്യ: തിരുവല്ല കൊട്ടക്കാട്ടില്ലത്ത് സാവിത്രി അന്തർജനം. മക്കൾ: രാജേഷ് (എ.സി.എസ്. ഇൻഫോടെക് ബെംഗളൂരു), അശോകൻ (മാനേജർ, എസ്.ബി.ഐ, മേപ്രാൽ, തിരുവല്ല). മരുമക്കൾ: ശ്രീകല (സബ് രജിസ്ട്രാർ ഓഫീസ്, പന്തളം), പ്രിയ.



**ശ്രീദേവി അന്തർജനം**

കുറ്റിപ്പുറം: തവനൂർ മുവ്വാങ്കര വെള്ളയിൽ മനയ്ക്കൽ ശ്രീദേവി അന്തർജനം (73, കുന്നംപള്ളി മന മകൾ) വിഷ്ണു പാദം പൂകി. ഭർത്താവ് നാരായണൻ നമ്പൂതിരി വെള്ളയിൽ മന റിട്ടയേർഡ് സുബേദാർ മേജർ. മക്കൾ: സ്മിത, നാരായണൻ, സജിത. മരുമക്കൾ: പുരമുണ്ടക്കാട് കരുവാട്ടുമന ജയൻ നമ്പൂതിരി, തിരുത്തി പെരുമന പ്രേംലാൽ നമ്പൂതിരി, പഴയിടത്ത് മന, ദിവ്യ അന്തർജനം.



**കോമളം മഹേശ്വർ**

ഓച്ചിറ കൃഷ്ണപുരം കൂടക്കോട്ടില്ലത്ത് പരേതനായ മഹേശ്വരൻ പോറ്റിയുടെ സഹധർമിണി കോമളം മഹേശ്വർ (77) വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ ഓച്ചിറ ഉപസഭയുടെ മുൻ വനിതാ പ്രസിഡന്റ് ആയിരുന്നു. മക്കൾ: പ്രവീൺപോറ്റി (റിട്ടയേർഡ് ആർമി ഉദ്യോഗസ്ഥൻ) പ്രമാദ് പോറ്റി ( തിരുവിതാംകൂർ ദേവസ്വം ബോർഡ്) അനിതാ മോഹൻ ( പെരിങ്ങോട്ട് ഇല്ലം, വയനാട്)



**എസ്.ഡി.രാമൻനമ്പൂതിരി**

മൂവാറ്റുപുഴ: കറുകടം പുളിക്കാപ്പറമ്പ് ഇല്ലം (ശ്രീധരാലയം) എസ്.ഡി. രാമൻനമ്പൂതിരി (76) വിഷ്ണുപാദം പൂകി. ദീർഘകാലം കറുകടം ശ്രീകൃഷ്ണസ്വാമിക്ഷേത്രം, ഇഞ്ചൂർ പള്ളിക്കൽകാവ് ക്ഷേത്രം എന്നിവിടങ്ങളിൽ മേൽശാന്തിയായിരുന്നു. ഭാര്യ: രുക്മിണി അന്തർജനം (കാഞ്ഞിരക്കാട്ടുമന, കുറവിലങ്ങാട്). മക്കൾ: ദാമോദരൻ നമ്പൂതിരി (സപ്താഹാചാര്യൻ), ഹരികൃഷ്ണൻ നമ്പൂതിരി (സപ്താഹാചാര്യൻ). മരുമക്കൾ: സൗമ്യ, ആതിര.



**ശ്രീദേവി അന്തർജനം**

കുറ്റാനശ്ശേരി : നരിക്കാട്ടിരി മന രാമൻ നമ്പൂതിരിയുടെ പത്നിയും നെടുങ്ങോട്ടൂർ പാറമന മഹളുമായ ശ്രീദേവി അന്തർജനം (73) മുംബൈ ബാഡ്ഡൂപ്പിൽ വെച്ച് വിഷ്ണുപാദം പൂകി. മക്കൾ ശ്രീജ വിപിൻ (മടങ്ങർള്ളി), ശ്രീന നാരായണൻ (മുണ്ടായ പെരുമനം), രമ്യ ദീപക് (നെടുമ്പറമ്പ് മന). പേരകുട്ടികൾ സ്മൃതി, അഖില, അനന്യ, അദ്വൈത്, ഭവിത്ത്



**സാവിത്രി അന്തർജനം**

കരകുളം, കാച്ചാണി കിഴാവുക്കോണത്ത് മഠത്തിൽ സാവിത്രി അന്തർജനം (85)വിഷ്ണുപദം പൂകി. പരേതനായ എസ്. നാരായണൻ പോറ്റിയുടെ സഹധർമ്മിണിയാണ്. മക്കൾ : ശങ്കരനാരായണൻ പോറ്റി , പരേതയായ സാവിത്രിയമ്മാൾ, കൃഷ്ണൻ പോറ്റി, കേശവൻ പോറ്റി, ദേവകി അന്തർജനം, ഗംഗാ അന്തർജനം.



**ദേവകി അന്തർജനം**


തിരുവനന്തപുരം: ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ശാന്തിക്കാരനായ വിഷ്ണു കാക്കോത്തയരുടെ പത്നി ദേവകി അന്തർജനം (52 ഒറവിൽ വടക്കേ ഇല്ലം) തിരുവനന്തപുരത്തെ വസതിയിൽ വിഷ്ണുപാദം പൂകി. രോഗബാധിതയായി ചികിത്സയിലായിരുന്നു. മക്കൾ : സിദ്ധാർത്ഥ് പത്മനാഭൻ, സ്വസ്തിക് ഉപേന്ദ്രൻ. പരേതരായ വരക്കാട് ഉപേന്ദ്ര കുണ്ട്ലായരുടെയും ശ്രീദേവി അന്തർജ്ജനത്തിന്റെയും മകളാണ് പരേത.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ




**ഗോപാലകൃഷ്ണൻ പോറ്റി**

ഓണംതുരുത്ത്: മുൻ നാവിക ഉദ്യോഗസ്ഥൻ സീതാനിവാസിൽ ഗോപാലകൃഷ്ണൻ പോറ്റി (87) വിഷ്ണുപാദം പൂകി. ഓണംതുരുത്ത് പാലാടം കുടുംബാംഗം. ഭാര്യ: ഓമന. മക്കൾ: ബിന്ദു ജി, അനിത ജി. മരുമക്കൾ: ബാബുരാജ്, ലക്ഷ്മി നാരായൺ.



**ശ്രീധരൻ നമ്പൂതിരി**

ഗായത്രി അംഗം സൂരജ് കെ.എസ്.ന്റെ അച്ഛൻ കാടമറുക് ശ്രീധരൻ നമ്പൂതിരി വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് വിഷ്ണുപാദം പൂകി. മകൾ പൂർണ്ണിമ ലതീഷ്. മരമുകൾ ദിവശ്രീ സൂരജ്. ഗായത്രിയുടെ ആജീവനാന്ത അംഗം കിഴക്കേടം ലതീഷ് മരുമകൻ ആണ്.



**കൃഷ്ണൻ നമ്പൂതിരി മാസ്റ്റർ**

കോഴിക്കോട് പന്തീരങ്കാവ് ഹൈസ്കൂൾ മുൻ ഹെഡ്മാസ്റ്റർ പെരുമണ്ണ അറത്തിൽ പറമ്പ് എൽ.പി. സ്കൂളിന് സമീപം അഴീക്കോട് (പാറക്കോട്) ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി മാസ്റ്റർ (80) വിഷ്ണുപാദം പൂകി. ഭാര്യ: ലീല അന്തർജ്ജനം, മക്കൾ : സുധീർ കുമാർ, സുരേഷ്, സജിത. മരുമക്കൾ: നയന, സ്മിത,ശിവദാസൻ(പാപ്പിനോട്ടില്ലം).



**കൃഷ്ണശർമ്മ**

ചാരുംമൂട് പമ്മങ്കോട് ശങ്കരമംഗലത്ത് മഠത്തിൽ കൃഷ്ണ ശർമ്മ (38, ഏഷ്യാനെറ്റ് ന്യൂസ് ഓഡിയോ എൻജിനീയർ) വിഷ്ണുപാദം പൂകി. ഭാര്യ: കീർത്തി. മക്കൾ: അഭിരാം ശർമ്മ, അദ്വത് ശർമ്മ. സഹോദരൻ ഗംഗാധര ശർമ്മ (ശ്രീചിത്ര റിസർച്ച് ഹോസ്പിറ്റൽ).



**തങ്കമണി അന്തർജനം**

അഖില കേരളാ തന്ത്രി മണ്ഡലം സംസ്ഥാന ട്രഷററും തന്ത്രി മണ്ഡല വിദ്യാപീഠം ട്രഷററും തിരു.ജില്ലാ നിർവ്വാഹക സമിതി അംഗവുമായ പാൽകുളങ്ങര വടക്കെ മഠം (ഗണഗീത്) ബ്രഹ്മശ്രീ എസ്. ഗണപതി പോറ്റിയുടെ മാതാവും പരേതനായ ബ്രഹ്മശ്രീ ശംഭു പോറ്റിയുടെ പത്നിയുമായ ജി. തങ്കമണി അന്തർജനം (87) വിഷ്ണു പാദം പൂകി.



**ശാരദ അന്തർജനം**

പേരാമ്പ്ര-വെക്കിലശ്ശേരി പുളിക്കില്ലത്ത് ശാരദ അന്തർജനം(82) അന്തരിച്ചു.താമരശേരി കളത്തില്ലത്തെ മകളാണ്. ഭർത്താവ് പരേതനായ പുളിക്കില്ലം വാസുദേവൻ നമ്പൂതിരി.



**രാജീവ് എസ് നമ്പൂതിരി**

കുറുപുഴ ഇടമന ഇല്ലത്ത് രാജീവ് എസ് നമ്പൂതിരി (48) വിഷ്ണുപദം പൂകി. ചികിൽസയിലായിരുന്നു. അരുവിക്കര ഉപസഭ ഭരണസമിതി അംഗം കുറുപുഴ രാജേഷിന്റെ ജേഷ്ഠ സഹോദരനാണ്.



**പാർവ്വതി അന്തർജ്ജനം**

കാട്ടകാമ്പാൽ പണിക്കത്ത് കേശവൻ നമ്പൂതിരിയുടെ ഭാര്യ പാർവ്വതി അന്തർജ്ജനം വിഷ്ണുപാദം പൂകി. മക്കൾ: ശങ്കരൻ, രാജാറാം. സുധ, രാജി



**കൃഷ്ണൻ നമ്പൂതിരി**

ഇളമന കൃഷ്ണൻ നമ്പൂതിരി (ഉണ്ണികൃഷ്ണൻ) വിഷ്ണുപാദം പൂകി. ഭാര്യ: രമാദേവി. മക്കൾ: യദു കൃഷ്ണൻ, യശ്വന്ത് കൃഷ്ണൻ



**കൃഷ്ണൻ എമ്പ്രാന്തിരി**

വയനാട്ടിലെ പ്രമുഖ താന്ത്രികാചാര്യനും ജ്യോതിഷ പണ്ഡിതനുമായ ചീക്കല്ലൂർ മാടമന കൃഷ്ണൻ എമ്പ്രാന്തിരി വിഷ്ണുപാദം പൂകി.



**ദേവകി അന്തർജനം**

നെല്ല്യാടികടവ് നടുവത്തൂർ നീലമന ദേവകി അന്തർജനം (74) വിഷ്ണു പാദം പൂകി. യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ അംഗം നിലമന ജയപ്രകാശിന്റെ മാതാവാണ്.



**ഇന്ദിരാദേവി**

ആദിശമംഗലം മഠത്തിൽ യശ:ശരീരനായ പ്രൊഫ. എ.വി.വാസുദേവൻ പോറ്റിയുടെ(ഭാഗവതാചാര്യൻ) സഹധർമ്മിണി ഇന്ദിരാദേവി വിഷ്ണുപാദം പൂകി.



**രാധാദേവി**

കവിയൂർ, കോട്ടൂർ വേങ്ങശ്ശേരി ഇല്ലത്ത് അജിത് കുമാറിന്റെ ഭാര്യ രാധാദേവി (59) പെട്ടെന്നുള്ള ഹൃദയാഘാതത്തെ തുടർന്ന് വിഷ്ണുപാദം പൂകി. മക്കൾ : ശ്രീജിത്ത് ശ്രീഹരി.



**ജി കൃഷ്ണൻ പോറ്റി**

തിരുവനന്തപുരം:മണ്ണടി വായുർ മഠത്തിൽ ബ്രഹ്മശ്രീ ജി കൃഷ്ണൻ പോറ്റി വിഷ്ണുപാദം പൂകി 25 വർഷത്തിലധിയുമായി മുതുവിലാക്കാട് പാർത്ഥസാരഥി ക്ഷേത്രം മേൽശാന്തിയായിരുന്നു



**മധുസൂദനൻ നമ്പൂതിരി**

മീനങ്ങാടി മരനെല്ലി ഇല്ലം മധുസൂദനൻ നമ്പൂതിരി വിഷ്ണുപാദം പൂകി. യോഗക്ഷേമസഭ വയനാട് ജില്ലാ സംസ്ഥാന പ്രതിനിധി മോഹനൻ നമ്പൂതിരിയുടെ സഹോദരനാണ്.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**നീലിദേവി അന്തർജനം**
കോലഞ്ചേരി: കറുകപ്പിള്ളി പെരിങ്ങോട്ടുള്ളി ഇല്ലത്ത് നീലിദേവി അന്തർജനം (100) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ഡോ. പ്രൊഫ. പി. പി. നാരായണൻ നമ്പൂതിരി. മക്കൾ: ഡോ. പി. എൻ. കൃഷ്ണൻ (റിട്ട. സയന്റിസ്റ്റ്), പി. രാജൻ (റിട്ട. ഇൻഡസ്ട്രീസ് ഓഫീസർ), പി.എൻ. വാസുദേവൻ (ബ്യൂറോസ് വെറിറ്റാസ്), പി.എൻ. ചന്ദ്രിക, പി. രമ, പി.എൻ. ശോഭ. മരുമക്കൾ: പരേതയായ ഉമാകൃഷ്ണൻ, എം.പി. ലതിക, ശൈലജാവാസുദേവൻ, ശ്രീകുമാരൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, പരേതനായ മോഹൻകുമാർ.



**ശ്രീധരൻ നമ്പൂതിരി**
ഗുരുവായൂർ: കാവീട് താമരക്കുളം മനയിൽ രാമൻ നമ്പൂതിരിയുടേയും പാർവതി അന്തർജ്ജനത്തിന്റെയും മകൻ ശ്രീധരൻ നമ്പൂതിരി (58) വിഷ്ണുപാദം പൂകി. ഗുരുവായൂർ ദേവസ്വം കൃഷ്ണനാട്ടം അണിയറ പ്രവൃത്തി ജീവനക്കാരനാണ്. ഭാര്യ ചന്ദ്രവതി. മക്കൾ ഹരിത, ഹരിപ്രിയ, ഹരിഷ്മ. മരുമകൻ: വിനീത്.



**സാവിത്രി അന്തർജനം**
പാഞ്ഞാൾ ദേവസ്വം മാനേജർ നെല്ലിക്കാട്ടുമന നീലകണ്ഠൻ നമ്പൂതിരിയുടെ അമ്മ സാവിത്രി അന്തർജനം വിഷ്ണുപാദം പൂകി.



**രവി നമ്പൂതിരി**
ചെമ്പ്ര പഴനെല്ലിപ്പുറത്ത് വടക്കേടത്ത് രവി നമ്പൂതിരി (87) വിഷ്ണുപാദം പൂകി. ഭാര്യ- ദേവകി അന്തർജനം, മക്കൾ: സിന്ധു, കൃഷ്ണൻ, ലളിത. മരുമക്കൾ : ഞാളൂർ കൃഷ്ണൻ നമ്പൂതിരി, ഇളങ്ങള്ളൂർ കൃഷ്ണദാസ് നമ്പൂതിരി, ഗ്രീഷ്മ തരണനല്ലൂർ.



**എൻ.എം.വാസുദേവ ഭട്ടതിരി**
ചെറുപൊയ്ക വടക്കേക്കര മുടപ്പിലാപ്പിള്ളി മഠത്തിൽ, (വരദ) എൻ.എം.വാസുദേവ ഭട്ടതിരി വിഷ്ണുപാദം പൂകി.



**പാർവ്വതി അന്തർജ്ജനം**
പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പത്നി പാർവ്വതി അന്തർജ്ജനം (86) വിഷ്ണുപാദം പൂകി. പരേതരായ തൃശൂർ കുട്ടനെല്ലൂർ കേശവത്ത് നാരായണൻ നമ്പൂതിരിയുടെയും നെടുമ്പിള്ളി തരണനല്ലൂർ ഉമാദേവി അന്തർജ്ജനത്തിന്റെയും മകളാണ്. മക്കൾ: ബിന്ദു കൃഷ്ണൻ പാഴ്യോട്, ഉമാ രാമൻ കരിപ്പം, നാരായണൻ (വൈദ്യരത്നം ഔഷധശാലാ മുൻ സ്റ്റാഫ്), കൃഷ്ണൻ (എസ്.എൻ.എ. ഔഷധശാലാ മുൻ സ്റ്റാഫ്). മരുമക്കൾ: പരേതനായ കാക്കശ്ശേരി പാഴ്യോട്ട് കൃഷ്ണൻ ഭട്ടതിരിപ്പാട് (പാഴ്യോട്ട് മനതൈര് സംഭാരം), കരിപ്പത്ത് രാമൻ നമ്പൂതിരി (മലപ്പുറം ത്രിപുരാന്തക ക്ഷേത്രം മേൽശാന്തി), സൗഭാഗ്യ കാമ്പ്രത്ത് (വൈദ്യരത്നം ആയുർവ്വേദ കോളേജ് സ്റ്റാഫ്), ജലജ തേനാക്കര (വൈദ്യരത്നം ആയുർവ്വേദ കോളേജ് സ്റ്റാഫ്).



**ദേവകി അന്തർജനം**
മേച്ചേരി ഇല്ലത്ത് പരേതനായ വാസുദേവൻ നമ്പൂതിരിയുടെ പത്നി ദേവകി അന്തർജ്ജനം (89) വിഷ്ണുപാദം പൂകി



**ശ്രീദേവി അന്തർജനം**
പീശപ്പിള്ളി പരേതനായ പി.എം.എൻ. നമ്പൂതിരിയുടെ ഭാര്യ ശ്രീദേവി അന്തർജനം (മാങ്കോർ മകൾ) വിഷ്ണുപാദം പൂകി. മക്കൾ: രാജീവൻ (പ്രശസ്ത കഥകളി നടൻ), സത്യനാരായണൻ (സി.എം.എസ്. സ്കൂൾ അദ്ധ്യാപകൻ, തൃശൂർ).



**രാഹുൽ**
പാലക്കാട്ടില്ലത്ത് നാരായണൻ മാസ്റ്റ (റിട്ട. ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. വാകയാട്) റുടെ മകൻ രാഹുൽ (35) വിഷ്ണുപാദം പൂകി. അമ്മ ശ്രീ ദേവി, സഹോദരൻ ശ്രീനാഥ് (അധ്യാപകൻ, എ.എൽ.പി.എസ്. അവിടനല്ലൂർ).



**നാരായണൻ നമ്പൂതിരി**
നരിയങ്ങൽ തലപ്പണ നാരായണൻ നമ്പൂതിരി (മേലേക്കീടേരി) വിഷ്ണുപാദം പൂകി.



**പരമേശ്വരൻ പോറ്റി**
ആലപ്പുഴ മാന്നാർ കീച്ചേരി മഠത്തിൽ പരമേശ്വരൻ പോറ്റി (87) വിഷ്ണു പാദം പൂകി. ആലപ്പുഴ ജില്ലാ ജോ.സെക്രട്ടറി കൃഷ്ണകുമാറിന്റെ പിതാവാണ് കൊടുപ്പുന്ന കൃഷ്ണൻ പോറ്റിയുടെ ഭാര്യാ പിതാവാണ്.



**കൃഷ്ണൻ നമ്പൂതിരി**
സുപ്രശസ്ത താന്ത്രിക - ജ്യോതിഷാചാര്യൻ ബ്രഹ്മശ്രീ. പി. കൃഷ്ണൻ നമ്പൂതിരി (കൊട്ടാരക്കര തിരുമേനി)(മുൻ മാളികപ്പുറം , ചെട്ടികുളങ്ങര മേൽശാന്തി, യോഗക്ഷേമസഭ മുൻ ആലപ്പുഴ ജില്ലാ . പ്രസിഡന്റ് ധനഞ്ജയൻ നമ്പൂതിരിയുടെ അച്ഛൻ) വിഷ്ണുപദം പൂകി.



**സരസ്വതി അന്തർജനം**
കുളപ്പട രാധികമന്ദിരത്തിൽ (ചൂരക്കുഴി ) ഈശ്വരൻ പോറ്റിയുടെ ഭാര്യ സരസ്വതി അന്തർജനം (79) വിഷ്ണുപാദം പൂകി.

# ശ്രദ്ധാഞ്ജലി

# കെ.എസ്. ശ്രീധരൻ നമ്പൂതിരി

## (കുഞ്ഞുണ്ണ്യപ്ഫൻ)

### 1–ാം ചരമവാർഷികം (26–09–2025)

ഹൃദയത്തിൽ നിന്ന് ശുദ്ധമായ മനസ്സിലൂടെ, മനനത്തിലൂടെ, അനുഭവിച്ചറിഞ്ഞ സർവ്വചരാചരങ്ങളെയും ഒന്നായി കാണാനുള്ള അറിവ്, ഇത്തരമൊരു വൈശിഷ്ട്യത്തിന്റെ ഉദാത്തഭാവമായിരുന്നു കൈതമറ്റത്തില്ലത്ത് ശ്രീ. കെ.എസ്.എസ്. നമ്പൂതിരി എന്ന ഞങ്ങളുടെ കുഞ്ഞിണ്ണിഫൻ.


എളിമയുടെയും അനസൂയയുടെയും പര്യായമായ ഇദ്ദേഹത്തെ അടുത്തറിയാത്തവർ ബന്ധുമിത്രാദികളിൽ ദുർലഭമായിരിക്കും. ഓരോ ഇടപഴകലിലും വ്യത്യസ്തങ്ങളായ അഭിരുചികളുടെ പ്രതിഫലനം സംസാരത്തിൽ ഉടനീളം ദർശിക്കാൻ ആവും. ഒരവസരത്തിൽ കർണാടക സംഗീതത്തിലെ അതികായന്മാരായ മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നിങ്ങനെയുള്ളവരെ പറ്റിയാണെങ്കിൽ അടുത്ത നിമിഷത്തിൽ തീർത്തും കേരളീയമായ അനുഷ്ഠാനകലകളായ "പാണി', "സോപാനസംഗീതം' എന്നീ വിഷയങ്ങളിലുള്ള അഗാധമായ പാണ്ഡിത്യം സംസാരത്തിലുടനീളം ദർശിക്കാൻ സാധിക്കും. ഇദ്ദേഹത്തിന്റെ സോപാനസംഗീതത്തെപ്പറ്റിയും പാണിയെപ്പറ്റിയുമുള്ള ഗഹനവും വ്യപ്തവുമായ പഠനങ്ങൾ ഇന്നും ആരാരും അറിയാതെ കിടപ്പുണ്ട്.



നമ്പൂതിരിമാരുടെ ചരിത്രവും കേരളീയ സംസ്കാരത്തിന് അവർ നൽകിയ സംഭാവനകളും പിന്നീട് അവരുടെ അധഃപതനത്തിന് ഇടയാക്കിയ അപരിഷ്കൃതവും വൈകൃതവുമായ അനാചാരങ്ങളും അതിൽ നിന്ന് അവരെ പുറത്തുകൊണ്ടുവരാൻ അഹോരാത്രം പരിശ്രമിച്ച സാമുദായിക പരിഷകർത്താക്കളെപ്പറ്റിയും വളരെ ആഴത്തിൽ ഉൾക്കൊള്ളുകയും പഠനവിഷയമാക്കുകയും ചെയ്തു എന്നത് അദ്ദേഹത്തിന്റെ സാംസ്കാരിക പ്രബുദ്ധതയെക്കൂടി പ്രകടമാക്കുന്ന ഒന്നാണ്.

മുകളിൽ പ്രതിപാദിച്ച കാര്യങ്ങളിൽ തുലോം ഒരറിവുമില്ലാതിരുന്ന എനിക്ക് കുറച്ചെങ്കിലും അറിവ് പകർന്നുതന്ന എന്റെ ഭാര്യാപിതാവായ ശ്രീ. കെ.എസ്.എസ്. നമ്പൂതിരിയുടെ തൃപ്പാദങ്ങളിൽ ഒരുപിടി അശ്രുപുഷ്പങ്ങൾ സമർപ്പിക്കട്ടെ.

**കെ.എൻ. നാരായണൻ നമ്പൂതിരി**
**മിനി**
കാവുംപുറത്ത് നടുവത്ത് മന
കല്ലടത്തൂർ
കുമാരനെല്ലൂർ 679552
മൊബൈൽ: 9447276658



# നാലാം ശ്രാദ്ധ ദിനം
## (08.08.2025)

**4th death anniversary 11.08.2025**

## മറവഞ്ചേരി കിഴക്കേടത്തു മന
## കൃഷ്ണൻ നമ്പൂതിരിപ്പാട്

ഓർമ്മകൾക്കു മുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ട്

**.ശുഭദ കൃഷ്ണൻ, ശൈലേഷ് കൃഷ്ണൻ,**
**അഭിലാഷ് കൃഷ്ണൻ.**

**മരുമക്കളും പേരക്കുട്ടികളും.**
**ഫോൺ 9072328133.**





## മാന്തിട്ട വിഷ്ണു നമ്പൂതിരി

## മാന്തിട്ട ഗൗരി അന്തർജ്ജനം

***പവിത്രമായ സ്മരണകളിൽ***
***സാദരപ്രണാമങ്ങൾ***

**അനിത & വിഷ്ണു**
മാന്തിട്ട, വെങ്കിടങ്ങ്
തൃശ്ശൂർ ജില്ല.

## സ്മരണാഞ്ജലി



# കാഞ്ഞിരത്തോട്ടം നാരായണൻ നമ്പൂതിരി

### (പി.എൻ.ബി റിട്ട)

ഭാര്യ: ശ്രീദേവി അന്തർജനം
മക്കൾ: ശ്രീന, ജയശങ്കർ, സൌമ്യ
മരുമക്കൾ: ബാലരാജ്, ശ്രീദേവി, സുദേവ്
പേരക്കുട്ടികൾ: അഭിഷേക്, അർച്ചന, ദേവനാരായണൻ, ദേവദത്തൻ, ശിവ, കൃഷ്ണ
സഹോദരങ്ങൾ: ശങ്കരൻ നമ്പൂതിരി, ശ്രീധരൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി.

## സ്മരണാഞ്ജലി




# കാഞ്ഞിരത്തോട്ടം ദാമോദരൻ നമ്പൂതിരി

മകൻ: നാരായണൻ നമ്പൂതിരി, മരുമകൾ മിനി അന്തർജനം. മക്കൾ: പാർവ്വതി, ഐശ്വര്യ

## സ്മരണാഞ്ജലികൾ

**ടി.സി വിഷ്ണു നമ്പൂതിരി താമരക്കുളം**




(1923/2002)

**സാവിത്രി അന്തർജനം വള്ളോപ്പിള്ളി മന**



(1934/2011)

മക്കൾ: ശ്രീധരൻ നമ്പൂതിരി, വിഷ്ണുറാം നമ്പൂതിരി(L), ദിവാകരൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി (L), സുനീത.
മരുമക്കൾ: മാധവി അന്തർജനം (കുണ്ടിൽ കുളം), ശൈലജ അന്തർജനം (പറപ്പള്ളി ), മീര അന്തർജനം (ചേക്രക്കൽ), പ്രസന്ന അന്തർജനം (തിരുവാലൂർ), കൃഷ്ണകുമാർ (വണ്ടിത്തടം)
പേരമക്കളും കുടുംബവും: ദിനേശ് വിഷ്ണു - ഗീത (താമരശ്ശേരി), ധന്യ സാവിത്രി - രാജ്കുമാർ (തലയൂർ), അർജുൻ വിഷ്ണു - അഞ്ജന (ഓശ്ശേരിൽ), ആര്യ- പ്രമോദ് (തിരുനാവായ അരീക്കര), വിഷ്ണു പ്രസാദ് - ദേവിപ്രിയ (വാഴകുന്നം), തുളസി - കേശവൻ (വെദിരമന), വിഷ്ണു, ശരണ്യ - വൈശാഖ് (കുട്ടമശ്ശേരി), ഗായത്രി.
കൊച്ചുമക്കൾ: ശ്രീധർ ദിനേശ്, ഹൃഷീകേശ്, ഹൃദ്വിക പാർവതി, അമേയ, വേദ് വാസുദേവ്, ധ്രുവ് ദിവാകർ, നിവേദ് വിഷ്ണു
താമരക്കുളം ഇല്ലം, മാമ്പറ്റ, മുക്കം പി.ഒ, കോഴിക്കോട് ജില്ല, 673602, മൊ:9447337337.



KM
കുത്താമ്പുള്ളി
കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ
ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം
സെറ്റുമുണ്ടുകൾ, സെറ്റുസാരികൾ, ഫാൻസി സാരികൾ, കസവുസാരികൾ,
കോട്ടൺ സാരികൾ, ചുരിദാറുകൾ, ചുരിദാർ മെറ്റീരിയലുകൾ, മുണ്ടുകൾ
എന്നിവയുടെ വിപുലമായ ശേഖരം.
10 വർഷത്തോളമായി ചങ്ങരംകുളത്തു
പ്രവർത്തിക്കുന്ന ഒരു നമ്പൂതിരി സംരംഭം.
വാട്ട്സ്ആപ്പ് വഴി സെലക്ട് ചെയ്യുന്ന തുണിത്തരങ്ങൾ
കൊറിയർ വഴി ഇന്ത്യയിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു
9562883397
പേയ്മെന്റ്: ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ ,
9400852605, 04942650180, 7306359484




ശബരിമല തന്ത്രി ചെങ്ങന്നൂർ താഴമൺമഠം ബ്രഹ്മശ്രീ കണ്ഠരര് രാജീവരുടെയും ബിന്ദു രാജീവരരുടെയും മകൻ ബ്രഹ്മദത്തനും ഹരിപ്പാട് മണ്ണാറശ്ശാല ഇല്ലത്തെ എം.എൻ.ശ്രീജിത്തിന്റെയും എ.എൻ.സൗമ്യയുടെയും മകൾ അദ്രിജ പാർവ്വതിയും തിരുവല്ല വിജയ കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി.
മൊബൈൽ 9447483414



തൃശൂർ കൈപ്പറമ്പ് കുറൂർ മനയ്ക്കൽ സുകുമാരന്റെയും സുധയുടെയും മകൻ അർജുനും പുഴക്കര ചേന്നാസ് അരവിന്ദാക്ഷന്റേയും, കവിതയുടെയും മകൾ ശ്രീദേവിയും തമ്മിലുള്ള വിവാഹം 2025 ആഗസ്റ്റ് 24 ന് തൃശൂർ ശ്രീ ശങ്കരാ ഹാളിൽ വെച്ച് നടന്നു. മൊബൈൽ: 9847802704/ 8589032704



ചേമഞ്ചേരി പുതുശ്ശേരി ഇല്ലം ഡോ. കൃഷ്ണൻ പുതുശ്ശേരിയുടെയും ഡോ. പ്രിയയുടെയും മകൾ മിത്രവിന്ദയും ചെങ്ങന്നൂർ തൃച്ചിറ്റാറ്റ് വെള്ളിയോട്ടില്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടെയും സിന്ധു ഗോവിന്ദന്റെയും മകൻ ആനന്ദ് ഗോവിന്ദനും കോഴിക്കോട് അത്തോളി മിയാമി കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി. മൊബൈൽ 9495893204



മഞ്ചേരി അരുകിഴായ പരുത്തിപ്ര മന അജയകുമാറിന്റെയും സന്ധ്യയുടെയും മകൾ ശ്രീദേവിയും തൃശൂർ എരവിമംഗലത്ത് മന നന്ദകുമാറിന്റെയും സരിതയുടെയും മകൻ അഭിജിത്തും മഞ്ചേരി ഹിൽട്ടൺ ഓഡിറ്റോറിയത്തിൽ വിവാഹിതരായി.
മൊബൈൽ: 9447609788, 9387729404



കോട്ടയം ചന്ദ്രമന കാരാപുഴ മാങ്ങാട്ടില്ലം എം.എൻ. നീലകണ്ഠൻ നമ്പൂതിരിയുടെയും സരസ്വതീദേവിയുടെയും മകൾ അർച്ചനയും കുമിളി വിശ്വനാഥപുരം പെരിയമനയിൽ ആശാലതയുടെയും പരേതനായ ബിമൽ ശങ്കറിന്റെയും മകൻ വരുണും കോട്ടയം തെള്ളകം ചൈതന്യ ഓഡിറ്റോറിയത്തിൽ വിവാഹിതരായി.
മൊബൈൽ: 9447867442



കുറ്റാനശ്ശേരി കുറിയേടത്തു മന പരമേശ്വരന്റെയും ഗീതയുടെയും മകൻ നിപുണും കുറുമാപ്പള്ളി പ്രകാശ് നാരായണന്റെയും ശ്രീലതയുടെയും മകൾ അഞ്ജിതയും ശ്രീകൃഷ്ണപുരം ദേവപദം ഓഡിറ്റോറിയത്തിൽ വിവാഹിതരായി. മൊബൈൽ: 9562397792

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:4 Issue No:4 ❑ Kozhikode ❑ Date of Publication: 1 October 2025

